V231:21w K27
32F3

MUL
037829
RATHNAM PRESS
BINDERS
BADRIAN STREET
MADRAS.

DOCTRINA·VIM·PROMOVET·INSITAM

**Madras University Library.**

Call Number

Accession Number

Available for loan from

This book should be returned on or before the date last marked below.

17 JAN 46.

19 MAY 1962

O. 61

RECON

# ശിവാജി

അഥവാ

## മഹാരാഷ്ട്ര സാൎവ്വഭൌമൻ.

ഗ്രന്ഥകൎത്താവ്:

കെ. വാസുദേവൻ മൂസ്സത്.

പ്രസാധകൻ:

കെ. ശങ്കരൻ മൂസ്സത്.

ഒന്നാം പതിപ്പ്

തൃശ്ശിവപേരൂർ

ജ്ഞാനസാഗരം പുസ്തകശാലാ.

1923.

Price 1—4—0] *All Rights Reserved* [വില 1_4_0

RECON

വിദ്യാവിനോദിനി അച്ചുക്കൂടം, തൃശ്ശിവപേരൂർ.

37829

~~032~~

V231:21w8K27
32 F3

# അവതാരിക.

ഒരു രാജ്യത്തിന്റെ ചരിത്രഗതിയെ ക്രമികരിക്കുകയും വ്യവസ്ഥപ്പെടുത്തുകയും ചെയ്യുന്നത് ആ രാജ്യത്തിൽ അതാതു കാലങ്ങളിൽ ആവിർഭവിക്കുന്ന മഹാന്മാരാണ്. അവരുടെ ജീവചരിത്രത്തെപ്പററി ഒരു സാമാന്യജ്ഞാനമല്ലാതെ സവിസ്തരമായ അറിവു സമ്പാദിക്കുന്നതിന്നു രാജ്യത്തിന്റെ പൊതുവിലുള്ള ചരിത്രത്തിന്റെ പാരായണം മാത്രം പൎയ്യാപ്തമാവുന്നതല്ല. പാഠശാലകളിൽ സാധാരണയായി ഉപയോഗിച്ചുവരുന്ന ചരിത്രപുസ്തകങ്ങളിൽ, അതാതു കാലത്തു രംഗപ്രവേശവും അന്തൎദ്ധാനവും ചെയ്യു നേതാക്കന്മാരെക്കുറിച്ചുള്ള ഏതാനും ചില വിവരങ്ങളല്ലാതെ ആ നായകന്മാരുടെ ജീവിതത്തെസ്സംബന്ധിച്ച പലേ പ്രധാനസംഗതികളും കാണുകയില്ല. രാജ്യചരിത്രഗതിയുടെ സാമാന്യവിവരണം നല്കുന്നതിന്നുവേണ്ടി മാത്രം നിൎമ്മിതങ്ങളായ ആ വക ഗ്രന്ഥങ്ങളിൽ ഓരോ നായകന്റേയും ജീവചരിത്രം സവിസ്തരമായി പ്രതിപാദിക്കേണ്ടതാണെന്നു നിൎബ്ബന്ധിക്കുന്നതു സാഹസവുമാണ്.

പൊതുവിലുള്ള ചരിത്രം വായിച്ചു കഴിഞ്ഞാൽ അതിലെ പ്രധാനനായകന്മാരെപ്പററി കുറെക്കൂടി പൂൎണ്ണമായ പരിചയം സമ്പാദിക്കുവാൻ കൌതുകം തോന്നുന്നതു സ്വാഭാവികമാണ്. ആ സ്ഥിതിക്കു, പ്രകൃതഗ്രന്ഥത്തിന്റെ ആവിൎഭാവം ആൎക്കും സന്തോഷപ്രദമായിരിക്കാനേ തരമുള്ളു.

എന്നാൽ, ഒരാളുടെ ജീവചരിത്രം എഴുതുക എന്നത് ഒട്ടും എളുപ്പമുള്ള പണിയല്ല. നിഷ്പക്ഷപാതമായും നിൎമ്മത്സരമായും എഴുതുന്ന ജീവചരിത്രം മാത്രമേ സഹൃദയാദരണീയമായിരിക്കയുള്ളു. നായകനോടുള്ള ബഹുമാനാതിരേകം നിമിത്തം അദ്ദേഹത്തിന്റെ ഏതു പ്രവൃത്തിയേയും ഗുണദോഷചിന്ത കൂടാതെ മുക്തകണ്ഠം പുകഴ്ത്തുന്നതും, അപ്രകാരംതന്നെ അദ്ദേഹത്തെസ്സംബന്ധിച്ചു ഗ്രന്ഥകാരനു വല്ല സംഗതിവശാലും തോ

ന്നിട്ടുള്ള വിപ്രതിപത്തി നിമിത്തം അദ്ദേഹത്തിൻെറ എല്ലാപ്ര വൃത്തികളിലും എന്തെങ്കിലുമൊരു ദുരുദ്ദേശം ആരോപിക്കുന്ന തും, രണ്ടും ഒരുപോലെ അനുചിതവും അപലനീയവുമാണ്. എന്തുതന്നെ പറഞ്ഞാലും ചരിത്രപ്രഖ്യാതരായ നായകന്മാരും മനുഷ്യരാണെന്ന സ്മരണ വിട്ടുപോകരുത്. അവരെ അതിമാ നുഷരാക്കിത്തീക്കാനുള്ള ശ്രമം അപഹാസ്യമായി പരിണമി ച്ചേക്കാനിടയുണ്ട്. ശ്രീരാമൻ ബാലിയെ ഒളിയമ്പെയ്തു കൊ ന്നതും, ഗർഭിണിയായ സീതാദേവിയെ കബളിപ്പിച്ചു കാട്ടിലേ ക്കയച്ചതും, ലോകനീതിക്കു യോജിക്കാത്ത പ്രവൃത്തികളാണെ ന്നു ബോദ്ധ്യമായിരിക്കേ, ആ കൃത്യങ്ങളെ സാധൂകരിക്കാൻ വ ല്ലവരും തുനിയുന്നുണ്ടെങ്കിൽ അതു രാമചന്ദ്രനെ അതിമാനുഷ നും അവതാരപുരുഷനുമായി സങ്കല്പിച്ചിട്ടുമാത്രമാണ്. ഒരു സാ ധാരണ പുരുഷൻെറ നിലയിൽ ശ്രീരാമൻെറ പ്രവൃത്തികളിൽ ധർമ്മഭ്രംശം ഇല്ലെന്നു സ്ഥാപിക്കുവാൻ പുറപ്പെടുന്നതു വിഡ്ഢി ത്തത്തിൽ കലാശിക്കാനാണെളുപ്പം.

മാതൃകകളെ സൃഷ്ടിക്കുന്നതല്ല ചരിത്രകാരൻെറ ചുമതല. തൻെറ നായകനെ അദ്ദേഹത്തിൻെറ യഥാർത്ഥമായ പരിസര ങ്ങളിൽ നിർത്തി കാണിച്ചുകൊടുക്കുകയാണ് ചരിത്രകർത്താവു ചെയ്യേണ്ടത്. ആ പരിസരങ്ങളിലാകട്ടെ, അവയുടെ മദ്ധ്യ ത്തിൽ സ്ഥിതിചെയ്യുന്ന നായകൻെറ ചിത്രത്തിലാകട്ടെ നിറ പ്പകിട്ടുകൂട്ടി മോടി പിടിപ്പിക്കുവാനോ കരി തേച്ചു കളങ്കപ്പെടു ത്തുവാനോ ശ്രമിക്കുന്ന ലേഖകൻ ചരിത്രകാരനെന്ന പേരിന്ന ർഹനല്ലതന്നെ.

ചരിത്രമെഴുതുവാനാഗ്രഹിക്കുന്നവരെ എതിരിടുന്ന ബു ദ്ധിമുട്ടുകൾ ഇത്രയുണ്ടെന്നു സൂചിപ്പിക്കുവാൻ വേണ്ടിയാണ് ഇ ത്രയും പറഞ്ഞത്. പ്രകൃതഗ്രന്ഥത്തിന്നു വിഷയീഭൂതനായ ശി വാജിയെസ്സംബന്ധിച്ചും ഇപ്പറഞ്ഞതെല്ലാം വാസ്തവമാണ്. ശിവാജിയുടെ ജീവചരിത്രം എഴുതിയിരുന്നവർ ഒന്നുകിൽ മ ഹാരാഷ്ട്രക്കാരോ, അല്ലെങ്കിൽ മുസൽമാന്മാരോ ആയിരുന്നു. മഹാരാഷ്ട്രസാമ്രാജ്യം സ്ഥാപിക്കുന്നതാണ് തൻെറ ജീവിതോ

ദ്ദേശമെന്ന വിശ്വാസത്തോടുകൂടി അതിന്നുവേണ്ടി ആജീവനാന്തം പ്രയത്നിച്ച ആ ധീരപുരുഷനെപ്പററി അദ്ദേഹത്തിൻെറ ശേഷക്കാക്ക് അപാരമായ ആദരവും അപരിമിതമായ അഭിമാനവും ഉണ്ടാകുന്നതു സ്വാഭാവികമല്ലേ? ആ സ്ഥിതിക്കു ശിവാജിയുടെ ഏതു കൃത്യത്തിലും അവർ ഒരു ഉൽകൃഷ്ടോദ്ദേശത്തിൻെറ നിഴലാട്ടം കാണുകയും അതിനെ അപ്രകാരം അഭിനന്ദിക്കുകയും ചെയ്യുതിൽ യാതൊരാശ്ചയ്യവുമില്ല. നേരേമറിച്ച മുഹമ്മദീയർ ശിവാജിയെ ജന്മവൈരിയായിട്ടാണ് ഗണിച്ചിരുന്നത്. "മലയിലെ എലി" എന്നായിരുന്നു മുഗിളർ ശിവാജിക്കിട്ട ഓമനപ്പേർ. അങ്ങിനെയിരിക്കെ,ആ കൂട്ടർ എഴുതിയ ചരിത്രങ്ങളിൽ ശിവാജിയെപ്പററി പലേ 'കുററവും കുറവും' കാണുന്നുണ്ടെങ്കിൽ അതും അസംഭാവ്യമല്ല. ഇങ്ങിനെ പരസ്പരവിരുദ്ധങ്ങളായ പഴയ രേഖകളെ അടിസ്ഥാനപ്പെടുത്തി ഒരു ശരിയായ ജീവചരിത്രം നിമ്മിക്കുന്നത് എത്ര പ്രയാസമുള്ള പ്രവൃത്തിയായിരിക്കും? അന്യായഭാഗത്തും പ്രതിഭാഗത്തും ഒരുപോലെ സമത്ഥന്മാരായ വക്കീലന്മാർ അതിവാഗ്ധാടിയോടുകൂടി പ്രസംഗിച്ചു കഴിഞ്ഞാൽ അതിൽ ഏതു ഭാഗത്താണ് സത്യവും പരമാത്ഥവും എന്നു തീച്ചപ്പെടുത്തേണ്ടുന്ന ഭാരം നിവ്വഹിക്കുന്നതിൽ ന്യായാധിപതി അവലംബിക്കാറുള്ള യുക്തിബലമാണു ചരിത്രകാരൻ ഈവക സന്ദർഭങ്ങളിൽ അംഗീകരിക്കേണ്ടത്.

ഇയ്യിടെയായി 'ശിവാജി'യുടെ ജീവചരിത്രത്തെപ്പററിയുള്ള പഴയ രേഖകൾക്കുവേണ്ടി പലേ ചരിത്രപണ്ഡിതന്മാർ പരിശോധനകൾ നടത്തുകയും, തൽഫലമായി (ഇംഗ്ലീഷിൽ) ചില നല്ല പുസ്തകങ്ങൾ പുറപ്പെടുകയും ചെയ്യിട്ടുണ്ട്. ആ പുതിയ പ്രസിദ്ധീകരണങ്ങളിലടങ്ങിയ പ്രധാനസംഗതികളെ അവലംബിച്ചെഴുതിയതാണ് ഈ പുസ്തകം. ഇത്തരം ഗ്രന്ഥങ്ങളുടെ ദാരിദ്ര്യം മലയാളഭാഷയിൽ നല്ലവണ്ണമുണ്ട്. പലേ സൽഗ്രന്ഥങ്ങളെക്കൊണ്ടും കൈരളിയെ സസ്നേഹം പരിപോഷിപ്പിച്ചു വരുന്ന കെ. വി. എം. മേല്പറഞ്ഞ ഗ്രന്ഥദാരിദ്ര്യത്തെ പ

രിഹരിക്കാനുള്ള സദുദ്യമത്തിൽ ഏൎപ്പെടാനുറച്ചതു ഭാഷയുടേയും ഭാഷാഭിമാനികളുടേയും ഭാഗ്യമാണെന്നു വേണം പറയുവാൻ. ചരിത്ര നഭോമണ്ഡലത്തെ സവിശേഷം അലങ്കരിക്കുന്ന അസംഖ്യം നക്ഷത്രങ്ങൾ ദൂരസ്ഥിതി നിമിത്തം നമ്മുടെ ദൃഷ്ടിയിൽനിന്നു മങ്ങി മറഞ്ഞുപോകാതിരിക്കുവാൻ ഈ മാതിരി 'ദൂരദൎശിനി'കൾ എത്രത്തോളം ഉപകരിക്കുമെന്ന് ആൎക്കും ഊഹിക്കാവുന്നതാണ്. 'ജനനി ജന്മഭൂമിശ്ച സ്വൎഗ്ഗാദപി ഗരീയസീ' എന്ന പ്രമാണവചനത്തെ പ്രത്യക്ഷരം അവലംബിച്ചു, സ്വജീവിതത്തെ സഫലമാക്കിത്തീൎത്ത ശിവാജിയുടെ ജീവചരിത്രമെന്നപോലെ മററു മഹാന്മാരുടേയും ജീവചരിത്രങ്ങൾ സദാചാരം, സത്യനിഷ്ഠ, സ്വരാജ്യസ്നേഹം മുതലായ സൽഗുണങ്ങളെ വളൎത്തി സ്വഭാവത്തെ സംസ്കരിക്കുവാൻ സഹായിക്കുന്നവയാകയാൽ അത്തരം ഗ്രന്ഥങ്ങൾ ഇനിയും നമ്മുടെ ഭാഷയിൽ ആവിൎഭവിക്കേണ്ടതാവശ്യമാണ്. അതിലേയ്ക്ക്, ഈ ഗ്രന്ഥകൎത്താവിനെപ്പോലെ കെൽപ്പും കൈപ്പുണ്യവുമുള്ള പണ്ഡിതന്മാർ മേലിലും പരിശ്രമിക്കേണമെന്ന പ്രാൎത്ഥനയോടുകൂടി ഈ പുസ്തകത്തെ സാദരം സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

മദിരാശി,<br>3-12-23. } വി. ഉണ്ണികൃഷ്ണൻനായർ. ബി. എ.

# വിഷയാനുക്രമണിക.


| നമ്പർ | വിഷയം | ഭാഗം |
|---|---|---|
| 1. | ദക്ഷിണദേശം_മഹാരാഷ്ട്രം ... ... | 1 |
| 2. | ഭോൻസ്ലെ രാജവംശം ... .... ... | 12 |
| 3. | ഷഹാജിയുടെ ചരിത്രവും_ശിവാജിയുടെ ജനനവും | 20 |
| 4. | ശിവാജിയുടെ ബാല്യവും, ബാല്യവിക്രമങ്ങളും | 34 |
| 5. | ശിവാജിയുടെ ജയങ്ങൾ ... .... .... | 60 |
| 6. | അഫ്സുൽഖാൻ വധം .... ... .... | 75 |
| 7. | ബീജപ്പൂർ ഉടമ്പടി_പിതൃസന്ദർശനം ... | 98 |
| 8. | തുക്കാറാമും, രാമദാസനും ... .... | 116 |
| 9. | സ്വഭാവഗുണവും, സ്വരാജ്യപരിശ്രമവും .... | 138 |
| 10. | മൊഗളന്മാരും ശിവാജിയും .... ... | 155 |
| 11. | ശിവാജിയുടെ പട്ടാഭിഷേകം ... ... | 177 |
| 12. | ശിവാജിയുടെ രാജ്യഭാരം .... ... | 192 |

# മുഖവുര.

'ശിവാജി'യുടെ ചരിത്രത്തെ വിവരിക്കുന്നതായ ഈ പുസ്തകം മലയാളസാഹിത്യത്തിലെ ചരിത്രശാഖയിൽ ഒരു പുതിയ പ്രസിദ്ധീകരണമാണല്ലോ. ആകയാൽ ഇതിൻെറ ഉല്പത്തിയേപ്പററി ചില സംഗതികഠം വായനക്കാരോടു പറയേണ്ടതായി തോന്നുന്നുണ്ട്.

മഹാരാഷ്ട്രസാർവ്വഭൌമനായ ശിവാജി ഇന്ത്യയിലുണ്ടായിട്ടുള്ള മഹാവീരന്മാരുടെ മുന്നണിയിൽ നില്ക്കുന്ന ഒരാളാണ്. എന്നാൽ, അധികംപേരും അദ്ദേഹത്തെ ഒരു അക്രമിയും ദുഷ്ടനുമായിട്ടാണ് ധരിച്ചിട്ടുള്ളത്. അദ്ദേഹം മൊഗളന്മാരുടെ ശത്രുവായിരുന്നതുകൊണ്ട് അദ്ദേഹത്തിൻെറ കാലത്തു മൊഗളചരിത്രകാരന്മാർ അദ്ദേഹത്തിൻെറ ഒരു വികൃതചരിത്രം പ്രചരിപ്പിക്കുകയും അതനുസരിച്ചു മററു ചരിത്രകാരന്മാർ ഗ്രന്ഥങ്ങഠം നിർമ്മിക്കയും ചെയ്തുനിമിത്തം അദ്ദേഹത്തിൻെറ സ്വഭാവത്തേയും മററും പററി തെററായ ഒരു ബോധം ലോകത്തിൽ പ്രചരിക്കുവാനിടയായി. ഈ ബോധത്തെ നിക്കം ചെയ്തു ശിവാജിയെ അദ്ദേഹത്തിൻെറ യഥാർത്ഥരൂപത്തിൽ നമുക്കു കാണിച്ചുതന്നതു പുതിയ ചരിത്രാന്വേഷകന്മാരാകുന്നു. പുതിയ ചരിത്രാന്വേഷണത്തിൻെറ ഫലമായി സിദ്ധിച്ച വാസ്തവങ്ങളെ അടിസ്ഥാനമാക്കി ചില പൌരസ്ത്യഗ്രന്ഥകാരന്മാരും, സി. എ. കിൻകെയ്ഡ് മുതലായ പാശ്ചാത്യഗ്രന്ഥകാരന്മാരും എഴുതിയ ചില വിലഃയേറിയ ഗ്രന്ഥങ്ങളുടെ ആവിർഭാവത്തിനുശേഷമാണ് ഒരു 'കൊള്ളക്കാര'നായിരുന്ന ശിവാജി ഇന്ത്യയിലെ രാഷ്ട്രസ്ഥാപകന്മാരിൽ മുഖ്യനായ ഒരാളായി അറിയപ്പെട്ടത്. മേല്പറഞ്ഞ ചരിത്രാന്വേഷകന്മാരും ഗ്രന്ഥകാരന്മാരുമാണ് മഹാരാഷ്ട്രചരിത്രത്തിലെ ഇരുളടഞ്ഞു കിടന്നിരുന്ന ഭാഗങ്ങളെ തെളിയിച്ചത്.

പ്രസ്തുത ഗ്രന്ഥം എഴുതിയിട്ടുള്ളതു മേല്പറഞ്ഞ നവീനചരിത്രാന്വേഷണംകൊണ്ടു കിട്ടിയിട്ടുള്ള അറിവുകളെ അവലം

ബിച്ചിട്ടാകുന്നു. ഇതിൽ പന്ത്രണ്ടദ്ധ്യായങ്ങളിലായി ശിവാജി യുടെ കാലത്തെ ദക്ഷിണദേശത്തിൻെറ സ്ഥിതിയും, ശിവാജി യുടെ സമഗ്രമായ ചരിത്രവും, അദ്ദേഹത്തിൻെറ രാജ്യഭരണരീ തിയും സാമാന്യം വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ഇങ്ങിനെ യുള്ള ഒരു ചരിത്രപുസ്തകം മലയാളഭാഷയിൽ ഉണ്ടാകുന്നത് ആദരണീയമായിട്ടല്ലാതെ വരുവാൻ തരമില്ലല്ലൊ.

ഈ പുസ്തകം കേരളത്തിലെ സാഹിത്യവേദികൾക്കു മാത്ര മല്ലാ, സാമാന്യജനങ്ങൾക്കുകൂടി ഉപയോഗപ്പെടേണമെന്ന് ഇ തെഴുതുമ്പോൾ ഉദ്ദേശിച്ചിട്ടുണ്ട്. അതുകൊണ്ട് ഏററവും ലളി തവും ഏതുതരം വായനക്കാൎക്കും സുഗമവുമായ ഭാഷാരീതിയാ ണ് ഇതിൽ അവലംബിച്ചിട്ടുള്ളത്. തുക്കാറാം സ്വാമികളുടെ ഉപദേശങ്ങൾ മഹാരാഷ്ട്രഭാഷയിൽ പദ്യരീതിയിലാകയാൽ ആയത് ഇതിലും കിളിപ്പാട്ടുസമ്പ്രദായത്തിലാണ് പരിഭാഷ പ്പെടുത്തി ചേൎത്തിട്ടുള്ളത്.

ഇങ്ങിനെ ഒരു പുസ്തകം എഴുതുവാൻ ഒരു പതിനഞ്ചു കൊല്ലത്തിനുമുമ്പൊരിക്കൽ എനിക്കുത്സാഹം തോന്നുകയുണ്ടാ യിട്ടുണ്ട്. അക്കാലത്തു കൊൽഹാപുരത്തുകാരനായ അപ്പാശ ൎമ്മ വിദ്യാവാചസ്പതി എന്ന പണ്ഡിതൻ പ്രസിദ്ധം ചെയ്തു "ശിവരാജവിജയം" എന്ന സംസ്കൃതഗദ്യകാവ്യത്തിൻെറ ഏ താനും ഭാഗം എനിക്കു വായിക്കുവാനിടയായിരുന്നു. ആ കാവ്യ ത്തിലെ നായകനായ ശിവരാജൻെറ (ശിവാജിയുടെ) ഗുണ ങ്ങൾ അന്ന് എൻെറ കണ്ണിൽ മുഴങ്ങി, അതുപോലെ ഒരു ഗ്രന്ഥത്തിൻെറ നിൎമ്മാണത്തിന്നായി എന്നെ പ്രേരിപ്പിച്ചിരു ന്നു. പക്ഷേ, അന്നു ശിവാജിയുടെ ചരിത്രത്തെസ്സംബന്ധിച്ച അന്വേഷണങ്ങൾ (Researches) കഴിഞ്ഞിട്ടില്ലായിരുന്നതു കൊണ്ട് അങ്ങിനെ ഒരു ഗ്രന്ഥം എഴുതുവാൻ ഞാൻ ധൈൎയ്യ പ്പെട്ടില്ല. ഇപ്പോൾ ഈ പുസ്തകം എഴുതുവാൻ എന്നെ പ്രേരി പ്പിച്ചതും, ഇതു വേഗത്തിൽ എഴുതിത്തീൎക്കുവാൻ ഉത്സാഹിപ്പി ച്ചതും ഇതിൻെറ പ്രസാധകനായ, എൻെറ സഹോദരൻ കെ. ശങ്കരൻമൂസ്സതാകുന്നു.

ഈ പുസ്തകം പ്രസിദ്ധം ചെയ്യുന്നതിന്നുമുമ്പായി ഒരു പരിവൃത്തി വായിച്ച് ഒരു വിലയേറിയ അവതാരിക എഴുതിത്തന്നതിന്നു സരസസാഹിത്യകാരനായ ശ്രീമാൻ വി. ഉണ്ണികൃഷ്ണൻനായർ (ബി. എ.) അവർകളോടു ഞങ്ങൾക്കുള്ള നിർവ്യാജമായ കൃതജ്ഞതയെ ഈ സന്ദർഭത്തിൽ പ്രകാശിപ്പിച്ചുകൊള്ളുന്നു.

എന്ന്,

തൃശ്ശിവപേരൂർ, 21-4-99. } കെ. വാസുദേവൻമൂസ്സത്
ഗ്രന്ഥകർത്താവ്.

# ശിവാജിമഹാരാജാവിൻെറ വംശാവലി *

രാജാ ശൂരസേനൻ

—

മംറിപതി

—

ദേവരാജൻ

—

പാൎത്ഥിവരാജൻ,

[പാൎത്ഥിവരാജൻെറ പുത്രൻ ഇന്ദ്രസേനൻ, തൽപുത്രൻ കൃഷ്ണരാജൻ, തൽപുത്രൻ രവിരാജൻ, തൽപുത്രൻ മാധവരാജൻ]

|

ഗയാജി

|

താരാജി

|

കേളോജി

|

രങ്കോജി

|

ബാബാജി

|

- മാലോജി
  - ഷഹാജി
    - സാംബാജി
    - ശിവാജിമഹാരാജാ
    - വെങ്കോജി
  - ശരഭോജി
- വിഠോജി
  - (എട്ടുപേർ-ചെറുപ്പത്തിൽ മരിച്ചു)

---

* ഈ വംശത്തിൻെറ കൂടസ്ഥൻ ഉദയേപുരത്തെ മഹാറാണനായ ഉദയസിംഹനാകുന്നു.—See Page 208

# ശിവാജി

## അഥവാ

# മഹാരാഷ്ട്ര സാൎവ്വഭൌമൻ.

## ഒന്നാം അദ്ധ്യായം

### ദക്ഷിണദേശം — മഹാരാഷ്ട്രം.

ഭാരതഖണ്ഡം എന്നു പേരായ നമ്മുടെ ഇന്ത്യാരാജ്യത്തെ ഉത്തരഭാരതം, ദക്ഷിണഭാരതം എന്നിങ്ങിനെ രണ്ടു ഖണ്ഡങ്ങളായി ഭാഗിച്ചിരിക്കുന്നു. ഈ വിഭാഗം ചെയ്തിട്ടുള്ളതു വിന്ധ്യപൎവ്വതത്തെ അതിരാക്കിയിട്ടാകുന്നു; വിന്ധ്യന്റെ വടക്കുള്ള ദേശങ്ങൾക്കു ഉത്തരഖണ്ഡമെന്നും, തെക്കുള്ള ദേശങ്ങൾക്കു ദക്ഷിണഖണ്ഡമെന്നും പേർപറയുന്നു. ഉത്തരദേശത്തിന്ന് ആൎയ്യാവൎത്തം, ബ്രഹ്മാവൎത്തം എന്നും; ദക്ഷിണദേശത്തിന്നു ദക്ഷിണാപഥമെന്നും കൂടി പേർ പറയാറുണ്ട്.

ദക്ഷിണാപഥത്തിൽ ആന്ധ്രം, ദ്രാവിഡം, കൎണ്ണാടകം, മഹാരാഷ്ട്രം എന്നീ ഭൂഖണ്ഡങ്ങളാണ് പ്രധാനമായിട്ടുള്ളവ. ഈ ദക്ഷിണദേശം കല്ലുകളും പാറകളും നിറഞ്ഞ ഒരു വലിയ പ്രദേശമാണ്. ഇതിന്റെ പരിസരങ്ങൾ ചെങ്കുത്തായിക്കിടക്കുന്ന മഹാരണ്യങ്ങളാൽ ആവൃതമായിരുന്നതുകൊണ്ട് ശത്രുക്കൾക്ക് ഈ രാജ്യം ആക്രമിക്കുവാൻ വളരെ പ്രയാസമായിരുന്നു. ഒരു കാലത്ത് ഈ ദക്ഷിണദേശം ആന്ധ്രരാജാക്കന്മാരുടെ അധീനത്തിലായിരുന്നു. ക്രിസ്തു ജനിച്ചതിന്നുശേഷം മൂന്നാം ശതാബ്ദത്തിന്റെ മദ്ധ്യകാലംവരെ ഇവിടെ ആന്ധ്രരാജാക്കന്മാർ വാണുകൊണ്ടിരുന്നു. അക്കാലത്ത് ഈ രാജ്യം വളരെ അഭിവൃദ്ധിയിൽ എത്തിയിരുന്നു. യവന (ഗ്രീക്ക്) രാജ്യത്തുനിന്നു പലതരം മദ്യങ്ങൾ, കണ്ണാടികൾ മുതലായ സാമാ

നങ്ങൾ ഈ രാജ്യത്തേയ്ക്കു വ്യാപാരികൾ കൊണ്ടുവന്നിരുന്നു. ഇതിന്നു പുറമേ, ഗ്രീക്കുകാരുടെ അരമനയോടു ചേൎന്ന കന്യാസ്ത്രീമഠത്തിലേയ്ക്കു് അനവധി കന്യകമാരേയും അവർ കൊണ്ടുവരിക പതിവായിരുന്നു. ഈ രാജ്യത്തുനിന്നു പലതരം രത്നങ്ങൾ, മസ്ലീം തുണികൾ, വാസനദ്രവ്യങ്ങൾ മുതലായവയും, പുറമേ റോമാപുരിയിലെ മഹിളാമണികൾക്കു പ്രിയപ്പെട്ട തൈലങ്ങളും ഗ്രീക്കുകാർ അങ്ങോട്ടും കൊണ്ടുപോയിരുന്നു. അക്കാലത്തു ദക്ഷിണദേശത്തിലെ പ്രധാന തുറമുഖം'ബ്രോച്ച്' എന്നപട്ടണമായിരുന്നു. ശൂപ്രാ,ബൈഡൻ (പ്രതിഷ്ഠാനം), നാസിക (പഞ്ചവടി), കല്യാൺ (കല്യാണപുരം), ഡാക്കാ എന്നിവ ഉൾപ്രദേശങ്ങളിലെ പ്രധാനപട്ടണങ്ങളുമായിരുന്നു. ഇവയിൽവെച്ചു ബൈഡൻ എന്ന പട്ടണം മഹാരാഷ്ട്രരാജ്യത്തിന്നു് ഒരു തിലകംപോലെയായിരുന്നു; അതായിരുന്നു അക്കാലത്തു മഹാരാഷ്ട്ര രാജാക്കന്മാരുടെ തലസ്ഥാനനഗരം. നിലാമുറത്തോടുകൂടിയ വെണ്മാടങ്ങളെക്കൊണ്ടും, ഭംഗിയേറിയ പല കെട്ടിടങ്ങളെക്കൊണ്ടും, വിശിഷ്ടങ്ങളായ ക്ഷേത്രങ്ങളെക്കൊണ്ടും വിഖ്യാതമായ ഈ രാജധാനി വിചിത്രശില്പവേലകൾക്കു കേൾവിപ്പെട്ട ഒരു നഗരമായിരുന്നു.

ക്രി. പി. മൂന്നാം ശതാബ്ദത്തിൽ, ദക്ഷിണാപഥത്തിൽ രാജ്യഭാരം ചെയ്തിരുന്ന ആന്ധ്രരാജാക്കന്മാരുടെ ശക്തി പൂൎവ്വാഹ്നസൂൎയ്യന്റെ നിഴലെന്നപോലെ ക്രമത്തിൽ ക്ഷയിച്ചുവരുവാൻ തുടങ്ങി. പിന്നെ, ഉദ്ദേശം രണ്ടു ശതാബ്ദങ്ങൾക്കു ശേഷം ദക്ഷിണദേശത്തെ ചാളുക്യരാജാക്കന്മാർ ഭരിക്കുവാൻ ആരംഭിച്ചു. ചാളുക്യരാജവംശത്തിൽ ഏററവും പ്രസിദ്ധനായിരുന്ന പുലാകേശി എന്ന രാജാവു പണിചെയ്യിച്ചിട്ടുള്ള വിശേഷപ്പെട്ട ചില ശിലാഗൃഹങ്ങളുടെ നഷ്ടശിഷ്ടങ്ങൾ ഇന്നും കാണപ്പെടുന്നുണ്ടു്. പുലാകേശിയുടെ മരണാനന്തരം, പത്താം ശതാബ്ദത്തിന്റെ ഒടുവിൽ, മഹാരാഷ്ട്ര രാജാക്കന്മാരുടെ പൂൎവ്വന്മാരായ രാഷ്ട്രകൂട രാജാക്കന്മാൎക്കു ദക്ഷിണദേശം അധീനമായിത്തീൎന്നു. ചാളുക്യവംശക്കാരുടെ ഭരണകാലത്തു് അശോകചക്രവൎത്തിയു

ടെ ബുദ്ധമതപ്രചാരണത്തിന്നായി പല ബുദ്ധദേവാലയങ്ങളും ബുദ്ധവിഹാരങ്ങളും നിമ്മിക്കുകയുണ്ടായിട്ടുണ്ട്. അന്ന് ഈ രാജ്യത്തു ബുദ്ധമതത്തിന്നു നല്ല പ്രചാരമുണ്ടായിരുന്നു. എന്നാൽ, രാഷ്ട്രകൂടരാജാക്കന്മാരുടെ ഭരണാരംഭത്തോടുകൂടി ബുദ്ധമതത്തിൻെറ ശക്തി ക്ഷയിച്ചുതുടങ്ങുകയും ഹിന്ദുമതത്തിന്നു ശക്തി കൂടിവരികയും ചെയ്തു. അവരുടെ കാലത്തു പണിചെയ്യപ്പെട്ട എല്ലൂരിലെ കൈലാസനാഥക്ഷേത്രം ഇന്നും ഏററവും ഭംഗിയുള്ള ഒരു ദേവാലയമായി ഗണിക്കപ്പെട്ടുവരുന്നുണ്ട്. ഇതിന്നിടയിൽ ഏതാനുംകാലം ഹൈസലവംശത്തിലേയും യാദവവംശത്തിലേയും രാജാക്കന്മാർ ദക്ഷിണദേശത്തിൻെറ ആധിപത്യം വഹിക്കുകയുണ്ടായിട്ടുണ്ട്. ഇതിൽ യാദവവംശത്തിലെ ഒരു ശ്രുതിപ്പെട്ട രാജാവായ രാമദേവൻ വിദ്യാവിഷയത്തിൽ വളരെ താല്പയ്യമുള്ള ഒരാളായിരുന്നു. ഇദ്ദേഹം വിദ്വാന്മാരെ യഥോചിതം ബഹുമാനിച്ചുപോന്നു. ഇദ്ദേഹത്തിൻെറ ആസ്ഥാനസഭയിലെ ഹേമാദ്രിപണ്ഡിതരും, അദ്ദേഹത്തിൻെറ ശിഷ്യൻ ബോപവദേവനും പ്രസിദ്ധന്മാരാകുന്നു. മഹാരാഷ്ട്ര ഭാഷയിൽ ഭഗവൽഗീതയ്ക്കു വ്യാഖ്യാനമെഴുതിയ ജ്ഞാനദേവനും രാമദേവൻെറ സമകാലികനായിരുന്നു.

ഇങ്ങിനെ, 13_ാം ശതാബ്ദത്തിൻെറ അവസാനം വരെ ദക്ഷിണദേശത്തിൽ ഹിന്ദുരാജാക്കന്മാർതന്നെ മാറി മാറി രാജ്യം വാണുകൊണ്ടിരുന്നു. 13_ാം ശതാബ്ദം പോയപോക്കിൽ മുഹമ്മദീയരാജാക്കന്മാർ ഈ രാജ്യത്തേക്ക് ആകൎഷിക്കപ്പെട്ടു. 1294_ൽ ദില്ലിനഗരം വാണിരുന്ന അലാവുദിൻ എന്ന മുഹമ്മദീയസുൽത്താൻ നമ്മദാനദി കടന്നു ദക്ഷിണഖണ്ഡത്തിൽ ബഹുദൂരംവരെ പ്രവേശിച്ചു. അന്നു മുതല്ക്ക് അനേകം മുഹമ്മദീയസുൽത്താന്മാർ ദക്ഷിണഖണ്ഡത്തെ ആക്രമിക്കുവാൻ തുടങ്ങി. അങ്ങിനെ ആക്രമിച്ച സുൽത്താന്മാരിൽ ഒരാളായ മുഹമ്മദ് തുഗ്ലാക്ക് ഏററവും ദുഷ്ടനായിരുന്നു. ആയാാം ഏററവും ക്രൂരതയോടുകൂടി പ്രജകളെ പീഡിപ്പിക്കയും, രാജധാനിയെ സ്ഥലം മാററുകയും, ഭണ്ഡാരത്തിലെ മുതൽ ദ്രവ്യയം

ചെയ്കയും, നാട്ടിൽ വലിയ ക്ഷാമവും അതൃപ്തിയും ഉണ്ടാക്കുകയും ചെയ്തു. അതിൻെറ ഫലമായി സക്കാരുദ്യോഗസ്ഥന്മാരിൽ ചിലർ സുൽത്താനോടു കലഹത്തിന്നു പുറപ്പെട്ടു. ഈ ഘട്ടത്തിൽ, പഴുതു നോക്കിക്കൊണ്ടിരുന്ന ഒരു അടിമ രാജസ്ഥാനത്തു ചാടി വീഴുകയും 'ഭാമിനി' രാജ്യം എന്ന പേരിൽ ഒരു രാജ്യം സ്ഥാപിച്ചു ഭരണം നടത്തിത്തുടങ്ങുകയും ചെയ്തു. എന്നാൽ, ഈ ഭാമിനിരാജ്യം 1526-ാം വഷംവരെ മാത്രമേ നിലനിന്നുള്ളു. ഇതിന്നു മുമ്പു 1398-ൽ, പ്രസിദ്ധനായ തൈമൂർ മൊഗളന്മാരോടുകൂടി ദക്ഷിണഖണ്ഡത്തെ ആക്രമിച്ച് അനവധി ആളുകളെ വാളിന്നിരയാക്കി രാജ്യം മുഴുവൻ രക്തപ്രളയമാക്കിയിരുന്നു. എന്നിരുന്നാലും, ദക്ഷിണഖണ്ഡത്തിൽ തുംഗഭദ്രാനദിതീരത്തിൽ വിജയനഗരം എന്നൊരു രാജ്യം അന്നു സ്ഥാപിക്കപ്പെട്ടിരുന്നു. ഭാമിനിരാജ്യം ക്ഷയോന്മുഖമായപ്പോൾ, മേല്പറഞ്ഞ വിജയനഗരത്തിൽനിന്നു പൊട്ടിപ്പുറപ്പെട്ട് അഞ്ചു സംസ്ഥാനങ്ങൾ ഉണ്ടായിത്തീൎന്നു. അവയിൽ മുഖ്യമായിട്ടുള്ളവ ബീജപ്പൂര്, ഗോല്ക്കൊണ്ടാ, അഹമദ് നഗരം എന്നിവയാകുന്നു. തുൎക്കിക്കാരനായ അമുറദ് രണ്ടാമൻെറ പുത്രന്മാരിലൊരാൾ 1489-ൽ ബീജപ്പൂര് സംസ്ഥാനത്തെ സ്ഥാപിക്കുകയും, അഡൽഷാ എന്നാൾ അതിനെ പരിപാലിച്ചു വരികയും ചെയ്തു. അക്കാലത്തുതന്നെ മാലിക് അഹമ്മദ് എന്നാൾ അഹമ്മദ് നഗരത്തേയും സ്ഥാപിച്ചു. ഇപ്രകാരം ദക്ഷിണഖണ്ഡത്തിൽ പല ചെറിയ രാജ്യങ്ങൾ സ്ഥാപിക്കപ്പെട്ടതോടുകൂടി 1510-ൽ പോത്തുഗൽ ദേശക്കാരനായ അൽബക്കക്ക് എന്നആൾ ഗോവാ എന്ന ദ്വീപനഗരത്തേയും സ്ഥാപിച്ചു. യൂറോപ്പുരാജ്യക്കാർ ഒന്നാമതായി ഇന്ത്യയിൽ കുടിയേറിപ്പാൎത്തതും അക്കാലത്തായിരുന്നു.

ഇങ്ങിനെ, 17-ാം ശതാബ്ദംവരേയും ദക്ഷിണഖണ്ഡത്തിൽ അനേകം ചെറുരാജ്യങ്ങൾ സ്ഥാപിക്കപ്പെട്ടു വന്നു. ഇവയൊക്കെയും ശിവാജിയുടെ കാലത്തേ ആക്രമണത്തിൽ സംബന്ധപ്പെട്ടിരുന്നു. ബീജപ്പൂരും വിജയനഗരവും തമ്മിൽ ഒരു ഘോര

സമരമുണ്ടാകയും, ആ യുദ്ധത്തിൽ വിജയനഗരത്തിന്നു പരാജയം നേരിടുകയും ചെയ്തു. തന്നിമിത്തം ബീജപ്പൂരിന്നു പൂൎവ്വാധികമായ ശക്തിയും, തദ്വാരാ കീൎത്തിയും പരിഷ്കാരവും ഉണ്ടായിത്തീൎന്നു. അഹമ്മദ് നഗരത്തിലാകട്ടേ അടിക്കടി ആഭ്യന്തരകലഹം ഉണ്ടായിക്കൊണ്ടിരുന്നതുകൊണ്ട് ആ രാജ്യം ക്രമേണ ക്ഷയിച്ചുവരികയും, ആ തക്കത്തിൽ മൊഗളന്മാർ അവിടെ കടന്നു കൂടുകയും ചെയ്തു. മൊഗളന്മാരുടെ സാമ്രാജ്യം, ഇതിന്നു മുമ്പുതന്നെ, മഹാനായ അക്ബർ ചക്രവൎത്തിയുടെ ഭരണതന്ത്രപാടവംകൊണ്ടു, കന്യാകുമാരി മുതൽ ഹിമാലയംവരേയും സുപ്രസിദ്ധമായിത്തീൎന്നിരുന്നു. മൊഗളന്മാരുടെ പ്രവേശം അഹമ്മദ് നഗരത്തിൻെറ അഭിവൃദ്ധിക്കു ഹേതുവായിത്തീൎന്നു. മൊഗൾ ചക്രവൎത്തി ശത്രുക്കളെ മൎദ്ദിച്ചിരുന്നതല്ലാതെ പ്രജകളെ മൎദ്ദിച്ചിരുന്നില്ല. അദ്ദേഹത്തിൻെറ ഭരണത്തിൽ മഹാരാഷ്ട്രദേശക്കാൎക്കു തൃപ്തിയില്ലായിരുന്നുവെന്നു കാണുന്നില്ല. അന്നു ഹിന്തുക്കൾക്കും മഹമ്മദിയൎക്കും തമ്മിലുള്ള വഴക്കുകൾ വളരെ കുറവായിരുന്നു. മഹമ്മദിയരുടെ ഭരണകാലത്തു മഹാരാഷ്ട്രത്തിൽ പലരും ജമിന്ദാർമാരായിത്തീൎന്നു. അവരെ ജമിന്ദാർമാരാക്കി ഉയൎത്തിയതിന്നു പകരം, അവർ കൊല്ലംതോറും കുറെ പടയാളികളെ ശേഖരിച്ചു സുൽത്താന്നു സഹായത്തിന്നായി അയക്കേണമെന്നായിരുന്നു നിബന്ധന ചെയ്തിരുന്നത്. മൂർസ്, നിംബൾക്കാർ, ഘോരഭടന്മാർ, ദേബിലന്മാർ എന്നിങ്ങിനെയുള്ള മഹാരാഷ്ട്രവംശക്കാർ ബീജപ്പൂർ സംസ്ഥാനത്തിൽ ഉദ്യോഗം വഹിച്ചുംകൊണ്ടിരുന്നു. യാദവവംശക്കാരും ഭോൻസലവംശക്കാരും അഹമ്മദ് നഗരത്തിൽ മന്ത്രിമാരായും, പുരോഹിതന്മാരായും, സേനാപതിമാരായും, ദൂതന്മാരായും, ചാരന്മാരായും ഇരുന്നുപോന്നു. ഈ രണ്ടു വംശക്കാൎക്കും അഹമ്മദ് നഗരത്തിൽ വലിയ പേരും പെരുമയും സിദ്ധിച്ചിരുന്നു. ബീജപ്പൂരിലുണ്ടായിരുന്ന മഹാരാഷ്ട്രവീരന്മാരിൽ സുന്ദരറാവ് മോറേ, റാവ് നായക്‌നിംബൾക്കാർ, ജുജാർറാവ് കൾകേ, മണയറാവ്, ഷാവന്ത് ബഹദൂർ എന്നിവർ ഏററവും പ്രധാനപ്പെട്ട

വരായിരുന്നു. അഹമ്മദ് നഗരത്തിലുണ്ടായിരുന്ന മഹാരാഷ്ട്രവീരന്മാരിൽ അധികം കേൾവിപ്പെട്ടവർ രാജാ യാദവ റാവ്, രാജാ ഭോൻസ്ലേ എന്നിവരായിരുന്നു. ഇപ്രകാരം അനേകം തലമുറകളിൽ ഉണ്ടായ വീരന്മാരെക്കൊണ്ടു മഹാരാഷ്ട്രരാജ്യത്തിന്നു വലിയ മഹിമ സിദ്ധിച്ചു.

മഹമ്മദിയർ ദക്ഷിണദേശത്തെ ആക്രമിച്ചുവെങ്കിലും അവരുടെ ജാതീയാദർശങ്ങൾ എല്ലാദിക്കിലും ഒരുപോലെ പരക്കുകയുണ്ടായില്ല. മഹാരാഷ്ട്രത്തിൽ അവരുടെ ആചാരങ്ങൾക്കു പ്രചാരം സിദ്ധിച്ചില്ല; എന്നാൽ ഡക്കാനിൽ മഹാരാഷ്ട്രർക്കും മഹമ്മദീയർക്കും തമ്മിൽ വർണ്ണസങ്കരം ഉണ്ടാകാതിരുന്നില്ല. ചില മഹമ്മദിയസുൽത്താന്മാർ ഹിന്ദുക്കളായ സേനാപതികളുടെ സ്ത്രീകളെ വിവാഹം ചെയ്യുതായി കാണുന്നുണ്ട്. ഭാമിനി സംസ്ഥാനത്തിലെ ഏഴാമത്തെ സുൽത്താൻ വിജയനഗരരാജവംശവുമായി വിവാഹബന്ധം ചെയ്തുവെന്നും, ഒമ്പതാമത്തെ ഭാമിനി സുൽത്താൻ സോൻകാട്ട് രാജാവിന്റെ കുമാരിയെ വിവാഹം ചെയ്തുവെന്നും ചരിത്രത്തിൽ കാണുന്നുണ്ട്. ബീജപ്പൂരിലെ സുൽത്താനായിരുന്ന യൂസഫ് അഡൽഷാ ബ്രാഹ്മണവംശക്കാരനായ മുകുന്ദറാവ് എന്നാളുടെ സഹോദരിയെ കല്യാണം കഴിച്ച് അവളെ പട്ടമഹിഷിയാക്കി വച്ചു. ആ സ്ത്രീ രാജമഹിഷിയായപ്പോൾ ബാബുജിക്കാനം എന്നു പേർ ധരിക്കയും, അനേകം രാജപുത്രന്മാരുടെ മാതാവാകയും ചെയ്തു. അവരുടെ പുത്രന്മാർ ബീജപ്പൂർ സിംഹാസനത്തിന്ന് അവകാശികളായിത്തീൎന്നു. പേട്ടർജില്ലയിലെ ഭരണാധികാരിയായിരുന്ന പാരിദ് വംശത്തിലെ ഒന്നാമത്തെ രാജാവ് സവാജിയുടെ മകളെ തന്റെ ദ്വിതീയപുത്രനെക്കൊണ്ടു കല്യാണം ചെയ്യിച്ചു. ഇങ്ങിനെയുള്ള വിവാഹബന്ധം വഴിയായി മഹാരാഷ്ട്രരിൽ ചിലർ ജന്മനാതന്നെ മഹമ്മദീയരുടെ സംസ്കാരത്തെ പ്രാപിച്ചുപോയി. ഈ വക വിവാഹബന്ധങ്ങളുടെ ഫലമായിട്ടായിരിക്കാം ദക്ഷിണദേശത്തെ ആക്രമിച്ച മഹമ്മദിയർ, ഉത്തരദേശത്തിൽ ചെയ്തതുപോലെ ഭയങ്കരമായവിധം ഹിന്ദുക്കളുടെ

ക്ഷേത്രങ്ങളെ തട്ടിനിരത്തുക, വിഗ്രഹങ്ങളെ തച്ചുടയ്ക്കുക, ശാസ്ത്ര ഗ്രന്ഥങ്ങൾ കത്തിക്കരിക്കുക മുതലായ ക്രൂരകൃത്യങ്ങൾ അധികമായി ചെയ്യാതിരുന്നത്. മഹമ്മദീയരുടെ ആക്രമംകൊണ്ടു ദക്ഷിണഖണ്ഡത്തിൽ ചില ദിക്കുകളിൽ വളരെ അനത്ഥങ്ങളുണ്ടായിട്ടുണ്ടെങ്കിലും, സാമാന്യമായി നോക്കുമ്പോൾ, ദക്ഷിണദേശിയക്ക്—അതിലും വിശേഷിച്ചു മഹാരാഷ്ട്രക്കാക്ക്—അവരുടെ വരവുകൊണ്ടു ഗുണമുണ്ടായിട്ടുണ്ടെന്നുവേണം പറയുവാൻ. 17-ാം ശതാബ്ദത്തിൽ മഹാരാഷ്ട്രക്കു സിദ്ധിച്ചിട്ടുള്ള കീത്തിയും വിജയവും മഹിമയും മഹമ്മദീയരുടെ പ്രവേശംകൊണ്ടുണ്ടായവയാണ്.

15-ം 16-ം ശതാബ്ദങ്ങളിൽ ദക്ഷിണദേശത്തിൽ വാണുകൊണ്ടിരുന്ന മഹമ്മദീയർ പ്രായേണ മതഭ്രാന്തന്മാരായ നിഷ്ഠുരന്മാരായിരുന്നില്ല. അറംഗസിബ് ഇതിൽനിന്നു വ്യത്യസ്തമായി മതവിഷയത്തിൽ ഭ്രാന്തനായിവരികയും, ആയാളുടെ കാലത്തു മഹാരാഷ്ട്രർ അസ്വസ്ഥന്മാരായി കലഹമുണ്ടാക്കുകയും ചെയ്തു. അക്കാലത്തു ദക്ഷിണദേശത്തിൽ ഭരണാധികാരികൾ മഹമ്മദീയരായിരുന്നുവെങ്കിലും രാജ്യകാൎയ്യങ്ങൾ നടത്തിയിരുന്നതു മഹാരാഷ്ട്രരായിരുന്നു. രാജ്യഭരണത്തിൻെറ എല്ലാ അംഗങ്ങളും, സൎക്കാർവക സകല കണക്കുകളും മഹാരാഷ്ട്രരുടെ കൈവശത്തിലായിരുന്നു; സുൽത്താന് ഒപ്പധികാരം മാത്രമേ വാസ്തവത്തിൽ ഉണ്ടായിരുന്നുള്ളു. ഇപ്രകാരം മഹാരാഷ്ട്രർ ദക്ഷിണദേശത്തിലെ മഹമ്മദീയരുടെ കീഴിൽ ഇരുന്നുവെങ്കിലും ഉത്തരദേശക്കാരായ മൊഗളന്മാരുടെ കീഴിൽ ഇരിക്കുവാൻ മഹാരാഷ്ട്രർ ഇഷ്ടപ്പെട്ടിരുന്നില്ല. 16-ാം ശതാബ്ദത്തിൽ യൂറോപ്പിൽ പ്രൊടസ്റ്റണ്ടു മതക്കാരുടെ ഇടയിൽ ഉണ്ടായ മാററംപോലെ ഒരു മാററം ഇന്ത്യയിലും ഉണ്ടായി. ഈ മാററം മതത്തേയും ആചാരത്തേയും ഭാഷയേയും ഏറെക്കുറെ ബാധിച്ചു. മതസംബന്ധമായുണ്ടായ മാററം ഉത്തരദേശത്തിൽ കേവലം വൎണ്ണാശ്രമങ്ങളെയാണാശ്രയിച്ചിരുന്നത്. ദക്ഷിണദേശത്തിലാകട്ടേ അങ്ങിനെയായിരുന്നില്ല. ഇവിടെ അതു സൎവ്വസമത്വഭാ

വനയോടു സംബന്ധിച്ചും ജ്ഞാനത്തെ ആശ്രയിച്ചുമാണ് പ്രത്യക്ഷപ്പെട്ടത്. മതസംബന്ധമായ മാററങ്ങൾ പഠിപ്പുള്ളവരും ഉയൎന്ന ജാതിക്കാരുമായവരിൽനിന്നാണുണ്ടാകുന്നതെന്ന് ഒരു പക്ഷമുണ്ട്. എന്നാൽ, ദക്ഷിണദേശത്തെസ്സംബന്ധിച്ചേടത്തോളം നോക്കുമ്പോൾ, ഈ പക്ഷം അത്ര സ്വീകാൎയ്യമാണെന്നു തോന്നുന്നില്ല. ഈ ദേശത്തിൽ മതസംബന്ധമായ മാററങ്ങൾ പ്രധാനമായി താണജാതിക്കാരിൽനിന്നാണുണ്ടായിട്ടുള്ളത്. മതസംബന്ധമായ ഈ മാററങ്ങൾക്കു കാരണഭൂതന്മാരായ ജ്ഞാനികൾ, യോഗികൾ, കവികൾ, തത്വദൎശികൾ മുതലായവർ കേവലം സാമാന്യജനങ്ങളായിരുന്നു. കമ്മാളൻ, ക്ഷുരകൻ, കൃഷിക്കാരൻ, കച്ചവടക്കാരൻ, കുംഭകാരൻ മുതലായ പല താണജാതിക്കാരും ഈ ദേശത്തു മതപ്രചാരകന്മാരായിത്തീൎന്നു. അവരെ പരമപൂജ്യന്മാരായിക്കരുതി ജനങ്ങൾ ആരാധിച്ചുവരുന്നു.

തുക്കാരാം, രാമദാസൻ *, വാമനപണ്ഡിതൻ, ഏകനാഥൻ മുതലായ പുണ്യപുരുഷന്മാരെ മഹാരാഷ്ട്രർ കുലദേവതമാരെപ്പോലെ കരുതി ഇന്നും പൂജിച്ചുവരുന്നു. പടിഞ്ഞാറേ യൂറോപ്പിൽ പ്രൊടസ്റ്റണ്ട് മതം ഏതുപ്രകാരം പ്രജകളുടെ ഇടയിൽ സ്വാതന്ത്ര്യത്തിൻെറ ആദൎശങ്ങളെ പരത്തിയോ അതുപ്രകാരം, ഇന്ത്യയുടെ പടിഞ്ഞാറൻപ്രദേശങ്ങളിൽ മഹാരാഷ്ട്രരുടെ അഭ്യുത്ഥാനം നിമിത്തം സ്വാതന്ത്ര്യാദൎശങ്ങൾ വൎദ്ധിച്ചുവന്നു. വിദ്യാഭ്യാസം, വ്യവസായം, കച്ചവടം, പരിഷ്കാരം മുതലായി പ്രജാസ്വാതന്ത്ര്യത്തിൻെറ ചിഹ്നങ്ങളായ സംഗതികൾ അഭിവൃദ്ധിയെ പ്രാപിച്ചു. ജനങ്ങളുടെ ഇടയിൽ സ്വാഭിമാനം വളൎന്നുവന്നു. പ്രജകൾ തങ്ങളുടെ രാഷ്ട്രീയമൎയ്യാദകളെ സംരക്ഷിക്കുവാൻ തുടങ്ങി. രാഷ്ട്രീയവിഷയങ്ങൾ നാട്ടിലൊക്കെയും പരന്നു.

മഹാരാഷ്ട്രഭൂമി ഉദ്ദേശം പത്തു തലമുറകളായി ഇടവിടാ

* ഈ രണ്ടുപേരും ശിവാജിയുടെ ഗുരുക്കന്മാരാകുന്നു.

തെകണ്ടു വലിയ രാജ്യതന്ത്രജ്ഞന്മാരേയും ശ്രുതിപ്പെട്ട യുദ്ധവീരന്മാരേയും പ്രസവിച്ചുംകൊണ്ടിരുന്നു. തന്നിമിത്തം മഹാരാഷ്ട്രർ രാഷ്ട്രീയകാര്യങ്ങളിൽ ഏററവും മുന്നണിയിൽ എത്തിച്ചേൎന്നു. അവരുടെ ഈ അത്യുത്തമമായ രാഷ്ട്രീയബോധത്തിന്നു പ്രധാനകാരണം അവരുടെ നാട്ടിൽ അടിക്കടി ഉണ്ടായ അന്ന്യന്മാരുടെ ആക്രമങ്ങളായിരുന്നു. ഭാഷാഭേദം, മതാചാരഭേദം, ജാതിഭേദം എന്നിവ ഇല്ലാതിരുന്നതുകൊണ്ടു മഹാരാഷ്ട്രർ എല്ലാവരും ഒരേ വിധത്തിലുള്ള രാഷ്ട്രീയബോധത്തോടുകൂടി ഒത്തുചേൎന്ന് അനവധി ഘോരസമരങ്ങൾ നടത്തി മുമ്പോട്ടു പാഞ്ഞുകയറി. ഇന്ത്യയിൽ ബ്രിട്ടീഷുഭരണം തുടങ്ങുന്നതിന്നുമുമ്പ് ഇന്ത്യ മഹാരാഷ്ട്രരുടെ കൈവശമായിരുന്നുവെന്ന് ഒരു കൂട്ടർ പറയുന്നുണ്ട്. മഹമ്മദീയരുടെ കൈവശമായിരുന്നുവെന്നു വേറെ ഒരു കൂട്ടരും പറയുന്നു. എന്നാൽ ചരിത്രകാരന്മാരുടെ പക്ഷം എന്തായിരുന്നാലും, ബ്രിട്ടീഷുഭരണം ആരംഭിക്കുന്നതിന്നുമുമ്പ് ഇന്ത്യയുടെ ഭരണാധികാരം പല സംഗതികളിലും മഹാരാഷ്ട്രക്ക് അധീനമായിരുന്നുവെന്നുവേണം പറയുവാൻ. അടുത്തകാലത്തു നടത്തിയ ചരിത്രാന്വേഷണങ്ങളും, കുറച്ചുകാലം മദിരാശി ഗവൎണ്ണരായിരുന്ന ഗ്രാൻറ് ഡഫ് എന്ന മഹാൻ എഴുതിയ മഹാരാഷ്ട്രചരിത്രത്തിൽ പറഞ്ഞിട്ടുള്ള ചില അഭിപ്രായങ്ങളും ഇതിന്നു പ്രമാണമാകുന്നു.

ബ്രിട്ടീഷുഭരണം ആരംഭിക്കുന്നതിന്നുമുമ്പ് ഇന്ത്യയിൽ തെക്കു മദ്ധ്യദക്ഷിണം, കൎണ്ണാടകം തുടങ്ങി തഞ്ചാവൂർ വരേയും, വടക്കു ഗുജ്ജരദേശം, കത്തിയവാർ, ബീറാർ അല്ലെങ്കിൽ വിദർഭദേശം, മാളവം, പുന്ദേലഖണ്ഡം, രാജപുട്ടാന, ആഗ്രാ, റോഹിലഖണ്ഡം എന്നിവിടങ്ങളും, മദ്ധ്യസംസ്ഥാനത്തിൽ കട്ടാക്ക് വരെയുള്ള സ്ഥലങ്ങളും മഹാരാഷ്ട്രരുടെ അധീനത്തിലായിരുന്നു. ബങ്കാളത്തിൻെറ നേരേയും ദില്ലിയുടെ നേരേയും മഹാരാഷ്ട്രർ യുദ്ധംചെയ്യാൻ ഒരുങ്ങുകയുണ്ടായി. പക്ഷേ ബ്രിട്ടീഷുകാരുടെ സഹായത്താലും മററും അതു വലിയ യുദ്ധമായി കലാശിക്കാതിരുന്നതാണ്. മേല്പറഞ്ഞ രാജ്യങ്ങളിൽ ചിലതു മഹാരാഷ്ട്രക്കു കീഴടങ്ങിയ സ്വദേശരാജാക്ക

ന്മാരാണ് ഭരിച്ചുപോന്നത്. വളരെ ജനസംഖ്യയും വിസ്താരവുമുള്ള ഹൈദരബാദ്, മൈസൂർ എന്നീ രാജ്യങ്ങൾക്കും മഹാരാഷ്ട്രരെ ഭയമുണ്ടായിരുന്നു. സുമാർ ഒരു നൂററാണ്ടുകാലം മഹാരാഷ്ട്രർ അതിവിസ്തീർണ്ണങ്ങളായ അനവധി ഭൂഖണ്ഡങ്ങളെ അടക്കി ഭരിച്ചുപോന്നു. അവരുടെ ഈ വിജയത്തിന്നുകാരണം അവൎക്കു സഹജമായുണ്ടായിരുന്ന സ്വാഭിമാനമായിരുന്നു. തങ്ങളുടെ ജന്മഭൂമിയിൽ അന്ന്യദേശീയർ അധികാരം ചെലുത്തുന്നതായി കണ്ടപ്പോൾ മഹാരാഷ്ട്രരാജ്യത്തിലെ സകല ജനങ്ങളുടേയും രക്തം തിളച്ചുതുടങ്ങി. ഇന്ത്യക്കാരുടെ ഇടയിൽ സാമാന്ന്യമായി രാഷ്ട്രീയബോധം ഇല്ലെന്നൊരു വിശ്വാസം യൂറോപ്യന്മാരുടെ ഇടയിൽ വേരൂന്നിയിരുന്നു. എന്നാൽ മഹാരാഷ്ട്രർ, രജപുത്രർ, സിക്കുകാർ എന്നിവരെ കണ്ടമാത്രയിൽ ഈ വിശ്വാസം തെററാണെന്ന് അവൎക്കു ബോദ്ധ്യമായി. പക്ഷേ, മഹാരാഷ്ട്രരുടെ രാഷ്ട്രീയബോധത്തോടു രജപുത്രരുടേതിനെ ഉപമിക്കുവാൻ പാടില്ല. രജപുത്രരുടെ രാഷ്ട്രീയബോധം ചില ഉയൎന്ന വംശക്കാരിൽ മാത്രമേ കണ്ടിരുന്നുള്ളു. സിക്കുകാരിലും എണ്ണത്തിൽ വളരെ ചെറുതായ 'കാലാസാ' ഭടന്മാൎക്കു മാത്രമേ ശരിയായ രാഷ്ട്രീയബോധം ഉണ്ടായിരുന്നുള്ളു. മഹാരാഷ്ട്രരാകട്ടെ താണവരെന്നും ഉയൎന്നവരെന്നുമുള്ള വ്യത്യാസംകൂടാതെ സകലരും പരിശുദ്ധമായ രാഷ്ട്രീയബോധമുള്ളവരായിരുന്നു. മഹാരാഷ്ട്രരിൽ ഒട്ടുവളരെപേർ വൎഷംതോറും ശിശിരം, വസന്തം, ഗ്രീഷ്മം ഈ കാലങ്ങളിൽ സൈന്ന്യത്തിൽച്ചേൎന്നു രാജ്യരക്ഷയിൽ ഏൎപ്പെട്ടുവന്നു. വൎഷം, ശരത്ത്, ഹേമന്തം ഈ കാലങ്ങളിൽ വ്യവസായകാൎയ്യങ്ങളിലും ഏൎപ്പെട്ടിരുന്നു. ഇവരിൽ അനേകംപേർ പാരമ്പൎയ്യമായിത്തന്നെ യുദ്ധവീരന്മാരും വ്യവസായികളുമായിരുന്നതുകൊണ്ട് അനവധി 'ജാകീർദാർ'മാരും 'പടവൎദ്ധൻ'മാരും അവരുടെ ഇടയിൽ ഉണ്ടായിവന്നു.

മഹാരാഷ്ട്രത്തിൽ പൊട്ടിമുളച്ചപലവംശങ്ങൾ പല വിധത്തിൽ തട്ടിത്തെറിച്ചു കാലാന്തരത്തിൽ ഓരോ സംസ്ഥാന

ത്തിൻേറയും ആധിപത്യത്തെ വഹിച്ചുപോന്നു. ഇണ്ടോർ, ഗ്വാളിയർ, ധാരാനഗർ, ബറോഡാ, നാഗപൂരി, കൊൽഹാപുരി മുതലായി പലേ സംസ്ഥാനങ്ങളുടേയും ഭരണാധികാരികൾ മഹാരാഷ്ട്രരാണ്. മഹാരാഷ്ട്രരുടെ ഭരണകാലത്തു റായ്കട്ട, സട്ടാര, വിഷല്ഗട്ട, ചെഞ്ചിലിനഗരം, പൂനാനഗരം മുതലായ പട്ടണങ്ങൾ തലസ്ഥാനപട്ടണങ്ങളായിരുന്നു. നാനാ പട്നാവിസ്സ് എന്നാൾ പേഷ്വാറിൽ രാജ്യഭരണം നടത്തിയിരുന്നകാലത്തു പന്ത്രണ്ടു മഹാരാഷ്ട്രപ്രഭുക്കൾ ചേൎന്നു വാണുകൊണ്ടിരുന്നതുകൊണ്ടു മഹമ്മദിയർ ഇവരുടെ ഭരണത്തെ "ദ്വാദശാധിപത്യം" എന്നു പറഞ്ഞിരുന്നു. ഇത്രത്തോളം മഹത്വമുള്ള മഹാരാഷ്ട്രരുടെ യോഗ്യതകൾ ശരിയെ അറിയാതെ, ഇംഗ്ലണ്ടിലെ "എൻസൈക്ലോപീഡിയ" എന്ന നിഘണ്ടുവിൽ 'മറാട്ടാ' എന്ന പദത്തിന്നു കൊള്ളക്കാരൻ അഥവാ കലഹക്കാരൻ എന്നൎത്ഥം പറഞ്ഞിരിക്കുന്നു. എന്നാൽ ചില മഹമ്മദിയ ചരിത്രകാരന്മാർ ഈ പദത്തിന്നു യുദ്ധത്തിൽ പുറംകാട്ടിഓടാതെ യുദ്ധഭൂമിയിൽ പ്രാണൻ കളയുന്നവൻ എന്നാണൎത്ഥം കൊടുത്തിട്ടുള്ളത്. വേറെ ചിലർ ഈ പദത്തിന്നു 'മലവാസി' എന്നും അൎത്ഥം വിവരിച്ചിട്ടുണ്ട്. മഹാരാഷ്ട്രരുടെ ജിവിതത്തിൽ നല്ല ഗണ്യതയും പെരുമയുമുണ്ട്. അവരിൽനിന്ന് അനേകം ഗുണങ്ങളെ നാം കണ്ടുപഠിക്കേണ്ടതുണ്ട്. നിരന്തരപരിശ്രമം, ക്ഷമ, വലിയവരോടുള്ള ബഹുമാനം, ഗൎവ്വില്ലായ്മ, സ്വജനങ്ങളിൽ ദയ എന്നിവയാണ് നാം അവരിൽനിന്നു പഠിക്കേണ്ട ഗുണങ്ങൾ. അവർ ഏററവും സൂക്ഷ്മബുദ്ധിയും സാമൎത്ഥ്യവുമുള്ളവരാണ്. ഒരിക്കൽ ചെയ്യുതായ ഉപകാരത്തെ ഒരിക്കലും അവർ മറക്കുന്നതല്ല. അതുപോലെതന്നെ അപകാരത്തേയും അവർ എന്നും സ്മരിക്കുന്നതാണ്. അപകാരം ചെയ്യുവരോട് ഒരു കാലത്ത് അവർ പകരം ചോദിക്കാതിരിക്കയില്ല. ഈ മഹാരാഷ്ട്രർ ഇപ്പോൾ ഇന്ത്യയിൽ മൂന്നുകോടിയോളം ഉണ്ട്.

മഹാരാഷ്ട്രനാടു നാലുഭാഗങ്ങളിലും ഉയൎന്നപൎവ്വതങ്ങളാൽ

ചുററപ്പെട്ടാണു കിടക്കുന്നതു്. വടക്കുനിന്നു തെക്കോട്ടു ശതപുരമല എന്നു പേർപറയുന്ന പൎവ്വതനിര നീണ്ടുകിടക്കുന്നു. ഇതു സഹ്യാദ്രിയുടെ തന്നെ ഒരു ഭാഗമാണു്. കിഴക്കുനിന്നു പടിഞ്ഞാട്ടു നെടുനീളത്തിൽ വിന്ധ്യൻ, സാൽപൂരം എന്ന മലകളും കിടക്കുന്നു. ഇവയാണു് മഹാരാഷ്ട്രനാട്ടിന്റെ അതിരുകൾ. ഇവകൂടാതേയും അനേകം ചെറിയ മലകളും കുന്നുകളും ഇടയിലിടയിൽ കിടക്കുന്നുണ്ടു്. ഇവയും മഹാരാഷ്ട്രത്തിന്നു വലിയ രക്ഷാസ്ഥാനങ്ങളാകുന്നു. ഗോദാവരി, കൃഷ്ണാ എന്നീ പ്രസിദ്ധനദികൾ മഹാരാഷ്ട്രഭൂമിയിൽ ഒഴുകിക്കൊണ്ടിരിക്കുന്നു. ഇവ അവരുടെ ഐശ്വൎയ്യത്തെ സംരക്ഷിച്ചുവരുന്നു. മഹാരാഷ്ട്രത്തെ ചിലർ ദണ്ഡകാരണ്യം എന്നും പറയുന്നുണ്ടു്. മഹാരാഷ്ട്രബ്രാഹ്മണർ സങ്കല്പം ചൊല്ലുമ്പോഴും "ദണ്ഡകാരണ്യക്ഷേത്രേ" എന്നു പറയാറുണ്ടു്.

മഹാരാഷ്ട്രർ പ്രായേണ ആൎയ്യവൎഗ്ഗക്കാരാകുന്നു. ദ്രാവിഡരുമായിട്ടുള്ള കലൎപ്പും ഇല്ലായ്കയില്ല. അതിനാൽ അവർ ചുവപ്പും കറുപ്പും ചേൎന്ന കപിലനിറത്തോടുകൂടിയവരാകുന്നു. ഇവരുടെ ചരിത്രം 17-ാം നൂററാണ്ടിൽ ഏററവും ഉയൎന്നനിലയിൽ എത്തുകയും, പിന്നീടു ക്രമത്തിൽ ക്ഷയിച്ചുതുടങ്ങുകയും ചെയ്തു.

## രണ്ടാം അദ്ധ്യായം

### ഭോൻസ്ല രാജവംശം.

പണ്ടു് ഉദയപുരിയിൽ ശിശോദിയ വംശത്തിൽ റാണാ ഭീമരാജൻ എന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹം സൽഗുണങ്ങളെക്കൊണ്ടും സൽപ്രവൃത്തികളെക്കൊണ്ടും വളരെ പ്രഖ്യാതിയെ സമ്പാദിച്ചു. മഹാപരാക്രമിയായ ഈ ഭീമരാജൻ വലുതാ

യ ഒരു ദിഗ്ജയത്തിന്നു പുറപ്പെട്ട്, ആസേതുഹിമാചലം സഞ്ചരിച്ച്, സകല രാജാക്കന്മാരേയും ജയിച്ചു ഭാരതാകാശമെങ്ങും വിജയപതാകകൾ പറപ്പിച്ചു. ഇദ്ദേഹം രാജ്യഭാരം ചെയ്തതു 1500 വർഷങ്ങൾക്കു മുമ്പായിരുന്നു. അനേകം സാമന്തരാജാക്കന്മാരും പ്രഭുക്കന്മാരും ഈ ഭീമരാജന്റെ പാദരേണുക്കളെ ശിരസാ വഹിച്ചിരുന്നു. ഇദ്ദേഹത്തിന്നു സർവ്വാംഗസുന്ദരിമാരായ അനേകം ഭാര്യമാർ ഉണ്ടായിരുന്നു. അവരിൽവെച്ചു, സൌഭാഗ്യംകൊണ്ടു ലക്ഷ്മീദേവിയെപ്പോലെയും, ചാരിത്രശുദ്ധികൊണ്ട് അരുന്ധതിയെപ്പോലെയും ഇരിക്കുന്ന ഒരുവൾ ഭീമരാജന്റെ "പ്രാണപ്രേഷ്ഠപ്രണയിനി" ആയിത്തീൎന്നു. ഈ ഇഷ്ടഭാര്യയിൽ ഭീമരാജന്നു രാമസിംഹൻ, ബാബാസിംഹൻ എന്നിങ്ങിനെ രണ്ടുപുത്രന്മാരുണ്ടായി. ഈ പുത്രന്മാൎക്കു പ്രായം തികഞ്ഞതോടുകൂടി ഭീമരാജൻ ചരമഗതിയെ പ്രാപിച്ചു. അനന്തരം മൂത്തപുത്രനായ രാമസിംഹൻ സിംഹാസനാരൂഢനായി. ഇളയമകനായ ബാബാസിംഹൻ ജ്യേഷ്ഠന്റെ ദാസനെപ്പോലെ ഇരിപ്പാൻ മനസ്സില്ലായ്കയാൽ, കാട്ടിൽപോയി വേട്ടയാടുവാനെന്ന നാട്യത്തിൽ, നഗരത്തിൽനിന്നു ദക്ഷിണദേശത്തേക്കു ചെന്ന്, നൎമ്മദാനദിയുടെ തീരത്തിലുള്ള രാജാ ആലിമോഹൻ എന്നാളുടെ കൂടെ പാൎത്തുവന്നു. ബാബാസിംഹൻ ആലിമോഹന്റെ ഇഷ്ടമിത്രമായിത്തീൎന്നു. ഈ ആലിമോഹൻ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ മകൻ ഇളംപ്രായത്തിലുള്ള ഒരു കുട്ടിയായിരുന്നു. അതുകൊണ്ടു രാജകുമാരന്റെ പ്രതിനിധിയായി ബാബാസിംഹൻതന്നെ രാജ്യഭരണം നടത്തിവന്നു. കുറേക്കഴിഞ്ഞു രാജകുമാരന്നു പ്രായം തികഞ്ഞപ്പോൾ അദ്ദേഹത്തിൽ രാജ്യഭരണം ഏല്പിച്ചു ബാബാസിംഹൻ അവിടെനിന്നു ദക്ഷിണാഭിമുഖമായി പുറപ്പെട്ടു. ഇദ്ദേഹം ആലിമോഹന്റെ പ്രതിനിധിയായി വാണകാലത്തു ദുഷ്ടരെ ശിക്ഷിക്കുന്നതിലും ശിഷ്ടരെ രക്ഷിക്കുന്നതിലും വളരെ ശ്രദ്ധ കാണിച്ചിരുന്നു. ആകയാൽ ഇദ്ദേഹത്തെ, പ്രജകൾ "ബാബാഭോൻസ്ലേ" എന്നു ബഹുമാനാൎത്ഥമായി പറഞ്ഞുവന്നു. "ഭോൻസ്ലേ"

എന്ന പദത്തിന്നു ദുഷ്ടനിഗ്രഹംചെയ്യുന്നവൻ എന്നൎത്ഥമാകുന്നു.

ഈ ബാബാ ഭോൻസ്ലേ ആണ് ഭോൻസ്ലേ രാജവംശത്തിൻെറ കൂടസ്ഥൻ. ഈ വംശക്കാർ പാരമ്പൎയ്യംകൊണ്ടു തന്നെ ശ്രുതിപ്പെട്ട രണധീരന്മാരാണ്. ബാബാ ഭോൻസ്ലേയ്ക്കു നാലു പുത്രന്മാരുണ്ടായി. അവരിൽ മൂത്തപുത്രന്നു മാലോജി എന്നും, എളയമകന്നു വിറേറാജി എന്നും പേരാകുന്നു. മാലോജിയ്ക്കു യൌവനകാലത്തു പുത്രന്മാരുണ്ടായില്ല. വിറേറാജിക്കു പുത്രന്മാർ എട്ടുപേരുണ്ടായി. അവരിൽ കേളോജി, മന്നാജി മുതലായവർ ബിജപ്പൂർ രാജാവായ "കെഠംക്കാ"രുടെ കൊത്തുവാളന്മാരായിരുന്നു. അങ്ങിനെയിരിക്കുന്ന കാലത്തൊരുദിവസം ദുഷ്ടനായ അറംഗസിബ് എന്തോ കാരണത്താൽ അവരെ കഴുവേററിക്കളെഞ്ഞു. ഇങ്ങിനെ ചെയ്യാനുണ്ടായ കാരണമെന്തെന്നു ചരിത്രകാരന്മാരാരും പറഞ്ഞുകാണുന്നില്ല. അറംഗസിബിൻെറ ഈ ക്രൂതകൊണ്ടും, ഗൃഹസംബന്ധമായ ചില ക്ലേശങ്ങളെക്കൊണ്ടും, സഹോദരന്മാരായ മാലോജിയും വിറേറാജിയും ജന്മഭൂമിയെ വിട്ടു ദേവഗിരിയിലുള്ള "വീറാൽ" എന്ന ഗ്രാമത്തിൽചെന്നു കൃഷിക്കാരായികൂടി. കുറച്ചുനാഠംകഴിഞ്ഞതിനുശേഷം അവർ ഭാൎയ്യാപുത്രന്മാരേയും അങ്ങോട്ടു കൂട്ടിക്കൊണ്ടുപോയി വീറാൽഗ്രാമത്തിൽ സ്ഥിരമായി പാൎപ്പുറപ്പിച്ചു. ഈ സഹോദരന്മാർ ആദ്യം ദേവഗിരിയിലെ ചിക്കേട്ട് എന്ന ഗ്രാമത്തിൽ ഒരു നാടുവാഴിയായ ലക്കോജി യാദവരാവു എന്നാളുടെ അടുത്തു കൂടുകയാണുണ്ടായത്. ഈ ലക്കോജി യാദവരാവു അഹമ്മദ് നഗരത്തിലെ സുൽത്താൻെറ പ്രധാനസേനാനായകൻ എന്ന നിലയിൽ പന്തിരായിരം അശ്വഭടന്മാരുടെ നേതാവായിരുന്നു. ഈ മഹാൻ മാലോജിയേയും വിറേറാജിയേയും തൻെറകൂടെ ഇരുത്തുകയും, അവൎക്കു സാധാരണ കൊത്തുവാളന്മാരുടെ ഉദ്യോഗം കൊടുക്കുകയും ചെയ്തു. യാദവരാവു ഒരു പരുത്തദേഹത്തോടുകൂടിയവനും കുതിരസ്സവാരി ചെയ്യുന്നതിൽ ഏററവും താല്പൎയ്യമുള്ളവനുമായിരുന്നു. മാലോജി

സഹോദരന്മാരും ഈ വിഷയത്തിൽ നിപുണന്മാരായിരുന്നതു കൊണ്ടു റാവുവിന്ന് അവരുടെ പേരിൽ വലിയ പ്രതിപത്തി തോന്നി. റാവു അവരെ തൻെറ കൂടെത്തന്നെ ഇരുത്തി ഭക്ഷണം കൊടുക്കുകയും, മാസംതോറും ഇരുപതുറപ്പികവീതം ശമ്പളം നൽകുകയും ചെയ്തു.

മാലോജിക്കു മക്കളുണ്ടായില്ലെന്നു പറഞ്ഞുവല്ലോ. ഈ സംഗതികൊണ്ട് അദ്ദേഹത്തിൻെറ ഭാൎയ്യയായ ദീപാഭായിക്കു വലിയ സുഖക്കേടുണ്ടായിരുന്നു. ആ സ്വാദ്ധ്വി പുത്രാൎത്ഥമായി പലെ സല്ക്കൎമ്മങ്ങളും ചെയ്കയുണ്ടായി. അതിന്നിടയിൽ ദിവ്യനായ ഒരു താപസൻ അവരുടെ ഭക്തികണ്ടു സന്തോഷിച്ചു പുത്രപ്രദമായ ഒരു പ്രസാദം അവൎക്കു ഭക്ഷിക്കുവാൻ കൊടുത്തു. ആ പ്രസാദത്തിൻെറ പ്രഭാവത്താൽ ദീപാഭായി ഗൎഭം ധരിക്കുകയും,1594-ൽസുകുമാരനായ ഒരു കുട്ടിയെ പ്രസവിക്കുകയും ചെയ്തു. ഈ കുട്ടിക്കു ഷഹാജി എന്നു പിതാവു നാമകരണംചെയ്തു. അധികം താമസിയാതെ ഷഹാജിക്ക് ഒരനുജൻകൂടിഉണ്ടാകയും, ആ കുട്ടിക്കു ശരഭോജി എന്നു പേരിടുകയും ചെയ്തു. യാദവറാവുവിന്നും മക്കളുണ്ടായിരുന്നില്ല. ആകയാൽ അദ്ദേഹം ഏററവും സുന്ദരനായ ഷഹാജിയെ സ്വന്തം പുത്രനെപ്പോലെ ഓമനിച്ചുപോന്നു. കുറച്ചുകഴിഞ്ഞപ്പോറ യാദവറാവുവിന്ന് ഒരു പെങ്കിടാവ് ഉണ്ടാകയും,റാവു അവറക്കുജീജാഭായി എന്നു നാമകരണം ചെയ്കയും ചെയ്തു. ഈ കുട്ടിക്കും കാഴ്ചയിൽ ഹൃദയാകൎഷകമായ സൌന്ദൎയ്യം ഉണ്ടായിരുന്നു.

മാലോജിഭോൻസ്ളേ, ലക്കോജിയാദവറാവുവിൻെറ അടുക്കൽ ചെന്നതുമുതൽ അനേകം വലിയകാൎയ്യങ്ങറ ചെയ്തുവന്നതുകൊണ്ടു ലക്കോജി ആയാളുടെ പേരിൽ ഏററവും പ്രീതനാകയും ആയാളെ വളരെ മൎയ്യാദയോടുകൂടി നടത്തിവരികയും ചെയ്തു. ഇങ്ങിനെ ഇരിക്കുന്നകാലത്ത് ഒരു വിശേഷസംഭവമുണ്ടായതു പ്രത്യേകം പ്രസ്താവയോഗ്യമാണ്. അന്നു മഹാരാഷ്ട്രത്തിൽ പ്രസിദ്ധമായ 'രംഗപഞ്ചമി' എന്ന ഉത്സവമായിരുന്നു. ഈ ഉത്സവകാലത്തു താഴ്ന്നതരക്കാരും സാധാര

ണകാരും ഒത്തുചേൎന്നു പ്രഭുക്കളെ ചെന്നുകാണുകയും കാഴ്ചവെക്കുകയും പതിവാണ്. ഈ പതിവു മഹാരാഷ്ട്രത്തിൽ എല്ലാ സ്ഥലങ്ങളിലും ഉള്ളതാണ്. ഈ നടപ്പനുസരിച്ചു മാലോജി അഞ്ചുവയസ്സുള്ള തന്റെ മകൻ ഷഹാജിയേയും കൂട്ടിക്കൊണ്ടു യാദവറാവുവിനെ മുഖംകാണിക്കാൻ പോകയുണ്ടായി. ഷഹാജിക്കു വളരെ സൌന്ദൎയ്യമുള്ള ആകൃതിയും ആകൃതിക്കൊത്ത ബുദ്ധിയും സാമൎത്ഥ്യവും ഉണ്ടായിരുന്നതുകൊണ്ടു ആ കുട്ടിയുടെ പേരിൽ യാദവറാവുവിന്നു വളരെ പ്രീതി തോന്നി. റാവു ഷഹാജിയെ അരികെ വിളിച്ചു തന്റെ മടിയിലിരുന്നിരുന്ന മൂന്നു വയസ്സു പ്രായമുള്ള ജീജാഭായിക്കു ചൂണ്ടിക്കാണിച്ചു. കുട്ടികൾ തമ്മിൽ ബഹുസ്നേഹവും കൂട്ടുകെട്ടും കാണിച്ചു. ഷഹാജിയും ജീജാഭായിയും ഒരുമിച്ചുചേൎന്നു കളിക്കുവാൻതുടങ്ങി. അവരുടെ കളികണ്ടു യാദവറാവു ഏററവും സന്തോഷിച്ചു തന്റെ മകളെ അടുത്തുവിളിച്ചു നേരമ്പോക്കായിട്ട് ഇങ്ങിനെ പറഞ്ഞു:—"എന്റെ ഓമനമകളേ! നിന്റെകൂടെക്കളിക്കുന്ന ഈ കുട്ടി നിന്നെ കല്യാണം കഴിക്കട്ടെയോ?" ഇങ്ങിനെപറഞ്ഞു, റാവു അവിടെ കൂടിയിരിക്കുന്നവരെ നോക്കിക്കൊണ്ടു "കൊള്ളാം! കുട്ടികൾ തമ്മിൽ നല്ല ചേൎച്ചയുണ്ട്. കൃഷ്ണനും രാധയും കൂടിയാലത്തെപ്പോലെ ഇരിക്കുന്നു. ഇവരെ തമ്മിൽ വിവാഹം ചെയ്യിച്ചാൽ എന്റെ മനം കുളുൎക്കും" എന്നു തന്നെത്താനറിയാതെ പറഞ്ഞു.

ഇതെല്ലാം കണ്ടും കേട്ടും നിന്നിരുന്ന മാലോജിഭോൻസ്ലേ, റാവു പറഞ്ഞതു നേരമ്പോക്കാണെന്നറിയാതെ ഒട്ട്, അത്യാനന്ദത്തോടു കൂടി സഭ്യന്മാരോടു പറഞ്ഞു. "മഹാജനങ്ങളേ! ഇന്നുമുതൽക്കു ശ്രീമാൻ യാദവറാവു എന്റെ മകന്റെ ശ്വശുരനും എന്റെ സംബന്ധിയും ആയിരിക്കുന്നു." സഭ്യന്മാർ "അതേ, ശരി" എന്നു പറഞ്ഞു തങ്ങളുടെ സമ്മതം പ്രദൎശിപ്പിച്ചു. അപ്പോഴാണ് യാദവറാവുവിന്നു, താൻ 'കളി' പറഞ്ഞതു 'കാൎയ്യ'മായിത്തീൎന്നുവെന്നു മനസ്സിലായത്. അദ്ദേഹം ഒരക്ഷരംപോലും പറയുവാൻതോന്നാതെ സ്തംഭിച്ചു നിന്നു

പോയി. അതേസമയം തുടങ്ങി റാവുവിന്ന് എന്തോ ഒരു മന ശ്ശല്യം ബാധിച്ചതുപോലെ ആയിത്തീൎന്നു.

"ഞാൻ പറഞ്ഞതുപോലെ മാലോജിയും നേരമ്പോക്കു പറഞ്ഞതായിരിക്കും. ഏതായാലും അറിയാമല്ലോ" എന്നു വിചാരിച്ച്, യാദവറാവു അടുത്തൊരു ദിവസം മാലോജിയെ തന്റെ ഗൃഹത്തിലേക്ക് ഒരു സദ്യയ്ക്കു ക്ഷണിച്ചു. പക്ഷേ, മാലോജി "നാലാളുടെ മുമ്പിൽവെച്ചു പറഞ്ഞപ്രകാരം, തന്നെ സംബന്ധിയായും തന്റെ പുത്രനെ ജാമാതാവായും സ്വീകരിച്ചാലല്ലാതെ താൻ റാവുവിന്റെ ഗൃഹത്തിൽനിന്നു ജലപാനംപോലും ചെയ്കയില്ല" എന്നു ഖണ്ഡിതമായി മറുവടി പറഞ്ഞയക്കുകയാണുണ്ടായത്. റാവുവിന്നാകട്ടേ മാലോജിയുടെ ഈ ആഗ്രഹം നിറവേററുവാൻ നിവൃത്തിയില്ലാതെയാണിരുന്നത്. അദ്ദേഹത്തിന്റെ ഭാൎയ്യയുടെ സ്വഭാവം ഈ വിഷയത്തിൽ ഒട്ടും അനുഗുണമായിരുന്നില്ല. "കുലവും ഗോത്രവും ഒന്നും അറിയാത്ത ഒരാൾക്ക് എന്റെ ഏകപുത്രിയെ കൊടുക്കുകയോ? ഒരിക്കലും പാടില്ല" എന്ന് ആ സ്ത്രീ വാശിപിടിച്ചു. "സഖ്യവും വിവാഹവും വ്യവഹാരവും തനിക്കൊക്കുമൊട്ടാഭിത്യാജമെന്നവരോടുവേണം" എന്നു സപ്രമാണമായി പറയുന്ന ഭാൎയ്യയുടെ അഭിപ്രായത്തെ ഖണ്ഡിച്ചുനടപ്പാൻ ലക്കോജി യാദവറാവുവിന്നു സാധിച്ചില്ല.

യാദവറാവു പറഞ്ഞതുപോലെ നടക്കാതിരിപ്പാൻ കാരണം, അദ്ദേഹത്തിന്റേയും തന്റേയും അവസ്ഥയ്ക്കു തമ്മിലുള്ള അന്തരമാണെന്നു മാലോജി ഊഹിക്കാതിരുന്നില്ല. എന്നാൽ അദ്ദേഹത്തെപ്പോലെയുള്ള പ്രഭുത്വം തനിക്കുമുണ്ടെന്നു കാണിപ്പാൻ നിൎദ്ധനനായ മാലോജിയെക്കൊണ്ടു സാധിക്കുമോ? എങ്കിലും, മാലോജി വലിയ അഭിമാനിയായിരുന്നതുകൊണ്ട്, ഏതുവിധത്തിലെങ്കിലും ജിജാഭായിയെ തന്റെ മകനെക്കൊണ്ടു വിവാഹം കഴിപ്പിക്കേണമെന്നുറച്ചു ശ്രമിച്ചുതുടങ്ങി. അദ്ദേഹം യാദവറാവുവിനെ വിട്ടു ദേവഗിരിയിൽ നിന്നു തന്റെ നാട്ടിലേക്കു മാറിത്താമസിച്ചു. അങ്ങിനെ കുറേ നാൾ കഴിഞ്ഞ

പ്പോൾ, കേൾക്കുന്നവൎക്ക് അത്ഭുതം തോന്നത്തക്കവിധത്തിൽ, മാലോജി ഏററവും വലിയ ഒരു ധനാഢ്യനായിത്തീൎന്നു. അദ്ദേഹം അളവില്ലാത്തത്ര നിധിയുടെ നാഥനായിച്ചമഞ്ഞു. സന്ധ്യാസമയത്തു നദിയിൽപോയി സ്നാനംചെയ്തു, വേദോക്ത വിധിപ്രകാരമുള്ള കൎമ്മങ്ങൾകഴിച്ച്, മഹാരാഷ്ട്രരുടെ കുലദേവതയായ അംബാഭവാനിയെ തൊഴുത്, ആ ദേവിയുടെ അനുഗ്രഹത്താലാണ് കുചേലനായിരുന്ന മാലോജി കുബേരനായതെന്നു ചിലർ പറയുന്നു. എന്നാൽ ആംഗ്ലേയരായ ചരിത്രകാരന്മാർ അന്ന് അനാഥാവസ്ഥയിൽ കിടന്നിരുന്ന അഹമ്മദ് നഗരസംസ്ഥാനത്തിൽ കടന്നു മാലോജിയും വിറേറാജിയുംകൂടി കൊള്ളയടിച്ചിട്ടാണ് ഈ നിധി സമ്പാദിച്ചതെന്നഭിപ്രായപ്പെടുന്നു. ഇങ്ങിനെ ഓരോരുത്തർ ഓരോവിധം അഭിപ്രായം പറയുന്നുണ്ടെങ്കിലും ഒരു സംഗതി തീൎച്ചയാണ്: മാലോജിയും വിറേറാജിയും എതിരില്ലാത്ത ഭാഗ്യശക്തിയാൽ ലക്കോജി യാദവരാവുവിനോടൊത്ത പ്രഭുത്വം സമ്പാദിച്ചു.

മാലോജി സഹോദരന്മാർ ധനവാന്മാരായതിനെപ്പററി മഹാരാഷ്ട ചരിത്രകാരന്മാർ വേറെയും ഒരൈതിഹ്യം പറയുന്നുണ്ട്. യാദവരാവുവിനെ വിട്ടുപിരിഞ്ഞതിന്നുശേഷം മാലോജി സഹോദരന്മാർ പണ്ടത്തെപ്പോലെ കൃഷിപ്രവൃത്തിചെയ്തു ഉപജീവനം കഴിച്ചുവെന്നും, അക്കാലത്ത് അവർ ഭക്തിശ്രദ്ധകളോടുകൂടി ഐശ്വൎയ്യാധിദേവതയായ ലക്ഷ്മീദേവിയെ ആരാധിക്കുകയും ഏകാദശി, സോമവാരം, പൌൎണ്ണമാസി മുതലായ വിശേഷദിവസങ്ങളിൽ ഉപവാസം ചെയ്കയും ചെയ്തുവന്നുവെന്നും, ഇങ്ങിനെ ചെയ്തുപോന്ന കാലത്തൊരു ദിവസം രാത്രി മാലോജി തന്റെ കാവൽപുരയിൽ കിടന്നുറങ്ങുമ്പോൾ അച്ഛസ്ഫടികസങ്കാശയായ ശ്രീഭഗവതി സൎവ്വാഭരണഭൂഷിതയായി അദ്ദേഹത്തിന്നു പ്രത്യക്ഷയായെന്നും, ഉടനെ മാലോജി ഉറക്കമുണൎന്നു വിറേറാജിയെ വിളിച്ചുണൎത്തി താൻകണ്ട വിവരം പറഞ്ഞപ്പോൾ അയാൾ വിശ്വസിച്ചില്ലെന്നും, പിന്നേയും ഒരു രാത്രിയിൽ ദേവി മാലോജിക്കു പ്രത്യക്ഷയായിവന്ന് അയാളോട്

അയാളുടെ പാർപ്പിടത്തിലുള്ള ഒരു ഗുഹയിൽ ഏഴു കിടാരംനിറച്ചു പൊന്നിരിക്കുന്നതായും അതിനോടു തൊട്ടുകിടക്കുന്ന സർപ്പങ്ങളെ ഉപദ്രവിക്കാതെ അതെടുത്ത് അനുഭവിച്ചാൽ വളരെ വലിയ പദവിയിൽ എത്തുവാൻ യോഗമുള്ളതായും അയാളുടെ മകനുണ്ടാകുന്ന പുത്രൻ രാജാവായി വാഴുവാനും അന്നുമുതൽ ഇരുപത്തേഴു തലമുറകളിൽ മഹാരാഷ്ട്രക്കു രാജ്യഭരണം അധീനമായിരിപ്പാനും യോഗമുള്ളതായും അരുളിച്ചെയ്തു മറഞ്ഞുവെന്നും, മാലോജി ഉറക്കമുണർന്നതിന്നുശേഷം വിറേറാജിയോടു ദേവിയുടെ അരുളപ്പാടിനെപ്പററി പറഞ്ഞുവെന്നും, രണ്ടുപേരുംകൂടി ആ സ്ഥലം പരിശോധിച്ചപ്പോൾ മുമ്പറഞ്ഞ നിധികൾ കണ്ടുകിട്ടിയെന്നുമാണ് ഐതിഹ്യം.

കാരണം എന്തായിരുന്നാലും കാര്യം വളരെ വലിയതാണെന്ന് എവരും സമ്മതിക്കുന്നതാണ്. ഈ നിധിലാഭത്തിന്നുശേഷം മാലോജി ഓരായിരം കുതിരപ്പടകളും അനവധി ഭടന്മാരും അടങ്ങിയ ഒരു വലിയ സേനയുടെ നായകനും പ്രസിദ്ധനായ ഒരു പ്രഭുവും ആയിത്തീർന്നു. അങ്ങിനെ ഇരിക്കുന്ന കാലത്തു ബൽഡാൻ രാജ്യത്തേയ്ക്കു ചേർന്ന നിംബൽക്കർ എന്ന ഒരു യുദ്ധവീരൻ പന്തിരായിരം സൈന്യങ്ങളോടുകൂടി ഗ്രാമംതോറും കൊള്ളചെയ്വാൻ വരുന്നതായി കേട്ടു മാലോജി അയാളെ ചെന്നുകണ്ടു. മാലോജി അയാളോടു യാദവറാവുവും താനും തമ്മിലുണ്ടായ നിശ്ചയത്തെ പറകയും, റാവുവിനോടെതിർത്ത് അയാളുടെ മകളെ തന്റെ മകനെക്കൊണ്ടു വിവാഹം ചെയ്യിപ്പാൻ തനിക്കു സഹായമായി രണ്ടായിരം ഭടന്മാരെ അയച്ചാൽ കൊള്ളാമെന്നപേക്ഷിക്കയും ചെയ്തു. നിംബൽക്കർ അയാൾക്കു സഹായത്തിന്നായി രണ്ടായിരം ഭടന്മാരെ അയച്ചുകൊടുത്തു. എങ്കിലും മാലോജി യാദവറാവുവിനോടു നേരിട്ട് എതിർക്കുവാൻ പോയില്ല. സംഗതികളെല്ലാം കാണിച്ചും, നിശ്ചയപ്രകാരമുള്ള ഈ വിവാഹം നടത്തിച്ചുതന്നാൽ കൊള്ളാമെന്നപേക്ഷിച്ചും നൈസാംഷാവിന്ന് ഒരു കത്തെഴുതുകയാണ് മാലോജി ചെയ്തത്. നൈസാം ഉടൻതന്നെ യാദവറാവുവിന്നു തന്റെ

മുമ്പാകെ ഹാജരാവാൻ കല്പന കൊടുക്കുകയും, റാവു തക്കസമയത്തുതന്നെ ഹാജരാകയും ചെയ്തു. ജിജാഭായിയെ ഷഹാജിക്കു ഭാൎയ്യയായി കൊടുക്കേണമെന്നു നൈസാംഷാ യാദവറാവുവിനോടു പറകയും, റാവു സമ്മതിക്കയും ചെയ്തു.

പിന്നെ ഒട്ടും താമസിക്കാതെ വിവാഹാഘോഷത്തിന്നുള്ള ഒരുക്കങ്ങൾ തുടങ്ങി. ഈ വിവരം അറിഞ്ഞു മാലോജിയും വിറോജിയും കുടുംബസമേതം ദേവഗിരിയിലേക്കു പോയി. യാദവറാവു തൻെറ മകളുടെ വിവാഹവൎത്തമാനം നാട്ടിൽ പരസ്യമാക്കുകയും, എല്ലാവരും യഥോചിതം അതിനെ ആദരിക്കുവാൻ എത്തിച്ചേരുകയും ചെയ്തു. വിവാഹദിവസം നൈസാംഷാ തന്നെ വരികയും, വരന്നു സമ്മാനമായി കുറേ ഭടന്മാരെ കൊടുക്കുകയും ചെയ്തു. ഭംഗിയേറിയ മണ്ഡപത്തിൽ, നീലനിറമായ വിതാനത്തിൻകീഴിൽ, ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിൽ, നാനാവാദ്യഘോഷങ്ങളോടുകൂടി, ഷഹാജിയും ജിജാഭായിയും അഗ്നിസാക്ഷികമായി പാണിഗ്രഹണംചെയ്തു ദമ്പതിമാരായി. ഈ വിവാഹം സംബന്ധിച്ചു, മാലോജി വീരാൽഗ്രാമത്തിൽ പല കുളങ്ങളും സത്രങ്ങളും ചോലകളും ഏൎപ്പെടുത്തുകയും പല ദാനധൎമ്മങ്ങൾ നടത്തുകയുംചെയ്തു തൻെറ പ്രഭുത്വത്തേയും ഔദാൎയ്യത്തേയും പ്രകാശിപ്പിച്ചു. ഭോൻസ്ലേ രാജവംശത്തിൻെറ പ്രവൎത്തകന്മാരിൽ പ്രധാനപ്പെട്ട ഒരാളായ മാലോജി വലിയ പദവിയിൽ ജീവിതം നയിച്ചുപോന്നു.

## മൂന്നാം അദ്ധ്യായം.

### ഷഹാജിയുടെ ചരിത്രവും, ശിവാജിയുടെ ജനനവും.

ഷഹാജിയും ജിജാഭായിയും തമ്മിലുള്ള വിവാഹം വളരെ ആഘോഷത്തോടെ കഴിഞ്ഞതിന്നുശേഷം ആ ദമ്പതിമാർ കുറച്ചുകാലം പരമാനന്ദത്തോടെ കഴിച്ചു. ഇവരുടെ ദാമ്പത്യസുഖങ്ങൾ കണ്ടു സന്തോഷിപ്പാൻ ഭാഗ്യമില്ലാതെ, ഷഹാജി

യുടെ ഇരുപതാം വയസ്സിൽ മാലോജിയും വിറോജിയും ചരമ ഗതിയെ പ്രാപിച്ചു. അപ്പോൾ ഷഹാജി എല്ലാററിന്നും ഏകാധികാരിയായിത്തീൎന്നു. അധികംതാമസിക്കാതെ ജീജാഭായി ഒരു പുത്രനെ പ്രസവിച്ചു. ആ കുട്ടിക്കു സാംബാജി എന്നു പേരും ഇട്ടു. ഇക്കാലത്തു ശ്വശ്രുരനായയാദവറാവുവും ജാമാതാവായ ഷഹാജിയും അഹമ്മദ് നഗരത്തിലെ സുൽത്താൻെറ അരമനയിൽ മുഖ്യസ്ഥന്മാരായിരുന്നു.

ഇക്കാലത്തുതന്നെ അഹമ്മദ് നഗരത്തിലെ സുൽത്താനായ നൈസാം ഷാവും കാലഗതിയെ പ്രാപിച്ചു. സുൽത്താന്നു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. അവർ ചെറിയ കുട്ടികളായിരുന്നതുകൊണ്ട് അവരുടെ മാതാവുതന്നെയാണ് അവരെ വളൎത്തിവന്നത്. ഈ കുട്ടികളുടെ മേലന്വേഷണം ചെയ്യാനും ഭരണകാൎയ്യങ്ങളിൽ സഹായിക്കുവാനുമായി വിശ്വസ്തന്മാരായ കാൎയ്യസ്ഥന്മാർ ഇല്ലാതിരുന്നതുകൊണ്ടു രാജ്ഞിക്കു കുറെ മനസ്താപമുണ്ടായിരുന്നു. ആകയാൽ അവർ അരമന ഉദ്യോഗസ്ഥനായ സാബോജി അനന്തൻ എന്ന ബ്രാഹ്മണനെ വിളിച്ചു സ്വകാൎയ്യമായിപ്പറഞ്ഞു:—"മഹാരാഷ്ട്രർ ക്രമത്തിൽ പ്രബലന്മാരായി വരികയാണ്. ഇനി നമ്മൾ അവരെ എതിൎക്കുന്നതു ശരിയല്ല. ഇനി അവരുടെ നേരെ ദാക്ഷിണ്യം കാണിച്ച് അവരുടെ സഹായത്തോടുകൂടി രാജ്യകാൎയ്യങ്ങൾ നടത്തിയാലെ ശരിയാകയുള്ളു." ഇതിന്ന്, അനന്തൻ ഭോൻസ്ലേ വംശക്കാരനും രാജ്യകാൎയ്യങ്ങളിൽ വിദഗ്ദ്ധനുമായ ഷഹാജിയെ ഏല്പിക്കുന്നതാണു നല്ലതെന്നു മറുവടി പറഞ്ഞു. അതുപ്രകാരം രാജ്ഞി സമ്മതിച്ചു ഷഹാജിയെ അരമനയിൽ വരുത്തി അദ്ദേഹത്തിന്നു ദിവാൻസ്ഥാനം കൊടുക്കുകയും, തൻെറ മക്കളെ അദ്ദേഹത്തിൻെറ കൈയിൽ ഏല്പിക്കുകയും ചെയ്തു.

ഈ പുതിയ ഉദ്യോഗത്തിൽ ഷഹാജി ഏററവും ശോഭിച്ചു. അദ്ദേഹം സുൽത്താൻെറ മക്കളെ മടിയിലിരുത്തി രാജ്യകാൎയ്യങ്ങൾ ശരിക്കു നടത്തുന്നതിൽ വ്യാപൃതനായി. കാൎയ്യങ്ങൾ യാതൊരു തകരാറും കൂടാതെ വളരെ ഭംഗിയിൽ നടക്കുവാൻ തുടങ്ങി. പ്രജകളെല്ലാം ഏററവും തൃപ്തിയെ പ്രാപി

ക്കയും ചെയ്തു. എന്നാൽ ഒരാൾക്കു മാത്രം ഷഹാജിയുടെ അഭിവൃദ്ധിയിൽ തൃപ്തി തോന്നിയിരുന്നില്ല. അതു ഷഹാജിയുടെ ശ്വശുരനായ യാദവറാവുവിനല്ലാതെ മററാക്കുമല്ല. താൻ വളരെക്കാലം സുൽത്താൻെറ കീഴിൽ മുഖ്യസ്ഥനായിരുന്നിട്ടും ഈ ദിവാൻപദവി തനിക്കു ലഭിക്കാതെ തൻെറ ജാമാതാവിന്നു കിട്ടിയതിൽ യാദവറാവുവിന്നു വളരെ അസൂയതോന്നി. ഈ അസൂയ വളൎന്നു വളൎന്നു കുറെ കഴിഞ്ഞപ്പോൾ ഒരു മാതിരി ദ്രോഹബുദ്ധിയായി പരിണമിച്ചു. അതോടുകൂടി റാവുവിൻെറ മനസ്സിൽ പഴയ ഓൎമ്മകൾ കടന്നുകൂടുകയും, മാലോജിയും താനുമായിട്ടുണ്ടായ അസ്വാസ്ഥ്യതകൾ പുതിയ ശക്തിയോടുകൂടി മനസ്സിൽ സ്ഥലം പിടിക്കുകയും ചെയ്തു. കുലവും ഗോത്രവും അറിയാത്ത ഈ ഷഹാജി ഇത്ര വലിയ പദവിയിലേക്ക് ഉയരുവാനും, താൻ അദ്ദേഹത്തിൻെറ കീഴിൽ പഴയ നിലയിൽ നിന്നു തെല്ലുപോലും ഉയരാതെ കഴിവാനും ഇടയായതോൎത്തു റാവു വളരെ കുണ്ഠിതപ്പെട്ടു.

അധികം താമസിക്കാതെ യാദവറാവു വിശ്വസ്തനായ ഒരാളെ ഡില്ലി പാദ്ഷയുടെ അടുക്കലേക്കയച്ച് അഹമ്മദ് നഗരത്തെ ആക്രമിപ്പാനായി അദ്ദേഹത്തെ പ്രേരിപ്പിച്ചു. പാദ്ഷയാകട്ടേ ഈ പ്രേരണയെ ഒരനുഗ്രഹമായിട്ടാണ് കരുതിയത്. അദ്ദേഹം ദേവഗിരിയിലെ സുബേദാർ (ഗവൎണ്ണർ) ആയി മിർജംലാ എന്നാളെ നിയമിച്ചയയ്ക്കുകയും, തൻെറ സേനാപതികളിലൊരാളായ അയാളോടുകൂടെ അഹമ്മദ് നഗരത്തിൻെറ ആക്രമണത്തിന്നായി അരപതിനായിരം ഭടന്മാരെ അയയ്ക്കുകയും ചെയ്തു. യാദവറാവു അഹമ്മദ് നഗരത്തിൽ തൻെറ അധീനതയിലുള്ള പടയാളികളെ ചേൎത്ത്, മിർജംലാവിനെ എതിരേല്ക്കുവാനായി നൎമ്മദാനദിയുടെ തീരത്തിൽ കാത്തുകൊണ്ടിരുന്നു. യാദവറാവു ഇപ്രകാരം ദ്രോഹചിന്തയോടുകൂടി ശത്രുപക്ഷം ചേൎന്ന് അഹമ്മദ് നഗരത്തെ ആക്രമിക്കുവാൻ വരുന്ന വിവരം ഷഹാജിക്കു മനസ്സിലായി. അദ്ദേഹം റാണിയേയും രാജപുത്രന്മാരിരുവരേയും അഹമ്മദ് നഗരത്തി

ൻെറ പ്രാന്തത്തിലുള്ള മാഹുളി, കല്യാണി, ഭിമരി, ഗോകൻ എന്നീ നാലു ഗിരിദുർഗ്ഗങ്ങളിലൊന്നിൽ കൊണ്ടുപോയി നിർഭയമായി ഇരുത്തുകയും, തദനന്തരം ശത്രുസേനയോടു എതിക്കുവാൻ ചെല്ലുകയും ചെയ്തു. ഷഹാജി രാജപുത്രന്മാരെ ഒടുവിൽ ഇരുത്തിയ സ്ഥലം മാഹുളി കോട്ടയായിരുന്നു. യാദവരാവു തൻേറയും, മീർജംലാവിൻേറയും സൈന്യങ്ങളോടുകൂടി ഈ കോട്ടയെ വളഞ്ഞു. അവിടെ വെച്ച് ആറുമാസക്കാലം അതിഭയങ്കരമായ യുദ്ധം നടന്നു. ശത്രുക്കളുടെ ബലം തൻേറതിനേക്കാൾ ഇരട്ടിയോളം അധികമാണെന്നു കണ്ട് ഷഹാജി ബീജപ്പൂരിലേക്ക് ഒരു ദൂതനെ അയച്ചു സുൽത്താൻെറ സഹായം ആവശ്യപ്പെട്ടു. ബീജപ്പൂർ സുൽത്താൻ തൻെറ ദിവാനായ മുരാരി ജഗദേവനെ ഷഹാജിക്കു സഹായം ചെയ്യാനായി അയച്ചു. ഈ സഹായം ലഭിച്ച ഉടനെ ഷഹാജി അയ്യായിരം യുദ്ധവീരന്മാരോടുകൂടി ഒരേ ഒരു രാത്രികൊണ്ടു യാദവരാവുവിൻെറ വ്യൂഹം ഭേദിച്ചു കുടുംബസമേതം ബീജപ്പൂരിലേക്കു യാത്ര ചെയ്തു.

ഈ സമയത്തു ഷഹാജിയുടെ ഭാര്യ ജീജാഭായിക്ക് ഏഴുമാസം ഗർഭമായിരുന്നു. അവർ കുതിരപ്പുറത്തു കയറിക്കൊണ്ടു തൻെറ ഭർത്താവിനെ അനുഗമിച്ചു. ഗർഭാലസ്യംകൊണ്ടു പരവശയായ ജീജാഭായി വഴിയിൽവെച്ചു മോഹാലസ്യപ്പെട്ടുപോയി. ഭാര്യയുടെ ക്ഷീണതകണ്ടു ഷഹാജി "ഇതാ, നിൻെറ അച്ഛൻ വലിയ സൈന്യത്തോടുകൂടി എന്നെപ്പിടിപ്പാൻ പിന്നാലെ വരുന്നു. ഗർഭിണിയായ നിനക്ക് ഇപ്പോൾ എൻെറ കൂടെ വരുവാൻ ശക്തിയില്ല. ആകയാൽ നീ ഇവിടെത്തന്നെ ഇരിക്കുക. നിൻെറ പിതാവു നിന്നെ കണ്ടാൽ ഉടനെ സ്വഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടുപോകും" എന്നു പറഞ്ഞ് അതിവേഗത്തിൽ ബീജപ്പൂരിലേക്കു തിരിച്ചു. ഷഹാജിയെ പിന്തുടന്നിരുന്ന യാദവരാവു വഴിയിൽ ഒരു സ്ത്രീയുടെ രോദനം കേട്ടു ചെന്നു നോക്കിയപ്പോൾ തൻെറ ഏകപുത്രി ജീജാഭായിയെയാണ് കണ്ടത്. സംഗതികളെല്ലാം അവൾ മുഖേന രാവു

വിന്നു മനസ്സിലായി. ഉടനെ റാവു മിർജംലാവിനെ അറിയിക്കാതെ, തൻെറ വരുതിയിലുള്ള ഭടന്മാരിൽ അഞ്ഞൂറുപേരെ വിളിച്ചു, ജിജാഭായിയെ ഷഹാജിയുടെ വകയായ ശിവനേരി കോട്ടയിൽ കൊണ്ടാക്കുവാൻ കല്പിച്ചു. ഈ ശിവനേരി കോട്ടയിൽ, മഹാരാഷ്ട്രരുടെ പരദേവതയായ അംബാഭവാനി ബഹു ചൈതന്യത്തോടുകൂടി ഇരുന്നരുളുന്നുണ്ട്. സ്വതേതന്നെ ഈശ്വരഭക്തിയുള്ളവളായ ജിജാഭായി, ഗർഭകാലവും ആപല്ക്കാലവുമാകയാൽ വിശേഷിച്ചും ഭക്തിവിശ്വാസങ്ങളോടുകൂടി അംബാഭവാനിയെ ആരാധിച്ചു. താൻ പ്രസവിച്ച് ഉണ്ടാകുന്ന ശിശു പുരുഷനായിരുന്നാൽ "ശിവ" എന്നു നാമകരണം ചെയ്യാമെന്ന് ആ സാദ്ധ്വി പ്രാർത്ഥിച്ചു. അല്പദിവസം കഴിഞ്ഞപ്പോൾ, ക്രി. പി. 1627_ാമാണ്ടിന്നു ശരിയായ ശാലിവാഹനശകാബ്ദം 1549_ാമാണ്ടിൽ, ജയവർഷം വൈശാഖമാസം ശുക്ലപക്ഷപഞ്ചമി ദിവസം, ഭവാനിയുടെ വരപ്രസാദത്തിൻെറ ഫലമായി, ജിജാഭായി ഒരു പുത്രനെ പ്രസവിച്ചു. ഈ പുത്രനാണ് നമ്മുടെ ചരിത്രപുരുഷനായ ശിവാജി.

ഇതേ വർഷത്തിൽത്തന്നെ മൊഗൾചക്രവർത്തിയായി ദില്ലി നഗരത്തിൽ വാണിരുന്ന ജിഹാംഗിർ കാലഗതിയെ പ്രാപിച്ചു. ഇതു നിമിത്തം യാദവറാവുവിൻെറ ഉത്സാഹശക്തി അല്പം ക്ഷയിക്കുവാനിടയായി. യാദവറാവു ഷഹാജിയെ പിടിപ്പാനായി വളരെ സൈന്യങ്ങളോടുകൂടി പിന്തുടൎന്നുവെങ്കിലും, ഷഹാജി ബിജപ്പൂരിൽ എത്തിച്ചേൎന്നതുകൊണ്ടു റാവുവിൻെറ ശ്രമം വിഫലമാകയാണുണ്ടായത്. ബിജപ്പൂരിലെ സുൽത്താനായ അദ്ധൽഷാ ഷഹാജിക്കു പല സമ്മാനങ്ങളും നല്കുകയും, അദ്ദേഹത്തെ കൎണ്ണാടകത്തിൽ ഒരു പ്രഭുവാക്കി, പതിനായിരം ഭടന്മാരുടെ ആധിപത്യത്തോടുകൂടി "നായകൻ" എന്ന പദവിയിൽ വെക്കുകയും ചെയ്തു. ഷഹാജി ഓടിപ്പോരുമ്പോൾ അഹമ്മദ് നഗരത്തിലെ സുൽത്താൻെറ ഭാൎയ്യയേയും മക്കളേയും മാഹൂളി കോട്ടയിൽ ആക്കിപ്പോരികയാണല്ലോ ഉണ്ടായത്. യാദവറാവുവിൻെറ വിരോധത്തിന്നു പ്രധാനമാ

ലക്ഷ്യം താനാകയാൽ താൻ അവിടം വിട്ടുപോകുന്നതാണു റാണിയേയും രാജകുമാരന്മാരേയും രക്ഷിക്കുവാൻ അധികം നല്ലത് എന്നു വിചാരിച്ചിട്ടാണ് ഷഹാജി ഓടിപ്പോയത്. ഷഹാജി പോയതിന്നുശേഷം കോട്ട വളഞ്ഞിരുന്ന സൈന്യങ്ങൾ പിൻമാറി. അപ്പോൾ സാബോജി അനന്തൻ രാജകുടുംബങ്ങളെ മാഹുളിയിൽനിന്നു അരമനയിലേക്കുതന്നെ കൊണ്ടുപോയി. ഷഹാജി അഹമ്മദ്നഗരം വിട്ടുപോയതുകൊണ്ട് ആ രാജ്യത്തു ദിവാനില്ലാതെതന്നെ കുറച്ചുകാലം കഴിഞ്ഞു. അനന്തരം അനന്തൻെറ സാമൎത്ഥ്യത്താൽ മാലിക്ക് അമ്പർ എന്നാളെ ദിവാനായി നിശ്ചയിച്ചു. ഇദ്ദേഹം, അന്തരിച്ചുപോയ സുൽത്താൻെറ ഒരു വിശ്വസ്തനും രാജ്യകാൎയ്യത്തിലും പട്ടാളവകുപ്പിലും നല്ല പരിചയമുള്ള ആളുമായിരുന്നു.

ഷഹാജിയുടെ നേരെ യാദവറാവുവിനും മീർജംലാവിന്നുമുള്ള വിരോധം ഒതുങ്ങിയിരുന്നില്ല. ഏതുവിധത്തിലെങ്കിലും ഷഹാജിയെ പിടിച്ചു ബന്ധനസ്ഥനാക്കേണമെന്നുദ്ദേശിച്ചു മീർജംലാ വീണ്ടും ദക്ഷിണദേശത്തെ ആക്രമിക്കുവാൻ വന്നു. അയാൾ ബഹ്റാമ്പൂരിന്നടുത്തുള്ള 'അസിർ' ദുൎഗ്ഗത്തിൽ അഹമ്മദ്നഗരത്തിലെ ദിവാനായ മാലിക്ക് അമ്പരുമായി ഒരു വലിയ യുദ്ധം നടത്തി. ഈ യുദ്ധത്തിൽ അമ്പൎക്കു വലിയ പരുക്കുകൾ ഏററുവെങ്കിലും അവസാനം അദ്ദേഹംതന്നെ ജയിക്കുകയാണുണ്ടായത്. മീർ ജംലാവും സൈന്യങ്ങളും ദക്ഷിണദേശം വിട്ട് ഓടിപ്പോകയും ചെയ്തു. ഇതോടുകൂടി മാലിക്ക് അമ്പരുടെ ശക്തിയും അധികാരവും വല്ലാതെ വൎദ്ധിച്ചു. അയാളെ ജനങ്ങൾ പൂൎവ്വാധികമായി ബഹുമാനിച്ചു തുടങ്ങി. അമ്പർ ക്രമത്തിൽ ക്രമത്തിൽ സൈന്യശക്തിയെ വൎദ്ധിപ്പിക്കുകയും, അടുത്ത പ്രദേശങ്ങളിൽ കൊള്ളചെയ്യാൻ പുറപ്പെടുകയും ചെയ്തു. അക്കൂട്ടത്തിൽ കുറേശ്ശ കുറേശ്ശയായി ബീജപ്പൂർ സംസ്ഥാനത്തിൻെറ അതിൎത്തികളിലും കൊള്ളകൾ തുടങ്ങി. ബീജപ്പൂർ സംസ്ഥാനത്തിൽ അമ്പർ കൊള്ളതുടങ്ങിയ വിവരം അറിഞ്ഞപ്പോൾ മോരാജി ജഗദേവൻ, ഷഹാജി, സർ ജാഖാൻ എന്ന

മൂന്നുപേരുംകൂടി എണ്പതിനായിരം മഹാരാഷ്ട്രഭടന്മാരോടുകൂടി മാലിക്ക് അമ്പറെ എതിത്ത് അയാളുടെ സൈന്യത്തെ ഛിന്നഭിന്നമാക്കിത്തീൎത്തു. ഒടുവിൽ അമ്പർ അമ്പരന്നു ഭീമാനദി കടന്ന് ഓടിക്കളഞ്ഞു. മോറാജി ജഗദേവനും ഷഹാജിയും ബിജപ്പൂരിലേയ്ക്കും തിരിച്ചു. ഈ വിജയത്തിൽ സന്തുഷ്ടനായ അഡൽഷാ സേനാധിപന്മാൎക്കും പടയാളികൾക്കും തക്കതായ സമ്മാനങ്ങൾ നല്കുകയും, വിശേഷിച്ച് ഈ ജയത്തിന്നു പ്രധാനകാരണമായ ഷഹാജിക്കു കൎണ്ണാടകത്തിൽ ചില ദേശാധിപത്യങ്ങളും "രാജാ" എന്ന ബഹുമതിസ്ഥാനവും കല്പിച്ചുകൊടുക്കുകയും ചെയ്തു.

ഷഹാജി ബീജപ്പൂരിൽ ചെന്നു ചേൎന്നതു മുതൽ തുടങ്ങി ബിജപ്പൂർ സംസ്ഥാനവും മൊഗളരും തമ്മിൽ നിരന്തരമായി യുദ്ധം ചെയ്യേണ്ടതായി വന്നു. ഈ യുദ്ധങ്ങൾക്കു കാരണമായതു മൊഗളക്കും ദേവഗിരിക്കും തമ്മിലുള്ള ബന്ധമായിരുന്നു. ദേവഗിരിയിലേക്കു നേരിട്ടുതന്നെ ഒരു യുദ്ധയാത്രയ്ക്കു ഷഹാജി ബിജപ്പൂർ സുൽത്താനായ അഡൽഷയെ പ്രേരിപ്പിച്ചു. ഷഹാജിയുടെ യുദ്ധവൈദഗ്ദ്ധ്യത്തിൽ അഡൽഷയ്ക്കു വിശ്വാസമുണ്ടായിരുന്നതുകൊണ്ട് അദ്ദേഹം ഷഹാജിയുടെ തന്നെ നേതൃത്വത്തിൻകീഴിൽ ഒരു വലിയ സൈന്യത്തെ ദേവഗിരിയെ ആക്രമിപ്പാൻ അയച്ചു. ദേവഗിരിയിൽ അന്നത്തെ അധിപതിയായ പടേഖാൻ ഈ വലിയ സേനയോടെതിരിട്ടാൽ ജയം അസാദ്ധ്യമെന്നു കരുതി, മൊഗളസേനാനായകനായ മഹമ്മദ്ഖാനോടു തനിക്കു സഹായം ചെയ്യേണമെന്ന് ദൂതൻ മുഖേന അപേക്ഷിച്ചു. തനിക്കു സഹായം ചെയ്യുന്നതിന്നു പകരമായി ദേവഗിരിയെ മഹമ്മദ്ഖാനു കൊടുക്കുകയും, അതോടുചേൎന്ന മററു ഭൂഖണ്ഡങ്ങൾ മൊഗൾചക്രവൎത്തിയുടെ സാമ്രാജ്യത്തിന്നു കീഴടങ്ങിയ നിലയിൽ കപ്പം കൊടുക്കുകയും ചെയ്യാമെന്ന് ഒരുടമ്പടിയും ചെയ്തു. ഈ ഉടമ്പടിയെ സമ്മതിച്ച്, മഹമ്മദ്ഖാൻ രണശൂരന്മാരായ ഭടന്മാരോടുകൂടി തൻെറ മകൻ ഖാൻജമാനെ ദേവഗിരിയിലേയ്ക്കയക്കയും ചെയ്തു. ഷഹാജിയാകട്ടേ

ഖാൻജമാൻ ദേവഗിരിയിൽ എത്തുന്നതിന്നു മുമ്പായി ദേവഗിരിയിലെ പടേഖാനെ ചെന്നു കണ്ട് തൻെറ ശ്രമം മൊഗളരെ ദക്ഷിണദേശത്തുനിന്നു ഓടിപ്പാൻ മാത്രമാണെന്നും, അതല്ലാതെ ദേവഗിരിയെ ആക്രമിക്കേണമെന്നു ബീജപ്പൂർ സുൽത്താനു താല്പൎയ്യമില്ലെന്നും തന്ത്രം പറഞ്ഞ് പടേഖാനെ യുദ്ധം ചെയ്യാതെകണ്ടിരിപ്പാൻ ശട്ടംകെട്ടി. ഈ സംഗതി ഖാൻജമാനു മനസ്സിലാകയും അയാറം പടേഖാൻെറ നേരെ വളരെ കോപിക്കയും ചെയ്തു. സൈന്യസമേതനും സമൎത്ഥനുമായ ഖാൻജമാൻ ഷഹാജിയേയും സൈന്യങ്ങളേയും ദേവഗിരിയിൽനിന്നു ബീജപ്പൂരിലേയ്ക്കുതന്നെ ഓടിച്ചുകളഞ്ഞു. ഖാൻജമാൻ ദേവഗിരിയിൽ ഒരു വമ്പിച്ച കൊള്ള നടത്തുകയും, കൊള്ളയിൽ കിട്ടിയ വിശേഷപ്പെട്ട പദാൎത്ഥങ്ങറം ഡില്ലിചക്രവൎത്തിക്കു കൊണ്ടുപോയി കൊടുപ്പാൻ ഡില്ലിയിലേയ്ക്കു തിരിക്കയും ചെയ്തു. ദേവഗിരിയെ സ്വാധീനമാക്കി അവിടെ കുറെ രക്ഷാസൈന്യങ്ങളെ കാവൽ നിൎത്തിക്കൊണ്ടാണ് ഖാൻജമാൻ പോയത്. ഈ കാവൽ സൈന്യങ്ങറം എണ്ണത്തിൽ വളരെ അധികമുണ്ടായിരുന്നില്ല. ഈ വാസ്തവം ഷഹാജിക്ക് അറിവു കിട്ടുകയും, ഉടൻതന്നെ ഷഹാജി വീണ്ടും ദേവഗിരിയെ ആക്രമിച്ച് ഖാൻജമാൻെറ കാവൽക്കാരെ ആട്ടിയോടിച്ച് ദേവഗിരിയെ കൈവശമാക്കുകയും ചെയ്തു. ഷഹാജിയുടെ ഈ സൂത്രം മൊഗറസൈന്യനായകനായ മഹമ്മദ്ഖാൻ മനസ്സിലാക്കുകയും, ഷഹാജിയെ പുറത്താക്കി വീണ്ടും ദേവഗിരി കൈവശമാക്കുകയും ചെയ്യാതിരുന്നില്ല. പിന്നേയും കുറേ കഴിഞ്ഞതിന്നുശേഷം, ഷഹാജി സൈന്യസമേതം ദേവഗിരിയെ എതിൎത്തു മൊഗളസൈന്യത്തെ ഓടിക്കുകയുണ്ടായി.

മൊഗറചക്രവൎത്തി ഷാജിഹാൻ മേല്പറഞ്ഞ സംഭവങ്ങളെല്ലാം സൂക്ഷ്മമായി നോക്കി അറിഞ്ഞിരുന്നു. ബീജപ്പൂർ, അഹമ്മദ് നഗരം എന്ന രണ്ടു സംസ്ഥാനങ്ങളേയും എതിൎത്തു ജയിക്കുകയും തന്ത്രക്കാരനായ ഷഹാജിയെ അമൎത്തുകയും ചെയ്യാലല്ലാതെ ഇന്ത്യയിൽ മൊഗറസാമ്രാജ്യത്തിന്നു സ്ഥിരപ്ര

തിഷു കിട്ടുവാൻ പ്രയാസമാണെന്ന് ഷാജിഹാനു തോന്നി. ഈ ആവശ്യത്തിലേയ്ക്കു ഷാജിഹാൻ നാല്പതിനായിരം വീരഭടന്മാരെ ആദ്യം ബിജപ്പൂർ സംസ്ഥാനത്തെ എതിക്കുവാനായി നിയോഗിച്ചയച്ചു. എണ്ണത്തിൽ എത്രയോ അധികമുള്ള ഈ മൊഗൾസേനകളോടു നേരിട്ടുനിന്നു പൊരുതുന്നത് ആപൽക്കരമാണെന്നു ഷഹാജി തീർച്ചപ്പെടുത്തി തൻെറ സൈന്യങ്ങളെ വക്രഗതിയായി നിർത്തി യുദ്ധം തുടങ്ങി. ഷഹാജിയുടെ സൈന്യങ്ങൾ മൊഗളരോടു പലേ ദിക്കുകളിൽനിന്നുമായി എതിക്കുകയും, തൻെറ സൈന്യങ്ങളുടെ എണ്ണവും വണ്ണവും ശത്രുക്കൾക്കറിവാനിടകൊടുക്കാതെ ഷഹാജി അവരെ പരിഭ്രമിപ്പിക്കുകയും ചെയ്തു. അതിലും ജയമില്ലെന്നു കണ്ടപ്പോൾ ഷഹാജി പരാജിതനായ നിലയിൽ തിരിച്ചോടിത്തുടങ്ങി. എങ്ങോട്ടാണോടുന്നതെന്നറിയാതെ മൊഗൾസൈന്യങ്ങളും ഓടിത്തുടങ്ങി. ഓടിഓടി തൻെറ സൈന്യങ്ങൾ വല്ലാതെ തളൎന്നുവെന്നു കണ്ടപ്പോൾ, ഷാജിഹാൻ ഇനിഷഹാജിയെ പിന്തുടരുന്നതുകൊണ്ടു പ്രയോജനമില്ലെന്നു കരുതി ബിജപ്പൂർ സുൽത്താനുമായി ഒരുടമ്പടി ചെയ്കയാണുണ്ടായത്. ഈ ഉടമ്പടിയിൽ പ്രധാനമായി രണ്ടു നിശ്ചയങ്ങളാണുണ്ടായിരുന്നത്. 1. ഷഹാജിയേ മേലിൽ ബിജപ്പൂർ സംസ്ഥാനത്തിൽ വെച്ചുകൊണ്ടിരിപ്പാൻ പാടില്ല. 2. ഭീമാനദിയുടേയും ധിരാനദിയുടേയും ഇടയിലുള്ള സ്ഥലങ്ങൾ ബിജപ്പൂർ സുൽത്താൻതന്നെ പരിപാലിക്കണം. ഈ ഉടമ്പടി ഒപ്പിട്ടു കൈമാറിയതു 1636 മെയി 6-ാംനു-യാണ്.

ഇതോടുകൂടി ഷഹാജിയുടെ സ്ഥിതി ഇരുതലയ്ക്കലും കത്തുന്ന ഒരു പന്തംപോലെയായിപ്പരിണമിച്ചു. ഒരു തലയ്ക്കൽ പ്രധാനവിരോധികളായ മൊഗളന്മാരെ ഭയപ്പെടണം; മറെറാരു തലയ്ക്കൽ പുതിയ വിരോധിയായ ബിജപ്പൂർ സുൽത്താനേയും സൂക്ഷിക്കണം. ഇങ്ങിനെ മുമ്പും പിമ്പും മറിയുവാൻ നിവൃത്തിയില്ലാതെ വന്ന ഘട്ടത്തിലും ഷഹാജി തൻെറ സഹജമായ ധൈൎയ്യത്തെ ലേശംപോലും വിട്ടില്ല. ഷഹാജിയെ ഒതുക്കുവാൻ ഇതാണ് തക്കതായ അവസരമെന്നു കരുതി മൊഗള

സൈന്യങ്ങളും എതിൎക്കുവാൻതുടങ്ങി. ഷഹാജി ഓടുവാനും തുടങ്ങി. മൊഗളന്മാർ അതിശക്തിയോടെ പിന്തുടൎന്നുകൊണ്ടിരുന്നു. അവസാനത്തിൽ ഷഹാജി സഹ്യപൎവ്വതം കയറി മറിഞ്ഞു കൊങ്കണരാജ്യത്തിൽ ചെന്നുചേൎന്നു. അവിടേയും മൊഗളസേനകളും പിന്നാലെ ചെന്നിരുന്നു. ഒടുവിൽ കല്യാണ ദുൎഗ്ഗത്തിന്നു സമീപമുള്ള മാഹുളി എന്ന സ്ഥലത്തുവെച്ചു ഷഹാജി മൊഗളസേനാപതിയുടെ കയ്യിൽ അകപ്പെട്ടുപോയി. ഉടൻതന്നെ അദ്ദേഹം ഒരുടമ്പടിക്കു സമ്മതിയ്ക്കുകയാണുണ്ടായത്. ഷഹാജിയുടെ കൈവശമുള്ള ആറു കോട്ടകളും മൊഗളന്മാൎക്കു വിട്ടുകൊടുക്കണമെന്നും, താൻ പഴയപടി ബിജപ്പൂർ സംസ്ഥാനത്തിൽത്തന്നെ പാൎത്തു മുമ്പുണ്ടായിരുന്ന ഗ്രാമങ്ങളെ അനുഭവിക്കാമെന്നുമായിരുന്നു ഉടമ്പടി. ഈ ഉടമ്പടിപ്രകാരം ഷഹാജിക്കു പൂന, സുഭാ എന്നീ രണ്ടു പ്രദേശങ്ങളും സ്വാധീനമായി. ഇതോടുകൂടി മൊഗളന്മാൎക്കു ദക്ഷിണദേശത്തിലുണ്ടായിരുന്ന ഭയം ഒരുവിധം തീൎന്നു.

ഈ ഘട്ടത്തിൽ ഷഹാജിക്കു കുടുംബസംബന്ധമായ വിചാരവും വളരെ വൎദ്ധിച്ചുവന്നു. ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ ഷഹാജിയും ജീജാഭായിയും ഭാൎയ്യാഭൎത്താക്കന്മാരായി പരമാനന്ദത്തോടെ പാൎത്തുവന്നതായി പറഞ്ഞുവല്ലോ. ഈ സുഖം വളരെക്കാലം ഉണ്ടായില്ലെന്നും പറകയുണ്ടായല്ലോ. യാദവരാവുവിനോടുകൂടി ഷഹാജി അഹമ്മദ് നഗരത്തിൽ മുഖ്യസ്ഥനായിട്ടപ്പായതും പ്രസ്താവിച്ചിട്ടുണ്ട്. സുൽത്താന്റെ അരമനയിലുള്ള ഈ ഉദ്യോഗം ജീജാഭായിക്കു വളരെ സമ്മതമായിരുന്നില്ല. ഉന്നതവംശത്തിൽ പിറന്ന ജീജാഭായിക്കു മഹമ്മദീയരെപ്പറ്റി നല്ല അഭിപ്രായമുണ്ടായിരുന്നില്ല. പോരെങ്കിൽ തന്റെ ഭൎത്താവും അച്ഛനും തമ്മിലുണ്ടായ മത്സരത്തിൽ മൊഗളർ ഉള്ളിൽകടന്നു ഭൎത്താവിനെ ആട്ടിയോടിച്ചതിന്നും, ഗൎഭിണിയായ താൻ മാൎഗ്ഗമദ്ധ്യത്തിൽ വലുതായ കഷ്ടത്തിലും വ്യസനത്തിലും അകപ്പെട്ടതിന്നും പ്രധാനകാരണം മഹമ്മദീയരാണെന്നു ജീജാഭായി ധരിച്ചിരുന്നു. അതുകൊ

ണ്ട് ആ വീരാംഗനക്കു മൊഗളന്മാരുടെപേരിൽ അതിയായ വെ
റുപ്പും വിരോധവും തോന്നിയിരുന്നു. ഈ വെറുപ്പിൻേറയും വി
രോധത്തിൻേറയും ജ്വാലകഠം ഏററുകൊണ്ടാണ് ജീജാഭായി
യുടെ പുത്രൻ ശിവാജി പിറന്നതും വളൎന്നതും. അതിരിക്കട്ടേ,
ഷഹാജിയെ പിടിപ്പാനായി ദേശദേശാന്തരം തിരഞ്ഞുനട
ന്നിരുന്ന മൊഗളഭടന്മാർ ബുദ്ധി ക്ഷയിച്ച്, ഒടുവിൽ ജീജാഭാ
യിയേയും ശിവാജിയേയും പിടിച്ചു ബന്തോവസ്സിൽ വെച്ചാൽ
ഷഹാജിയെ പിടികിട്ടുമെന്നു വിചാരിച്ച് ജിജയെ കാവലിൽ
പ്പെടുത്തി. ജിജക്കു് ഈ മൊഗളന്മാരുടെ ഉദ്ദേശവും ഉദ്യമവും
നല്ലവണ്ണം അറിവുണ്ടായിരുന്നതുകൊണ്ട് അവർ ശിവാജിയെ
ഒളിപ്പിക്കുകയാണുണ്ടായത്.

ജീജാഭായിയെ വിവാഹം ചെയ്തുമുതൽക്കു തനിക്കു തുട
രെത്തുടരെ പല കഷ്ടതകഠം അനുഭവിക്കേണ്ടതായി വന്നതി
ന്നു ജീജയുടെ ജാതകദോഷമായിരിക്കുമോ കാരണം എന്നു ശ
ങ്കിച്ചു ഷഹാജി 1630_ാമാണ്ടിൽ ഒരു വിവാഹംകൂടിച്ചെയ്തു.
ഈ വധു മോഹത്ത് വംശത്തിൽപിറന്ന തുക്കാഭായിയായിരു
ന്നു. തുക്കാഭായിയുടെ വംശം മഹാരാഷ്ട്രത്തിൽ പ്രസിദ്ധപ്പെ
ട്ടതാണെങ്കിലും ജീജാഭായിയുടെ വംശത്തേക്കാഠം താഴെയായി
രുന്നതുകൊണ്ട് ഈ വിവാഹത്തിൽ ജീജാഭായിക്കു കുറേ വ്യ
സനമുണ്ടായിരുന്നു. ഈ വ്യസനത്തിന്നു പുറമേ അക്കാലത്ത
ഒരു ദുഃഖംകൂടി ജീജാഭായിക്കുണ്ടായിരുന്നു. അവരുടെ പിതാ
വായ യാദവറാവു 1629_ൽ ദേവഗിരിയിൽവെച്ചു ചതിയാ
യി വധിക്കപ്പെട്ടു. ഈ വക ആപത്തുകഠം നിമിത്തം, ഷഹാ
ജിക്കു 1636_ാമാണ്ടുവരെ ശിവാജിയെ കാണ്മാൻതന്നെ സംഗ
തിവന്നില്ല. ഷഹാജിയെ ഈ വക ആപത്തുകളിൽ സഹാ
യിക്കുവാൻ ദൈവഗത്യാ ഒരാഠം ഉണ്ടായി. അതു മൊഗഠം
ചക്രവൎത്തിയും ബീജപ്പൂർ സുൽത്താനും തമ്മിലുണ്ടായ ഉടമ്പടി
പ്രകാരം സുൽത്താൻെറ അധികാരത്തിൽ വന്ന ധീരാനദി ഭീ
മാനദി എന്നിവയുടെ മദ്ധ്യപ്രദേശത്തു സുൽത്താൻെറ പ്രതി
നിധിയായി നിയമിക്കപ്പെട്ടിരുന്ന 'മോറോപണ്ട്' എന്നാളാ

യിരുന്നു. അദ്ദേഹം ഷഹാജിയുടെ ദുരവസ്ഥയറിഞ്ഞു സഹതാപം തോന്നി സുൽത്താനോടു പറഞ്ഞു ഷഹാജിയെ സുൽത്താൻെറ സേനാപതിയായി നിശ്ചയിപ്പിച്ചു. ഷഹാജി ബിജപ്പൂരിൽ ചെന്നുചേൎന്ന ഉടനെ, സുൽത്താൻ കൎണ്ണാടകരാജ്യത്തെ ആക്രമിപ്പാനായി ഷഹാജി, റേണ്ടൂൽഖാൻ എന്നിവരെ വലുതായ ഒരു സൈന്യത്തോടുകൂടി നിയോഗിച്ചയച്ചു. കൎണ്ണാടകത്തോടുണ്ടായ ഈ യുദ്ധത്തിൽ ഷഹാജി വിജയം സമ്പാദിക്കുകയാൽ സുൽത്താൻ സന്തോഷിക്കുകയും, ഗോവാർ, ബങ്കളൂർ, ബാറാഗോണ്ടെ, ബാലാപ്പൂർ, വേലൂർ, ആറണി എന്നീ സ്ഥലങ്ങൾ ഷഹാജിക്കു സമ്മാനിക്കുകയും ചെയ്തു. ഇതുകൂടാതെ സറാറയിൽനിന്നു മുപ്പതുനാഴിക അകലേയുള്ള കുറാർ ജില്ലയോടുചേൎന്ന ഇരുപത്തിരണ്ടു ഗ്രാമങ്ങളിലെ ദേശമുഖ്യനായി ഷഹാജിയെ നിശ്ചയിക്കുകയും ചെയ്തു.

ശിവാജിക്കു പത്തുവയസ്സു പ്രായമായി. അക്കാലത്തെ സമ്പ്രദായപ്രകാരം വിവാഹം കഴിപ്പിക്കേണ്ടതിന്നുള്ള സമയമായി. അതിനാൽ ജിജാഭായി ശിവാജിയേയും കൂട്ടിക്കൊണ്ടു ബിജപ്പൂരിലേക്കു ചെന്നു. ബിജപ്പൂരിലുണ്ടായിരുന്ന വിറേറാജിമോഹിക്ക് നിവാസ്കർ എന്നാളുടെ മകളായ ശചീഭായിയെ ശിവാജിയെക്കൊണ്ടു വിവാഹം ചെയ്യിച്ചു. ഇതിന്നിടയിൽ ഷഹാജിക്കു ദ്വിതീയഭാൎയ്യയായ തുക്കാഭായിയിൽ വെങ്കോജി എന്നൊരു പുത്രൻ ഉണ്ടായിരുന്നു. ഷഹാജിയുടെ സ്ഥിതി മുമ്പത്തേക്കാൾ വളരെ ഭേദമായിരുന്നു. ക്രമത്തിൽ ക്രമത്തിൽ ഷഹാജിക്ക് അധികാരങ്ങളും പദവികളും അധികമധികം ലഭിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിൻെറ കീഴിൽ മഹാരാഷ്ട്രദേശക്കാരായ അനവധി ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു. അവരിൽ നരഫണ്ട് ഹനുമന്ത് എന്നും, താതോജികോനദേവൻ എന്നും പേരായ രണ്ടുപേർ ഷഹാജിയുടെ അന്തരംഗസുഹൃത്തുക്കളായിരുന്നു. ശിവാജി വിവാഹംകഴിഞ്ഞു ബിജപ്പൂരിൽ താമസിക്കുന്ന കാലത്തുതന്നെ അനേകം ധീരപ്രവൃത്തികൾ ചെയ്വാൻതുടങ്ങി. ശിവാജി ഏററവും ചെറുപ്രായത്തിൽത്തന്നെ

വലിയവലിയ രാജ്യകാൎയ്യങ്ങളെപ്പററി പറയുകയും ശ്രദ്ധിക്കുകയും ചെയ്യിരുന്നതുകണ്ട്, ഈ കുട്ടി ഒരു കാലത്തു സകല രാജ്യങ്ങളും കീഴടക്കി സാൎവ്വഭൌമനായി വാഴുമെന്നു പലരും ഷഹാജിയോടു പറഞ്ഞിരുന്നു. എന്നാൽ തല്ക്കാലം ശിവാജിയുടെ പ്രവൃത്തികൾകണ്ടിട്ടു ഷഹാജിക്കു ഭയമാണ് തോന്നിയിരുന്നത്. ഒരു ദിവസം ഒരു കശാപ്പുകാരൻ ഏതാനും പശുക്കളെ ഹിംസിക്കുവാനായി ആട്ടിക്കൊണ്ടുപ്പോകയായിരുന്നു. ഇതു ശിവാജി കണ്ടെത്തി കശാപ്പുകാരനെ ആട്ടിയോടിച്ച് ആ സാധുപ്രാണികളെ മരണത്തിൽനിന്നു രക്ഷിക്കുകയുണ്ടായി. ഈ സംഗതി പശുഹിംസകന്മാരായ മഹമ്മദീയരുടെ ഇടയിൽ ഒരു വക ക്ഷോഭമുണ്ടാക്കിത്തീൎത്തു. പിന്നെ ഒരു ദിവസം ഷഹാജി സുൽത്താന്റെ ആസ്ഥാനസഭയിലേക്കു പോയപ്പോൾ ശിവാജിയേയും കൂട്ടിക്കൊണ്ടുപ്പോകയുണ്ടായി. സുൽത്താനെ കണ്ട ഉടനെ ആരായാലും മുതുവളച്ച് തലകുനിച്ചു കാൽമുട്ടു മടക്കി സലാം ചെയ്യുകയാണ് ആചാരം. ശിവാജി ഈ ആചാരം അനുസരിക്കാതെ സാധാരണമട്ടിൽ സലാം ചെയ്യുതേ ഉള്ളു. ഈ സംഭവം രാജസഭയിൽ ഉണ്ടായിരുന്ന പലൎക്കും അസുഖത്തിന്നിടയാക്കി. ശിവാജിയുടെ ഈ വക സാഹസപ്രവൃത്തികൾ കണ്ടിട്ട്, ഇനി ഈ കുട്ടിനെ ഇവിടെ വെച്ചുകൊണ്ടിരുന്നാൽ വല്ല അനൎത്ഥങ്ങൾക്കും ഇടയായേക്കുമോ എന്നു ശങ്കിച്ച്, 1638_ാമാണ്ടിൽ, ഷഹാജി ശിവാജിയേയും ജീജാഭായിയേയും കൂടി പൂനയിലേക്കയച്ചു.

അക്കാലത്തു പൂനാനഗരം ഇന്നത്തെപ്പോലെ പരിഷ്കൃതമായിരുന്നില്ല. മുക്താനദിയുടെ തീരത്തിൽ അനേകം ചെറുകുടിലുകളോടുകൂടിയ ഒരു വെറും ഗ്രാമമായിരുന്നു അന്നത്തെ പൂന. പൂനയുടെ അരനാഴിക ദൂരത്തിലാണ് മുക്താനദിയും മൂലാനദിയും തമ്മിൽ കൂടിച്ചേരുന്നത്. പണ്ട് സിംഹഘടാപൎവ്വതത്തിൽനിന്ന് ഒഴുകിവരുന്ന നിൎഝരങ്ങൾ മുക്താനദിയിലും, സഹ്യാദ്രിയിൽനിന്നു വൎഷാകാലങ്ങളിൽ കുത്തിയൊലിക്കുന്ന അരുവികൾ മൂലാനദിയിലും ചെന്നുചേൎന്നിരുന്ന

ത്തു കൊണ്ട് ഈ രണ്ടു നദികളിലും വലുതായ ജലപ്രവാഹം ഉണ്ടായിരുന്നു. പൂനാ നഗരത്തിൻെറ ചുററുമുള്ള നിലങ്ങൾ അന്നു തരിശായിക്കിടക്കുകയായിരുന്നു. ബിജപ്പൂർ സുൽത്താനും മൊഗളന്മാരും തമ്മിലുണ്ടായ ഘോരയുദ്ധത്തിൽ മഹമ്മദ് അഡൽഷാ പൂനയുടെ നാലു പുറവുമുള്ള ഇരുപതു നാഴിക സ്ഥലങ്ങൾ പാഴാക്കിക്കളഞ്ഞു. ശേഷമുള്ള സ്ഥലങ്ങൾ, അഡൽഷായെ നഷ്ടപ്പെടുത്തുവാനായി, മൊഗളന്മാരും ശൂദ്ധശൂന്യമാക്കിത്തീർത്തു. ഇങ്ങിനെ രണ്ടു കൂട്ടരും കൂടി ഭൂമിയെ ചീത്തയാക്കിയതുകൊണ്ടു, പൂനാനഗരത്തിൻെറ ചുററുപ്രദേശങ്ങൾ കേവലം മരുഭൂമി പോലെയാണു കിടന്നിരുന്നത്. അവിടെ യാതൊരു കൃഷിയും ചെയ്തിരുന്നില്ല. പടവെട്ടുകൊണ്ടു ഭയപ്പെട്ടു കുടിപാപ്പുകാരെല്ലാം ഗ്രാമം വിട്ടു ഓടിപ്പോയിരുന്നു. ആകയാൽ പൂനാനഗരം ആരും ഒരു നാഥനില്ലാതെ തരിശു ഭൂമികളാൽ ചുററപ്പെട്ട് കിടന്നിരുന്നു. ആ പ്രദേശം മുഴുവൻ കാട്ടുജന്തുക്കളുടെ സ്വച്ഛന്ദവിഹാരത്തിന്നു രംഗമായിരുന്നു. മുക്താനദിയുടെ കരയിൽ മത്സ്യം പിടിക്കുന്ന ധീവരന്മാർ മാത്രം കുറേശ്ശെ പാർത്തുവന്നിരുന്നു.

ജിജാഭായിയും ശിവാജിയും പൂനയിൽ ചെന്നപ്പോൾ ആ നഗരത്തിൻെറ സ്ഥിതി മേൽപ്രകാരമായിരുന്നു. ഇവക്കു സഹായമായി ഷഹാജി തൻെറ ഉററ ബന്ധുവായ താതോജി കോനദേവനെയാണ് കൂടെ അയച്ചിരുന്നത്. സാമാന്യക്കാക്കെല്ലാം അന്ന് പൂനയിൽ താമസിക്കുവാൻ ഭയംതോന്നുമായിരുന്നു. എന്നാൽ ജിജാഭായിയും ശിവാജിയും ലേശംപോലും ഭയപ്പെട്ടില്ല. അവരുടെ സഹായിയായ താതോജിയും സാമാന്യനല്ലായിരുന്നു. ഇദ്ദേഹം പൂനാ ജില്ലയിലേക്കു ചേർന്ന മൽഡാൻ എന്ന ഗ്രാമത്തിൽ ഒരു ദേശപ്രമാണിയുടെ വംശത്തിൽ ജനിച്ചവനായിരുന്നു. പ്രകൃത്യാ ഒരു ധീരനും ശൂരനുമായിരുന്നു. ഇദ്ദേഹം രാജ്യഭരണസംബന്ധമായ പല വകുപ്പുകളിലും ഉദ്യോഗം വഹിച്ചു പരിചയം വന്നിട്ടുള്ളാളായതുകൊണ്ടു പൂനാനഗരത്തെ പരിഷ്കരിക്കുവാനാണ് ഒന്നാമതു ശ്രമിച്ചത്. നാട്ടിലെ

ധനപുഷ്ടിക്കാധാരമായ വഴികളെന്തെല്ലാമാണെന്ന് ഇദ്ദേഹത്തിന്നു നല്ലവണ്ണം അറിയാമായിരുന്നു. പാഴായ്ക്കിടക്കുന്ന പൂനയിലേക്ക് ഇദ്ദേഹം കുടിപാൎപ്പുകാരെ കൊണ്ടുവന്നു പാൎപ്പിച്ചു. അവൎക്കു നികുതി കൂടാതെ ഭൂമികറം പതിച്ചുകൊടുത്തു കൃഷി ചെയ്വാൻ ഏൎപ്പാടു ചെയ്തു. കാട്ടുമൃഗങ്ങറം ഇറങ്ങിവന്നു വിളവുകറം നശിപ്പിക്കാതെ കഴിപ്പാനായി കുറെ നായാട്ടുകാരായ വേടന്മാരേയും കൊണ്ടുവന്നു പാൎപ്പിച്ചു. ഫലപുഷ്ടിയുള്ള സ്ഥലങ്ങളിൽ അക്കാലത്തു സാധാരണയായി കൊള്ളക്കാരുടെ ഉപദ്രവമുണ്ടായിരുന്നതുകൊണ്ട് അതിൻെറ നിവാരണത്തിന്നായി കുറെ ഭടന്മാരേയും താമസിപ്പിച്ചു. താതോജിയുടെ ഈവക ഏൎപ്പാടുകളെപ്പററി കേട്ടപ്പോറം ഷഹാജിക്കു വളരെ സന്തോഷമായി. അദ്ദേഹം ബിജപ്പൂർ സുൽത്താനിൽ നിന്നു കുറച്ചു മുമ്പു ലഭിച്ച രണ്ടു സ്ഥലങ്ങളും താതോജിയുടെ കൈവശം ഏല്പിച്ചു. താതോജി നിലങ്ങളിലെല്ലാം വിളവിറക്കി വൃത്തി വരുത്തിക്കുകയും, ജിജാഭായിയേയും ശിവാജിയേയും വളരെ സ്നേഹത്തോടു കൂടി നോക്കി വരികയും ചെയ്തു.

## നാലാമദ്ധ്യായം.

### ശിവാജിയുടെ ബാല്യവും, ബാല്യവിക്രമങ്ങളും.

ഷഹാജിയുടെ കല്പനപ്രകാരം ജിജാഭായി പൂനാനഗരത്തിലേക്കു പോയ കാലത്തു ശിവാജിക്കു പ്രായം പതിനൊന്നു വയസ്സായിരുന്നു. കുട്ടിക്കാലത്തു തന്നെ മലയോരങ്ങളിലും അരണ്യങ്ങളിലും മാറിമാറി താമസിച്ച് ശിവാജി വളരെ കഷ്ടതകറം അനുഭവിച്ചു വന്നിരുന്നു. ദീൎഘമായ ആലോചനയും ദൃഢതയോടുകൂടിയ പ്രവൃത്തികളും ചെറുപ്പത്തിൽത്തന്നെ ശിവാജിയിൽ കണ്ടിരുന്നു. ശിവാജിയുടെ വളഞ്ഞ പുരികങ്ങറം അയാളുടെ ആലോചനാശക്തിയേയും ധീരതയേയും വെളിപ്പെടുത്തിക്കൊണ്ടിരുന്നു. കാററും വെയിലും തട്ടി കാഞ്ഞ തടിച്ച ഗണ്ഡങ്ങറം അയാറംക്കുള്ള അസാധാരണമായ സഹനശക്തി

യെ വ്യക്തമാക്കിയിരുന്നു. കൃശമായ അരക്കെട്ടു കണ്ടാൽ അയാൾ ഇടിവെട്ടിയാൽക്കൂടി കുലുങ്ങാത്ത ഒരു ധീരനാണെന്ന് അറിയാമായിരുന്നു. ആകപ്പാടെ നോക്കുമ്പോൾ, ശിവാജിയുടെ മുഖം അദ്ദേഹത്തിന്ന് എന്ത് ആപത്തു നേരിടുന്നതായാലും, അതെല്ലാം നിസ്സാരമായി കരുതി സഹിപ്പാനുള്ള ശക്തിയുള്ളാളാണദ്ദേഹമെന്നു വിളിച്ചുപറഞ്ഞിരുന്നു. ദേഹം വളരെ ഉയരമുള്ളതോ തീരെ ഉയരമില്ലാത്തതോ അല്ല; കാഴ്ചയിൽ നടുത്തരത്തിലുള്ളതായിരുന്നു ദേഹം. എന്നാൽ അതിൻെറ ഘടന ഏററവും ദൃഢതയുള്ളതായിരുന്നു. കൈകൾ മുട്ടോളം നീണ്ടവയായിരുന്നു. ഇങ്ങിനെയെല്ലാമിരിക്കുന്ന ഒരു സിംഹക്കുട്ടിയെ പരിപാലിക്കേണ്ട ചുമതലയാണ് താതോജിക്കു വഹിക്കേണ്ടതായി വന്നത്.

താതോജി, താൻ നോക്കേണ്ടതായി വന്നിരിക്കുന്ന ഭാരം തന്നിൽ സർവ്വേശ്വരനാൽത്തന്നെ സമർപ്പിക്കപ്പെട്ടതാണെന്നുള്ള വിശ്വാസത്തോടുകൂടി ശിവാജിയെ വളരെ നിഷ്കർഷയോടുകൂടി വളർത്തി വന്നു. സമപ്രായക്കാരായ കുട്ടികളെ ശിവാജിയുടെ കൂട്ടുകാരാക്കി കൂടെ നടത്തി. കൂടാതെ, ലോകനടവടികളെപ്പററിയും വീരന്മാരുടെ ധീരപ്രവൃത്തികളെക്കുറിച്ചുമുള്ള കഥകൾ പറഞ്ഞ് താതോജി ശിവാജിയെ രസിപ്പിക്കുക പതിവായിരുന്നു. വീരന്മാരുടെ സാഹസപ്രവൃത്തികളെപ്പററിയ കഥകളിലായിരുന്നു ശിവാജിക്ക് അധികം താല്പര്യമുണ്ടായിരുന്നത്. അങ്ങിനെയുള്ള കഥകൾ കേൾക്കുമ്പോൾ, ചില സമയങ്ങളിൽ ശിവാജിക്ക് എന്തെന്നില്ലാത്ത ഒരാവേശം ഉണ്ടാവുക പതിവായിരുന്നു. അദ്ദേഹത്തിൽ പിന്നീടു കാണപ്പെട്ടിരുന്ന വീര്യപരാക്രമങ്ങളെ രൂപവൽക്കരിച്ചു പ്രകാശിപ്പിച്ചത്, താതോജിയുടെ മുഖത്തുനിന്ന് അന്നു കേട്ടിരുന്നവീരചരിതങ്ങളാണ്. ചില സമയങ്ങളിൽ കഥാശ്രവണംകൊണ്ടുണ്ടായ ആവേശത്തെ ഒതുക്കുവാൻവേണ്ടി താതോജിക്കു ഭീഷ്മരുടെ രാജധർമ്മോപദേശങ്ങളേയും, ജ്ഞാനദേവൻെറ ഉപദേശരത്നങ്ങളേയും പററി പ്രസംഗിക്കേണ്ടതായി വന്നിരുന്നു. ഇപ്രകാരം വീരപുരുഷന്മാരു

ടെ ധീരചരിതങ്ങളെ കേട്ടുവന്നതുകൊണ്ടു ശിവാജിയുടെ മനസ്സിൽ, അജ്ജുനനേപ്പോലെ യുദ്ധം ചെയ്യാനുള്ള കൌതുകം അക്കാലത്തുതന്നെ അങ്കുരിച്ചിരുന്നു. അന്നുതന്നെ ശിവാജി, തനിക്കു മഹാരാഷ്ട്രദേശത്തെ ബലപ്പെടുത്തി ഭരിക്കണമെന്നു താല്പൎയ്യമുള്ളതായി തന്റെ പ്രിയസുഹൃത്തുക്കളോടു പറഞ്ഞിരുന്നു. ശിവാജിയുടെ ഉത്തമസുഹൃത്തുക്കളായ താനാജിമാലസുരേ, ബാജിപസല്ക്കാർ, യശാജിഗംഗ്, താനാജിബാഠംക്കർ, പ്രതാപറാവു എന്നിവർ അദ്ദേഹത്തിന്റെ ആഗ്രഹത്തെ അഭിനന്ദിക്കയും ചെയ്തിരുന്നു. അന്നുമുതൽക്കുതന്നെ ശിവാജിയും കൂട്ടുകാരുംകൂടി അവരുടെ ഉദ്ദേശസിദ്ധിക്ക് അത്യന്താപേക്ഷിതമായ ഓരോ സാധനങ്ങൾ ശേഖരിക്കുവാൻ ആരംഭിച്ചു.

ബാലന്മാരായ ശിവാജിയുടേയും കൂട്ടുകാരുടേയും ആഗ്രഹം മനസ്സിലായപ്പോൾ താതോജിയുടെ ഉള്ളിൽ വളരെ കൌതുകവും സന്തോഷവും തോന്നി. അദ്ദേഹം ആനന്ദംകൊണ്ടുള്ള പുളകോൽഗമത്തോടുകൂടി അവൎക്കു യുദ്ധസംബന്ധമായി വേണ്ടുന്ന അറിവുകളെ പഠിപ്പിച്ചുവന്നു. ഈ കുട്ടികൾ, ഗംഭീരഹൃദയത്തോടുകൂടിയ സിംഹപോതങ്ങളെപ്പോലെ, രാത്രികാലങ്ങളിൽ ഘോരാരണ്യങ്ങളിലും അന്ധകാരാവൃതങ്ങളായ ഗുഹകളിലും പോയി വന്നിരുന്നു. കൃഷ്ണാനദിയുടെ തീരത്തിലുള്ള കുന്നിൻചരുവുകളും, സഹ്യപൎവ്വതത്തിന്റെ താഴ്വരകളും ഇവരുടെ പ്രധാന വിഹാരസ്ഥാനങ്ങളായിരുന്നു. ചിലപ്പോൾ ഭിമാനദിയുടെ ഉല്പത്തിസ്ഥാനമായ ഭിമശങ്കരമെന്ന മലയിലും, മററ ചിലപ്പോൾ വളഞ്ഞും പിരിഞ്ഞും ഒഴുകുന്ന ഇന്ദ്രാണിനദിയുടെ വക്കുകളിലും ഇവർ സഞ്ചരിച്ചുംകൊണ്ടിരിക്കും. ഇവർ ഊഴമിട്ടുകൊണ്ട് ഓരോ ഗുഹകളിലും താമസിച്ചു ദിവസങ്ങൾ കഴിച്ചിരുന്നു. മലയായ മലയെല്ലാം കയറി; പുഴയായ പുഴയെല്ലാം കടന്നു; ചുരമായ ചുരമെല്ലാം കയറി മറിയുകയും ചെയ്തു. അതുകൊണ്ട് ഇവൎക്കു ദക്ഷിണദേശത്തിലുള്ള സകലപ്രദേശങ്ങളും—വെറും മുക്കുകളും മൂലകളുംകൂടി—നല്ലവണ്ണം ദൃഢമായി തീൎന്നു. ഇക്കാലത്തു, താതോജി മുക്താനദിയുടെ തീരത്തിൽ

ജിജാഭായിക്കും ശിവാജിക്കും പാൎക്കുവാൻ പററിയതായ ഒരു കെട്ടിടം പണിചെയ്യിച്ചു. അതിന്നു 'രാജമഹാറം' എന്നായിരുന്നു പേർ. ഇപ്പോറം ഈ സ്ഥലത്തോടു സംബന്ധിച്ചു പൂനാ മുൻസിപ്പാലിററിക്കാർ ഒരു ക്രീഡോദ്യാനം ഉണ്ടാക്കിയിരിക്കുന്നു.

പൂനാനഗരത്തിന്നു ചുററുമുള്ള പൎവ്വതങ്ങളും ഗിരിദുൎഗ്ഗങ്ങളും, ശിവാജിയുടെ ഹൃദയത്തിൽ വാസനാരൂപേണ ലയിച്ചുകിടന്നിരുന്ന വീൎയ്യപൌരുഷങ്ങളെ വികസിപ്പിക്കുന്നതിൽ വളരെ സഹായമായിട്ടുണ്ട്. ഷഹാജിയുടെ 'ജാഗീർ' ഭൂമിക്കു ചുററുമുള്ള ഉറപ്പേറിയ ഗിരിദുൎഗ്ഗങ്ങളെ കണ്ടപ്പോറം അവ ഒരു കാലത്തു മഹാരാഷ്ട്രദേശത്തിന്നു പ്രകൃതിദേവിതന്നെ തന്നിട്ടുള്ള രക്ഷാസ്ഥാനങ്ങളാണെന്നു ശിവാജി മനസ്സിലാക്കി. പൂനയിൽനിന്നു പന്ത്രണ്ടു നാഴിക തെക്ക് ഒരു ഗിരിദുൎഗ്ഗമുണ്ട്. ഇതിന്നു സിംഹഘടാ എന്നാണ് പേർ. തെക്കുപടിഞ്ഞാറ ഭാഗത്ത് ഇരുപതു നാഴിക അകലെ ചെങ്കുത്തായിട്ടുള്ള ഗിരിശിഖരത്തിൽ ഒരു കോട്ടയുണ്ട്. അതിന്നു പേർ തോരണം എന്നാകുന്നു. ഇതിന്നടുത്തായിത്തന്നെ രാജഘടാ എന്ന വേറെ ഒരു കോട്ടയും ഉണ്ട്. വടക്കുഭാഗത്തും ഒരു ഗിരിദുൎഗ്ഗമുണ്ട്. അതിന്ന് അലണ്ഡി എന്നാണു പേർ. ഇത് ജ്ഞാനദേവൻ പരമസമാധിയിൽ ലയിച്ച സ്ഥലമാകുന്നു. ഇവക്കു പുറമെയും ചാക്കൻകോട്ട, പുരന്ദരദുൎഗ്ഗം മുതലായി പലേ കോട്ടകളും പൂനയുടെ ചുഴലവും ഉണ്ടായിരുന്നു. ശിവാജിയുടെ ബാല്യകാലത്ത് ഈ കോട്ടകളെല്ലാം ശരിയായ രക്ഷയും മേൽനോട്ടവുമില്ലാതെ വളരെ പ്രാകൃതാവസ്ഥയിലാണ് കിടന്നിരുന്നത്. ഈ കോട്ടകളെല്ലാം തൻെറ കൈവശമാക്കണമെന്നുള്ള മോഹമാണ് ശിവാജിക്ക് ആദ്യമായിട്ടുണ്ടായത്.

അക്കാലത്തു ബിജപ്പൂരിലെ സുൽത്താൻ ദക്ഷിണദേശത്തെപ്പററി വളരെ ശ്രദ്ധിച്ചിരുന്നില്ല. കൎണ്ണാടകരാജ്യത്തിൻെറ നെരെ യുദ്ധംചെയ്യുന്നതിലായിരുന്നു സുൽത്താൻെറ ശ്രദ്ധ ഏിടംപൎയ്യേണ പതിഞ്ഞിരുന്നത്. ആകയാൽ ഇതുതന്നെയാണവസരമെന്നു കരുതി, ശിവാജി മേല്പറഞ്ഞ കോട്ടകറം പി

ടിച്ചടക്കുവാൻ ശ്രമം തുടങ്ങി. സുൽത്താൻ അഡൽഷാ ബീജപ്പൂർ അരമനയിൽ വലിയ വലിയ കെട്ടിടങ്ങൾ പണിയിക്കുന്നതിലും ഉയന്ന കോട്ടകൾ കെട്ടിക്കുന്നതിലും ജാഗരൂകനായിരുന്നതുകൊണ്ടു, മേല്പറഞ്ഞമലഞ്ചെരുവുകളിലേക്കും ഗിരിദുൎഗ്ഗങ്ങളിക്കും സുൽത്താൻെറ ബാധകളൊന്നും ഉണ്ടായിരുന്നില്ല. ഇതു കൂടാതെ അഡൽഷയുടെ രാജ്യഭരണവും വളരെ നല്ല നിലയിലല്ലാ ഇരുന്നിരുന്നത്. ഭരണകൎത്താക്കളായ സൎക്കാരുദ്യോഗസ്ഥന്മാരും ഭരണീയരായ നാട്ടുകാരും തമ്മിൽ നല്ല സ്വരച്ചേൎച്ചയില്ലായിരുന്നു. ഈ സംഗതിയും ശിവാജിയെ ഗിരിദുൎഗ്ഗങ്ങൾ പിടിച്ചടക്കുന്നതിൽ ധൈൎയ്യപ്പെടുത്താതിരുന്നില്ല. മഹാരാഷ്ട്രത്തെ 'എളുക്കി പ്രതിഷ്ഠിക്കു'ന്നതിന്നുള്ള സകല സൌകൎയ്യങ്ങളും ശിവാജിയുടെ ദൃഷ്ടിയിൽ തെളിഞ്ഞു കാണപ്പെട്ടിരുന്നു.

ശിവാജി തൻെറ ആലോചനയുടെ സ്വഭാവം തൻെറ മന്ത്രാചാൎയ്യനും തന്ത്രാചാൎയ്യനുമായ താതോജിയെ അറിയിച്ചു. തൻെറ പ്രാണസ്നേഹിതന്മാരായി മുമ്പു പറഞ്ഞിട്ടുള്ള ആറുപേരോടും പറയുകയും ചെയ്തു. ഒന്നാമതായി തോരണക്കോട്ടയാണ് സ്വാധീനിക്കേണ്ടതെന്നും, അതിന്നുള്ള അവസരവും ഒരുക്കവും വരുന്നതുവരെ ധൃതിപ്പെടേണ്ടതില്ലെന്നും തീൎച്ചപ്പെടുത്തി. പിന്നെ ഒരുക്കമാനങ്ങൾ കൂട്ടുവാനുള്ള ശ്രമമായി. യുദ്ധം വേണ്ടിവന്നാൽ കുറെ ആൾക്കാരും ഭടന്മാരും ഇല്ലാതെ കഴികയുമോ? അതിന്നുള്ള വഴിയാണ് ആദ്യമായി ആലോചിച്ചത്. പൂനാനഗരത്തിന്നു ചുററുമുള്ള കാടുകളിൽ മലയന്മാരെന്നൊരു കൂട്ടർ കുടിപാൎക്കുന്നുണ്ടായിരുന്നു. അവരുമായി ശിവാജിയും കൂട്ടുകാരും അടുത്തു പെരുമാറുവാൻ തുടങ്ങി. ഈ മലയന്മാർ കേവലം അപരിഷ്കൃതജീവികളും വെറും നായാട്ടുകാരുമായിരുന്നുവെങ്കിലും ധൈൎയ്യം, അചാഞ്ചല്യം, സ്വാമിഭക്തി, വിനയം മുതലായ ഉൽകൃഷ്ടഗുണങ്ങൾ അവൎക്കു സഹജമായിരുന്നു. ഈ വക ഗുണങ്ങൾ ഉള്ളതുകൊണ്ട് അവരുടെ സഹായം വളരെ ഗുണകരമായിരിക്കുമെന്നു കരുതി, ശിവാജി ആ മലയന്മാരെ തൻെറ പടയാളികളായി സ്വീകരിച്ചു. ഈ മലയന്മാർ നല്ല

വില്ലാളികളാണ്. വില്ലേട്ടത്തിട്ടുള്ള യുദ്ധത്തിലും മല്പിടുത്തത്തിലും എതിരില്ലാത്ത സാമർത്ഥ്യമുള്ളവരുമാണ്. ഇവരിൽനിന്നാണ് ശിവാജി അസ്ത്രപ്രയോഗവും വാൾപ്രയോഗവും കവണയേറും അഭ്യസിച്ചത്.

ഇപ്രകാരം കുറേക്കാലം മലയരോട് ഇടപഴകി നടന്നതുകൊണ്ട്, ശിവാജിക്ക് ആ മലംപ്രദേശങ്ങളിലുള്ള ഇടവഴികളെല്ലാം, കണ്ണുംപൊത്തി നടക്കത്തക്കവിധം, ദൃഢപരിചിതങ്ങളായിത്തീൎന്നു. ഈ കാരണത്താൽ പലപ്പോഴും "മലയിലെ എലി" എന്നു അറംഗസീബ് അദ്ദേഹത്തിന്നു പേർ പറഞ്ഞുവന്നു. ദക്ഷിണദേശത്തിലുള്ള മലകൾ, ഗുഹകൾ, കോട്ടകൾ മുതലായവ ഇന്നിന്നവയാണെന്നും ഇന്നിന്ന പ്രകാരത്തിലുള്ളവയാണെന്നും ശിവാജിക്കു നല്ല അറിവുണ്ടായിരുന്നു. ഈവക ഏൎപ്പാടുകൾ ചെയ്വാൻ അദ്ദേഹം ആരംഭിച്ചതു തന്റെ പതിനാറാം വയസ്സു മുതല്ക്കാണ്. പതിമൂന്നാം വയസ്സിൽ, അതായത് 1639-ൽ ശിവാജി എഴുതിയ ഒരു രാജശാസനത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—

"ബാലചന്ദ്രൻ വളരെ ചെറുതാണെങ്കിലും അതു നാൾക്കുനാൾ വളൎന്നുവരുന്നത് എല്ലാ ജനങ്ങൾക്കും പ്രത്യക്ഷാനുഭവമുള്ളതാണല്ലോ; ഇതുതന്നെയാണ് ഷഹാജിയുടെ പുത്രൻ ശിവാജിക്ക് ഉചിതമായ ഉദാഹരണം."

1643-ാം വൎഷത്തിൽ മാവൽജില്ലയിലെ ലോഹിതദുൎഗ്ഗത്തിലുള്ള ലോഹിതേശ്വരക്ഷേത്രത്തിൽ ഒരു ശാന്തിക്കാരനെ ശിവാജി സ്വന്തമായി ഏൎപ്പെടുത്തുകയും, ദേവന്നു നിത്യനിദാനം പൂജചെയ്വാൻ കല്പനകൊടുക്കുകയും ഉണ്ടായി. ലോഹിതേശ്വരൻ എന്ന ദേവൻ 'മാവലികൾ' എന്നു പറയപ്പെടുന്ന മലയന്മാൎക്കു പരദേവതയാണ്. തങ്ങളുടെ പരദേവതാക്ഷേത്രം ശിവാജിയുടെ ഉത്സാഹത്താൽ നല്ല നിലയിൽ വന്നതുകൊണ്ടു മാവലികൾ ശിവാജിയെ 'മഹാരാജാവ്' എന്നു പറയുവാൻതുടങ്ങി. ഇതേ കാലത്തുതന്നെ, ബിജപ്പൂർ സംസ്ഥാനത്തിലെ മന്ത്രിമാരിലൊരുവനായ താതോജിദേശപാണ്ഡേ എന്ന മഹാൻ

ശിവാജിയുടെ അത്ഭുതശക്തികളെക്കണ്ടു സന്തോഷിച്ചു താൻ തന്റെ ജീവിതകാലം മുഴുവൻ ശിവാജിക്കു സഹായിക്കാമെന്നു പ്രതിജ്ഞചെയ്തു. ഇപ്രകാരം, ശിവാജി മലയരെ കൂട്ടി യുദ്ധപരിചയം ചെയ്യുന്നതും, കോട്ടകളെ നോക്കുന്നതും, യുദ്ധോപകരണങ്ങൾ ശേഖരിക്കുന്നതും, ആ വക ശ്രമങ്ങളിൽ താതോജി ദേശപാണ്ഡെ ശിവാജിക്ക് ഉള്ളുകൊണ്ടു സഹായം നില്ക്കുന്നതും ബീജപ്പൂർ സുൽത്താന്റെ ചെവിയിൽ എങ്ങിനെയോ എത്തിച്ചേൎന്നു. സുൽത്താൻ കലശലായി ശുണ്ഠിയെടുത്തു താതോജിയെ തന്റെ മുമ്പാകെ വരുത്തി മേലിൽ ശിവാജിക്കു യാതൊരു സഹായവും ചെയ്യുപോകരുതെന്നുപദേശിച്ചു. സുൽത്താന്റെ ഈ കോപവും താക്കീതും താതോജി എഴുത്തുമുഖേന ഉടൻതന്നെ ശിവാജിയെ അറിയിച്ചു. ശിവാജി അതൊന്നും അത്ര സാരമായിക്കരുതാതെകണ്ടു, താൻ ബീജപ്പൂർ സുൽത്താനു ദ്രോഹം ചെയ്യുന്നവനല്ലെന്നും, എന്നാൽ മഹമ്മദീയരുടെ ഭരണത്തോടു യാതൊരു സംബന്ധവും കൂടാതെ ഒരു ഹിന്ദുസ്വരാജ്യം സ്ഥാപിക്കുവാൻ ഉത്സാഹിക്കുകയാണെന്നും, അതിന്നു ലോഹിതേശ്വരസ്വാമി തന്നെ സഹായിക്കാമെന്നരുളിച്ചെയ്തിട്ടുണ്ടെന്നും, ആയതുകൊണ്ട് ഏതുവിധത്തിലും തന്നെ സഹായിക്കേണമെന്നും ഒരു മറുവടിയും അയച്ചു. ഇതിനെത്തുടൎന്നുകൊണ്ടുണ്ടായ സംഭവങ്ങളാണ് താഴെ വിവരിക്കുന്നത്.

**1. തോരണക്കോട്ട പിടിച്ചതു്:—** 1646-ാമാണ്ടിലെ വൎഷാകാലത്തു ശിവാജി തോരണക്കോട്ട പിടിച്ചു കൈവശപ്പെടുത്തി. ഈ തോരണക്കോട്ട ശിവാജിയുടെ പിതാവായ ഷഹാജിയുടെ വക ഒരു എസ്റ്റേററിന്റെ തെക്കുഭാഗത്താണ് കിടക്കുന്നത്. ഈ എസ്റ്റേററിന്റെ വടക്കുവശത്താണ് മൊഗളരുടെ അധീനമായ അഹമ്മദ്നഗരം സ്ഥിതിചെയ്യുന്നത്. പടിഞ്ഞാറഭാഗത്തു സഹ്യപൎവ്വതനിരയുടെ തുടൎച്ചകളും അതിനോടു സംബന്ധിച്ച കാടുകളുമാണ്. ആകയാൽ ഈ കോട്ടയിൽ അത്രവേഗത്തിലൊന്നും പട്ടാളക്കാൎക്കു എത്തി

ച്ചേരുവാൻ സാധിക്കയില്ല. കിഴക്കുഭാഗത്തുകൂടെ വരുവാൻ മാൎഗ്ഗമുണ്ടെങ്കിലും, ആവഴി വളരെ ദുൎഗ്ഗമമാകയാൽ സൈന്യങ്ങൾക്കു അതിലേയും വരുവാൻ പ്രയാസമുണ്ട്. വല്ല വിധത്തിലും തോരണക്കോട്ടയിലേക്കു സൈന്യങ്ങൾ വരുന്നതായാൽ തന്നെ ബിജപ്പൂരിൽക്കൂടെയല്ലാതെ വരുവാൻ നിവൃത്തിയില്ല. ഈ കോട്ട കാത്തിരുന്നതു വളരെ കുറച്ചു സൈന്യങ്ങൾ മാത്രമാണ്. ഉള്ളവർ തന്നെയും മഴക്കാലത്തു കോട്ടവിട്ടു മലയുടെ അടിവാരത്തിൽ വന്നു താമസിക്കുക പതിവായിരുന്നു. അക്കാലത്തു കോട്ടയിൽ പട്ടാളക്കാരുടെ ഏൎപ്പാടുകളൊന്നും ഉണ്ടായിരിക്കയില്ല. ഇതെല്ലാം ശിവാജിക്കറിവുണ്ടായിരുന്നതുകൊണ്ടു, മുഴുത്ത മഴക്കാലം നോക്കി ആയിരം ഭടന്മാരോടുകൂടിച്ചെന്നു ശിവാജി ഈ കോട്ട കൈവശപ്പെടുത്തുകയാണു ചെയ്തതു്.

കോട്ട തന്റെ കയ്യിൽ കിട്ടിയ ഉടനെ ശിവാജി അതിനെ ബലപ്പെടുത്തുവാനുള്ള ശ്രമം തുടങ്ങി. ചുററും മതിലുകൾ കെട്ടി ഉറപ്പിച്ചു. അങ്ങിനെ ഉറപ്പിക്കുവാനായി കിളയ്ക്കുന്നതിനിടയിൽ തങ്കനാണ്യങ്ങൾ നിറഞ്ഞ ഒരു നിധികുംഭം കിട്ടുകയുണ്ടായി. ശിവാജി കോട്ട കൈവശപ്പെടുത്തിയ ഉടനെത്തന്നെ കോട്ടകാവൽക്കാരൻ സുൽത്താനെ വിവരം അറിയിച്ചു. എന്നാൽ കാവൽക്കാരൻ ഈ വിവരം ബിജപ്പൂർ സുൽത്താനെ അറിയിക്കുന്നതിനുമുമ്പായിത്തന്നെ, രാജ്യതന്ത്രത്തിൽ നല്ല കണ്ണുള്ളവനായ ശിവാജി സുൽത്താന് ഒരെഴുത്തയച്ചിട്ടുണ്ടായിരുന്നു. അതിൽ, തോരണക്കോട്ടയിലെ കാവൽക്കാർ വളരെ അജാഗ്രത കാണിക്കുന്നുണ്ടെന്നും, ബിജപ്പൂർ സംസ്ഥാനത്തോടുചേൎന്ന ഈ ഭാഗങ്ങളിലെ പിരിവു മുഴുവൻ കാവൽക്കാർ അരമനയിലേക്കയയ്ക്കുന്നില്ലെന്നും, താൻ മുമ്പുണ്ടായിരുന്നതിലധികമായ മുതലെടുപ്പു കാലംതോറും ഉണ്ടാക്കിത്തന്നു രാജഭണ്ഡാരത്തിൽ മുതൽക്കൂട്ടുവാനുള്ള ശ്രമം ചെയ്യുന്നുണ്ടെന്നും പ്രസ്താവിച്ചിരുന്നു. സുൽത്താൻ ആ എഴുത്തുകിട്ടിയ ഉടനെ ശിവാജിയുടെ ഇഷ്ടംപോലെചെയ്യാൻ അനുവദിച്ച് ഒരു മറുവടിയും അയച്ചിരുന്നു. ബിജപ്പൂർ മന്ത്രാലോചനസഭയി

ലെ പല മന്ത്രിമാർക്കും ശിവാജി കൈക്കൂലി കൊടുത്തിരുന്നുവെ ന്നും, തന്നിമിത്തം അവർ സുൽത്താൻെറ മനസ്സിനെ ശിവാ ജിക്കനുകൂലമായ വിധത്തിൽ തിരിച്ചുവിടുകയാണു ചെയ്തതെ ന്നും ആംഗ്ലേയ ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. അ തെങ്ങിനെയായിരുന്നാലും, ശിവാജി യാതൊരു പ്രയാസവുംകൂ ടാതെ തോരണക്കോട്ടയെ സ്വാധീനമാക്കിത്തീർത്തു.

നിക്ഷേപം കിട്ടിയതുകൊണ്ടു ശിവാജി യുദ്ധസാമഗ്രിക ളെ വാങ്ങുകയാണ് ചെയ്തത്. സൈന്യത്തിൽ കുറെ മലയരെ ക്കൂടി പുതുതായി ചേർക്കുകയും ചെയ്തു. ഇതിന്നു പുറമേ, തോ രണക്കോട്ടയിൽനിന്ന് ആറുനാഴിക അകലെയുള്ള മോപ്പാട് എന്ന കോട്ടയും ശിവാജി കൈവശമാക്കി. ഈ കൊട്ടയുടെ പഴയപേർ മാററി 'രാജഘടാ' എന്നൊരു പുതിയപേർ ശി വാജി നൽകുകയുണ്ടായി. ശിവാജിയുടെ ഈ ധീരപ്രവൃത്തി കൾ പൂനാനഗരത്തിലും അതിൻെറ ചുററുപ്രദേശങ്ങളിലുമുള്ള യുവജനങ്ങളിൽ അത്ഭുതപൂർവ്വമായ ഒരുണർച്ചയെ ഉളവാക്കി. മോ റോപിംഗളെ, അണ്ണാജിദത്ത്, നിരാജിപണ്ടിററ്, റാവുജി സോമനാഥ്, ദത്തജിഗോപിനാഥ്, രഘുനാഥപണ്ഡിതർ, ഗംഗാജിമംഗജി മുതലായ പലരും ശിവാജിയെ ബഹുമാനി ച്ച് അദ്ദേഹത്തിൻെറ മിത്രങ്ങളായിത്തീർന്നു. ഈ പുതിയ മി ത്രങ്ങൾ എത്തിച്ചേർന്ന ഉടനെ ശിവാജി രാജഘടാദുർഗ്ഗത്തെ കൊത്തളംകെട്ടി ഉറപ്പിക്കുവാനാരംഭിച്ചു. ആ കോട്ടയുടെ ര ക്ഷകനായി മോറോ പിംഗളയെ നിയമിക്കുകയും ചെയ്തു.

ശിവാജിയുടെ ഈ ബാല്യവിക്രമങ്ങളും സാഹസശീലവും കണ്ടു താതോജിക്കു ഭയം തോന്നിത്തുടങ്ങി. ശിവാജി ബിജ പ്പൂർ സംസ്ഥാനത്തിൽ ഒരുയന്ന ഉദ്യോഗം വഹിക്കണമെന്നാ യിരുന്നു താതോജിയുടെ അഭിപ്രായം. ഈ അഭിപ്രായം താ തോജി ഒരാൾക്കു മാത്രം ഉള്ളതല്ല. അക്കാലത്തു ബീജപ്പൂർ, അ ഹമ്മദ് നഗരം എന്നീ രണ്ടു സംസ്ഥാനങ്ങളിലുള്ള എല്ലാ മഹാ രാഷ്ട്രക്കും ഈ അഭിപ്രായമുണ്ടായിരുന്നു. ഈ അഭിപ്രായത്തെ പ്പററി ഇന്നുള്ളവർക്കു പക്ഷേ കുറച്ചൊരു പരിഹാസം തോന്നുമാ

യിരിക്കാം; എന്നാൽ അന്നത്തെക്കാലത്ത് ഇതിൽ ഒരത്ഭുതവുമില്ല. അന്നത്തെ മഹാരാഷ്ട്രക്കു കാലദേശസ്ഥിതികളെക്കൊണ്ടു ശരിയായ സ്വാതന്ത്ര്യബോധമുണ്ടാവാൻ സൌകൎയ്യമില്ലായിരുന്നു. സക്കാരുദ്യോഗം വഹിക്കുന്നതും, സുൽത്താൻെറ കയ്യിൽനിന്നു സമ്മാനംവാങ്ങുന്നതും, പാരിതോഷികമായി വസ്തുക്കൾ പതിച്ചുവാങ്ങുന്നതും, രാജ്യഭരണം നടത്തുന്നതും മാത്രം കണ്ടും കേട്ടും അനുഭവിച്ചും വന്നതല്ലാതെ, തങ്ങൾക്കുതന്നെ സൎവ്വാധികാരങ്ങളോടുകൂടി രാജ്യം ഭരിക്കേണമെന്നും ഹിന്ദുക്കൾക്കു പ്രത്യേകമായിട്ടൊരു സ്വരാജ്യം സ്ഥാപിക്കേണമെന്നുമുള്ള ഉദ്ദേശവും ഉദ്യമവും അന്നത്തെ മഹാരാഷ്ട്രക്കുണ്ടായിരുന്നില്ല. ആകയാൽ ശിവാജിയുടെ അഭ്യുദയകാംക്ഷികളിൽ അഗ്രഗണ്യനായ താതോജിക്കു, ശിവാജി ഒരു വലിയ ഉദ്യോഗസ്ഥനായിരിക്കാതെ ഇങ്ങിനെ അലഞ്ഞുതിരിയുന്നുവല്ലോ എന്നു വ്യസനം തോന്നിയതിൽ അത്ഭുതമില്ല.

താതോജി, തൻെറ അഭിപ്രായത്തെ ശിവാജിയോടു തുറന്നുപറകയും അദ്ദേഹത്തെ പുതിയ ഉദ്യമങ്ങളിൽനിന്നു പിന്തിരിപ്പിക്കുവാൻ ശ്രമം ചെയ്കയും ചെയ്തു. പക്ഷേ, താതോജിയുടെ ഈ അഭിപ്രായത്തോടു ശിവാജി ലേശംപോലും യോജിച്ചില്ല. അന്യന്മാരുടെ, പ്രത്യേകിച്ചു മഹമ്മദീയരുടെ, കീഴിൽ ഉദ്യോഗം വഹിക്കുന്നതു ഹിന്ദുക്കളുടെ ജാതിമൎയ്യാദക്കും സമുദായമഹിമക്കും വളരെ കുറവാണെന്നാണ് ശിവാജിയുടെ അഭിപ്രായം. ഈ അഭിപ്രായത്തെ, ശിവാജിയുടെ മാതാവായ ജീജാഭായിയും പലതവണ പുത്രനോടു പറഞ്ഞിരുന്നു. ജീജാഭായിക്കു സ്വതേതന്നെ മഹമ്മദീയരുടെ പേരിൽ വെറുപ്പും വിരോധവും ഉണ്ടായിരുന്നു. ശിവാജിയുടെ വിവാഹംതന്നെ ബിജപ്പൂരിൽനിന്നു പാടില്ലെന്നു ജീജാഭായി ആദ്യകാലങ്ങളിൽ ഷഹാജിയോടു പറകയുണ്ടായി. ജീജാഭായിക്കു ഷഹാജിയുടെ പേരിൽ തോന്നിയിരുന്ന മനസ്താപത്തിൻെറ ഏകകാരണം അദ്ദേഹം ബിജപ്പൂർ സുൽത്താൻെറ കീഴിൽ ഉദ്യോഗംവഹിക്കുന്നതായിരുന്നു. ഈ വെറുപ്പു ശിവാജിയെ ഗൎഭത്തിൽധരിച്ചി

ത്തന്നകാലത്തുതന്നെ ജീജാഭായിയുടെ ഉള്ളിൽ കുടികൊണ്ടിരുന്നതുകൊണ്ട് അതിൻെറ തീവ്രജ്വാലകളേററ ചുട്ടുപഴുത്ത രക്തമാണ് ശിവാജിയുടെ ധമനികളിൽകൂടി ഓടിക്കൊണ്ടിരുന്നത്. ശിവാജിയുടെ പൌരുഷപരാക്രമങ്ങൾക്ക് അദ്ദേഹത്തിൻെറ അമ്മതന്നെയാണ് പ്രധാനകാരണം. ശിവാജി ചെറിയ കുട്ടിയായിരിക്കുന്ന കാലത്ത് അദ്ദേഹത്തിൻെറ അമ്മ യുദ്ധധർമ്മങ്ങളേയും ജയോപായങ്ങളേയും പററി കഥ പറയുന്ന കൂട്ടത്തിൽ മഹമ്മദിയരുടെ കീഴിലിരുന്നു ദാസ്യം ചെയ്യുന്നതു വളരെ ഹീനമാണെന്നും ഉപദേശിച്ചിരുന്നു. അതോടുകൂടിത്തന്നെ ഈശ്വരഭക്തിയുടെ മഹിമയെപ്പററിയും അവർ പ്രസംഗിച്ചിരുന്നു. ഭവാനീദേവിയേയും മഹാദേവനേയും സദാ ധ്യാനിക്കുവാൻ അവർ ഉപദേശിച്ചിരുന്നു. പെററ മാതാവിൻെറ ഉപദേശം ഈ വിധമിരിക്കേ, ശിവാജി താതോജിയുടെ അഭിപ്രായത്തെ എങ്ങിനെ സ്വീകരിക്കും?

സക്കാരുദ്യോഗം സ്വീകരിക്കേണ്ടതിനെപ്പററി താതോജി എത്രതന്നെ ഉപദേശിച്ചിട്ടും യാതൊരു ഫലവും ഉണ്ടായില്ല. ശിവാജിക്കു പ്രാപ്തിയായിത്തുടങ്ങിയപ്പോൾ അയാൾ താൻ പറഞ്ഞതിനെ കേൾക്കാതിരുന്നതിൽ താതോജിക്കു കുറേ സുഖക്കേടുണ്ടായി. തൻെറവാക്കു കേട്ടില്ലെന്നുകണ്ടപ്പോൾ, താതോജി അയൽവക്കത്തുള്ള വൃദ്ധന്മാരേ വിവരം അറിയിച്ച് അവരോടു ശിവാജിയെ ഉപദേശിക്കുവാൻ ആവശ്യപ്പെട്ടു. അതുപ്രകാരം, വാദ്ധ്ക്യംകൊണ്ടു പുറത്തിറങ്ങുവാൻകൂടി വഹിയാത്ത പലേ മഹാന്മാരും ശിവാജിയോടു ഗുണദോഷം പറഞ്ഞുനോക്കി. പക്ഷേ, അതുകൊണ്ടും യാതൊരു ഫലവുമുണ്ടായില്ല. ഒടുവിൽ, താതോജി തൻെറ ഭാരം ഒഴിക്കുവാനായി, ശിവാജിയുടെ നടവടികളെപ്പററി ഏററവും ഒതുങ്ങിയും വണങ്ങിയുമുള്ള നിലയിൽ ഷഹാജിക്കുതന്നെ ഒരെഴുത്ത് എഴുതിഅയച്ചു. കഴിഞ്ഞ പത്തു സംവത്സരകാലമായി ഷഹാജി ജീജാഭായിയേയും ശിവാജിയേയും പററി യാതൊരു വിചാരവും കൂടാതെയാണിരുന്നിരുന്നത്.

**൨. സിംഹഘട, പുരന്ദരദുൎഗ്ഗം:**—ഷഹാജി,ബീജപ്പൂർ സുൽത്താന്റെ സേനാധിപത്യം സ്വീകരിച്ചു കൎണ്ണാടകത്തിന്റെ നേരേ യുദ്ധംചെയ്കയും പലജന്മഭൂമികളും സുൽത്താന്റെ കയ്യിൽനിന്നു പുതിയ സമ്മാനമായി വാങ്ങുകയും ചെയ്തവിവരം മുമ്പത്തെ അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ, ഷഹാജിയുടെ ആക്രമണം കൎണ്ണാടകത്തിൽ വിശ്രമിക്കുകയുണ്ടായില്ല. അതു ദക്ഷിണദേശങ്ങൾക്കെല്ലാം സാമാന്യേന വിഷയമായിത്തീൎന്നു. ഷഹാജി ദക്ഷിണദേശത്തെ ആക്രമിച്ചകാലത്തു തഞ്ചാവൂരിൽ വാണുകൊണ്ടിരുന്നതു രഘുനാഥനായ്ക്കർ ആയിരുന്നു. അദ്ദേഹം, ചെഞ്ചികോട്ടയിലെ വിചാരിപ്പുകാരനായ വൈകുണ്ഠനായ്ക്കരോടും തൃശ്ശിനാപ്പിള്ളി മുതൽ കൊള്ളടക്കരവരെയുള്ള സ്ഥലത്തിന്റെ അധിപതിയായ തിരുമലനായ്ക്കരോടും തുടരെത്തുടരെ യുദ്ധംചെയ്തുകൊണ്ടിരുന്നു. ഈ മൂന്നുകൂട്ടരും തല്ക്കാലം ദുൎബ്ബലന്മാരായിരുന്നു. ഷഹാജി അവർ മൂന്നു പേരുടേയും നേരെ ആക്രമിച്ച് അവരുടെ രാജ്യങ്ങളെ ബീജപ്പൂരിന്റെ കീഴിലാക്കി അവരെക്കൊണ്ടു സുൽത്താനു കപ്പം കൊടുപ്പിച്ചു. ഷഹാജി ഈ വക ശ്രമങ്ങളിൽ മുഴുകിയിരിക്കുന്നതിനിടയിലാണ്, ശിവാജിയെപ്പററി താതോജി അയച്ച എഴുത്തു കിട്ടിയത്. അതു കൊണ്ടു ഷഹാജി തൽക്കാലം അതിന്നു മറുവടി അയയ്ക്കുകയുണ്ടായില്ല. ഇതിന്നിടയിൽ ബീജപ്പൂർ സുൽത്താനും ശിവാജിയുടെ നടവടികളെപ്പററി ഷഹാജിക്ക് ഒരു താക്കീതയയ്ക്കുകയുണ്ടായി. അതിന്നും ഷഹാജി ജാഗ്രതയോടെ സമാധാനം കൊടുത്തില്ല. അല്പം കഴിഞ്ഞതിന്നുശേഷം ഷഹാജി സുൽത്താന് ഒരു കത്തയയ്ക്കയും, രാജഘടാദുൎഗ്ഗത്തെ വിട്ടൊഴിപ്പാൻ ശിവാജിയെ എഴുത്തുമൂലം അറിയിക്കയും ചെയ്തു.

ഈ ഘട്ടത്തിൽ താതോജിയുടെ സ്ഥിതിയും, വലിയ കഷ്ടത്തിലായി. സുൽത്താൻ ഷഹാജിയെ ഉപദ്രവിക്കുമല്ലോ എന്നൊരു വ്യസനം; ശിവാജിയും ജീജാഭായിയും കഷ്ടത്തിലാകുമല്ലോ എന്നു മററൊരു വ്യസനം; ഇങ്ങിനെ പലതും വിചാരി

ച്ചു വ്യസനാക്രാന്തനായിരുന്നതുകൊണ്ടു താതോജി കിടപ്പിലായി. അത്യുഗ്രമായ അപായശങ്കാവിഷം ആ ശുദ്ധാത്മാവിന്റെ ശിരസ്സു വരെയും കയറി. പല വൈദ്യന്മാരും പരിശോധിച്ചതിൽ താതോജിയുടെ രോഗം അപായകരമാണെന്നാണഭിപ്രായപ്പെട്ടത്. ഈ രോഗം കുറേശ്ശ കുറേശ്ശയായി വൎദ്ധിച്ചുവരികയും, ഒടുവിൽ 1647-ാമാണ്ടിൽ താതോജി ചരമഗതിയെ പ്രാപിക്കയും ചെയ്തു. മരിക്കുന്നതിന്നു കുറച്ചുമുമ്പ് അദ്ദേഹം ദേശമുഖ്യന്മാരേയും കാൎയ്യസ്ഥന്മാരേയും വരുത്തി, തന്റെ മരണശേഷം ശിവാജിയെ പ്രഭുവായി അംഗീകരിക്കേണമെന്നു പറഞ്ഞു. ഈ അന്ത്യഘട്ടത്തിൽ തന്നെ ശുശ്രൂഷിച്ചുംകൊണ്ടു നില്ക്കുന്ന ശിവാജിയോടായിട്ടു താതോജി ഇങ്ങിനെ ഉപദേശിക്കുകയുണ്ടായി:—"സൎവ്വശക്തനായ ഈശ്വരന്നും മഹാരാഷ്ട്രക്കും വേണ്ടിയുള്ള കടമകളെ വിരോധംകൂടാതെ നിറവേററുക. മഹമ്മദീയരുടെ വരുതിക്കു കീഴടങ്ങാത്തതും സ്വാതന്ത്ര്യവുമായ ഒരു സ്വരാജ്യത്തെ സ്ഥാപിക്കുക. പശുബ്രാഹ്മണരേയും പ്രയത്നക്കാരായ വ്യവസായികളേയും ആദരിക്കുക എന്ന രാജധൎമ്മത്തെ വഴിപോലെ പരിപാലിക്കുക. കാലദേശാവസ്ഥകളേയും ആഭ്യന്തരസ്ഥിതികളേയും അറിഞ്ഞു പൌരുഷപരാക്രമങ്ങളെ പ്രദൎശിപ്പിച്ച് എന്നും വിജയിയായിഭവിക്കുക." മരണത്തിന്നു കുറച്ചുമുമ്പുമാത്രമാണ് ശിവാജിക്കു സ്വരാജ്യം സ്ഥാപിപ്പാനുള്ള ശക്തിയും, രാഷ്ട്രീയ മൎയ്യാദകൾ സംരക്ഷിക്കുവാനുള്ള സാമൎത്ഥ്യവും മററു രാജലക്ഷണങ്ങളും ഉള്ളതായി താതോജി മനസ്സിലാക്കിയത്. അതേവരെയും ശിവാജി ഉത്സാഹവും ധൈൎയ്യവുമുള്ള ഒരു യുവാവാണെന്നുമാത്രമേ ധരിച്ചിരുന്നുള്ളു. ശിവാജിയുടെ നടവടികളെക്കൊണ്ടു ആദ്യം കുറേ സുഖക്കേടു തോന്നിയെങ്കിലും, ശിവാജിയുടെ സദാചാരവും നിരന്തരപ്രയത്നവും നിമിത്തം മഹാരാഷ്ട്രരുടെ സാമുദായികബോധവും സ്വാതന്ത്ര്യബുദ്ധിയും വൎദ്ധിച്ചുവരുന്നതായിക്കണ്ട്, താതോജി തന്റെ അന്ത്യഘട്ടത്തിൽ ആനന്ദഭരിതനായിത്തീൎന്നു. ഭീരകോജി നർസലർ, സാംബാജിമോഹട്ട് എന്ന രണ്ടു പേരൊഴികെ എല്ലാ

വരും താതോജിയുടെ ചരമദശയിൽ പൂനയിൽ ഉണ്ടായിരുന്നു. ഇവരിൽ ഭീരകോജി ചക്കൻകോട്ടയുടെ രക്ഷകനാകുന്നു. സാംബാജിമോഹട്ട് എന്നാൾ ഷഹാജിയുടെ ദ്വിതീയഭാൎയ്യയുടെ സഹോദരനും, സൂഭാകോട്ടയുടെ കാവൽക്കാരനുമാണ്.

മേല്പറഞ്ഞവരിൽ സാംബാജിമോഹട്ട് എന്നാൾ ഷഹാജിയുടെ സ്വത്തുക്കൾക്കവകാശിയായിട്ടുള്ളാളെ അദ്ദേഹംതന്നെ നിയമിക്കേണമെന്നും, ആ നിയമനം കഴിയുന്നതുവരെ ശിവാജിക്കു യാതൊരധികാരവുമില്ലെന്നും പറഞ്ഞു കുടിയാന്മാരെ തടസ്ഥപ്പെടുത്തി. ശിവാജി എന്തുതന്നെ പറഞ്ഞിട്ടും അയാൾ വഴിപ്പെട്ടില്ല. വേറെ നിവൃത്തിയില്ലെന്നു വന്നപ്പോൾ ശിവാജി, യുദ്ധവീരന്മാരായ മുന്നൂറു ഭടന്മാരോടുകൂടി ഒരേരാത്രികൊണ്ടു സൂഭാകോട്ടയിൽ ചെല്ലുകയും ഉറങ്ങിക്കിടന്നിരുന്ന സാംബാജിയേയും കൂട്ടുകാരേയും ബന്ധനത്തിലാക്കി ഷഹാജിയുടെ ഇരിപ്പിടമായ ബങ്കളൂൎക്കയയ്ക്കുകയും ചെയ്തു. സാംബാജിയുടെകൂടെ പോകുവാൻ ഇഷ്ടമില്ലാത്തവരായ ചിലരെ തൻെറ സൈന്യത്തിൽ ചേൎക്കുകയും, അവൎക്കു തക്കതായ ഉദ്യോഗങ്ങൾ കൊടുക്കുകയും ചെയ്തു.

ഇന്ദാപുരം, ബാരാമതി എന്നീ ജില്ലകൾ ശിവാജിയുടെ വകയായിത്തീൎന്നു. ഷഹാജിയുടെ ദേശവഴികളായി ഓരോരോ പ്രതിനിധികളുടെ കൈവശത്തിൽ ഇരുന്നിരുന്ന എല്ലാ സ്ഥലങ്ങളും ഒത്തുചേൎത്തു ശിവാജി സ്വായത്തമാക്കിത്തീൎത്തു. കോട്ടകളാണെങ്കിൽ എല്ലാം തന്നെയും,സുൽത്താൻെറ വകയായി അങ്ങുമിങ്ങും കിടന്നിരുന്നത് ഓരോന്നോരോന്നായി ശിവാജിയുടെ കൈവശമാകുവാൻ തുടങ്ങി. തോരണക്കോട്ടയും രാജഘടാദുൎഗ്ഗവും കൈവശപ്പെട്ടതുകൊണ്ടു, തെക്കുപടിഞ്ഞാറൻവഴിക്കു സൈന്യങ്ങൾക്കു വരുവാൻ തരമില്ലാതെ ആയിത്തീൎന്നു. പൂനയുടെ തെക്കുഭാഗത്തു കുറെ അകലെ കിടക്കുന്ന ഘോണ്ടാനാ എന്ന കോട്ട വളരെ ഉറപ്പുള്ള ഒന്നായിരുന്നു. ആ കോട്ട കൈവശമായാൽ മുക്താനദിയുടെ തീരപ്രദേശങ്ങളും പൂനയുടെ വെളിംപ്രദേശങ്ങളും സ്വാധീനമാകും. ആകയാൽ ശിവാ

ജി അതിന്നുള്ള ശ്രമം തുടങ്ങി. ഈ കോട്ടയുടെ കാവൽക്കാരൻ ഒരു പട്ടാണിയായിരുന്നു. തനിക്കു നല്ലൊരു സംഖ്യ കിട്ടിയാൽ കോട്ട വിട്ടുതരാമെന്ന് അവൻ സമ്മതിച്ചു. ഉടൻതന്നെ ശിവാജി അതു കൈവശമാക്കുകയുംചെയ്തു. ആ കോട്ടക്കു ശിവാജി സിംഹക്കോട്ട എന്നൎത്ഥമായ 'സിംഹഘടാ' എന്ന പേർ വിളിച്ചു.

സിംഹഘടാദുൎഗ്ഗത്തിൻെറ തെക്കുകിഴക്കുഭാഗത്തു പൂരന്ദരൻ കോട്ട എന്നു പേരായി വേറെ ഒരു കോട്ടയുണ്ടായിരുന്നു. ഇതു നല്ല ഉറപ്പുള്ളതും ശത്രുക്കൾക്കു ഭേദിപ്പാൻ കഴിയാത്തതും വളരെ വലുതുമായ ഒരു കോട്ടയായിരുന്നു. ഈ കോട്ടയിൽ പൂൎവ്വകാലത്തു ദേവേന്ദ്രനെ ഉദ്ദേശിച്ച് ഒരു ഉത്സവം പ്രതിവൎഷം നടത്തുക പതിവായിരുന്നു. അതിനാലാണ് ഇതിന്ന് ഇന്ദ്രൻെറ നാമധേയമായ പൂരന്ദരൻ എന്ന സംജ്ഞ കിട്ടിയത്. ഈ കോട്ട രക്ഷിക്കുവാൻ നീലകണ്ഠനായ്ക്കൻ എന്നൊരാളെയാണ് ബിജപ്പൂർ സുൽത്താൻ ഏല്പിച്ചിരുന്നത്. ആ കാവൽക്കാരൻ താതോജിയുടെ മരണത്തിന്നു കുറച്ചുമുമ്പു മരിച്ചുപോയി. പിന്നെ മററൊരാളെ കോട്ട സംരക്ഷിക്കുവാൻ നിയമിച്ചു കല്പന വരുന്നതിന്നു മുമ്പായി നീലകണ്ഠനായ്ക്കൻെറ മൂത്ത മകനായ ഭില്യ, പൂരന്ദരൻ കോട്ടയും അതിൻെറ ചുററുമുള്ള ഭൂമികളും തൻെറ കൈവശത്തിലാക്കി. ഭില്യവിൻെറ അനുജന്മാർ അച്ഛൻെറ സ്വത്തിന്മേൽ തങ്ങൾക്കും അവകാശമുണ്ടെന്നും ജ്യേഷ്ഠൻ മാത്രം എല്ലാം കരസ്ഥമാക്കുന്നതു സമ്മതിക്കയില്ലെന്നും പറകയും, ബിജപ്പൂരിൽ ആക്ഷേപം കൊണ്ടുചെല്ലുകയും ചെയ്തു. പക്ഷെ അതുകൊണ്ടൊന്നും അവരുടെ ആഗ്രഹം സാധിച്ചില്ല. അപ്പോളവർ ശിവാജിയുടെ സഹായത്തെ അപേക്ഷിച്ചു. ശിവാജിയാകട്ടെ ഒട്ടും താമസിക്കാതെ സൈന്യസമേതനായിച്ചെന്ന്, ഭില്യവിനെ നീക്കി കോട്ടയിൽ തൻെറ കൊടി സ്ഥാപിച്ചു. ഭില്യവിന്നു കോട്ടയുടെ ചുററുമുള്ള ഭൂമികളിൽ ചിലതു കൊടുത്തതിന്നു പുറമെ വലുതായ ഒരു ഗൃഹവും ശിവാജി പണിയിച്ചുകൊടുത്തു. ഭില്യവിൻെറ

താഴെയുള്ള ശങ്കരറാവുജിയെ, ശിവാജി തൻെറ പീരങ്കിപ്പടയുടെ തലവനായി നിയമിക്കുകയും, അതിന്നുതാഴെയുള്ളാറക്കു സൈന്യത്തിൽ സാധാരണതരത്തിലുള്ള ഒരുദ്യോഗം നല്കുകയും ചെയ്തു. ഇങ്ങിനെ നീലകണ്ഠനായ്ക്കൻെറ മക്കളെ തൃപ്തിപ്പെടുത്തിയതിന്നുശേഷം മോറോപിംഗളെയെത്തന്നെ ശിവാജി പുരന്ദരൻ കോട്ടയുടെ രക്ഷകനായി നിശ്ചയിച്ചു. ഇതോടുകൂടി ശിവാജിയുടെ തെക്കൻപ്രദേശങ്ങാക്കു മതിയായ ഉറപ്പുകിട്ടി.

3. **കല്യാണപുരം കൊള്ള:**—കല്യാണപുരം എന്നതു ധാനാ ജില്ലയിലെ ഏററവും ഐശ്വര്യമുള്ള ഒരു നഗരമാണ്. ഇത് ആ സംസ്ഥാനത്തിലെ പ്രധാനരാജധാനിയായിരുന്നു. കല്യാണപുരത്തിന്ന് ഇപ്പോഠം പറയുന്ന പേർ 'കല്യാൺ' എന്നാകുന്നു. 'കല്യാൺ' എന്നത് ഇപ്പോഠം പൂനയുടേയും ബോമ്പായിയുടേയും നടുവിലുള്ള ഒരു റയിൽവേ ജങ്ക്ഷൻ ആണ്. ശിവാജിയുടെ കാലത്ത് കല്യാണപുരത്തിൽ വാണിരുന്നതു മൌലാനാ അഹമ്മദ് എന്നൊരു മഹമ്മദിയനായിരുന്നു. ഈ മൌലാനയാണു കല്യാണപുരത്തുനിന്നു പിരിയുവാനുള്ള കരമെല്ലാം പിരിച്ചു ബിജപ്പൂരിലേക്ക് അയച്ചുവന്നിരുന്നത്.

ഈ മൌലാനാ അഹമ്മദ് ഒരിക്കൽ കരംപിരിഞ്ഞതെല്ലാം കൂട്ടി ബീജപ്പൂരിലേയ്ക്കു 'മുടിപ്പ്' അയക്കുകയായിരുന്നു. കൂടെ കാവല്ക്കാരായി ഏതാനും ഭടന്മാരേയും അയച്ചിരുന്നു. വഴിയിൽ മലയരുടെ ഉപദ്രവവും അങ്ങുമിങ്ങും ഉപായത്തിൽ ചില കൊള്ളകളും ഉണ്ടാവാറുള്ളതുകൊണ്ടു മുടിപ്പയക്കുമ്പോഠം കുറെ ഭടന്മാരെക്കൂടി അയക്കുക പതിവായിരുന്നു. ഈ മുടിപ്പുവണ്ടികഠം കൊങ്കണം വഴിക്കു തിരിഞ്ഞ് 'കട്ടേ, കരട്ടേ, കരടേ' എന്നു ശബ്ദിച്ചുംകൊണ്ടു പൊയ്ക്കൊണ്ടിരുന്നു. ഈ സമയത്ത് ശിവാജി അശ്വാരൂഢന്മാരായ മുന്നൂറു ഭടന്മാരോടുകൂടി 'പോരി' എന്ന മലഞ്ചരുവിൽക്കൂടെ ഇറങ്ങിച്ചെന്ന് കാവല്ക്കാരെ എതിർത്തു. അവിടെവെച്ചു ചെറുതായൊരു യുദ്ധമുണ്ടായതിൽ

ഖജാനകാവൽക്കാർ തോററുപോയി. ചിലർ മരിച്ചു. ചിലർ പ്രാണനേയുംകൊണ്ടു പറപറന്നു. ബാക്കിയുള്ളവർ കീഴടങ്ങി അഭയം പ്രാപിക്കുകയും ചെയ്തു. അവർ കൊണ്ടുപോയിരുന്ന മുതലെല്ലാം കൈവശമായതുകൊണ്ടു ശിവാജിക്കുണ്ടായിരുന്ന പണത്തിൻെറ തിട്ടക്കം ഒരുവിധം തീൎന്നു. തോരണക്കോട്ടയിൽനിന്നു കിട്ടിയ നിക്ഷേപം തിരെ ചിലവായിരുന്നതുകൊണ്ട്, ശിവാജി തൻെറ ഉദ്ദേശനിൎവ്വഹണത്തിന്നു പണമില്ലാതെ ക്ലേശിച്ചിരുന്നതിന്ന് ഇപ്പോഠം തക്കതായ നിവൃത്തി കിട്ടി.

ഇതിന്നുശേഷം ശിവാജി വിണ്ടും ഓരോ പരാക്രമങ്ങഠം ആരംഭിച്ചു. അദ്ദേഹം അടുത്തുണ്ടായിരുന്ന ചില മലംകോട്ടകഠംകൂടി പിടിച്ചടക്കി കൈവശമാക്കി. രാജമച്ചി, റൈരി, ലോഹഘടാ ഈ മൂന്നു കോട്ടകഠം അദ്ദേഹത്തിൻെറ കിഴിൽ വന്നു. ഇവയിൽ രാജമച്ചി എന്ന കോട്ട പോരി മലഞ്ചരുവിൻെറ അടിവാരത്തിൽ ഉയൎന്ന ഒരു ഗിരിശൃംഗത്തിലാണ് സ്ഥിതിചെയ്യുന്നത്. ലോഹഘടാ എന്നത് ആ മലഞ്ചരുവിൻെറ നന്നെ മുകളിലുള്ളതും പ്രകൃതിവിഭവങ്ങഠം നിറഞ്ഞതുമായ ഒരു കോട്ടയായിരുന്നു. റൈരി ശിവാജിയുടെ പ്രധാന നഗരമായിത്തീരുവാൻ പോകുന്നതുകൊണ്ട് അതിനെപ്പററി മുകളിൽ പറയപ്പെട്ടുന്നതാണ്.

ഇങ്ങിനെ ശിവാജി കോട്ടകളെ പിടിച്ചടക്കിക്കൊണ്ടുവരുന്നതിന്നിടയിൽ വേറേയും ഒരു സംഭവമുണ്ടായി. ഷഹാജിയുടെ ഒരു പഴയ മിത്രവും ശിവാജിയുടെ ആപ്തസുഹൃത്തുമായ അപ്പാജിശോണദേവൻ എന്നാഠം കല്യാണപുരത്തിൽ പ്രവേശിച്ചു മൌലാനാ അഹമ്മദിനെ തടവുകാരനായിപ്പിടിച്ചു. ഈ വിവരം അറിഞ്ഞപ്പോഠം ശിവാജി കല്യാണപുരത്തിൽ ചെന്നു ചേരുകയും അപ്പാജിയെ സഹായിക്കുകയും, മൌലാനയെ ബന്തോവസ്സിൽവെച്ചു വളരെ മൎയ്യാദയിൽ ആഠംക്കാരോടുകൂടി ബിജപ്പൂരിലേയ്ക്കയക്കുകയും ചെയ്തു. തടവുകാരായിപ്പി

ടിക്കുന്നവരോടു മര്യാദയായിപ്പെരുമാറുന്നതു ശിവാജിയുടെ ഗുണങ്ങളിൽ ഒന്നാകുന്നു. മൌലാനാ അഹമ്മദിന്റെ അരമനയിൽ കടന്നു നോക്കിയപ്പോൾ അപ്പാജിയുടെ ശ്രദ്ധയെ ആകർഷിച്ചത് സർവ്വാംഗസുന്ദരിയായി അവിടെ കാണപ്പെട്ട അഹമ്മദിന്റെ മരുമകളാണ്. ആ തരുണിയെ അപ്പാജി ശിവാജിയുടെ മുമ്പിലേക്കു നയിച്ചു. യുദ്ധത്തിലെന്നപോലെ കൊള്ളയിലും കിട്ടുന്ന അപൂർവ്വവസ്തുക്കളെ തലവന്റെ കയ്യിൽ ഏല്പിക്കുന്നതു പതിവായിരുന്നു. ശിവാജി ആ യുവതിയോടു പറഞ്ഞത് ഇങ്ങിനെയാണ്. "എന്റെ അമ്മക്കു നിനക്കുള്ള സൌന്ദര്യത്തിൽ പകുതിയെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ ഞാൻ ഇപ്പൊഴത്തെക്കാളധികം സുന്ദരനാകുമായിരുന്നു. ആകയാൽ നീ എന്റെ അമ്മയേക്കാൾ മേലെയുള്ളവളാകുന്നു. ഈ പ്രപഞ്ചത്തിൽ യശസ്സിനെ കാംക്ഷിക്കുന്ന പുരുഷൻ പരദാരങ്ങളെ ആഗ്രഹിക്കയില്ല." ഇപ്രകാരം പറഞ്ഞ് ശിവാജി ആ യുവതിയെ വളരെ ആദരവോടും വിനയത്തോടുംകൂടി അവളുടെ സ്വന്തം ആളുകളുടെ അടുക്കലേക്കു പറഞ്ഞയച്ചു. സൌന്ദര്യമുള്ള യുവതിമാരെ കാണുമ്പോൾ മനസ്സിനു യാതൊരു ചാഞ്ചല്യവുംകൂടാതെ അവരെ മാതൃനിർവ്വിശേഷമായി ആദരിച്ചു ബഹുമാനിക്കുന്നതിന്നുള്ള മനശ്ശക്തിയും സദാചാരബോധവും ശിവാജിക്കുള്ളതുപോലെ അധികം പേർക്ക് ഉണ്ടാകുമെന്നു തോന്നുന്നില്ല. പുരാണപ്രസിദ്ധന്മാരായ സൂര്യസോമവംശ രാജാക്കന്മാരിൽക്കൂടിയും ദുർല്ലഭം ചിലർക്കു മാത്രമെ ഈ ശക്തി കാണുന്നുള്ളൂ. ശിവാജിക്ക് ഈ കാര്യത്തിലുണ്ടായിരുന്ന നിഷ്ഠയാണ് അദ്ദേഹത്തിന്റെ സർവ്വ വിജയങ്ങൾക്കും കാരണം. ശിവാജിക്കുണ്ടായിരുന്ന ഈ സദാചാരനിഷ്ഠയെ മഹമ്മദീയ ചരിത്രകാരനായ ഖാഫിഖാൻ കൂടിയും പ്രശംസിച്ചിട്ടുണ്ട്.

മൌലാനാ അഹമ്മദിനെ ബന്ധനത്തിലാക്കിയതോടുകൂ

ടി കല്യാണപുരം കോട്ട ശിവാജിയുടെ അധീനമായി. അതിനുശേഷം ശിവാജി ധനസംബന്ധമായ കാൎയ്യങ്ങളിൽ പൂൎവ്വാധികമായി മനസ്സിരുത്തുകയും, പിരിവുകളെല്ലാം തക്കസമയത്തുതന്നെ പിരിക്കുന്നതിൽ ജാഗ്രത ചെയ്കയും ചെയ്തു. ഈ ഘട്ടത്തിൽ ബിജപ്പൂർ സുൽത്താൻ ശിവാജിയുടെ നേരെ കലശലായി കോപിച്ചുവശായി. 'മുടിപ്പുഭണ്ഡാരം' കൊള്ളചെയ്തും കല്യാണപുരം കയ്യേറിപ്പിടിച്ചതും തന്നെ തോല്പിക്കുവാനായി ശിവാജി പ്രത്യക്ഷത്തിൽ ചെയ്ത അക്രമങ്ങളാണെന്നു സുൽത്താനു മനസ്സിലായിരുന്നു. എങ്കിലും ശിവാജി അതൊന്നും ആലോചിക്കാതെ പിന്നെയും കോട്ടകൾ പിടിക്കുന്നതിൽ ജാഗരൂകനായിത്തന്നെ ഇരുന്നു. ഏററവും ഉറപ്പോടുകൂടി കാത്തുപോന്നിരുന്ന കോട്ടകളെപ്പോലും ശിവാജി എത്രയും എളുപ്പത്തിൽ പിടിച്ചടക്കി. ശിവാജി, ഗംഗ്ഗുരി എന്ന കോട്ട കൈവശമാക്കിയതു വെറും ഉപായംകൊണ്ടുമാത്രമാണ്. ഈ കോട്ട മലകളുടെ തുടരിലാണു സ്ഥിതിചെയ്യുന്നത്. വൎഷകാലങ്ങളിൽ ഇതിൽ ധാരമുറിയാതെ പെരുമഴ പെയ്തുകൊണ്ടിരിക്കും. ഈ മലംകോട്ടയിലുള്ള കെട്ടിടങ്ങളും വീടുകളും മഴയത്തു ചോൎന്ന് ഇടിഞ്ഞു വീഴാതിരിപ്പാനായി കാലേക്കൂട്ടിത്തന്നെ മേച്ചിൽസ്സാധനങ്ങൾ കെട്ടുകെട്ടായി കൊണ്ടുപോയി ആളുകൾ ശേഖരിക്കുക പതിവാണ്. ആ കൂട്ടത്തിൽ ശിവാജി ഏതാനും മലയപ്പടയാളികളോടുകൂടി കെട്ടുകളും ചുമന്നുകൊണ്ടു കോട്ടയിലേക്കു ചെന്നു. ആ കെട്ടുകളുടെ ഉള്ളിൽ ആയുധങ്ങൾ മറച്ചുവെച്ചിരുന്നു. വളരെ ആളുകൾ കെട്ടുകളും ചുമന്നു വരാറുള്ളതുകൊണ്ട് ഇവരെ ആരും വിശേഷാൽ കരുതുവാനിടയായില്ല. ഇവരാകട്ടെ കോട്ടകാവല്ക്കാരനെത്തടുത്തുനിൎത്തി ബലാൽക്കാരേണ കോട്ട കൈവശപ്പെടുത്തുകയാണുണ്ടായത്.

ഗംഗ്ഗുരിക്കോട്ട പിടിച്ച കാലത്തു ശിവാജി ഒരു കൊങ്കണബ്രാഹ്മണൻെറ കയ്യിലുണ്ടായിരുന്ന ഒരു ഭവാനിക്കത്തി ഒരുനൂറു വരാഹൻ വിലകൊടുത്തു വാങ്ങുകയുണ്ടായി. ഭവാനിക്ക

ത്തി എന്നതു ഭവാനിദേവി നൽകിയ കത്തി എന്നാണു വിശ്വസിക്കുന്നത്. ശിവാജിക്കു പല ദിക്കുകളിൽനിന്നും ഭവാനിക്കത്തി കിട്ടുകയുണ്ടായിട്ടുണ്ട്. ഭവാനിദേവി ഭോൻസ്ലേവംശക്കാർക്കു പണ്ടേയ്ക്കുപണ്ടേ പരദേവതയാകകൊണ്ടു ഭവാനി എന്ന പേർ കേൾക്കുമ്പോഴേക്കു ശിവാജി ഭക്തിപരവശനായിത്തീരുക പതിവാണ്. തൻെറ സർവ്വ വിജയത്തിന്നും കാരണം ഭവാനീദേവിയുടെ അനുഗ്രഹമാണെന്നു ശിവാജി പറയാറുണ്ട്. തൻെറ ഉദ്ദേശസിദ്ധി ഭവാനീദേവിയുടെ അനുഗ്രഹമില്ലാതെ അസാദ്ധ്യമായതുകൊണ്ടാണ് ശിവാജി ഒരു ഭവാനിക്കത്തിക്കു വളരെ വലിയ വില കൊടുക്കുവാൻ ഉറച്ചത്. ഇതു ശത്രുസംഹാരത്തിന്നായി ദേവി പ്രസാദിച്ചു തനിക്കു കല്പിച്ചുതന്ന പള്ളിവാളാണെന്നായിരുന്നു ശിവാജിയുടെ പൂർണ്ണവിശ്വാസം.

4. **ഷഹാജിയുടെ ജയിൽവാസം:—** ജീവകാലം മുഴുവൻ ബിജപ്പൂരിൽ പാർത്തു, വലിയ ഒരുദ്യോഗവും വഹിച്ച്, പേരും പെരുമയും പൂണ്ടിരിക്കുന്ന സേനാനായകനായ ഷഹാജി, ലേശം കൃതജ്ഞതയില്ലാതെ തനിക്കു വിരോധമായി പ്രവർത്തിക്കുന്നുവെന്നു സുൽത്താൻ ധരിച്ചുവശായി. ഉടനെ സുൽത്താൻ ശിവാജിക്കു ബിജപ്പൂരിലേക്ക് അടിയന്തരമായി വരണമെന്നൊരു കല്പനയും, ഷഹാജിക്ക് ശിവാജിയെ അക്രമപ്രവൃത്തികളിൽനിന്നു പിൻതിരിക്കേണമെന്നൊരു കത്തും അയച്ചു. ശിവാജി അതിന്നയച്ച മറുവടി ഇതായിരുന്നു—'എൻെറ കൈവശമുള്ള പ്രദേശങ്ങൾ എനിക്കുതന്നെ വിട്ടുതരാമെങ്കിൽ ബിജപ്പൂരിലേക്കു വരാം; അല്ലാത്തപക്ഷം വരുവാൻ വിചാരിക്കുന്നില്ല." ഈ മറുവടി സുൽത്താന് അയച്ചതോടുകൂടെ ശിവാജി, ഇനിമേലിൽ താൻ ഒരു കുട്ടിയല്ലെന്നും അധികാരവും സ്വാതന്ത്ര്യവുമുള്ള ഒരു പുരുഷനായിരിക്കുന്നുവെന്നും ഒരു കത്തു തൻെറ അച്ഛന്നും അയച്ചു. ശിവാജിയുടെ ആവശ്യപ്രകാരം ചെയ്വാൻ സുൽത്താൻ സമ്മതിച്ചില്ല; കോപം അധികമാകയും ചെയ്തു. ഇതിന്നു പുറമേ ഷഹാജിയുടെ വിരോധികളായ ചിലർ ഷഹാജിയെപ്പററി

സുൽത്താൻെറ ചെവിയിൽ പലതും മന്ത്രിച്ചുകൊണ്ടിരുന്നു. ശിവാജിയുടെ പ്രവൃത്തികൾക്കെല്ലാം ഷഹാജിയാണു കാരണമെന്നു ചിലർ; ഷഹാജിയുടെ കല്പനകേട്ടു നടക്കുകയാണു ശിവാജി ചെയ്യുന്നതെന്നു വേറെ ചിലർ; ഇങ്ങിനെ പലരും പലതും പറഞ്ഞു സുൽത്താനു ഷഹാജിയുടെ പേരിൽ ബദ്ധവൈരമാക്കിത്തീൎത്തു.

കോപാവിഷ്ടനായിത്തീൎന്ന സുൽത്താൻ പിന്നെ ചെയ്തതു ഷഹാജിയെ പിടിച്ചുകൊണ്ടുവരുവാനായി ഒരു കല്പന പുറപ്പെടുവിക്കുകയാണ്. ഈ കല്പന സ്വകാൎയ്യമായിട്ടായിരുന്നു. കാൎയ്യം പരസ്യമായാൽ ഷഹാജി ഭടന്മാരെക്കൂട്ടി വല്ല അക്രമവും പ്രവൎത്തിച്ചേക്കാമെന്നു ഭയമുണ്ടായിരുന്നു. ആകയാൽ ഷഹാജിയെ ഉപായത്തിൽ പിടിക്കുവാനാണു ശ്രമം ചെയ്തത്. ബിജപ്പൂർ സംസ്ഥാനത്തിലെ പ്രധാനദണ്ഡാധികാരിയായിരുന്ന 'ബാജിഘോരഭട്ടേ' എന്നാൾ വളരെകാലമായി ഷഹാജിയുടെ പേരിൽ അസൂയയോടെ ഇരിക്കുന്നുണ്ടായിരുന്നു. അയാൾ ഷഹാജിയുടെ വലിയ പദവിയും അവസ്ഥയും കണ്ടിട്ടുണ്ടായ കണ്ണുകടിയാൽ മേലുംകീഴും കാണാതെ ആയിച്ചമഞ്ഞിരുന്നു. അയാൾക്കു സുൽത്താൻ 'മദുഹോൾ' എന്ന ജില്ലയെ അനുഭവമായി കൊടുത്തിട്ടുമുണ്ടായിരുന്നു. ഈ 'ഘോരഭടയേ' ആണു സുൽത്താൻ ഷഹാജിയെ പിടിക്കുന്നതിന്നു ഏല്പിച്ചത്. ഘോരഭടേ എന്നതിന്നു മഹാരാഷ്ട്രഭാഷയിൽ ഉടുമ്പെന്നാണൎത്ഥം. ഉടുമ്പു രണ്ടു നാവുള്ള ഒരുതരം ജന്തുവാകുന്നു. കോട്ടമതിലുകളെ കയറുവാനായി പണ്ട് ഉടുമ്പിനെ വളൎത്തി വന്നതുകൊണ്ടാണു ദണ്ഡാധികാരിക്കു ഈ വിശേഷപ്പേർ വന്നത്.

ബാജി ഘോരഭടേ ഷഹാജിയെ പിടിപ്പാൻ പ്രയോഗിച്ച വിദ്യ വളരെ വിചിത്രമായിരുന്നു. അടുത്ത കാലത്തു ഷഹാജിക്കു ദക്ഷിണദേശത്തുണ്ടായ 'വിജയം പ്രമാണിച്ച് അദ്ദേഹത്തിൻെറ ബഹുമതിക്കായി താൻ ഒരു വിരുന്നുകഴിപ്പാൻ തീൎച്ചപ്പെടുത്തിയിരിക്കുന്നുവെന്നും, അതിന്നു വരേണമെന്നും ഘോരഭടേ ഷഹാജിയേ അറിയിച്ചു. ഘോരഭടേയുടെ ദുരാലോചനയെ ഷ

ഹാജി തെല്ലുപോലും അറിഞ്ഞിരുന്നില്ല. ഒരു മഹാരാഷ്ട്രക്കാരൻ വിരുന്നിനു ക്ഷണിക്കുമ്പോൾ പോകാതേകണ്ടിരിക്കുന്നതു വലിയ അനാദരവും ധൎമ്മവിരുദ്ധവുമാണെന്നു വിചാരിച്ചു ഷഹാജി വരുവാൻ സമ്മതിക്കുകയും ചെയ്തു. നിശ്ചയദിവസം ഷഹാജി തന്റെ അംഗരക്ഷകന്മാരോടുകൂടി ഘോരഭടയുടെ ഗൃഹത്തിൽ എത്തി. ഷഹാജി അകത്തു കടന്ന ഉടനെ പിന്നാലെ ഉണ്ടായിരുന്ന അംഗരക്ഷകന്മാരെ ദ്വാരപാലന്മാർ നിരോധിച്ചു. കൂടെയുള്ളവരെ അകത്തുകടക്കുവാൻ അനുവദിക്കരുതെന്നു മുൻകൂട്ടി പറഞ്ഞുറപ്പിച്ചിരുന്നു. ഇതു കണ്ടപ്പോൾ ഷഹാജിക്കു കുറച്ചു സംശയം തോന്നി. എങ്കിലും, വിരുന്നിനു ക്ഷണിച്ച ആൾ വിപരീതം പ്രവൎത്തിക്കുമെന്നു വിചാരിച്ചില്ല. ഘോരഭടേ വളരെ വിനയത്തോടും ആദരവോടുംകൂടി ഷഹാജിയെ വിരുന്നുശാലയിലേയ്ക്കു കൂട്ടിക്കൊണ്ടു പോയി. ഷഹാജി ശാലയിൽ കടക്കേണ്ട താമസം, അതിന്റെ വാതിൽ പെട്ടന്നു ബലത്തിൽ ബന്ധിക്കപ്പെട്ടു. ഇങ്ങിനെ ഷഹാജി ഏകനായി അകത്തുപെട്ട ഉടനെ പുറത്ത് ഒളിച്ചുനിന്നിരുന്ന ഭടന്മാർ ഓടിവരികയും, അദ്ദേഹത്തെ പിടിച്ചു ബന്ധനത്തിലാക്കുകയും ചെയ്തു. മഹാനായ അദ്ദേഹത്തെ കയ്യിനും കാലിനും വിലങ്ങുവെച്ചു കെട്ടി ബീജപ്പൂർ സുൽത്താന്റെ സന്നിധിയിലേക്കയച്ചു. താൻ കുററക്കാരനല്ലെന്നു പലവിധത്തിലും ഷഹാജി സുൽത്താനോടു പറഞ്ഞുവെങ്കിലും ഫലമുണ്ടായില്ല. ശിവാജിയുടെ ബന്ധനത്തെപ്പററി മഹാരാഷ്ട്രചരിത്രകാരന്മാരും ആംഗ്ലേയചരിത്രകാരന്മാരും പറഞ്ഞിട്ടുള്ള കഥയാണ് ഈ എഴുതിയത്. എന്നാൽ ഒരു പാരസികചരിത്രകാരൻ അല്പം വ്യത്യാസത്തോടുകൂടിയാണു പ്രസ്താവിക്കുന്നത്. ആ വിവരം താഴെ ചേക്കുന്നു.

ബിജപ്പൂർ പട്ടാളം കൎണ്ണാടകത്തെ ആക്രമിച്ചപ്പോൾ നവാബ് മുസ്തഫാഖാൻ പ്രധാനസേനാപതിയും, മാലിക്റൈഹാൻ ഷഹാജി എന്നിവർ ഉപസേനാപതികളും ആയിരുന്നു. ഈ പട്ടാളം കെഞ്ചിക്കോട്ടയെ ആക്രമിച്ചതിന്റെ ഫലമായി കോട്ട വീണപ്പോൾ മുസ്തഫാഖാനും മാലിക്റൈഹനും തമ്മിൽ

നല്ല അഭിപ്രായഭേദമുണ്ടായി. മുസ്തഫാഖാൻ ചെയ്യുന്നത് അനീതിയാണെന്നു ഷഹാജിക്കു തോന്നുകയാൽ അദ്ദേഹം മുസ്തഫയുടെ പക്ഷത്തു ചേരാതെ മദ്ധ്യസ്ഥനായിരിക്കുകയാണുണ്ടായത്. ഇതു നിമിത്തം മുസ്തഫാഖാൻ ഷഹാജിയുടെ വിരോധിയായിത്തീൎന്നു. ഈ വിരോധം വളൎന്നുവരികയും, ഒടുവിൽ മുസ്തഫാഖാൻ ഷഹാജിയെ ബന്ധനത്തിലാക്കുവാനുറയ്ക്കുകയുംചെയ്തു. മുസ്തഫാഖാൻ ഒരു ദിവസം ബാബാജി ഘോരഭടടയേയും അശ്വന്തറാവു എന്നാളേയും വിളിച്ചു നേരം പുലരുന്നതിനു മുമ്പെ സൈന്യങ്ങളോടുകൂടിച്ചെന്നു ഷഹാജിയുടെ വീട്ടിൽ പാറാവിടുവാൻ ഏല്പിച്ചു. തലേദിവസം രാത്രി സദ്യയും പാട്ടുകച്ചേരിയുമായി വളരെ നേരം ഉറക്കൊഴിച്ചതുകൊണ്ടു ക്ഷീണിച്ചു കിടന്നുറങ്ങുന്ന ഷഹാജി ഇതൊന്നും അറിഞ്ഞില്ല. ഉണൎന്നു നോക്കിയപ്പോൾ ഷഹാജി തന്റെ പടിയ്ക്കൽ പുതിയ പാറാവുകാരെക്കണ്ട് ആകപ്പാടെ അമ്പരന്നുപോയി. എങ്കിലും കുതിരപ്പുറത്തു ചാടിക്കയറി ഷഹാജി അതിവേഗത്തിൽ കുതിച്ചുചെന്നു. അപ്പോൾ ബാബാജി ഘോരഭടെ അദ്ദേഹത്തെ തുടൎന്നുചെന്നു ബലാൽക്കാരേണ പിടിച്ചു നബാബിന്റെ മുമ്പിൽ നിൎത്തുകയും അദ്ദേഹം ലേശവും ദാക്ഷിണ്യംകൂടാതെ ബന്ധനത്തിലാക്കുകയും ചെയ്തു. ഷഹാജി ബന്ധനത്തിലായത് 1648-ാമത് ആഗസ്തുമാസം ആദ്യത്തെ ആഴ്ചയിലാണ്. * ഇതാണ പാരസീകചരിത്രകാരന്റെ അഭിപ്രായം.

മേല്പറഞ്ഞ രണ്ടു പക്ഷങ്ങളിൽ ശരിയായിട്ടുള്ളത് ഏതായിരുന്നാലും ഷഹാജി ബീജപ്പൂരിൽ ബന്ധനസ്ഥനായി എന്നുള്ളതു വാസ്തവമാണ്. അദൽഷാ ഷഹാജിയോടു ശിവാജിക്കു തന്റെ കാക്കൽവന്നു ശരണം ചൊല്ലുവാനായി എഴുതി അയയ്ക്കുവാൻ നിൎബ്ബന്ധിച്ചു. അതനുസരിച്ചു ഷഹാജി തന്റെ സ്ഥിതിയെ കാണിച്ചുകൊണ്ടു ശിവാജിക്ക് ഒരെഴുത്തയച്ചു. ഈ എ

ചില മഹാരാഷ്ട്രചരിത്രങ്ങളിൽ 1647-ാമാണ്ടു ആഗസ്റ്റ് 6-ാംനു- എന്നും പറയുന്നു.

ഴുത്തു വായിച്ചപ്പോഠം ശിവാജി ആകപ്പാടെ ഇതികൎത്തവ്യതാ മൂഢനായിച്ചമഞ്ഞു. സുൽത്താൻ ഇതിന്നുമുമ്പ് ഒന്നുരണ്ടുപ്രാവശ്യം രാജധാനിയിലേക്കു ചെല്ലുവാനറിയിച്ചതും, ഇപ്പോഠം തന്റെ അച്ഛനെ ബന്ധനത്തിലാക്കിയതും കൂടി ചേൎത്തുനോക്കിയപ്പോഠം ഇതിലെന്തോ ഒരു ചതിയുണ്ടെന്നു ശിവാജി ഊഹിച്ചു. ആകയാൽ ഈ ഘട്ടത്തിൽ ചെയ്യേണ്ടതെന്താണെന്നറിയുവാൻ നല്ലവണ്ണം ആലോചിച്ചിട്ടുവേണമെന്നു തോന്നി തന്റെ സ്നേഹിതന്മാരുമായി ശിവാജി ആലോചിച്ചു. ഓരോ സ്നേഹിതന്മാർ ഓരോവിധത്തിൽ അഭിപ്രായം പറഞ്ഞുവെന്നല്ലാതെ സംശയം തീരത്തക്ക ഒരു സമാധാനം ആരിൽനിന്നും കിട്ടിയില്ല. ഒടുവിൽ അന്നു രാത്രി തന്റെ ഭാൎയ്യയായ ശചീഭായിയുടെ അഭിപ്രായം എന്താണെന്നു ചോദിച്ചു.

ശചീഭായി—പ്രാണനാഥ! അങ്ങയുടെ ചുഴലവും വലിയ രാജ്യതന്ത്രജ്ഞന്മാരുണ്ടായിരിക്കേ, കേവലം ഒരബലയായ ഇയ്യുള്ളവളോട് ഈവക വലിയ കാൎയ്യങ്ങളിൽ അഭിപ്രായം ചോദിക്കുന്നതു ശരിയായിരിക്കയില്ല. എങ്കിലും ഭൎത്താവിന്റെ വാക്കിനെ അനുസരിക്കാതിരിക്കുന്നതു പതിവ്രതമാൎക്കു ധൎമ്മമല്ലായ്കയാൽ എനിക്കു തോന്നിയതു ഞാൻ പറയാം. പ്രഭോ! അവനവന്റെ സ്വബുദ്ധിതന്നെയാണ് എവൎക്കും ശരിയായ വഴി കാണിക്കുക. പരബുദ്ധി ഇടിവും നാശവും ഉളവാക്കും. സ്ത്രീബുദ്ധിയാകട്ടെ ബുദ്ധിക്കു ഭ്രമമാണുണ്ടാക്കിത്തീൎക്കുക.

ശിവാജി—പ്രിയേ! നി പറഞ്ഞതു ശരിയാണ്; എന്നാൽ എല്ലാ സ്ത്രീകളും ഒരുപോലെയല്ല. ചില ഉത്തമസ്ത്രീകഠം ഗൃഹകൃത്യങ്ങളിലും ലോകവ്യവഹാരങ്ങളിലും സൂക്ഷ്മബുദ്ധിയുള്ളവരായിട്ടും ഉണ്ട്. നി എന്റെ മന്ത്രിമാരേക്കാഠം ബുദ്ധിശാലിനിയാണെന്നു കരുതീട്ടാണു ഞാൻ നിന്റെ അഭിപ്രായം ചോദിച്ചത്. നിന്റെ അഭിപ്രായംപോലെ നടക്കുവാനാണ് ഈ കാൎയ്യത്തിൽ ഞാൻ വിചാരിക്കുന്നത്.

ശചി—നാഥാ! എന്റെ അഭിപ്രായംപോലെ നടക്കുവാൻ വി

ചാരിക്കുന്നപക്ഷം ഈ ഘട്ടത്തിൽ ബീജപ്പൂരിലേക്കു പോകു ന്നതു യുക്തമല്ല. പോയാൽ വല്ല ആപത്തും വരുവാനിടയു ണ്ട്. അച്ഛനെ വിടുവിക്കുവാൻ വേറെ വല്ല വഴിയും ഉണ്ടോ എന്നു നോക്കി പ്രവൎത്തിക്കണം.

ഈ അഭിപ്രായം ശിവാജിക്കു വളരെ ബോധിച്ചു. ശചി യുടെ സൂക്ഷ്മബുദ്ധിയേയും ആലോചനാസാമൎത്ഥ്യത്തേയുംപററി ശിവാജിക്കു വലിയ ബഹുമാനവും തോന്നി. ആ രാത്രിയിൽ ഉറക്കംവരാതെ അഗാധമായ ആലോചനയിൽ മുഴുകിക്കൊ ണ്ടുതന്നെ കഴിച്ചുകൂട്ടി. ഒടുവിൽ ദില്ലിപാദ്ഷയുടെ സഹാ യം ആവശ്യപ്പെടുവാനാണ് തീൎച്ചപ്പെടുത്തിയത്. നേരംപു ലൎന്ന ഉടനെ സംഗതികഠം വിശദമായി കാണിച്ചും, ബീജ പ്പൂർ സുൽത്താനെ ഒന്നു ഭയപ്പെടുത്തേണമെന്ന് ആവശ്യപ്പെ ട്ടും ദില്ലിപാദ്ഷയായ ഷാജിഹാന് ഒരെഴുത്തെഴുതി രഘുനാഥ പണ്ടിൻെറ കയ്യിൽ ഭദ്രമായി കൊടുത്തയച്ചു. ഷാജിഹാന് യഥാൎത്ഥത്തിൽ ഷഹാജിയുടെ പേരിൽ വളരെ നല്ല അഭിപ്രാ യമില്ലെങ്കിലും, ഇത്രത്തോളം താല്പൎയ്യത്തോടുകൂടി തൻെറ സ ഹായം അപേക്ഷിച്ച സ്ഥിതിക്ക് അതുപ്രകാരം ചെയ്കയാണു വേണ്ടതെന്ന് അദ്ദേഹത്തിന്നു തോന്നി. ഷഹാജി കാരണമാ യി ബീജപ്പൂർ സുൽത്താനോട് ഒരു പോരാട്ടത്തിന്നു വകയാ യെങ്കിൽ അതു നല്ലതാണെന്ന വിചാരവും ഷഹാജിക്കു സഹാ യം ചെയ്യുന്നതിന്നു ഷാജിഹാനെ പ്രേരിപ്പിക്കാതിരുന്നില്ല. ഈ കാരണങ്ങളാൽ ഷാജിഹാൻ ശിവാജിയുടെ എഴുത്തിൽ പറഞ്ഞതനുസരിച്ച്, ഷഹാജിക്കു ബഹുമാനസൂചകമായി ഒ രു രാജകീയകഞ്ചുകവും, ഷഹാജിയുടെ മൂത്തപുത്രൻ സാംബാ ജിയെ ദില്ലിയിൽ ഒരുദ്യോഗത്തിൽ നിയമിച്ചതായ കല്പനയും കൊടുത്തയക്കുകയും, അതിന്നുപുറമെ ബീജപ്പൂർസുൽത്താനു ഷഹാജിയെ വിടാനൊരു കല്പനയും സുൽത്താൻ മുഖാന്തിരം ഷഹാജിക്ക് ഒരെഴുത്തും അയക്കുകയും ചെയ്തു. ഷാജിഹാൻ അന്നു ലാഹൂരിലേക്കു പോയിരുന്നതിനാൽ മേല്പറഞ്ഞ കത്തു കളെഴുതിയത് ലാഹൂരിൽ വെച്ചാണ്. കത്തുകഠം രണ്ടും താ ഴെ ചേൎക്കുന്നു:—

1649 നവമ്പർ 30.

ഷഹാജിക്ക്.

നിങ്ങളുടെ മകൻ ശിവാജി നിങ്ങളെ സംബന്ധിച്ച് ഇപ്പോഠം എഴുതി അയച്ച ഹരജി വായിച്ചു. നിങ്ങഠം ഇതേവരെ മൊഗഠംസാമ്രാജ്യത്തിലേയ്ക്കു ചെയ്തിട്ടുള്ള കുററങ്ങളെല്ലാം ക്ഷമിച്ചിരിക്കുന്നു. നിങ്ങഠം ഇപ്പോഠം ജയിലിൽ കിടന്നു കഷ്ടപ്പെടുന്നതായറിഞ്ഞതിൽ നിങ്ങളെ വിട്ടയയ്ക്കുവാനായി ബീജപ്പൂർ സുൽത്താന് ഉത്തരവു കൊടുത്തിട്ടുണ്ട്. മേലിൽ നിങ്ങഠം മനസ്സമാധാനം പ്രാപിച്ച് മൊഗഠംസാമ്രാജ്യത്തിലേയ്ക്കു വിശ്വാസത്തോടുകൂടി സഹായം ചെയ്യുമെന്നു വിശ്വസിക്കുന്നു. രാജധാനിയിൽ എത്തിയ ഉടനെ നിങ്ങളുടെ ആഗ്രഹങ്ങളേയും ഉദ്ദേശങ്ങളേയും തീച്ചയായും നിറവേററുന്നതാണ്. നിങ്ങളുടെ മൂത്തപുത്രൻ സാംബാജിക്ക് നമ്മുടെ കിഴിൽ ഒരുദ്യോഗം കൊടുത്തിട്ടുണ്ട്. നിങ്ങഠം യാതൊരു മനോവിചാരവുംകൂടാതെ ഇരിക്കുക. നിങ്ങളുടെ വിഷയത്തിൽ നമുക്കു ശ്രദ്ധയുണ്ടെന്നുള്ളതിലേയ്ക്ക് ഇതു സഹിതം അയയ്ക്കുന്ന ഉടുപ്പുതന്നെ ദൃഷ്ടാന്തമാണല്ലോ.

—∘∘⁂∘∘—

1649 നവമ്പർ 30.

ശിവാജിക്ക്.

നിങ്ങഠം വളരെ വണക്കത്തോടുകൂടി രഘുപണ്ട് മുഖാന്തിരം എഴുതി അയച്ച പത്രം കിട്ടി. നിങ്ങഠം അതിൽ പ്രസ്താവിച്ചിട്ടുള്ള ഏൎപ്പാടുകഠം നമുക്കു സമ്മതമാണ്. നിങ്ങളുടെ എഴുത്തിൽ സൂനാർ, അഹമ്മദ്നഗരം എന്നീ ജില്ലകളിലെ ദേശമുഖ്യതയെപ്പററി പറഞ്ഞതിനെ മനസ്സിരുത്തി നോക്കി. എന്നാൽ അവയെപ്പററി ഇപ്പോഠം വിചാരപ്പെടേണ്ടതില്ല. കഴിയുന്ന വേഗത്തിൽ രാജധാനിയിൽ എത്തിച്ചേൎന്ന ഉടനെ എല്ലാം ഏൎപ്പാടു ചെയ്യുന്നതാണ്. നിങ്ങളുടെ സ്നേഹം ഇനിയും വദ്ധിക്കട്ടേ!

———

മേല്പറഞ്ഞ എഴുത്തുകൾ എഴുതിയതോടുകൂടി ഷാജിഹാൻ ബിജപ്പൂർ സുൽത്താന് അയച്ചിരുന്ന കത്ത് ബിജപ്പൂരിൽ എത്തിച്ചേൎന്നു. ആ സമയത്ത് ഷഹാജിയുടെ സ്ഥിതി വലിയ സങ്കടത്തിലായിരുന്നു. ഷഹാജിയെ ഒരു ദിക്കിൽ നിൎത്തി അദ്ദേഹത്തിൻെറ ചുററും ഒരു ചുമരു കെട്ടുവാനാണ് സുൽത്താൻ കല്പിച്ചിരുന്നത്. ചുമരിൻെറ ഓരോ വരിപടുക്കുമ്പോഴും സുൽത്താൻ 'ഇപ്പോഴെങ്കിലും നിൻെറ കുററം സമ്മതിക്കുക. എന്നാൽ വിട്ടയക്കാം' എന്നു പറയുകയും, അതിന്നു ഷഹാജി 'ഞാനെൻെറ മനസ്സാക്ഷി അറികേ ബിജപ്പൂരിന്ന് യാതൊരു ദ്രോഹവും ചെയ്യിട്ടില്ല. ഒരു കുററവും ഞാൻ ചെയ്യിട്ടില്ല' എന്നു മറുവടി പറകയും ചെയ്യിരുന്നു. ഇങ്ങിനെ പറഞ്ഞുംകൊണ്ടു പടുത്തു കെട്ടിച്ചിരുന്ന ആ കാരാഗൃഹഭിത്തി ഷഹാജിയുടെ കഴുത്തുവരെ പൊങ്ങി. അപ്പോഴും ഷഹാജി സത്യം പറഞ്ഞിരുന്നതല്ലാതെ ഭയംകൊണ്ട് അസത്യത്തെ സമ്മതിച്ചിരുന്നില്ല. സുൽത്താൻെറ മനസ്സിൽ ലേശംപോലും ആൎദ്രതയും ഉണ്ടായില്ല. ഇങ്ങിനെ ഇരിക്കുന്ന ഘട്ടത്തിലാണ് സുൽത്താന് ദില്ലിപാദ്ഷയുടെ എഴുത്തു കിട്ടിയത്. അതിൽ 'ഷഹാജി മൊഗൾസാമ്രാജ്യത്തിലേക്കു ചേൎന്നാളായതുകൊണ്ട് അയാളെ ജയിലിൽ വെയ്ക്കുന്നത് അനൎത്ഥമായി വരു'മെന്നും, 'ഉടനെ വിട്ടയക്കണെ'മെന്നും എഴുതിയിരുന്നതു കണ്ടു സുൽത്താൻ ഭയപ്പെട്ട് ഉടൻതന്നെ ഷഹാജിയെ വിട്ടയച്ചു. ഷഹാജിയുടെ ജയിൽവാസം നാലുകൊല്ലം ഉണ്ടായിരുന്നു. 1653-ലാണ് അദ്ദേഹം മുക്തനായത്.

## അഞ്ചാമദ്ധ്യായം

### ശിവാജിയുടെ ജയങ്ങൾ.

ശിവാജി, മഹമ്മദീയൎക്കു കീഴടങ്ങിയിരിക്കുകയില്ലെന്ന കാൎയ്യത്തെ ഒരു വ്രതമായി അംഗികരിച്ചിരുന്നു; എങ്കിലും ദേശകാലങ്ങൾക്കനുസരിച്ച് ഉചിതമായ നയങ്ങൾ അനുസരിക്കേ

ണ്ടതു രാജ്യതന്ത്രജ്ഞന്മാക്ക് അത്യാവശ്യമാണെന്ന് അദ്ദേഹം ധരിച്ചിരുന്നു. തൻെറ അച്ഛനെ ജയിലിൽനിന്നു വിടുവിക്കുവാൻ താൻതന്നെ ബിജപ്പൂർ സുൽത്താൻെറ മുമ്പിൽ ചെന്നു 'സമസ്താപരാധം' പറഞ്ഞ് കാൽ പിടിക്കുന്നതിനേക്കാഠം, വളരെ കാലമായി ബിജപ്പൂരിൻെറ നേരെ ലാക്കുനോക്കിക്കൊണ്ടിരിക്കുന്ന മൊഗളരുമായി ഒരുടമ്പടി ചെയ്യു കാര്യം സാധിക്കുന്നതാണ് അധികം നല്ലതും മാന്യതയുള്ളതുമെന്നു വിചാരിച്ചിട്ടാണു ശിവാജി ഷാജിഹാന് എഴുത്തെഴുതിയത്. ഈ ഏകസംഗതിയിൽനിന്നുതന്നെ ശിവാജിയുടെ അഗാധമായ രാജ്യതന്ത്രപാടവം വെളിവാകുന്നുണ്ടെന്ന് ആംഗ്ലേയരായ ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. സ്വാഭിമാനം ശിവാജിയുടെ ജീവിതത്തിലെ പ്രത്യേക മുദ്രയായിരുന്നു. മാന്യതക്കു കുറവു വരുത്തുന്ന പ്രവൃത്തികഠം ഒരു കാര്യത്തിലും ഒരു കാലത്തും ശിവാജി ചെയ്തിട്ടില്ല. ഇതല്ലയോ ഉത്തിഷ്ഠമാനനായ ഒരു വിജിഗീഷുവിൻെറ ഉത്തമധമ്മം?

ഷാജിഹാൻെറ കത്തു ബിജപ്പൂർ സുൽത്താനെ വല്ലാതെ ഭയപ്പെടുത്തി. ഷഹാജിയെ തൂക്കിക്കൊല്ലണമെന്നായിരുന്നു സുൽത്താൻ അഡൽഷ വിചാരിച്ചിരുന്നത്. ആ ആലോചന വലിയ അനത്ഥത്തിന്നു കാരണമാകുമെന്നു ഷഹാജിയുടെ സുഹൃത്തുക്കളായ മുറാർജഗദേവൻ, റഹിം തുള്ളാഖാൻ എന്നിവർ ഉപദേശിച്ചതുകൊണ്ടാണ് സുൽത്താൻ ആ സംരംഭത്തിൽനിന്നു പിൻവലിച്ചത്. ശിവാജിക്കും ബിജപ്പൂർ സംസ്ഥാനത്തിന്നും തമ്മിലുള്ള ബന്ധം ഇപ്പോഠം മുമ്പിലത്തെപ്പോലെയല്ല. സുൽത്താനെപ്പോലെതന്നെ ശിവാജിയും ഒരു സ്വതന്ത്രനാണ്. ഷഹാജിയെ സുൽത്താൻ ഉപദ്രവിച്ചാൽ സുൽത്താൻെറ നേരെ യുദ്ധത്തിന്നായി മൊഗഠം സൈന്യത്തെ അയക്കുവാൻ ശിവാജി ഷാജിഹാനെ പ്രേരിപ്പിക്കും. കാര്യം ഈ സ്ഥിതിയിലായിരുന്നതുകൊണ്ടു സുൽത്താനും ശിവാജിയും തമ്മിൽ പ്രത്യക്ഷമായ യുദ്ധത്തിന്നൊരുങ്ങാതെതന്നെ ആറു സംവത്സരം കഴിഞ്ഞു. എങ്കിലും, സുൽത്താൻ എന്തു വിദ്യയെടുത്തിട്ടു

ങ്കിലും ശിവാജിയുടെ ബാധ ഒഴിക്കേണമെന്നു കരുതി പല ഏർപ്പാടുകളും ചെയ്തുംകൊണ്ടിരുന്നു. സുൽത്താൻെറ ദുരുദ്ദേശം പല സംഗതികളെക്കൊണ്ടും അറിഞ്ഞിട്ടുള്ളതുകൊണ്ട് ശിവാജിയും തൻെറ സൈന്യത്തെ ബലപ്പെടുത്തിക്കൊണ്ടുവന്നു. ഇങ്ങിനെയിരിക്കുന്ന കാലത്തു, ശിവാജിയെ പിടിക്കുവാനായി ബാജി സാമ്രാജി എന്നാളെ സുൽത്താൻ നിയോഗിച്ചു.

പൂനയിൽനിന്നു അമ്പതു നാഴിക തെക്കുപടിഞ്ഞാറുള്ള മഹാട്ട് എന്ന ഗ്രാമത്തിലേക്കു ശിവാജി പലപ്പോഴും പോകാറുണ്ടെന്നറിഞ്ഞ് അവിടെ വെച്ചു പിടിക്കുവാനാണു ശട്ടംകെട്ടിയിരുന്നത്. ആ ഗ്രാമത്തിൻെറ നേരെ കിഴക്കായി ജാവലി എന്നൊരു ജമിന്ദാറുണ്ട്. അക്കാലത്ത് അവിടെ സ്ഥാനം വഹിച്ചിരുന്നതു രാജാചന്ദ്രറാവു എന്നാളായിരുന്നു. ഇദ്ദേഹം ശിവാജിയുടെ വംശക്കാരനായിരുന്നു. ശിവാജി പലപ്പോഴും ഇദ്ദേഹവുമായി കണ്ടു സംസാരിക്കുകയും, മഹാരാഷ്ട്രസ്വരാജ്യത്തെ സ്ഥാപിക്കുവാൻ താൻ ചെയ്യുന്ന ശ്രമത്തിൽ സഹായിക്കേണമെന്നു പറകയും ഉണ്ടായിട്ടുണ്ട്. ചന്ദ്രറാവു അതിനു വളരെ അനുകൂലമായി മൂളിയിരുന്നില്ല. ചിലപ്പോൾ ശിവാജിയുടെ ഭാഗം സംസാരിക്കും; മററു ചിലപ്പോൾ ബീജപ്പൂർ സുൽത്താൻെറ ഭാഗവും സംസാരിക്കും; ഇങ്ങിനെ രണ്ടു ദോണിയിലും കാൽ വെച്ചുംകൊണ്ടു സംസാരിക്കുന്ന ചന്ദ്രറാവുവിൻെറ സ്വഭാവം ശിവാജിക്ക് ഒട്ടും പിടിച്ചില്ല. ആകയാൽ ചന്ദ്രറാവുവിനെ നേർവഴിക്കു കൊണ്ടുവരുവാൻ പ്രയാസമാണെന്നുതോന്നി ശിവാജി അയാളെ അകററുവാനുള്ള ശ്രമം ചെയ്തുതുടങ്ങി. ഇങ്ങിനെ ഇരിക്കുന്ന കാലത്താണ് സുൽത്താൻെറ ആളായ ബാജി സാമ്രാജ് ശിവാജിയെ വലയിൽ കുടുക്കുവാൻ ശ്രമം തുടങ്ങിയത്.

സാമ്രാജ് ജാവലിജമിന്ദാറായ ചന്ദ്രറാവുവിൻെറ അടുക്കൽ ഏററവും ഗ്രഢമായി പോക്കുവരവു തുടങ്ങുകയാണുണ്ടായത്. അയാളുടെ ഉദ്ദേശം എന്താണെന്നു ചന്ദ്രറാവുവിന്നു നല്ലവണ്ണം അറിയാം. റാവു അയാളുടെ ഉദ്ദേശത്തിൽ ഒരു ഒ

ററകാരന്റെ നിലയാണ് സ്വീകരിച്ചത്. ഈ ചന്ദ്രറാവു ബീജപ്പൂർ സംസ്ഥാനത്തിലെ ഹിന്ദുജമിന്ദാർമാരിൽ ഏററവും പ്രധാനപ്പെട്ട ഒരാളാണ്. അയാളുടെ സ്ഥാനമായ ജാവലി തെക്കപടിഞ്ഞാറുള്ള മലംപ്രദേശങ്ങളിൽവെച്ച മുഖ്യമായ ഒരു സൈന്യസങ്കേതമാണ്. ശിവാജി സ്ഥാപിക്കുവാൻപോകുന്ന മഹാരാഷ്ട്രസ്വരാജ്യത്തിൽ ജാവലി ഒഴിച്ചുകൂടാത്ത ഒരു സ്ഥലമാകുന്നു. ഈ സ്ഥലം കോണാർ എന്ന നദിയുടെ തീരത്തു സ്ഥിതിചെയ്യുന്നതും ചുററും പല പീഠഭൂമികളോടുകൂടിയതുമാണ്. ഈ പീഠഭൂമികളുടെ നാലുഭാഗത്തുനിന്നുമായിട്ടാണ് കൃഷ്ണാ, വെണ്ണാറ്, കോയ്നാറ്, ഗായത്രി, സാവിത്രി എന്നിങ്ങിനെ അഞ്ചു നദികൾ ഉത്ഭവിക്കുന്നത്. ഇവയിൽ ഗായത്രീനദിയും സാവിത്രീനദിയും അറബിക്കടലിലാണ് ചെന്നുചേരുന്നത്. ഇത്രയും പ്രാധാന്യമുള്ളതായ "ജാവലി" ഏതുവിധത്തിലും കൈവശപ്പെടുത്തണമെന്നാണ് ശിവാജിയുടെ ഉദ്ദേശം.

ഇനി മറെറാരു സംഗതി പറയാം. ഷഹാജിയെ തടവിൽനിന്നു വിട്ടതിനു ശേഷം സുൽത്താൻ ഷഹാജിയോടു, കുറച്ചുകാലത്തേയ്ക്കു ബീജപ്പൂർ സംസ്ഥാനത്തിന്റെ അതിർത്തിക്കു പുറത്തുപോവാൻ പാടില്ലെന്നു കല്പിച്ചതുകൊണ്ടു നാലു കൊല്ലത്തോളം കാലം അദ്ദേഹം ബീജപ്പൂരിൽത്തന്നെ താമസിച്ചു. പിന്നെ അദ്ദേഹം ബംഗളൂരിലേക്കു പോയി. അപ്പോൾ അദ്ദേഹത്തിനു പ്രിയപ്പെട്ട ബംഗളൂരിന്റെ സ്ഥിതി വലിയ തകരാറിലായിരുന്നു. എല്ലാടവും വല്ലാതെ അലങ്കോലപ്പെട്ടിരുന്നു. നീതിന്യായം നടത്താനുള്ള ഉദ്യോഗസ്ഥന്മാർതന്നെ തമ്മിൽതമ്മിൽ അടിപിടി തുടങ്ങിയിരുന്നു. കലഹവും സമരവും ഒഴിഞ്ഞിട്ടുള്ള നേരമില്ല. ഷഹാജിയുടെ വകയായ കിണഗിരി എന്ന ജമിൻഭൂമിയെ മുസ്തഫാഖാൻ എന്നവൻ കയ്യേറിക്കഴിഞ്ഞിരിക്കുന്നു. കുറേക്കാലമായി ഷഹാജി അവിടെ ഇല്ലാതിരുന്നതുകണ്ടിട്ടാണ് മുസ്തഫ ഇങ്ങിനെചെയ്യാൻ ധൈര്യപ്പെട്ടത്. ഷഹാജിയുടെ മൂത്തപുത്രൻ സാംബാജി മുസ്തഫയോട്, എതി

ത്തുവെങ്കിലും മുസ്തഫ വഴിപ്പെട്ടില്ല. അപ്പോൾ സാംബാജി ബിജപ്പൂരിലെ സുൽത്താനു വിവരം എഴുതി അയച്ചുനോക്കി. അതിൻെറ മറുപടി പ്രതീക്ഷിച്ചുംകൊണ്ടു സാംബാജി സ്വസ്ഥനായിരിക്കുമ്പോൾ, അദ്ദേഹത്തിൻെറ കയ്യിൽ യുദ്ധസാമഗ്രികളൊന്നുമില്ലെന്നുകണ്ട് മുസ്തഫ അദ്ദേഹത്തെ കൊലപ്പെടുത്തി ആ സ്ഥലം അനായാസേന സ്വാധീനമാക്കി. ഇങ്ങിനെ ഇരിക്കുന്ന സമയത്താണ് ഷഹാജി എത്തിച്ചേൎന്നത്. ഷഹാജിയോടെതിരിടുവാൻ മുസ്തഫ ശക്തനല്ലായിരുന്നതുകൊണ്ട് അയാൾ കീഴടങ്ങുകയാണുണ്ടായത്. ഷഹാജിയാകട്ടേ, തൻെറ പുത്രനെ കൊന്നുകളഞ്ഞ ആ ദുഷ്ടനെ കൊല്ലാതെ കൊന്ന് അവിടെനിന്ന് ഓടിച്ചു.

ഷഹാജി ഒരു ദയാലുവാണെന്നു മേല്പറഞ്ഞ സംഭവത്തിൽ നിന്നു തെളിയുന്നുണ്ട്. എന്നാൽ, ഒരാളുടെ പേരിൽ അദ്ദേഹത്തിന്നു ലേശംപോലും ദയയുണ്ടായിരുന്നില്ല. അത്, കല്പിച്ചുകൂട്ടി തനിക്കു വലുതായ അപമാനവും മനഃക്ലേശവും കഷ്ടതയും ഉണ്ടാക്കിത്തീൎത്ത വഞ്ചകനായ ബാജി ഘോർഭടയുടെ പേരിലായിരുന്നു. ഘോരഭടയുടെ പേരിൽ ഘോരമായ പക കരുതിക്കൊണ്ടിരിക്കുന്ന ഷഹാജി ആയാളോടു പകരം ചോദിക്കാതിരിക്കയില്ലെന്നു സുൽത്താനു നല്ലവണ്ണം അറിയാമായിരുന്നു ആകയാൽ ഘോരഭടയെ രക്ഷിക്കുന്നതിന്നായി സുൽത്താൻ ഒരു സൂത്രം പ്രയോഗിക്കുവാൻ തീൎച്ചപ്പെടുത്തി. ഷഹാജിയേയും ഘോരഭടയേയും തൻെറ മുമ്പാകെ വരുത്തി, അവർ തമ്മിലുള്ള വിരോധം തീൎന്നു മേലിൽ സുഹൃത്തുക്കളായിരുന്നുകൊള്ളാമെന്നു രണ്ടുപേരെക്കൊണ്ടും സത്യംചെയ്യിക്കുവാനാണ് സുൽത്താൻ വിചാരിച്ചത്. ഈ വിവരം ഷഹാജിയെ അറിയിച്ചപ്പോൾ അദ്ദേഹം കഷ്ടിച്ചു സമ്മതിച്ചുവെങ്കിലും, അദ്ദേഹത്തിൻെറ ഉള്ളിൽ ഘോരഭടയുടെ നേരെ നീറിക്കിടന്നിരുന്ന കോപവഹ്നി ശാന്തമായില്ല. ഒടുവിൽ ഷഹാജി താഴെ എഴുതുന്നപ്രകാരം ശിവാജിക്ക് ഒരു കത്തെഴുതി അയച്ചു.

എന്റെ പ്രിയപ്പെട്ട ശിവാജിക്ക്

നീ ആരംഭിച്ചിട്ടുള്ള കാൎയ്യം മുഴുവനാക്കാതെ പിൻതിരിക്കരുത്. സൎവ്വശക്തനായ ഈശ്വരന്റെ അനുഗ്രഹത്താൽ നിന്റെ ശത്രുക്കൾ നശിച്ചുപോകും. ദൈവം നിനക്കു ജയത്തേയും യശസ്സിനേയും പ്രദാനംചെയ്യട്ടേ. ബാജി ഘോരപ്പടെ ക്കു് മൎയ്യാദചെയ്യുന്നതു മറന്നുപോകരുതേ! അവൻ മുഖേന എനിക്കു പല സൌകൎയ്യങ്ങളും ഉണ്ടായിട്ടുണ്ടെന്നു നിനക്കറിയാമല്ലോ.

---

ശ്രദ്ധാൎത്ഥമായിട്ടുള്ള ഈ എഴുത്തിൽ മറഞ്ഞുകിടക്കുന്ന സാരം മനസ്സിലാക്കി, ശിവാജി ഘോരപ്പടയോടു പ്രതികാരം ചെയ്വാനുള്ള അവസരം കാത്തുംകൊണ്ടിരുന്നു. ശിവാജിയുടെ പിന്നീടുള്ള പ്രവൃത്തികൾ താഴെ വിവരിക്കുന്നു.

**1 ജാവലി പിടിച്ചടക്കിയത്:—** ബാജി ഘോരപ്പടെയയോടു പകരം ചോദിക്കുന്നതിന്നുമുമ്പായി, ചന്ദ്രറാവുവിനെ സ്വാധീനിക്കേണമെന്ന വിചാരം ശിവാജിയുടെ ഉള്ളിൽ കടന്നുകൂടി. എന്നാൽ, ചന്ദ്രറാവുവിന്റെ നടവടികൾ ശിവാജിക്കു ലേശംപോലും ഇഷ്ടമായിരുന്നില്ല. താൻ ഉദ്ദേശിക്കുന്നപ്രകാരം മഹാരാഷ്ട്രസാമ്രാജ്യത്തെ സ്ഥാപിക്കുക എന്ന മഹത്തായ കാൎയ്യത്തിൽ ചന്ദ്രറാവു മുതലായ ജമിന്ദാൎമാർ തനിക്കു പ്രതിബന്ധമായിട്ടാണിരിക്കുന്നതെന്നും, ആകയാൽ അവരെ അകറ്റേണമെന്നും അദ്ദേഹം തീൎച്ചപ്പെടുത്തി. ഈ ജമിന്ദാൎമാർ മഹമ്മദീയരുടെ രാജ്യഭരണത്തിൽ വലിയ അന്തസ്സിലിരിക്കുന്നവരായിരുന്നു. മഹമ്മദീയരുടെ ഭരണം വേണ്ടെന്നുവെച്ചു സ്വതന്ത്രമായ ഒരു സ്വരാജ്യം സ്ഥാപിക്കേണമെന്ന അഭിപ്രായം ജമിന്ദാൎമാൎക്കു സമ്മതമായിരുന്നില്ല. അവൎക്കു മഹമ്മദീയരായ സുൽത്താന്മാരിൽനിന്നു സമ്മാനങ്ങളും സ്ഥാനമാനങ്ങളും അടിക്കടി ലഭിച്ചുകൊണ്ടിരുന്നതിനാൽ മഹമ്മദീയരുടെ അഭാവം അവരുടെ സ്വാൎത്ഥലാഭത്തി

ന്നു പ്രതിബന്ധമായിരുന്നു. സ്വാത്മപ്രിയന്മാരായിരുന്ന അവർ പൊതുജനങ്ങളുടെ ഗുണത്തെ അത്ര സാരമായി കരുതിയില്ല. അതിനാൽ, ശിവാജി തന്റെ ധമ്മത്തിന്നു വിഘ്നകാരികളായ ആ മഹാരാഷ്ട്രരേയും തക്കവിധത്തിൽ ശിക്ഷിക്കുവാൻ തന്നെ ഉറച്ചു.

ശിവാജിയുടെ ബാല്യത്തിൽ അദ്ദേഹത്തിന്റെ അമ്മ ജിജാഭായി കുറച്ചുദിവസം ചന്ദ്രറാവുവിന്റെ ഗൃഹത്തിൽ പാക്കുകയുണ്ടായി. അന്ന് അദ്ദേഹത്തിന്റെ ഒരു പുത്രിയെ ശിവാജിക്കു ഭായ്യയായി തന്നാൽക്കൊള്ളാമെന്നു ജിജാഭായി ചന്ദ്രറാവുവിനോട് ആവശ്യപ്പെടുകയുമുണ്ടായി. അദ്ദേഹം അതു സമ്മതിച്ചില്ല. അതുകൊണ്ടു ചന്ദ്രറാവുവിന്റെ സ്വഭാവത്തെപ്പററി മുമ്പുതന്നെ ശിവാജിക്ക് അറിവുണ്ടായിരുന്നു. തന്റെ അമ്മയുടെ വാക്കു നിരാകരിച്ച ചന്ദ്രറാവുവിനെ കീഴടക്കി, അയാളുടെ പുത്രിമാരിൽ ഒരുവളെ വിവാഹംചെയ്യാൻ ശിവാജി തീച്ചപ്പെടുത്തി ഉടനെ രഘോബലാൽ ആത്രേയൻ എന്ന ഒരു ബ്രാഹ്മണനേയും സാംബാജി കാവാജി എന്ന മഹാരാഷ്ട്രനേയും വിവാഹാലോചനയ്ക്കുള്ള ദൂതന്മാരായി ചന്ദ്രറാവുവിന്റെ സമീപത്തേയ്ക്കയച്ചു. അവർ പറഞ്ഞതിന്നു ശരിയായ സമാധാനം പറയാതെ വെറുതെ കാലതാമസം വരുത്തുകയാണ് ചന്ദ്രറാവു ചെയ്തത്. ഈ ഉദാസീനത കല്പിച്ചുകൂട്ടി ചെയ്യുന്നതാണെന്നും, ഇതിൽ എന്തോ ഒരു ദുരുദ്ദേശമുണ്ടെന്നും വിചാരിച്ച്, ഉടൻതന്നെ ശിവാജി യുദ്ധവീരന്മാരായ ആയിരം ഭടന്മാരോടുകൂടി ജാവലിയിലേക്കു പുറപ്പെട്ടു. ആദ്യം ഇവർ പുരന്ദരൻകോട്ട വഴിക്കാണ് യാത്രചെയ്തത്; എന്നാൽ അവിടെനിന്നു വേറെ ഒരു വഴിക്കു തിരിച്ച്, ആ രാത്രി തന്നെ മഹാബലീശ്വരത്തെ കൈവശപ്പെടുത്തി. ഇതിന്നിടയിൽ, രഘോബലാൽ ആത്രേയൻ ചന്ദ്രറാവുവിനോടു ദൂതു സംസാരിച്ചതിൽ ചന്ദ്രറാവുവിന്റെ മുഖത്തുനിന്നു തീച്ചയായ ഒരു മറുവടി കിട്ടിയില്ലെന്നുമാത്രമല്ലാ, റാവുവിന്റെ പെരുമാററത്തിൽനിന്ന് അയാറം എന്തോ ഒരു ചതിക്കാണ് പുറപ്പെ

ട്ടിട്ടുള്ളതെന്നു സംശയിക്കാനിടയാകയും ചെയ്തു. അപ്പോൾ ആ ത്രേയന്നു റാവുവിൻെറ നേരെ വലിയ കോപം ഉണ്ടായി. ശിവാജി ഒരു വഞ്ചകനാണെന്നും, യാതൊരു കാരണവുംകൂടാതെയാണ് മഹാബലീശ്വരത്തെ ആക്രമിച്ചതെന്നും പറഞ്ഞ് ആത്രേയൻെറ നേരെ റാവുവും വളരെ ശുണ്ഠിയെടുത്തു. അവിടെ വെച്ച് അവർ തമ്മിൽ ഒന്നും രണ്ടും പറഞ്ഞ് ഇടയുകയാണുണ്ടായത്. വാക്കിന്മേൽ വാക്കായി രണ്ടുപേരും പലതും പറയുകയും, ഒടുവിൽ വാക്കിന്നുപകരം വാൾതന്നെ രണ്ടുപേരും കയ്യിലെടുക്കുകയും ചെയ്തു. അവിടെവെച്ചു ചെറുതായൊരു പോരാട്ടമുണ്ടായതിൽ ആത്രേയൻേറയും സാംബാജിയുടേയും വാളിന്നു ചന്ദ്രറാവുവും അദ്ദേഹത്തിൻെറ അനുജനും ഇരയായിത്തീൎന്നു. 1655_ാമാണ്ടിലാണ് ചന്ദ്രറാവുവിനെ വെട്ടിക്കൊന്നത്.

സംഭവം നടന്ന ഉടനെ ആത്രേയനും സാംബാജിയും ശിവാജിയുടെ അടുക്കലേക്കു തിരിച്ചു. ശിവാജി ഇവരോടു ചന്ദ്രറാവുവിനെ കൊല്ലുവാൻ ഏല്പിച്ചിട്ടുണ്ടായിരുന്നില്ല. കേവലം ദൂതന്മാരായിട്ടാണ് ഇവരെ അയച്ചിരുന്നത്. എങ്കിലും ചന്ദ്രറാവു മരിച്ചതായി അറിഞ്ഞപ്പോൾ ഒരു വലിയ സേനയോടുകൂടി ശിവാജി ജാവലിയിലേക്കു ചെന്നുചേൎന്നു. ചന്ദ്രറാവുവിൻെറ സഹോദരന്മാരിൽ ഒരാൾ കൊല്ലപ്പെട്ടുകഴിച്ചു ശേഷമുള്ളവർ ശിവാജിയെ ശരണംപ്രാപിക്കുകയാണുണ്ടായത്. റാവുവിൻെറ ആലോചനാമന്ത്രിയായ ഹനുമന്തറാവുവും, പുത്രന്മാരും ഘോരമായ യുദ്ധംചെയ്തു കുറെ നേരം എതിൎത്തുനിന്നുവെങ്കിലും ഒടുവിൽ അവർ തടവുകാരായി പിടിക്കപ്പെട്ടു. പിന്നീട് അവരും കീഴടങ്ങുകയും, ശിവാജി അവൎക്കു തക്കതായ ഉദ്യോഗങ്ങൾ കൊടുക്കുകയും ചെയ്തു. തടവുകാരായി പിടിക്കപ്പെട്ട റാവുവിൻെറ മക്കളെ കൊല്ലുവാൻ ശിവാജി കല്പിച്ചതായി ചില ആംഗ്ലേയ ചരിത്രകാരന്മാർ പ്രസ്താവിച്ചിട്ടുള്ളത് അവാസ്തവവും ശിവാജിയുടെ സ്വഭാവത്തിന്നു വിപരീതവുമാകുന്നു. ഈ സംഭവത്തോടുകൂടി ജാവലിയും അതിനോടുചേൎന്ന സ്ഥലങ്ങളും ശിവാജിയുടെ കീഴിലായിത്തീൎന്നു.

ജാവലിയിൽനിന്നു കുറച്ചകലത്തായി വസോഢാ എന്നു പേരായ ഒരു കോട്ടയുണ്ട്. ഇതു മുമ്പു വളരെക്കാലം ഒരു കാരാഗൃഹമായിട്ടാണിരുന്നിരുന്നത്. ഈ കോട്ടയെ ജാവലി കീഴടങ്ങിയതിന്നുമുമ്പുതന്നെ ശിവാജി കയ്യേറിയിരുന്നു. ജാവലി കൈവശമായതോടുകൂടി അവിടേയുണ്ടായിരുന്ന അനവധി ദ്രവ്യം ശിവാജിക്കു കിട്ടുകയുണ്ടായി. ഇതു ചന്ദ്രറാവുവിന്റെ വംശക്കാർ വളരെക്കാലമായി സമ്പാദിച്ചു സ്വരൂപിച്ചു വെച്ചിരുന്നതാണ്. ഈ ദ്രവ്യംകൊണ്ടു ശിവാജി ജാവലി നഗരത്തേയും മഹാബലീശ്വരഗിരിയുടെ മുകളിലുള്ള ഭവാനിക്ഷേത്രത്തേയും ജീർണ്ണോദ്ധാരണംചെയ്തു പരിഷ്കരിക്കുകയാണുണ്ടായത്. അനവധി യുദ്ധസാമഗ്രികളും ഈ പണംകൊണ്ടു ശേഖരിച്ചു. പിന്നേയും കുറേ ബാക്കിയുണ്ടായിരുന്നത്, പ്രതാപഘടാദുർഗ്ഗം പിടിക്കുന്നതിന്നുവേണ്ട സാമഗ്രികൾ വാങ്ങുവാനും ഉപയോഗിച്ചു. ഈ പ്രതാപഘടയെപ്പററി ശിവദിഗ്വിജയത്തിൽ ഒരു കഥ പറഞ്ഞിട്ടുണ്ട്. മാലോജിയുടെ കാലം മുതല്ക്കു ഭോൻസ്ലേ വംശക്കാർ കൊല്ലത്തിലൊരിക്കൽ തുലാപുരത്തിലുള്ള ഭവാനിദേവിയെ തൊഴാൻ പോവുക പതിവായിരുന്നു. ശിവാജിയുടെ പടവെട്ടിന്നുശേഷം ഈ പതിവു നില്ക്കുവാനിടയായി. തുലാപുരം ഷഹാജിയുടെ സ്വന്തം സ്ഥലത്തിൽനിന്നു വളരെ അകലപ്പെട്ടിരിക്കുന്നതുകൊണ്ട് അവിടെ പോകുന്നതു സൂക്ഷിച്ചിട്ടു വേണ്ടിയിരുന്നു. ഇതിന്നു പകരം ശിവാജി റൈറി എന്ന കോട്ടയിൽ ഒരു ഭവാനീക്ഷേത്രം നിർമ്മിക്കുകയും, അവിടെ ശിവലിംഗപ്രതിഷ്ഠയ്ക്കായി പളുങ്കുകല്ലു കൊണ്ടുവരുവാൻ നാനാദിക്കുകളിലേക്കും ആളുകളെ അയയ്ക്കുകയും ചെയ്തു. പക്ഷെ ഒരു ദിവസം രാത്രി ഭവാനിദേവി തന്റെ മുമ്പിൽ പ്രത്യക്ഷയായി നില്ക്കുന്നതായും, തനിക്കു റൈറിയിൽ ഇരിപ്പാൻ സമ്മതമില്ലെന്നും മഹാബലീശ്വരത്തിന്നു സമീപമുള്ള 'പോരട്രീ' എന്ന മലയിൽ ഇരിപ്പാനാണിഷ്ടമെന്നും അരുളിച്ചെയ്തതായും ശിവാജി ഒരു സ്വപ്നം കാണുകയുണ്ടായി. പിറേറദിവസം തന്നെ ശിവാജി ആ മലയെ അന്വേഷിച്ചു പുറപ്പെട്ടു.

൨. **പ്രതാപഘഡാ:—** ഇതു മഹാബലീശ്വരത്തിൽനിന്നു 12 നാഴിക പടിഞ്ഞാറായിക്കിടക്കുന്ന ഒരു മലയാണ്. ഇതിന്റെ മുകളിൽവെച്ചു ശിവാജി പരിശോധിച്ചപ്പോൾ ഒരു വിഗ്രഹം കണ്ടെത്തി. അതു കണ്ടെത്തിയ സ്ഥലത്ത് ഭവാനീദേവിയുടെ ഒരു ക്ഷേത്രവും അതിനെ ചുററിക്കൊണ്ടു ഉറപ്പുള്ള ഒരു കോട്ടയും നിൎമ്മിക്കുവാൻ ശിവാജി മേറോ പിംഗളയോടു കല്പിച്ചു. അങ്ങിനെ പണിചെയ്ത കോട്ടക്കു് പ്രതാപഘഡാ എന്നു നാമകരണവും ചെയ്തു. കോനോ എന്ന മലയിടുക്കിന്റെ ആയിരം അടി ഉയരത്തിലാണ് പ്രതാപഘഡാദുൎഗ്ഗം പണിചെയ്തത്. ഇത് എല്ലാ കോട്ടകളെക്കാളുമധികം ഉയരമുള്ളതാകുന്നു. കോനോവിൽനിന്നു കൊങ്കണത്തിലേക്കുള്ള വഴി പ്രതാപഘഡയുടെ അടുത്തുകൂടിയാകയാൽ ഈ കോട്ട ശിവാജിയുടെ പ്രധാനമായ സൈന്യസങ്കേതമായിത്തീൎന്നു. എന്നുമാത്രമല്ല, ഷഹാജിയുടെ വക പഴയ ജമീൻഭൂമികൾ ചിലതു പ്രതാപഘഡയുടെ തൊട്ടുകിടന്നിരുന്നതുകൊണ്ടു ഇപ്പോൾ അതെല്ലാംകൂടി അഖണ്ഡമായ ഒരു ഭൂഖണ്ഡമായിത്തീരുകയും ചെയ്തു. പ്രതാപഘഡയുടെ വിജയത്തിന്നുശേഷം കോൽവാടി എന്ന പ്രദേശത്തേയും ശിവാജി കരസ്ഥമാക്കി. ഇത് ജാവലി പ്രദേശങ്ങളിൽ വെച്ച് ഏററവും ഫലപുഷ്ടിയുള്ള ഒരു സ്ഥലമായിരുന്നു.

ക്രി. പി. 1656_ാം വൎഷത്തിൽ ബിജപ്പൂർ സുൽത്താനും മൊഗളന്മാരും തമ്മിൽ ഒരു യുദ്ധമുണ്ടായി. അന്നു മൊഗളന്മാർ അവരുടെ സാമ്രാജ്യത്തെ ദക്ഷിണദിക്കുകളിലേക്കു വ്യാപിപ്പിക്കുവാൻ ശ്രമിക്കുകയായിരുന്നു. ഷാജഹാൻ ചക്രവൎത്തിയുടെ തൃതീയപുത്രനായ അറംഗസീബായിരുന്നു ഈ യുദ്ധത്തിന്നു പുറപ്പെട്ടിരുന്നത്. അദ്ദേഹം ദക്ഷിണദേശത്തിൽ വന്നതിന്നുശേഷം, ഗോല്ക്കൊണ്ടാരാജാവിനോടു ഒരു യുദ്ധം നടത്തുകയും, അതിൽവെച്ച് ആ രാജാവിനെ അവമാനിക്കുകയുമാണ് ആദ്യം ചെയ്തത്. അതിന്നുശേഷം നേരെ ബിജപ്പൂരിലേക്കാണു ചെന്നത്. ഷാജിഹാന്റെ മൂത്തപുത്രൻ ദാരാ

എന്നാലും ബിജപ്പൂർ സുൽത്താനും തമ്മിൽ മൈത്രിയിലായിരുന്നതുകൊണ്ട് വിശേഷിച്ചും അറംഗസീബ് സുൽത്താനെ ഉപദ്രവിക്കുവാൻ തുടങ്ങി. 1656-നവമ്പർ മാസത്തിൽ സുൽത്താൻ അന്തരിച്ചുപോയി. അദ്ദേഹത്തിൻെറ ഏകപുത്രനായിരുന്ന ആലി അഡൽഷയ്ക്ക് അന്നു പത്തൊമ്പതു വയസ്സു പ്രായമായിരുന്നു. അദ്ദേഹം രാജ്യകാര്യത്തിൽ തീരെ പരിചയമില്ലാത്താളായിരുന്നതുകൊണ്ട് അറംഗസീബ, മരിച്ചസുൽത്താൻെറ നേരെയുണ്ടായിരുന്ന വൈരം ചെറുപ്പക്കാരനായ ആലി അഡൽഷയുടെ നേരെ എടുത്തു പ്രയോഗിക്കുകയാണുണ്ടായത്. ആലി അഡൽഷ അപ്രാപ്തനാണെന്നും, സുൽത്താൻെറ സ്ഥാനം വഹിക്കുവാൻ പോരെന്നും അറംഗസീബ് ഷാജിഹാന് എഴുതി അയയ്ക്കുയും, ഷാജിഹാൻ അതിനെ ശരിവെച്ച് ബീജപ്പൂരിനെ ആക്രമിക്കുവാൻ അറംഗസീബിന്നു കല്പന കൊടുക്കുകയും ചെയ്തു. പുതിയ സുൽത്താൻ ഗത്യന്തരമില്ലാതെ, യുദ്ധോദ്യതനായ അറംഗസീബിന്നു കീഴടങ്ങി അയാളുടെ ഇഷ്ടംപോലെ ഒരുടമ്പടി ചെയ്യാനും, യുദ്ധനഷ്ടംവകയ്ക്കു ഒരു കോടി ഉറുപ്പിക കൊടുപ്പാനും സമ്മതിച്ച് കരാറുചെയ്തു കൊടുക്കാമെന്നു പറഞ്ഞുവെങ്കിലും അറംഗസിബ് അതിന്നു വഴിപ്പെട്ടില്ല. അയാളുടെ ഉദ്ദേശം ബിജപ്പൂർ സംസ്ഥാനത്തെ സ്വാധീനമാക്കേണമെന്നായിരുന്നു. ആകയാൽ അയാറം ബിജപ്പൂർ സംസ്ഥാനം കൊള്ളയടിച്ചു രാജധാനിയെ നിരോധിപ്പാൻ തിച്ചപ്പെടുത്തി. ഇത്ര ഭയങ്കരമായ ക്രൂരത ഈശ്വരന്നു തന്നെ സഹിപ്പാൻ വയ്യാതിരുന്നതുകൊണ്ടു തല്ക്കാലംവെച്ച് അറംഗസിബിൻെറ ഉദ്ദേശനിവ്വഹണത്തിന്ന് ഒരു പ്രതിബന്ധംനേരിട്ടു. 1657 സെപ്തംബർ 8-ാംനു-ഷാജിഹാൻ സുഖക്കേടിൽ കിടപ്പായി അപ്പോറം അദ്ദേഹത്തിൻെറ മൂത്തപുത്രൻ ദാരാ ആഗ്രയിൽനിന്നു ദില്ലിയിൽ എത്തി സിംഹാസനാരോഹണം ചെയ്തു. ദ്വിതീയപുത്രനായ ഷൂജാ ബങ്കാളത്തിലെ നവാബായും, ഒടുവിലത്തെ പുത്രനായ മുറാദ് ബക്ഷ് അഹമ്മദ്ബാദ് നവാബായും രാജ്യഭരണം തുടങ്ങി. അപ്പോഴക്കു തു

തിയപുത്രനായ അറംഗസിബ് വലുതായ ദ്രവ്യസമ്പത്തോടുകൂടി ദക്ഷിണദേശത്തുനിന്നു വന്നുചേൎന്നു. ആയാൾ സിംഹാസനാരൂഢനായ ദാരയെ എതിൎത്തു. ഇത്രയുമായപ്പോഴയ്ക്കു ഷാജിഹാൻെറ രോഗം ഒരു വിധം ശാന്തമാകയും, അദ്ദേഹം മക്കളോടെല്ലാം അവരുടെ സ്ഥാനങ്ങളിലേക്കു തന്നെ പോകാൻ കല്പിക്കയും ചെയ്തു. പക്ഷേ ആ കല്പനയെ ആരും കൈക്കൊണ്ടില്ല. ഒടുവിൽ അനുജന്മാരായ മൂന്നു പേരും ഒന്നിച്ചു ചേൎന്നു ദാരയേ എതിൎത്തു തോല്പിച്ചു. പിന്നെ കുറച്ചു നാൾ കഴിഞ്ഞപ്പോൾ, 1658-ൽ അറംഗസീബ് മുറാദ് ബക്ഷിയെ പിടിച്ചു് തടവിലിടുകയും, ഷൂജയെ തോല്പിച്ചു നാട്ടിൽനിന്നോടിക്കുകയും, ദാരയെ കൊലപ്പെടുത്തുകയും ചെയ്തു് പിതാവായ ഷാജിഹാനെ രാജസിംഹാസനത്തിൽനിന്നിറക്കി ദില്ലിപാദ്ഷയായിച്ചമഞ്ഞു. അറംഗസിബ് സിംഹാസനാരോഹണം ചെയ്തതിന്നുശേഷം ഒന്നാമതു ചെയ്തതു ബീജപ്പൂരിനെ ആക്രമിക്കുകയായിരുന്നു. ഈ ആക്രമണത്തിൽ ശിവാജിയും അറംഗസീബിൻെറ ഭാഗത്തു ചേൎന്നു.

അറംഗസീബിന്നു ദക്ഷിണദേശത്തിൽ മേല്ക്കുമേൽ ജയം കിട്ടിക്കൊണ്ടിരുന്നു. അതു ശിവാജിക്കു സഹിക്കാതെയായിത്തീൎന്നു. മഹമ്മദീയരുടെ ആധിപത്യം തെല്ലുപോലുമില്ലാതെ സ്വന്തമായൊരു സാമ്രാജ്യം സ്ഥാപിച്ചു മഹാരാഷ്ട്രരെ സ്വതന്ത്രന്മാരാക്കേണമെന്നുള്ള ശിവാജിയുടെ പരമോദ്ദേശത്തിന്ന് അറംഗസീബിൻെറ ഈ വിജയം കാരണം പുതിയ ചില വഴികൾ ആലോചിക്കേണ്ടതായി വന്നു. 1657-ാം വൎഷം മെ മാസത്തിൽ ശിവാജി ജൂന്നാർ പട്ടണത്തേയും അഹമ്മദ് നഗരത്തേയും ആക്രമിച്ചു കൊള്ളയിട്ടു. അന്ന്, അറംഗസീബ് ദില്ലി പാദ്ഷയുടെ സ്ഥാനത്തു ചാടിക്കയറാനുള്ള അത്യാഗ്രഹത്തിൽ മഗ്നനായിരുന്നതുകൊണ്ട് അയാൾ ഇതിൽ ശ്രദ്ധിച്ചില്ല. 1657-ലെ കൊള്ളയ്ക്കുശേഷം ബീജപ്പൂരിനെക്കൊണ്ടു മഹാരാഷ്ട്രക്കു ദോഷമൊന്നും ചെയ്യാൻ കഴികയില്ലെന്നു കാണുകയാൽ, ശിവാജി അറംഗസീബിൻെറ വേഴ്ചയ്ക്കു നോക്കിത്തുടങ്ങി.

അടുത്തുണ്ടായ ബീജപ്പൂർ ആക്രമണത്തിന്നു മാപ്പുതരേണമെന്നു ശിവാജി അറംഗസീബിന്ന് എഴുതി അയച്ചു. മേലാൽ മൊഗൾസാമ്രാജ്യത്തിൽ വിശ്വാസത്തോടുകൂടി തനിക്കു സഹായമായിരുന്നാൽ ശിവാജിക്കു മാപ്പു കൊടുക്കാമെന്നു മാത്രമല്ല, ബീജപ്പൂരിൽ ഇനി പിടിച്ചടക്കുന്ന സ്ഥലങ്ങളും ശിവാജിയുടെ കൈവശം കൊടുക്കുകയും ചെയ്യാമെന്ന് അറംഗസീബ് മറുവടി അയച്ചു. ഇതോടുകൂടി ബീജപ്പൂർ സംസ്ഥാനം അധോഗതിയെ പ്രാപിപ്പാൻ തുടങ്ങി. അവിടെ തക്കതായ രാജ്യതന്ത്രജ്ഞന്മാർ ഇല്ലാഞ്ഞയാൽ നഗരപരിപാലനം അസാദ്ധ്യമായിത്തീർന്നു. രാജ്യരക്ഷക്കു മതിയായ സൈന്യങ്ങളും ഇല്ലാതിരുന്നതുകൊണ്ടു സർവ്വത്ര ഭയം വർദ്ധിച്ചുവന്നു. സംസ്ഥാനമെങ്ങും അസ്വസ്ഥത ബാധിച്ചു. ബീജപ്പൂരിൽനിന്നു ശിവാജിക്കു തെല്ലുപോലും ഭയമില്ലാതായി. ശിവാജിയുടെ പ്രദേശങ്ങളിൽ എല്ലാപ്പോഴും ജയം സിദ്ധിച്ചുകൊണ്ടുമിരുന്നു.

**3. ജഞ്ജീരാ:—** ക്രി. പി 1659-ാം വർഷത്തിൽ, ശിവാജി ജഞ്ജീരാ എന്ന പട്ടണം പിടിച്ചടക്കുവാൻ ആരംഭിച്ചു. ജഞ്ജീരാ എന്നത് അറബിക്കടലിന്റെ തീരത്തിൽ ഏററവും പ്രധാനമായ ഒരു തുറമുഖപട്ടണമായിരുന്നു. പണ്ട് അഹമ്മദ് നഗരത്തെ രക്ഷിച്ചുവന്ന മാലിക് അമ്പർ എന്ന മന്ത്രി, സ്വദേശവ്യാപാരത്തിന്റെ അഭിവൃദ്ധിക്കായി പല പരിശ്രമങ്ങളും ചെയ്ത കൂട്ടത്തിൽ ഈ പട്ടണത്തെ നാവികസൈന്യത്തിന്റെ ഒരു സങ്കേതമാക്കി. അഹമ്മദ്നഗരം ഛിന്നഭിന്നമായതിന്നു ശേഷം ഈ പട്ടണം ബീജപ്പൂർസുൽത്താന്റെ അധികാരത്തിൽ വന്നു. അഹമ്മദ് നഗരത്തിൽ ഉണ്ടായിരുന്ന അഭിസീനിയയേ എന്ന വർഗ്ഗക്കാർ ബീജപ്പൂരിലെ നിവാസികളായിത്തീർന്നു. ശിവാജിയുടെ കാലത്തു ജഞ്ജീരാ കോട്ടയുടെ രക്ഷകൻ പടേഖാൻ എന്ന ഒരുവനായിരുന്നു. ഇവൻ ആഫ്ഘൻ ജാതിക്കാരനായിരുന്നു. ബീജപ്പൂർ സുൽത്താൻ ഇവന്റെ പേരിൽ വളരെ വിശ്വാസത്തോടുകൂടിയാണ് ഇരുന്നിരുന്നത്

ഈ പടേഖാൻെറ വരുതിയിലുള്ള പട്ടാളക്കാരിൽനിന്നാണ് ശിവാജി റൈറി, കോസലാ മുതലായ കോട്ടകളെ പിടിച്ചടക്കിയത്. അതിനാൽ പടേഖാൻ ശിവാജിയെ വല്ലാതെ ശങ്കിച്ചും, അദ്ദേഹത്തിൻെറ സ്ഥിതിഗതികളെ തൻെറ ചാരന്മാരെക്കൊണ്ട് അന്വേഷിപ്പിച്ചും ആണിരുന്നിരുന്നത്. ശിവാജിയുടെ സകലപ്രവൃത്തികളും പടേഖാന് അറിവുണ്ടായിരുന്നു.

ജഞ്ചീരാപട്ടണം പിടിച്ചടക്കുന്നതിൽ ശിവാജിക്കു നല്ല ധൈര്യം ഉണ്ടായിരുന്നു. അതിന്നായി അദ്ദേഹം നല്ല യുദ്ധവീരന്മാരായ എണ്ണൂറ് അഫ്ഘൻ പടയാളികളേയും ചേർത്തു തൻെറ മഹാരാഷ്ട്രസൈന്യത്തെ ബലപ്പെടുത്തി 'നിത്തോജി പാൾക്കർ' എന്നാളെ തലവനായി നിയമിച്ചു. അതോടുകൂടി ശിവാജി വിദേശമന്ത്രി*യെന്ന ഒരു പുതിയ ഉദ്യോഗം സൃഷ്ടിക്കുകയും, ആ സ്ഥാനത്തേയ്ക്കു സാമറാജ് നീലകണ്ഠൻ എന്നാളെ നിയമിക്കുകയും ചെയ്തു. ഇദ്ദേഹത്തിന്നാണ് പടേഖാനോട് എതിക്കുവാൻ ചുമതലയുണ്ടായിരുന്നത്. എന്നാൽ ഇദ്ദേഹത്തിന്ന് അത്രയ്ക്കു സാമർത്ഥ്യമില്ലാതിരുന്നതുകൊണ്ടു പടേഖാനോട് എതിർത്തുനില്ക്കുവാൻ കഴിഞ്ഞില്ല. സാമറാജ് പരാജിതനായെന്നറിഞ്ഞപ്പോൾ, ശിവാജി രഘോബലാൽ ആത്രേയൻെറ കീഴിൽ വലുതായ ഒരു സൈന്യത്തെ നിയോഗിച്ചയച്ചു. ആത്രേയൻ പടേഖാനോട് അതിസാമർത്ഥ്യത്തോടെ എതിക്കുകയും, അതിൽവെച്ചു പടേഖാൻ പിന്തിരിക്കുകയും ചെയ്തു. ഇതിന്നുശേഷം വിദേശമന്ത്രിയുടെ സ്ഥാനത്തേയ്ക്കു മോറോ പിംഗളയെയാണ് ശിവാജി നിയമിച്ചത്. വർഷാകാലം സമീപിച്ചപ്പോൾ ശിവാജി, പിംഗളേ, സാമറാജ് എന്നി മൂന്നുപേരും സൈന്യശക്തിയെ വർദ്ധിപ്പിക്കുന്നതിന്നുള്ള ശ്രമം തുടങ്ങി. ഈവക ഒരുക്കമാനങ്ങൾ കണ്ടു സംശയഗ്രസ്തന്മാരായിത്തീർന്ന പല ജമി

---

* വിദേശമന്ത്രിക്കു പേഷ്വാ എന്നും, പ്രധാനി എന്നുംകൂടി പേരുണ്ട്. വിദേശരാജാക്കന്മാരുമായുള്ള എടവാടുകൾ ഈ ഉദ്യോഗസ്ഥൻ ചെയ്യേണ്ടതായിരുന്നു.

ന്ദാർമാരും ശിവാജിക്കു കിഴടങ്ങി കൊല്ലംതോറം കപ്പം കൊടു ക്കാമെന്ന് ഉടമ്പടി ചെയ്യു.

ഇപ്രകാരം, രാജ്യതന്ത്രനിപുണനായ ശിവാജി ഭവാനി ദേവിയുടെ വരപ്രസാദത്താൽ പദേ പദേ വിജയം സമ്പാദി ച്ചുംകൊണ്ടു വന്നു. അതു കണ്ടിട്ട്, അദ്ദേഹത്തിൻെറ ബദ്ധവി രോധിയായ ബിജപ്പൂർ സുൽത്താനു കലശലായ കണ്ണുകടി ഉ ണ്ടായിത്തീൎന്നു. സുൽത്താൻെറ അസൂയകൊണ്ടുണ്ടായ ഫലങ്ങ ളെപ്പററി ഉപരി വൎണ്ണിക്കുവാൻ പോകുന്നുണ്ട്. ഇതിന്നു പുറമേ യും, ശിവാജിയുടെ അഭിവൃദ്ധിയിൽ അസൂയയുള്ളവർ വളരെ പ്പേരുണ്ടായിരുന്നു. കേവലം ഒരു ജമിന്ദാരുടെ മകൻ ഇത്ര വ ലുതായ രാജ്യത്തിൻെറ നാഥനായി വന്നതു വളരെപ്പേൎക്ക് അ സഹ്യമായിത്തീൎന്നു. ശിവാജിയുടെ അഭ്യുദയത്തെക്കണ്ട് അദ്ദേ ഹത്തിൻെറ പിതാവായ ഷഹാജി അത്യാനന്ദത്തിൽ മുഴുകി. ഉത്തിഷ്ഠമാനനായ ശിവാജി, മഹാരാഷ്ട്രജാതിക്കാരേയും മററനേ കം വൎഗ്ഗക്കാരേയും ഒന്നിച്ചു ചേൎത്ത് ഏററവും സാമൎത്ഥ്യത്തോടു കൂടി രാജ്യകാൎയ്യങ്ങൾ നടത്തിവന്നു. ബ്രാഹ്മണർ, പ്രഭുക്കന്മാർ, മാവലികൾ എന്നു തുടങ്ങി വിവിധജാതികളിലുള്ള അനേകം വീരന്മാർ ശിവാജിയുടെ ആജ്ഞയിൻകീഴിൽ ഉണ്ടായിരുന്നു. അവരെല്ലാവരും മഹാരാഷ്ട്രചരിത്രത്തിൽ പ്രസിദ്ധി നേടിയവ രാകുന്നു. ബ്രാഹ്മണരിൽത്തന്നെ നാല്പത്തഞ്ചു വീരന്മാർ ചരി ത്രപ്രസിദ്ധന്മാരായിട്ടുണ്ട്. അവരിൽ മോറോപണ്ട് പിംഗളേ, അപ്പാജിശോണദേവൻ, രഘോബലാൽ ആത്രേയൻ, അണ്ണാ ജിദത്തൻ, ദത്താജി ഗോപിനാഥൻ, രാഘോജി സോമനാഥൻ, നീരാജി രായോജി എന്നിവർ ശിവാജിക്കുവേണ്ടി പ്രാണനെ ഉപേക്ഷിപ്പാനൊരുങ്ങിയവരും, എന്തിനും ശക്തന്മാരായ യുദ്ധ വീരന്മാരുമായിരുന്നു. പ്രഭുവംശക്കാരായ വീരന്മാരിൽ മുരാർബാ ജി, ബാജിപ്രഭു, ബാലാജി ആവുജി എന്നിവരും; മാവലിജാ തിക്കാരിൽ താനാജി മാലസുരേ, യശാജിഗംഗ്, ബാജിപ സാൾക്കർ, ഭുംഗോജി നരസലേ, നീത്തോജി പാൾക്കർ, പ്രതാ പറാവു എന്നിവരും മഹാ പരാക്രമശാലികളായ വീരന്മാരാ

യിരുന്നു. ഇവരിൽ ചിലരുടെ വീൎയ്യപരാക്രമങ്ങൾ ഇതിന്നു മു
ന്പുണ്ടായ ചില സംഭവങ്ങളിൽനിന്നു വ്യക്തമായിട്ടുണ്ട്. ചില
രുടേതിനെപ്പററി മേലിൽ പറയുവാൻ പോകുന്നുമുണ്ട്. മഹാ
രാഷ്ട്രഭൂമാതാവിൻെറ വീരസന്താനങ്ങളും, ലോകത്തിലെ ഏതു
വീരന്മാരോടും കിട നില്ക്കുന്നവരുമായ ഈ യോദ്ധാക്കളുടെ സ
ഹായത്തോടുകൂടി, ശിവാജി തൻെറ വിജയോദ്യമത്തെ മേൽക്കു
മേൽ ഉത്തേജിപ്പിച്ചുംകൊണ്ടു വന്നു.

---

## ആറാമദ്ധ്യായം.

### അഫ്സൽഖാൻ വധം.

ശിവാജി, ബിജാപ്പൂർ സംസ്ഥാനത്തിലുള്ള കോട്ടകൾ ഓ
രോന്നോരോന്നായി കൈവശപ്പെടുത്തിയെന്നും, പുതിയ നാ
ടുകളും നഗരങ്ങളും വെട്ടിപ്പിടിച്ചു തൻെറ രാജ്യത്തെ അധിക
മധികം ശക്തിപ്പെടുത്തുന്നുവെന്നും, തൻെറ സൈന്യങ്ങളെ ദി
നംതോറും അധികമാക്കി ബലപ്പെടുത്തുന്നുവെന്നും, ഷഹാജി
ക്കു വേണ്ടി പലതവണയും മാപ്പു കൊടുത്തിട്ടുകൂടി ലേശംപോ
ലും നന്ദികൂടാതെ ബിജാപ്പൂരിലേക്കു ദ്രോഹം പ്രവൎത്തിക്കുന്നുവെ
ന്നും, ദക്ഷിണദേശത്തിൽ അന്യജാതിക്കാരുടെ പ്രഭുത്വം നില
നില്ക്കാനനുവദിക്കാതെ മഹാരാഷ്ട്രരുടെ അധികാരത്തെ ഉറപ്പി
ക്കുവാൻ ശ്രമിക്കുന്നുവെന്നും ബിജാപ്പൂർ സുൽത്താനായ ആലി
അദ്ധൽഷ്ഷാക്ക് അറിവു കിട്ടി. ഇനി മേലിൽ ശിവാജിയോടു
യാതൊരു ദാക്ഷിണ്യവും കാണിക്കേണ്ടതില്ലെന്നും, ഏതുവിധ
ത്തിലെങ്കിലും അദ്ദേഹത്തെ നിഗ്രഹിക്കേണമെന്നും സുൽ
ത്താൻ തീച്ചപ്പെടുത്തി. ഏതുവിധത്തിലായാലാണ് ശിവാ
ജിയെ കൊലപ്പെടുത്തുവാൻ സാധിക്കുക എന്നാലോചിക്കുവാ
നായി, ഒരു ദിവസം സുൽത്താൻ മന്ത്രിമാർ, പ്രധാനികൾ,
സേനാപതിമാർ മുതലായവരെയെല്ലാം വരുത്തി ഒരു മന്ത്രാ

ലോചനസഭ നടത്തി. ഇങ്ങിനെ ഒരു സഭ അടിയന്തരമായി വിളിച്ചുകൂട്ടുവാൻ സുൽത്താനെ പ്രേരിപ്പിച്ചത് സുൽത്താൻെറ അമ്മയും മരിച്ചുപോയ അഡൽഷയുടെ ഭാൎയ്യയുമായ റാണിയായിരുന്നു.

സഭയിൽ ഓരോരുത്തർ അവരവരുടെ അഭിപ്രായങ്ങളെ ഓരോ വിധത്തിൽ പറഞ്ഞുതുടങ്ങി. ശിവാജിയെ കൊല്ലുന്നതിന്നു മുമ്പായി, അദ്ദേഹം കൈവശപ്പെടുത്തിയ കോട്ടകൾ വളഞ്ഞുപിടിച്ച് വീണ്ടും കരസ്ഥമാക്കേണമെന്നു ചിലർ. തക്കതായ സൈന്യങ്ങളോടു കൂടിച്ചെന്നു ശിവാജിയുമായി ഒരു യുദ്ധം നടത്തി അയാളെ തടവുകാരനായി പിടിക്കുകയാണു വേണ്ടതെന്നു മററു ചിലർ. ഇങ്ങിനെ പലരും പല അഭിപ്രായങ്ങൾ പറയുന്നതിന്നിടയിൽ, റാണിയുടെ അടുത്ത ചാൎച്ചക്കാരനും, അരമനയിലെ വെപ്പുകാൎയ്യസ്ഥനും, ദൃഢഗാത്രനും, ഒരു ശ്രുതിപ്പെട്ട മല്ലനുമായ 'അഫ്സുൽഖാൻ' എന്നവൻ എഴുനേററുനിന്ന്, അതിയായ ഗൎവ്വോടും ധൈൎയ്യത്തോടും കൂടി, ഉച്ചസ്വരത്തിൽ ഇങ്ങിനെ പറഞ്ഞു:—"പ്രഭോ! വളയിൽനിന്നു വളയിലേക്കു നുണ കടക്കുന്ന എലിയെപ്പോലെ, മലയിൽനിന്നു മലയിലേക്കു പകന്നു കളിക്കുന്ന ആ ശിവാജിയെ പിടിച്ചുകെട്ടി കുതിരപ്പുറത്തു കയററി, നാട്ടുകാരുടെ മുമ്പിൽ പരസ്യമാക്കിക്കൊണ്ട്, ഇതാ ഈ ഞാൻ ഇവിടെ കൊണ്ടുവരുന്നുണ്ട്; കല്പന കിട്ടേണ്ട താമസമേ ഉള്ളു." അഫ്സുൽഖാൻെറ ഈ ധീരവാക്യം കേട്ടു സന്തോഷിച്ച് സുൽത്താൻ പന്തീരായിരം * കുതിരപ്പടയാളികളോടുകൂടിച്ചെന്നു ശിവാജിയെ പിടിച്ചുകൊണ്ടുവരുവാനായി കല്പന കൊടുത്തു.

ഈ അഫ്സുൽഖാൻ സ്വതേതന്നെ ഭീമകായനായ ഒരു പടുമല്ലനാണ്. വാളെടുത്തിട്ടുള്ള യുദ്ധത്തിലും ദ്വന്ദ്വയുദ്ധത്തിലും അഫ്സുൽഖാനോടു സമനായിട്ട് ആരുംതന്നെ അക്കാലത്തുണ്ടായിരുന്നില്ല. ഇയ്യാൾ കുറേക്കാലം 'വൈയ' നഗരത്തി

* ഗ്രാൻറ് ഡഫ് (Grant Duff) പറയുന്നത് 5000 അശ്വസേനികളും 7000 കാലാൾപടയും കൂടി 12000 എന്നാണ്.

ലെ തലവനായിരുന്നിട്ടുള്ളതുകൊണ്ട് കൃഷ്ണാനദി ഒഴുകുന്ന പ്രദേശങ്ങളേയും ജാവലിയുടെ പരിസരങ്ങളേയും ഇയ്യാൾ നല്ല വണ്ണം അറിയും. സുൽത്താൻെറ കല്പനപ്രകാരം പന്തീരായിരം സൈന്യങ്ങളേയും ഒന്നിച്ചു ചേർത്തു ശിവാജിയുടെ നേരെ പുറപ്പെടുന്നതിന്നു മുമ്പായി, അഫ്സുൽഖാൻ തൻെറ ഗുരുവിനെ കാണുവാനായി ചെല്ലുകയുണ്ടായി. ഗുരു, ശിഷ്യൻെറ വരവു കേട്ട് അവനെ എതിരേല്ക്കുവാൻ പുറത്തുവന്നത് ഉഷ്ണീഷം ധരിക്കാതേകണ്ടായിരുന്നു. ഇത് ഒരു ദുർന്നിമിത്തമാണെന്നു പറയേണ്ടതില്ലല്ലോ. ജീവനോടുകൂടി ഇരിക്കുന്ന ഒരാളെ മുണ്ഡിതനായി കാണുന്നതു മരണമടുത്തതിൻെറ സൂചകമാകുന്നു. ഈ സമയത്തു യാത്ര പുറപ്പെടേണ്ടെന്ന് ഗുരു ഉപദേശിച്ചുവെങ്കിലും, ഉദ്ധൃത്തനായ അഫ്സുൽഖാൻ അതു കേൾക്കാതെ പുറപ്പെടുകതന്നെ ചെയ്തു. യാത്ര പുറപ്പെട്ടു കുറച്ചുദൂരം വരെ ചെന്നപ്പോഴയ്ക്കും പട്ടംകെട്ടുന്ന 'പട്ടിൽഷ്ഷർ' എന്ന ആന പടിഞ്ഞുപോയി. ഇതും ഒരു ദുർന്നിമിത്തമായിരുന്നു. എങ്കിലും ഗർവ്വിഷ്ഠനായ അഫ്സുൽഖാൻ ഇതൊന്നും വകവെയ്ക്കാതെ തൻെറ ജൈത്രയാത്രയെ തുടൎന്നു.

ക്രി. പി. 1659-ാം വൎഷം സെപ്റ്റംബർ മാസത്തിൽ വൎഷാകാലത്താണ് അഫ്സുൽഖാൻ ബിജപ്പൂരിൽനിന്നു പുറപ്പെട്ടത്. ശിവാജിയുടെ തെക്കുവശത്തുള്ള കോട്ടകളെ വളഞ്ഞു പൊരുതണമെന്നു കരുതി, അഫ്സുൽഖാൻ ഒന്നാമതു ബിജപ്പൂരിന്നു നേരേ വടക്കുള്ള തുലാപൂരത്തിലേക്കാണു സൈന്യങ്ങളെ നയിച്ചത്. തുലാപൂരത്തിലുള്ള ക്ഷേത്രത്തിൽ ഭവാനീദേവിയുടെ ഒരു ഭംഗിയുള്ള വിഗ്രഹം ഉണ്ടായിരുന്നു. ഈ വിഗ്രഹം ഭോൻസ്ലേ വംശക്കാരുടെ പരദേവതയാണ്. ആകയാൽ അഫ്സുൽഖാൻ ആ വിഗ്രഹത്തെ തച്ചുടയ്ക്കുവാൻ ശ്രമിച്ചുവെങ്കിലും, ക്രൂരഹൃദയനായ ആ മുസൽമാൻെറ സ്വഭാവം അറിയുന്നവരായ ക്ഷേത്രപരിചാരകന്മാർ ദേവിവിഗ്രഹത്തെ എടുത്തു ഭദ്രമായി സൂക്ഷിച്ചതുകൊണ്ട് അയാളുടെ ആഗ്രഹം സാധിക്കാതേപോയി. അഫ്സുൽഖാൻ ദേവീവിഗ്ര

ഹം കാണാഞ്ഞു കുപിതനായിട്ട് ഒരു കറുത്ത പശുവിനെ നട ക്കൽവെച്ച് അറുത്ത് ശ്രീകോവിലിൽ രക്താഭിഷേകം ചെയ്യാൻ കല്പന കൊടുത്തു. ഈ കഠിനപ്രവൃത്തി ഹിന്ദുക്കളുടെ രക്തനാഡികളെ വല്ലാതെ ഏളക്കിത്തീൎത്തുവെങ്കിലും അവരെക്കൊണ്ട് അഫ്സുൽഖാൻെറ മുമ്പിൽ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല.

അഫ്സുൽഖാനും പടയും വരുന്ന വിവരം അറിഞ്ഞപ്പോൾ, ശിവാജി രാജഘഡദുൎഗ്ഗത്തെ വിട്ടു ജാവലിയിലേക്കു മാറിത്താമസിച്ചു. ഈ വിവരം അറിഞ്ഞപ്പോൾ അഫ്സുൽ ഖാൻ തൻെറ വഴിയെ ഒന്നു മാററി, തെക്കുപടിഞ്ഞാറു മാൎഗ്ഗമായിത്തിരിച്ച് ഭീമാനദി കടന്നു പണ്ടാപുരത്തിൽ ചെന്നുചേൎന്നു. പണ്ടാപുരത്തിലും അഫ്സുൽഖാൻ ഹിന്ദുക്കളുടെ ക്ഷേത്രങ്ങൾ തട്ടിനിരത്തുകയും വിഗ്രഹങ്ങളെ ഛിന്നഭിന്നമാക്കുകയും ചെയ്തു. പല ക്ഷേത്രങ്ങളിലേയും പരിശുദ്ധവിഗ്രഹങ്ങളെ ആ പരമദുഷ്ടൻ പുഴകളിൽ എറിഞ്ഞുകളഞ്ഞു. എങ്കിലും, ഏററവും പ്രസിദ്ധമായ വിത്തൽനാഥവിഗ്രഹത്തെ പൂജകന്മാർ മുൻകൂട്ടി എടുത്ത് ഒളിച്ചുവെയ്ക്കുകയാൽ അഫ്സുൽഖാന് അതു കിട്ടിയില്ല, ഇങ്ങിനെ, ചെന്നാൽ ചെന്നേടത്തെല്ലാം കൊള്ളചെയ്തുകൊണ്ടും നാട്ടും നഗരവും തീക്കൊളുത്തിക്കൊണ്ടുമാണ് അഫ്സുൽഖാൻെറ യാത്രയുണ്ടായത്.

പണ്ടാപുരത്തിൽ കുറച്ചു താമസിച്ചതിന്നുശേഷം അഫ്സുൽഖാൻ അവിടെനിന്നു റഹിമത്പുരം വഴിയായി 'വൈയ' നഗരത്തിലേക്കു പോയി. അവിടെ എത്തിയ ഉടനെ അഫ്സുൽഖാൻ ശിവാജിയെ പിടിച്ചു തടവിലിടേണ്ട ആവശ്യത്തിലേക്ക് ഒരു കൂട്ട കെട്ടുവാൻ കല്പിച്ചു. അതോടുകൂടി, ശിവാജിയുടെ അടുക്കലേക്ക് ഒരു ദൂതനെ അയയ്ക്കുകയും ചെയ്തു. ശിവാജി വൈയനഗരത്തിൽ വരേണമെന്നായിരുന്നു ദൂതൻ മുഖേന അയച്ച സന്ദേശം. ശിവാജിയാകട്ടേ, ബിജപ്പൂരിലെ സംഭവങ്ങൾ നല്ലവണ്ണം അറിഞ്ഞിരുന്നതുകൊണ്ട് അഫ്സുൽഖാൻെറ വരവിൽ എന്തോ ഒരു ദുരുദ്ദേശമുണ്ടെന്ന്

ഊഹിക്കാതിരുന്നില്ല. പോരെങ്കിൽ, ശിവാജിയുടെ ചാരന്മാരിൽ ഏറ്റവും കീർത്തിനേടിയ വിശേഷപരറാവു ഒരു മഹമ്മദഫക്കീരിൻെറ വേഷം ധരിച്ച് അഫ്സുൽഖാൻെറ പാളയത്തിൽ ചെന്ന്, അവൻെറ ഉദ്ദേശമെല്ലാം അറിഞ്ഞ് ശിവാജിക്ക് അറിവു കൊടുക്കുകയും ചെയ്യിരുന്നു. ഇങ്ങിനെ ഇരിക്കുന്ന സമയത്താണ് അഫ്സുൽഖാൻെറ ദൂതൻ ശിവാജിയുടെ അടുക്കൽ എത്തിയത്.

ഈ ദൂതന്നു കൃഷ്ണാജി ഭാസ്കർ എന്നായിരുന്നു പേർ. ഇദ്ദേഹം വൈയ നഗരത്തിലെ 'കുൽകണ്ണി' (മുൻസിഫ്) യും അഫ്സുൽഖാൻെറ ദിവാനുമായിരുന്നു. ഇദ്ദേഹം ശിവാജിയെ കണ്ടതു പ്രതാപഘഡയിൽ വെച്ചാണ്. അഫ്സുൽഖാൻ വൈയ നഗരത്തിലുണ്ടെന്നും, അത്രത്തോളം ഒന്നു ചെല്ലാൻ പറഞ്ഞയച്ചിട്ടുണ്ടെന്നും കൃഷ്ണാജി ശിവാജിയോടു പറഞ്ഞു. ശിവാജിയാകട്ടെ, അഫ്സുൽഖാന്നു തന്നെ കാണേണ്ടതായ അത്യാവശ്യമുണ്ടെങ്കിൽ ജാവലിയിൽവെച്ചു തമ്മിൽ കാണാമെന്നും, വൈയനഗരത്തിലേക്കു പോരാൻ തനിക്കു ഭയമുണ്ടെന്നും, ജാവലിയിലേക്കു വരുന്ന പക്ഷം വേണ്ട ഏപ്പാടുകളെല്ലാം ചെയ്യാമെന്നുമാണു മറുവടി പറഞ്ഞത്. അന്നു രാത്രി കൃഷ്ണാജി ശിവാജിയോടൊരുമിച്ചുതന്നെ താമസിച്ചു. നേരം ഏകദേശം അർദ്ധരാത്രിയായപ്പോൾ ശിവാജി കൃഷ്ണാജിയുടെ ശയനഗൃഹത്തിൽ ചെന്നു സ്വകാര്യമായി ഇങ്ങിനെ പറഞ്ഞു:— "ഹേ മഹാശയ! ഞാൻ എൻെറ കുലദൈവമായ ഭവാനിദേവിയെ വിശ്വസിച്ചിട്ടാണ് എല്ലാ പ്രവൃത്തികളും ചെയ്യുന്നത്. മഹാരാഷ്ട്രർ അന്യന്മാരുടെ കീഴിൽ അടിമകളെപ്പോലെ ഇരിക്കുന്നതു കണ്ടു പൊറുപ്പാൻ എനിക്കു ധൈര്യമില്ല. മഹാരാഷ്ട്രർ നിർഭയന്മാരായും സ്വതന്ത്രന്മാരായും ഇരിക്കേണമെന്നാണ് എൻെറ ഉദ്ദേശം. ഹിന്തുക്കളുടെ ദേവാലയങ്ങൾ മഹമ്മദീയരുടെ ക്രൂരതകൊണ്ടു ചൈതന്യമില്ലാത്ത നിലയിൽ ആയിത്തീന്നിരിക്കുന്നതു നിങ്ങൾക്കറിയാമല്ലോ. തുലാപുരം തകർന്നതു കണ്ടില്ലേ? പണ്ടാപുരം 'നിഡ്ഡുളി' പിടിച്ചതും കണ്ടില്ലേ?

നമ്മളെല്ലാം വളരെ ഭക്തിയോടെ ബഹുമാനിച്ചും പൂജിച്ചും വരുന്ന പശുവര്‍ഗ്ഗങ്ങൾക്കു സംഭവിക്കുന്ന അത്യാപത്തുകളെ നിങ്ങൾ പ്രത്യക്ഷമായിത്തന്നെ കണ്ടനുഭവിച്ചിട്ടുണ്ടല്ലോ. ഭക്തിയും വൈഭവവും കീര്‍ത്തനവും സദാ വിളങ്ങിക്കൊണ്ടിരുന്ന ക്ഷേത്രങ്ങൾ ദുര്‍ഗ്ഗന്ധവും പശുമാംസവും രക്തപ്രവാഹവുംകൊണ്ടു നിറഞ്ഞിരിക്കുന്നു! ഇതെല്ലാം കാണുമ്പോൾ മഹാരാഷ്ട്രരുടെ ഹൃദയത്തിന്നുണ്ടാകുന്ന വികാരങ്ങളെപ്പററി ഒന്നും പറഞ്ഞറിയിക്കേണ്ടതില്ല. ഞാൻ നിങ്ങളെ എന്റെ ഒരു പരമമിത്രമായിട്ടാണു കരുതുന്നത്. നിങ്ങളും എന്നെപ്പോലെ മഹാരാഷ്ട്രജാതിയിൽ ജനിച്ചവനും ഭക്തിമാനുമാകയാൽ ഈ വക സംഗതികൾ ഗാഢമായി ആലോചിക്കുമെന്നു വിശ്വസിക്കുന്നു. സര്‍വ്വശക്തനായ ഈശ്വരന്റെ അരുളപ്പാടു നിങ്ങളെ ഉണര്‍ത്തട്ടെ! നിങ്ങളെ അയച്ചിട്ടുള്ള അഫ്സുൾഖാന്ന് ഇപ്പോഴുള്ളതും ഇനി ഉണ്ടാവാനുള്ളതുമായ ഉദ്ദേശങ്ങളെ വ്യക്തമായി എന്നോടു പറയുക! ഈ വിഷയത്തിൽ നിങ്ങളും ഞാനും ഒരേ മനസ്സായി ഇരിക്കേണ്ടതാണ്. നിങ്ങളുടെ സന്തതികളുടെ സുഖത്തിന്നുവേണ്ട ഭൂമികൾ നിങ്ങൾക്കു സൌജന്യമായിത്തരുവാൻ ഞാൻ ഒരുക്കമാണ്. അഫ്സുൾഖാന് എന്നെ കൊല്ലുണമെന്നാണുദ്ദേശമെന്നു ചാരന്മാർ മുഖേന ഞാൻ അറിഞ്ഞിരിക്കുന്നു. അതു വാസ്തവമാണോ എന്നു പറയു."

ശിവാജിയുടെ ഈ പ്രസംഗം എല്ലാവരുടേയും ഹൃദയത്തെ അലിയിക്കത്തക്കതായിരുന്നു. കൃഷ്ണാജിക്ക് ഈ വാക്കുകൾ നല്ലവണ്ണം ഉള്ളിൽക്കൊണ്ടു. അദ്ദേഹം പറഞ്ഞു:—"ശിവാജി! താങ്കൾ ഊഹിച്ചതെല്ലാം ശരിയാണ്. താങ്കളുടെ ചാരന്മാർ പറഞ്ഞതും വാസ്തവമാണ്. അഫ്സുൾഖാൻ താങ്കളെ കൊലപ്പെടുത്തണമെന്നുതന്നെയാണ് ഉദ്ദേശിച്ചിട്ടുള്ളത്." ഇതു കേട്ട ഉടനെ ശിവാജി "അങ്ങിനെയാണെങ്കിൽ നിങ്ങൾ ദയചെയ്തു അഫ്സുൾഖാൻ ഇങ്ങോട്ടു വരത്തക്കവിധം ഏൎപ്പാടുചെയ്യുക" എന്നു കൃഷ്ണാജിയോടു പറകയും, അഫ്സുൾഖാ

നെ വണക്കത്തോടുകൂടി കൂട്ടിക്കൊണ്ടുവരുവാനായി പാണ്ഡോജി ഗോപിനാഥൻ എന്നാളെ തൻെറ ദൂതനായി കൃഷ്ണാജിയുടെ കൂടെ ഒരുമിച്ചു പറഞ്ഞയയ്ക്കുകയും ചെയ്തു. പിറേറ ദിവസം രാവിലെ പാണ്ഡോജിയും കൃഷ്ണാജിയും കൂടി അഫ്സുൽഖാൻെറ താവളത്തിലേയ്ക്കു പോയി.

അവർ അനന്തരം അഫ്സുൽഖാനെ സന്ദർശിച്ചു. കൃഷ്ണാജി അഫ്സുൽഖാനോട് ഇങ്ങിനെ പറഞ്ഞു:—"ശിവാജി ഏററവും ഭീരുവാണ്. നിങ്ങളുടെ പേർ കേട്ടപ്പോൾ അയാൾക്കുണ്ടായ ഭയം ചില്ലറയൊന്നുമല്ല. നിങ്ങളോടെതിക്കുവാനുള്ള ഉദ്ദേശം അയാൾക്കു സ്വപ്നത്തിൽപോലും ഇല്ലെന്ന് എനിക്കു നല്ല അറിവുണ്ട്. ഇവിടെ വന്നു നിങ്ങളെ കാണുന്നതിന്നുതന്നെ അയാൾ ഭയപ്പെട്ടിരിക്കുന്നു. അയാൾ ഇരിക്കുന്ന സ്ഥലത്തേയ്ക്കുതന്നെ നമുക്കു നിർഭയമായി ചെല്ലാവുന്നതാണ്. ഇതാ, ഈ നില്ക്കുന്നതു ശിവാജിയുടെ ദൂതനാണ്. ഇയ്യാൾ വന്നിരിക്കുന്നതു നിങ്ങളെ ക്ഷണിച്ചു കൂട്ടിക്കൊണ്ടുപോവാനാണ്. അതുകൊണ്ട് ശിവാജിയുടെ സന്ദേശത്തിന്നു മറുവടി പറഞ്ഞയയ്ക്കുക". ഇങ്ങിനെ കൃഷ്ണാജി പറഞ്ഞതിൽനിന്ന് ശിവാജി ഒരു ഭീരുവാണെന്നു മനസ്സിലാക്കിയ അഫ്സുൽഖാൻ, പാണ്ഡോജിയെ നോക്കി "ശിവാജിക്ക് എന്നെ ഭയമുണ്ടെന്നുള്ളതു വാസ്തവമാണെങ്കിൽ നാളെ ഞാനിവിടെനിന്നു പുറപ്പെട്ട് അയാൾ പറഞ്ഞ സ്ഥലത്തേയ്ക്കുതന്നെ ചെല്ലാമെന്നു പോയി പ്പറയുക" എന്ന് വളരെ അലക്ഷ്യഭാവത്തോടുകൂടി പറഞ്ഞ് ദൂതനെ മടക്കിഅയച്ചു. അഫ്സുൽഖാന് തൻെറ ഭുജപരാക്രമത്തേയും, സൈന്യശക്തിയേയും പററി നല്ല ധൈര്യവും അഭിമാനവുമുണ്ടായിരുന്നു. ശിവാജിയുടെ സൈന്യങ്ങൾ തൻെറ സൈന്യങ്ങളേക്കാൾ തുലോം നിസ്സാരമാണെന്നായിരുന്നു അയാളുടെ ബോധം. ശിവാജിയെ നിഷ്പ്രയാസം തോല്പിച്ച് ബന്ധനത്തിലാക്കിക്കൊണ്ടുപോകാമെന്ന് അയാൾക്കു ധൈര്യമുണ്ടായിരുന്നു. അതിനാലാണ് ദൂതനോട് ഇങ്ങിനെ പറഞ്ഞയച്ചത്.

അഫ്സുൽഖാൻെറ മറുവടി കിട്ടിയ ഉടൻതന്നെ, പാണ്ഡോജി അതിവേഗത്തിൽ മടങ്ങി വിവരമെല്ലാം ശിവാജിയോടു പറഞ്ഞു. അഫ്സുൽഖാൻ പണ്ഡാപുരംവിട്ടു ജാവലിയിലേയ്ക്കു വരുന്നതായി അറിഞ്ഞ ഉടനെ ശിവാജി പ്രതാപഘഡദുൎഗ്ഗത്തെ ബലപ്പെടുത്തുവാനുള്ള ശ്രമങ്ങളാണു ചെയ്തത്. ഉൾപ്രദേശങ്ങളിലുള്ള കോട്ടകളുടെ രക്ഷയ്ക്കായി ഏതാനും ഭടന്മാരെ മാത്രം നിൎത്തി, ശേഷമുള്ള സകല ഭടന്മാരും പ്രതാപഘഡയിൽ എത്തിച്ചേരേണമെന്ന് അടിയന്തരമായി കല്പന അയച്ചു. പ്രതാപഘഡയുടെ ചുററും കാട്ടുപ്രദേശമായതുകൊണ്ട് ശത്രുക്കൾക്ക് അവയെ അതിക്രമിച്ചു കടന്നുവരുവാൻ സാധിക്കയില്ല. കിഴക്കുഭാഗത്തു മാത്രമാണ് കുറെ തുറന്ന വഴികൾ ഉള്ളത്. ആ വഴിയിൽക്കൂടെയാണ് ശിവാജി അഫ്സുൽഖാനെ വരുത്തുവാൻ വിചാരിച്ചത്. ആകയാൽ ആ വഴിക്കുള്ള കാടുകളെല്ലാം വെട്ടിനിക്കിച്ച് ഉയരമുള്ളതായ ഒരു രാജവീഥി ഉണ്ടാക്കിച്ചു. ഈ ഉയൎന്ന വഴിയുടെ ചുഴലവും താഴ്ന്ന കുണ്ടുപ്രദേശങ്ങൾ ധാരാളമുണ്ടായിരുന്നു. അവയിൽ അത്യുന്നതങ്ങളായ മരങ്ങൾ നിറഞ്ഞു നിന്നിരുന്നതുകൊണ്ട് പുതിയ പാതയിൽക്കൂടെ പോകുന്നവൎക്ക് കീഴ്ഭാഗങ്ങളിൽ നടക്കുന്ന സംഗതികളൊന്നും കാണ്മാൻ കഴികയില്ല. വഴിയിൽ നാഴികയ്ക്കു നാഴികയ്ക്കു ഓരോ പുരകൾ കെട്ടിയിരുന്നു. അവയിലെല്ലാം പട്ടാളക്കാൎക്കാവശ്യമായ പലവക സാധനങ്ങൾ നിറച്ചുവെച്ചിരുന്നു. അഫ്സുൽഖാൻെറ പടയാളികളുടെ പെരുമാററങ്ങൾ സൂക്ഷിക്കുവാനായി ആയുധപാണികളായ അനവധി ഭടന്മാരെ, ശിവാജി മുൻപറഞ്ഞ കുണ്ടൻപ്രദേശങ്ങളിൽ നിറുത്തിയിരുന്നു. കോട്ടയോടു ചേൎന്ന കിടങ്ങുകളേയും കൊത്തളങ്ങളേയും രക്ഷിക്കുവാൻ തൻെറ പീരങ്കിപ്പടയെ തന്നെ ഏൎപ്പാടുചെയ്യുകയും ചെയ്തു. എന്തിനേറെപ്പറയുന്നു, പ്രതാപഘഡദുൎഗ്ഗവും അതിൻെറ ചുററുപ്രദേശങ്ങളും, ആയുധപാണികളും ആയോധനനിപുണന്മാരുമായ ഭടന്മാരുടെ രക്ഷയിൽ ഏല്പിക്കപ്പെട്ടു. അതിനുശേഷം ശിവാജി തൻെറ മന്ത്രി

മുഖ്യന്മാരേയും ആപ്തമിത്രങ്ങളേയും വിളിച്ച് ഒരു സ്വകാൎയ്യസഭ കൂട്ടുകയും, അഫ്സൽഖാനെ സ്വീകരിക്കുന്നതിന്ന് വേണ്ടുന്നതെല്ലാം ആലോചിച്ചുറയ്ക്കുകയും ചെയ്തു.

അഫ്സൽഖാനാകട്ടേ, ശിവാജിയെ തൃണപ്രായമായി കരുതി, വളരെ ആഡംബരത്തോടുകൂടി വൈയനഗരത്തിൽനിന്നു പുറപ്പെട്ടു. വഴിയിൽ എല്ലാദിക്കിലും പടയാളികളുടെ ആവശ്യത്തിന്നുള്ള സാധനങ്ങൾ ധാരാളം ശേഖരിച്ചിട്ടുള്ളതായി കണ്ട് അയാൾ സന്തോഷിച്ചു. ശിവാജി ഒരു ഭീരുവാണെന്നു ബോദ്ധ്യപ്പെട്ടതുകൊണ്ടുണ്ടായ ആനന്ദത്താൽ അയാൾ വഴിപോയതറിഞ്ഞില്ല. അഫ്സൽഖാനെ സ്വീകരിച്ചു കൂടിക്കാഴ്ച കഴിപ്പാനായി, പ്രതാപഘഡദുൎഗ്ഗത്തിൻെറ മുമ്പിൽ കാൽനാഴിക അകലെയുള്ള ഒരു ചെറിയ മൈതാനത്തിൽ ഒരു മണ്ഡപം നിൎമ്മിച്ച്, വിവിധവൎണ്ണത്തിലുള്ള പട്ടുകളെക്കൊണ്ടും തോരണങ്ങളെക്കൊണ്ടും വിചിത്രാകൃതിയിൽ അലങ്കരിച്ചു കമനീയമാക്കിയിരുന്നു. അഫ്സൽഖാൻ പ്രതാപഘഡയുടെ അടിയിലേയ്ക്കു വരുന്ന വഴിയിൽവെച്ച്, അയാളുടെ സേനയുടെ മുന്നണിയിൽ കൊടിയെഴുന്നള്ളിച്ചുകൊണ്ടു പോയിരുന്ന ഗജം മുന്നോട്ടു നടക്കാതെ നിശ്ചലമായി കുറേ നേരം നില്ക്കുകയുണ്ടായി. ഇത് എന്തോ ഒരാപത്തിൻെറ സൂചകമായ ദുൎന്നിമിത്തമാണെങ്കിലും, അഹങ്കാരിയായ ഖാൻ അതിനെ വിലവെയ്ക്കാതെ സൈന്യങ്ങളെ നയിച്ചു.

അഫ്സൽഖാൻ പ്രതാപഘഡയിൽ എത്തുന്നതിൻെറ തലേദിവസം ശിവാജി തൻെറ മന്ത്രിമുഖ്യന്മാരുമായി ഒരു മന്ത്രാലോചന നടത്തിയതിൽവെച്ച് മോറോ പിംഗളേ, താനോജി മാലസരേ, നിത്തോജിപാൾക്കർ എന്നിവർ ശിവാജിക്ക് യുദ്ധധൎമ്മങ്ങളേയും ചതുരുപായങ്ങളേയും വിശദമാക്കിക്കൊണ്ടുള്ള പ്രസംഗങ്ങൾ ചെയ്ത് സന്തോഷവും സമാധാനവും ഉണ്ടാക്കി. ശിവാജി ദൃഢനിശ്ചയത്തോടുകൂടി ആ മൂന്നുപേരേയും വേറെ വിളിച്ച് ഇങ്ങിനെ കല്പിച്ചു:—"നാളെ ദിവസം ഞാനും അഫ്സൽഖാനും തമ്മിൽ നടത്തുന്ന കൂടിക്കാഴ്ച

സമയത്ത് ഖാൻ വല്ല ദുരുദ്ദേശത്തോടുംകൂടി വഞ്ചന പ്രവൃത്തി പ്പാനുത്സാഹിച്ചുവെങ്കിൽ, തൽക്ഷണംതന്നെ രക്ഷപ്പെട്ട് ഓടു ന്നതിന്നായി അഫ്സുൽഖാൻ കൊണ്ടുവരുന്നതായ ബീജപ്പൂർ സൈന്യനിരയേയും കൂടിക്കാഴ്ച നടക്കുന്ന മണ്ഡപത്തേയും ചു റ്റി ചക്രവ്യൂഹം ചമച്ച് സൈന്യങ്ങളോടുകൂടി ഉറപ്പിച്ചുനിന്നു കൊള്ളുക". ഇങ്ങിനെ കല്പിച്ചതിന്നുശേഷം സേനാപതിക ളെ വിളിച്ച് "അഫ്സുൽഖാനും ഞാനും തമ്മിൽ വല്ലകാര ണംകൊണ്ടും പിണങ്ങേണ്ടതായി വന്നുവെങ്കിൽ സൈന്യങ്ങൾ ഒന്നിച്ചുചേർന്ന് എതിർക്കേണ്ടതിന്ന് അടയാളമായി ശംഖനാ ദം പുറപ്പെടുവിക്കുന്നതാണ്" എന്നും കല്പിച്ചു. ഇങ്ങിനെ എ ല്ലാ ഏപ്പാടുകളും ചെയ്തു സകലകാര്യങ്ങളും ശട്ടംകെട്ടിയതി ന്നുശേഷം ഏററവും വിശ്വസ്തന്മാരായ അല്പം ചിലരോടുകൂടി ശിവാജി ഒരു സ്വകാര്യസഭയും നടത്തുകയുണ്ടായി. അതിൽ വെച്ച് ശിവാജി ഇങ്ങിനെ പറഞ്ഞു:—"നമ്മുടെ ഭാഗ്യദോഷ ത്താൽ അഫ്സുൽഖാൻ എന്നെ കൊലപ്പെടുത്തിയെങ്കിൽ, എൻെറ പ്രിയപ്പെട്ട മാതാവിനേയും പുത്രന്മാരേയും നോക്കുന്ന തോടുകൂടി, എൻെറ കാലശേഷം സർവ്വസ്വത്തിന്നും അവകാ ശിയായ സാംബാജിക്കു പ്രായം തികയുന്നതുവരെ അവൻെറ രക്ഷാകർത്താവായിരിക്കേണ്ടതിന്ന് നീത്തോജി പാൾക്കർ ചുമ തല വഹിക്കേണ്ടതാണ്". ഈ വക ആലോചനകളെക്കൊ ണ്ടും ഏപ്പാടുകളെക്കൊണ്ടുംതന്നെ ആ ദിവസം രാത്രി വളരെ നേരം കഴിഞ്ഞുകൂടി.

പ്രഭാതമായപ്പോൾ, ശിവാജി എഴുന്നീററ് കുളിയും സ ന്ധ്യാവന്ദനവും കഴിച്ച് ഏററവും ഭയഭക്തികളോടുകൂടി തൻെറ കുലദേവതയായ ഭവാനിയെ ദർശിപ്പാൻ ചെന്നു. സർവ്വശക്ത യും സർവ്വസാക്ഷിണിയുമായ ഭവാനിദേവി പരമഭക്തനായ ശി വാജിയുടെ മുമ്പിൽ സുപ്രസന്നവദനയായി പ്രത്യക്ഷീഭവിച്ച്, കരുണാമസൃണ ദളായ കടാക്ഷങ്ങളെക്കൊണ്ട് ആ ഭക്താഗ്രേ സരനെ അനുഗ്രഹിച്ചു. ദേവി തന്നെ ആശ്വസിപ്പിച്ചു "ഹേ കുമാര! നിൻെറ മനസ്സിന്നു യാതൊരു ക്ലേശവും വേണ്ട. നി

നക്ക് ഒരപായവും വരികയില്ല. നിനക്കും എനിക്കും ഹിന്ദുസമുദായത്തിന്നൊട്ടാകയും ദ്രോഹംചെയ്യു ആ അഫ്സുൽഖാൻ ഇന്ന് ജീവനോടു വേർപെടും. ധൈര്യത്തോടുകൂടി ഇരിക്കുക. നിനക്കു സർവ്വാഭീഷ്ടങ്ങളും സാധിക്കുമാറാകട്ടേ" എന്നിങ്ങിനെ അരുളിച്ചെയ്തു മറഞ്ഞതായി ശിവാജിക്കു തോന്നി. ഇങ്ങിനെ, ഭക്താനുഗ്രഹപരതന്ത്രയായ ഭവാനീഭഗവതിയുടെ അനുഗ്രഹമുണ്ടായതുകൊണ്ടു സന്തുഷ്ടനായ ശിവാജി, അവിടേനിന്നു തന്റെ പ്രിയമാതാവിനെ കാണ്മാനാണ് പോയത്. പുത്രവത്സലയായ ആ വീരമാതാവ് തന്റെ പ്രിയപുത്രനെ ആദരപൂർവ്വം സ്വീകരിച്ച് ആശീർവ്വദിച്ചു. അനന്തരം ശിവാജിയും ജീജാഭായിയും തമ്മിൽ ചെറുതായൊരു സംഭാഷണമുണ്ടായി.

ശിവാജി:— അമ്മേ! ഇന്നു വൈകുന്നേരം ഞാൻ അഫ്സുൽഖാനുമായി ഒരു കൂടിക്കാഴ്ചക്ക് ഏർപ്പാടുചെയ്തിട്ടുണ്ട്. അമ്മ എന്നെ അനുഗ്രഹിച്ചു വിടനൽകി പറഞ്ഞയയ്ക്കണം.

ജീജാഭായി:— മകനേ! ഈ സന്ദർഭത്തിൽ നീ അവനെ കാണുന്നത് എനിക്കിഷ്ടമല്ല. നിന്റെ സൈന്യങ്ങളെ ഇനിയും കുറെക്കൂടി ബലപ്പെടുത്തി, നാടും നഗരവും നല്ലവണ്ണം ഉറപ്പിച്ചതിന്നു ശേഷമാണ് അവനെ കാണുന്നതു നല്ലത്. ഇപ്പോൾ അഫ്സുൽഖാനെ കാണേണ്ട.

ശിവാ:— അമ്മേ! എനിക്കു ഭവാനീദേവി അനുഗ്രഹം തന്നിട്ടുണ്ട്. എല്ലാ ദൈവങ്ങളും എന്നെസ്സഹായിക്കുവാൻ ഒരുങ്ങിയിട്ടുണ്ട്. മഹാന്മാരുടെ കൃപയും, ബ്രാഹ്മണരുടെ അനുഗ്രഹവും എനിക്കു ലഭിച്ചിട്ടുണ്ട്. എന്റെ വിശ്വസ്തന്മാരായ സുഹൃത്തുക്കളും എനിക്കുവേണ്ടി പ്രാണനെ തൃണമായി കരുതി ഘോരമായ സമരംചെയ്വാൻ സന്നദ്ധന്മാരായിരിക്കുന്നു. എല്ലാവിധത്തിലും എനിക്കു ജയം കിട്ടുവാനുള്ള ലക്ഷണങ്ങളും കാണുന്നുണ്ട്. ആക [illegible] പാ കാനനുവദിച്ച് അനുഗ്രഹിച്ചയ [illegible] ാം ാജിയേയും നോക്കുവാൻ തക്ക [illegible] ണ്ട്.

MUL 037829

ജിജാ:— മകനേ! നീ മുൻകൂട്ടിത്തന്നെ എല്ലാ ഏപ്പ്പാടുകളും ചെയ്തിട്ടുള്ളതുകൊണ്ടു ഞാനിപ്പോൾ തടസ്ഥമൊന്നും പറയുന്നില്ല. എന്നാൽ നീ ഒന്നു വിചാരിക്കണം. നിൻെറ ജ്യേഷ്ഠൻ സാംബാജിയുടെ മരണത്തിന്നു കാരണമായത് ഈ അഫ്സുൽഖാനാണ്. അവനോടു പകരത്തിന്നുപകരം പ്രവൎത്തിക്കുവാൻ മറക്കരുത്. മകനേ! നിനക്കു സൎവ്വമംഗളവും ഭവിക്കട്ടേ! നീ കാൎയ്യം സാധിച്ചു സുഖമായിവരിക.

ഇങ്ങിനെപറഞ്ഞ്, ജിജാഭായി ശിവാജിയെ യാത്രയയച്ചു. ഭവാനിദേവിയുടേയും അമ്മയുടേയും അനുഗ്രഹം കിട്ടിയതുകൊണ്ടു ശിവാജിക്ക് എന്തെന്നില്ലാത്ത ഒരു ധൈൎയ്യം തോന്നി. പിന്നെ അദ്ദേഹം അരമനയിൽപോയി ഭക്ഷണംകഴിച്ചു നിശ്ചിന്തനായി കുറെനേരം കിടന്നുറങ്ങി. ഉദ്ദേശം ആറുനാഴിക പകലുള്ളപ്പോൾ ഉറക്കമുണൎന്ന് അഫ്സുൽഖാനെ കാണുവാനുള്ള ഒരുക്കങ്ങൾ ചെയ്തു. ഉറപ്പുള്ളതായ ഒരിരിമ്പുകവചംധരിച്ച്, അതിന്നുമേലെ പൊൻകസവുള്ളതായ ഒരു കഞ്ചുകവും ധരിച്ചു. തലയിൽ ഇരുമ്പുകൊണ്ടുള്ള ഒരു തൊപ്പിയും, അതിന്നുമേലെ പട്ടാംബരനിൎമ്മിതമായ ഒരുഷ്ണീഷവും ധരിച്ചു. ഇടത്തേ കൈവിരലുകളിൽ പുലിനഖങ്ങൾ കോൎക്കുകയും, കഞ്ചുകത്തിൻെറ വലത്തുഭാഗത്തു മൂൎച്ചയുള്ളതായ ഒരു കത്തി ഉള്ളിൽ തിരുകുകയും ചെയ്തു. ഇങ്ങിനെ തൻെറ ദേഹരക്ഷയ്ക്കു വേണ്ടതൊക്കയും ഏററവും ബുദ്ധിപൂൎവ്വമായി ചെയ്ത് ജിബാവോ മഹാള, സാംബാജി കാവജി എന്നിങ്ങിനെ രണ്ടുപേരെ തൻെറ അംഗരക്ഷകന്മാരായി കൂടെ വിളിച്ചു, ശിവാജി മലയുടെ അടിവാരത്തിലേയ്ക്കു ചെന്നു.

ഇതിന്നിടയിൽ അഫ്സുൽഖാനും സൈന്യങ്ങളും പ്രതാപഘഡയിൽ എത്തിച്ചേൎന്നു. ഉടനെ കൃഷ്ണാജി അഫ്സുൽഖാൻെറ മുമ്പിൽവെച്ച് ഇങ്ങിനെ പറഞ്ഞു. "പ്രഭോ! ശിവാജിയെ കപടമായി പിടിച്ചുകൊണ്ടുപോകുന്നതിന്ന് ഇപ്പോഴത്തെ മട്ട് അത്ര പറവമെന്നു തോന്നുന്നില്ല. ഇത്രവലരെ സൈന്യങ്ങളെ കാണുന്നതായാൽ അയാൾ ഭയപ്പെട്ട് ഓടിയൊളിക്കും.

അതുകൊണ്ടു നമ്മുടെ സൈന്യങ്ങളെ ഈ മലയുടെ അടിവാരത്തിൽ നിൎത്തി, രക്ഷകന്മാരായ ഏതാനും ഭടന്മാരെമാത്രം കൂട്ടിപ്പോകുന്നതാണ് നല്ലത്." അഫ്സുൽഖാൻ, കൃഷ്ണാജിയുടെ ഈ ഉപദേശപ്രകാരം തന്റെ സൈന്യസമൂഹത്തെ മലയുടെ അടിവാരത്തിൽ നിൎത്തി താൻമാത്രം പല്ലക്കിൽ കയറി, അല്പം ചില അംഗരക്ഷകന്മാരോടുകൂടിയാണു പോയത്. ആ അംഗരക്ഷകന്മാരുടെ കൂട്ടത്തിൽ, ഖഡ്ഗയുദ്ധത്തിൽ ഏററവും പ്രസിദ്ധനായ സൈദ്പന്താ എന്നവൻ ഉണ്ടായിരുന്നു. സൈദ്പന്തയെ കണ്ടാൽ തനിക്കു ഭയമാകുന്നതുകൊണ്ട്, അഫ്സുൽഖാൻ അവനെക്കൂട്ടിവരുന്നപക്ഷം താനും തന്റെ ഒരു ഭടനെ കൂട്ടിവരുമെന്നു ശിവാജി ഒരു ദൂതൻമുഖേന അഫ്സുൽഖാനേ അറിയിച്ചു. അതനുസരിച്ച് അഫ്സുൽഖാൻ സൈദ്പന്തയെ നിറുത്തി രണ്ടു അംഗരക്ഷകന്മാരോടുകൂടി മണ്ഡപത്തിൽ പ്രവേശിച്ച സമയം ശിവാജിയും തന്റെ രണ്ട് അംഗരക്ഷകന്മാരോടുകൂടി മണ്ഡപത്തിലേക്കു ചെന്നു.

ശിവാജി ആദ്യംതന്നെ അഫ്സുൽഖാനു വന്ദനോപചാരം ചെയ്യാനായി അടുത്തു ചെന്നു. ശിവാജിയുടെ കയ്യിൽ ആയുധമൊന്നുമില്ലെന്നു കണ്ടപ്പോൾ അദ്ദേഹത്തെ എളുപ്പത്തിൽ പിടിക്കുവാൻ കഴിയുമെന്ന് അഫ്സുൽഖാനു തോന്നി. ഖാൻ ഒരു നീണ്ട കത്തിയെ കൈകൊണ്ടു തടവിക്കൊണ്ടിരുന്നു. ശിവാജി അടുത്തെത്തിയപ്പോൾ ഖാൻ പറവാൻ ആരംഭിച്ചു.

അഫ്സുൽഖാൻ:— എടോ ശിവാജി! കരിയും നുകവുമെടുത്തു കന്നുപൂട്ടി കൃഷിചെയ്യുന്നതിനെ കുലവൃത്തിയായി ചെയ്തുപോന്ന നിന്നെപ്പോലുള്ള ഒരാൾക്ക് ഈ മണ്ഡപം അലങ്കരിക്കത്തക്ക വിലയേറിയ സാധനങ്ങൾ എവിടെ നിന്നാണ് കിട്ടിയത്?

ശിവാജി—(കോപത്തോടെ) അഫ്സുൽഖാൻ! അതിനെപ്പററി നീയെന്തിനു വിചാരിക്കുന്നു? കിണററിൽ കിടക്കുന്ന തവള നാട്ടുനടവടികളെ അറിയുമോ? ലോകവ്യവഹാരം

എന്തെന്നറിയാത്ത ഒരു വെറും അടുക്കളവിചാരിപ്പുകാര
ൻെറ മകനായ നീ ഇതിലൊന്നിലും വിചാരപ്പെടേണ്ട.

ഈ വാക്കുകൾ കേട്ടപ്പോൾ അഫ്സുൽഖാൻ വല്ലാതെ ചൊടിച്ചു. ക്രോധതാമ്രാക്ഷനായ ആ പട്ടമല്ലൻ അതിവേഗത്തിൽ ശിവാജിയുടെ കഴുത്തു പിടിച്ചു കക്ഷത്തിൽ അമത്തി തൻെറ കൈയിലുണ്ടായിരുന്ന കത്തികൊണ്ടു ശിവാജിയുടെ വയററത്തു കുത്തുവാൻ ശ്രമിച്ചു. പക്ഷേ, ശിവാജി ഇരുമ്പുകവചം ധരിച്ചിരുന്നതുകൊണ്ട് ആ കുത്തു ദേഹത്തിൽ തട്ടിയില്ല. ശിവാജി, അഫ്സുൽഖാൻെറ ദുരാലോചന അറിഞ്ഞിരുന്നുവെങ്കിലും കാണുമ്പോഴേയ്ക്കുതന്നെ ഇങ്ങിനെ പ്രവൎത്തിക്കുമെന്നു കരുതിട്ടില്ലായിരുന്നതുകൊണ്ട് ആകപ്പാടെ ഒന്നമ്പരന്നു. പരമഘാതുകനായ അവൻെറ കൈക്കുട്ടിൽ അകപ്പെട്ട് ശിവാജിക്കു ദേഹം അനക്കുവാൻ നിവൃത്തിയില്ലാതെയായി. തൽക്ഷണം അദ്ദേഹത്തിന്നു ദുഷ്ടസംഹാരിണിയായ ഭവാനിദേവിയെ പ്രത്യക്ഷമായിക്കാണുന്നതുപോലെ തോന്നി. ആപന്നിവാരിണിയായ ആ ജഗദംബികയെ അദ്ദേഹം ഉള്ളഴിഞ്ഞു ധ്യാനിച്ചു. അതോടുകൂടി അദ്ദേഹത്തിൻെറ ഹൃദയത്തിൽ ഖാൻ ഹിന്ദുദേവാലയങ്ങളെ നശിപ്പിച്ചതും തൻെറ ജ്യേഷ്ഠനെ ഹിംസിച്ചതും മററും ഓരോന്നോരോന്നായി മിന്നൽവേഗത്തിൽ പാഞ്ഞുകയറുകയും, പെട്ടെന്ന് അത്ഭുതപൂൎവ്വമായ ഒരു ധൈൎയ്യം തോന്നുകയും ചെയ്തു. അഫ്സുൽഖാൻ രണ്ടാമതും ശിവാജിയെ കുത്തുവാനോങ്ങിയതിന്നിടയിൽ ശിവാജി ഖാൻെറ അരക്കെട്ടിൽ പിടിച്ച് അവൻെറ വയററിൽ തൻെറ കൈവിരലുകളിലെ പുലിനഖങ്ങൾ ഇറക്കി ഒരു വലി വലിച്ചു. കോപാവിഷ്ടനായ ഖാൻ ശിവാജിയുടെ തലയിൽ വെട്ടി. പക്ഷേ, തലയിൽ ഇരുമ്പുതൊപ്പി ധരിച്ചിരുന്നതുകൊണ്ട് അവൻെറ വെട്ടുകൾ വിഫലമായതേയുള്ളു. പെട്ടന്നു ശിവാജി തൻെറ അംഗരക്ഷകന്മാരുടെ കൈയിൽനിന്നു കത്തി മേടിച്ച് അഫ്സുൽഖാൻെറ കൈകൾ ഛേദിച്ചു. അപ്പോഴേയ്ക്കും അഫ്സുൽഖാൻ പ്രാണഭയത്തോടുകൂടി തൻെറ കൂട്ടാളികളെ വിളി

ച്ചു നിലവിളിച്ചു. അതു കേട്ടു, സൈദ് പന്തയും വേറെ ചി ല വീരന്മാരും അതിവേഗത്തിൽ പാഞ്ഞെത്തി അഫ്സുൽഖാ നെ പല്ലക്കിൽ കയററി ഓട്ടുവാൻ ഭാവിച്ചു. അതിന്നിടയിൽ ശിവാജിയുടെ അംഗരക്ഷകന്മാർ പല്ലക്കെടുക്കുന്നവരെക്കൊ ന്ന് അഫ്സുൽഖാനെ വെട്ടിനുറുക്കി. അഫ്സുൽഖാനെ വെട്ടിക്കൊന്നതു സാംബാജി കാവജിയാണ്. ഇപ്പറഞ്ഞ സം ഭവങ്ങളെല്ലാം ഏതാനും നിമിഷങ്ങൾക്കുള്ളിൽ കഴിഞ്ഞു.

അതാ സംജ്ഞാസൂചകമായ ശംഖധ്വനി മുഴങ്ങുന്നു. അ തു കേൾക്കേണ്ട താമസം, അങ്ങുമിങ്ങും ചുററിപ്പററിക്കൂടിയിരു ന്ന ശിവാജിയുടെ സൈന്യങ്ങൾ ഒന്നായി ഇളകിപ്പുറപ്പെട്ടു പാഞ്ഞുവന്നു ബിജപ്പൂർ സൈന്യങ്ങളെ വളഞ്ഞുകഴിഞ്ഞു. നീത്താജി പാൾക്കർ തന്റെ അത്ഭുതവീര്യത്തോടുകൂടിയ അ ശ്വസൈന്യങ്ങളെക്കൊണ്ടു ശത്രുസൈന്യത്തെ ഛിന്നഭിന്നമാ ക്കി അഫ്സുൽഖാന്റെ സൈന്യങ്ങളിൽ അനവധി പേർ അവരുടെ നായകൻ പോയ വഴിക്കുതന്നെ പോയി. അനവ ധി മുസൽമാൻ ഭടന്മാർ മഹാരാഷ്ട്രഭടന്മാരുടെ വാളിന്നിരയാ യി. പേടിച്ചോടുന്നവരെ ശിവാജിയുടെ ഭടന്മാർ ഓടിപ്പിടി ച്ച് അരിഞ്ഞുകളഞ്ഞു. ഭയപ്പെട്ടു കീഴടങ്ങിയവരെ മാത്രം കൊന്നില്ല. പ്രതാപഘടയുടെ അടിവാരം ശത്രുസൈന്യങ്ങളു ടെ ശവങ്ങളെക്കൊണ്ടു നിറഞ്ഞു. അല്പനേരത്തിനുള്ളിൽ യു ദ്ധം അവസാനിക്കുകയും ചെയ്തു.

പടക്കളം ശാന്തമായതിന്നുശേഷം, ശിവാജി ബിജപ്പൂർ സൈന്യങ്ങളുടെ കൂടെ ഉണ്ടായിരുന്ന വസ്തുക്കളെല്ലാം പിടിച്ച ടക്കുകയും, അങ്ങിനെ കിട്ടിയ ദ്രവ്യങ്ങൾ തന്റെ വീരന്മാൎക്കു ഭാ ഗിച്ചുകൊടുക്കുകയും ചെയ്തു. പ്രസ്തുതദിവസം അത്ഭുതപരാ ക്രമങ്ങൾ കാണിച്ച യുദ്ധവീരന്മാരുടെ പേരിലുള്ള ബഹുമാന ത്തിന്റെ സൂചകമായി, അവരുടെ അവസ്ഥയനുസരിച്ചു, ചി ലൎക്കു പല്ലക്കുകളും ചിലൎക്കു കടചാമരങ്ങളും ചിലൎക്കു സ്വൎണ്ണാ ഭരണങ്ങളും മററും ശിവാജി സമ്മാനിച്ചു. പരുക്കേററവൎക്കു ധാരാളം ദ്രവ്യം നൽകുകയും, മരിച്ചുപോയവരുടെ കുടുംബ

ങ്ങൾക്കു കഴിവാനുള്ള മുതലുകൾ കൊടുക്കുകയും ചെയ്തു. വിശ്വസ്തമിത്രമായ പാണ്ഡോജി ഗോപിനാഥന്ന് 'ഹിറിവാരി' എന്ന ഗ്രാമത്തെ സമ്മാനിച്ചു. അഫ്സുൽഖാന്റെ ദുരാലോചനകളെല്ലാം ഒന്നാമതായി അറിഞ്ഞു പറഞ്ഞ വിശ്വാസരാവുവിന്ന് അനവധി ദ്രവ്യം സമ്മാനമായി കൊടുത്തു. എന്നുവേണ്ട ഈ യുദ്ധത്തിൽ സംബന്ധിച്ച എല്ലാവൎക്കും, വിശേഷിച്ചു പ്രതാപഘഡയിലെ സാധാരണ ജോലിക്കാൎക്കുകൂടിയും, തക്കതായ സംഭാവനകൾ നല്കി.

അനന്തരം ശിവാജി അഫ്സുൽഖാന്റെ തല തന്റെ കൈയിൽ എടുത്തുകൊണ്ട്, "അമ്മാ! നിനക്കു കണികാണ്മതിന്നെന്റെ കൊച്ചുസമ്മാനം" എന്നു പറഞ്ഞു തന്റെ പ്രിയമാതാവിന്നു കൊണ്ടുപോയി കാണിക്കുകയും, അതിന്നുശേഷം ആ തല ഭവാനിദേവിക്കു ബലിയായി പ്രതാപഘഡയിലേക്കുള്ള വഴിയിൽ ഒരിടത്തു സ്ഥാപിച്ച് അവിടെ ഒരു ചെറിയ തറ കെട്ടിക്കുകയും ചെയ്തു. അഫ്സുൽഖാന്റെ കൈയിൽനിന്നു കിട്ടിയ കത്തിയെ ശിവാജിയും അദ്ദേഹത്തിന്റെ സന്താനങ്ങളും വളരെക്കാലം സൂക്ഷിച്ചിരുന്നു. അഫ്സുൽഖാന്റെ കൂടാരത്തിൽ വെച്ചിരുന്ന ഒരു സ്വൎണ്ണകുംഭം മഹാബലീശ്വരക്ഷേത്രത്തിലേക്കു വഴിപാടായി കൊടുത്തത് ഇന്നും ഇരിപ്പുണ്ടത്രേ. അഫ്സുൽഖാന്റെ മൃതശരീരം പ്രതാപഘഡയുടെ അടുത്തൊരു ദിക്കിൽ ഒരു വലിയ ഉത്സവത്തോടുകൂടി ദഹിപ്പിക്കപ്പെടുകയും ചെയ്തു.

ഇനി, ഈ അദ്ധ്യായത്തെ അവസാനിപ്പിക്കുന്നതിന്നു മുമ്പായി അഫ്സുൽഖാന്റെ വധത്തെപ്പററി ഒരു നിരൂപണം കൂടി ചെയ്യേണ്ടിയിരിക്കുന്നു. ശിവാജി അഫ്സുൽഖാനെ കൊലപ്പെടുത്തിയതിനെപ്പററി ചരിത്രകാരന്മാരുടെ ഇടയിൽ രണ്ടഭിപ്രായം കാണുന്നുണ്ട്. അതിൽ ഒന്നു മഹമ്മദീയരുടെ അഭിപ്രായവും, മറെറാന്നു ഹിന്തുക്കളുടെ അഭിപ്രായവുമാകുന്നു. ഈ രണ്ടഭിപ്രായങ്ങളിൽ ഓരോന്നിനേയും ആസ്പദമാക്കി അനേകം പേർ പുസ്തകങ്ങൾ ഉണ്ടാക്കീട്ടുണ്ട്. അഫ്സുൽഖാ

ന്റെ വധത്തിൽ ശിവാജി അന്ന്യായമായും അധൎമ്മമായും പ്രവൎത്തിച്ചതായിട്ടാണ മഹമ്മദീയർ പറയുന്നത്. ഈ ഏകസംഗതിയെപ്പിടിച്ചുംകൊണ്ടു ശിവാജിയുടെ ചരിത്രത്തെ കഴിയുന്നത്ര "കറുപ്പിക്കുവാൻ" പല ഗ്രന്ഥകാരന്മാരും ശ്രമിച്ചിട്ടുമുണ്ട്. ആകയാൽ, ആ രണ്ടഭിപ്രായങ്ങളേയും എടുത്തു കാട്ടി ഒരു വിമൎശനം ചെയ്യേണ്ടതു് ഉചിതമാണല്ലോ.

## ഹിന്തുക്കളുടെ അഭിപ്രായം.

സഭാസദ്, ചിത്നീസ് എന്നിങ്ങിനെ മഹാരാഷ്ട്രക്കാരായ രണ്ടു ചരിത്രകാരന്മാർ എഴുതിയിട്ടുള്ളതിന്റെ ചുരുക്കം ഇങ്ങിനെയാണ്:— ശിവാജിമഹാരാജാവു മഹമ്മദീയസുബേദാരായ അഫ്സുൽഖാനെ കാണ്മാനായി മണ്ഡപത്തിൽ ചെന്ന് ഉപചാരാൎത്ഥമായി സലാംചെയ്യുമ്പോൾ അഫ്സുൽഖാൻ വെറുപ്പും കോപവും മുഴുത്തു, ശിവാജിയെപ്പിടിച്ച് ഇതുതന്നെ തരമെന്നു കരുതി അദ്ദേഹത്തെ കൈക്കുള്ളിൽ ഇറുക്കി. ശിവാജിയുടെ കയ്യിൽ ആയുധമില്ലെന്നു കണ്ടു ഖാൻ അദ്ദേഹത്തെ ആദ്യം കത്തികൊണ്ടു കുത്തി. ആ കുത്ത് അദ്ദേഹത്തിന്നു പററിയില്ല. ശിവാജിയും ഉടനെ ഖാനെ തന്റെ കത്തികൊണ്ടു കുത്തി. ഖാൻ രണ്ടാമതും ശിവാജിയെ വെട്ടുന്നതിന്നു മുമ്പായി ശിവാജി അയാളുടെ അരക്കെട്ടിൽ പിടിച്ച് അയാളുടെ വയറു പുലിനഖംകൊണ്ടു കീറി. അപ്പോൾ ഖാൻ തന്റെ കൈയിലുണ്ടായിരുന്ന കത്തി നിലത്തേക്കിട്ടു. പിന്നെ അഫ്സുൽഖാൻ ഹനിക്കപ്പെട്ടു.

—∘○●—

ശിവദിഗ്വിജയം, ഷൾക്കവൈകാർ എന്നീ ഹിന്തുചരിത്രങ്ങളുടെ കൎത്താക്കന്മാർ ഇങ്ങിനെ പ്രസ്താവിക്കുന്നു:—ഛത്രപതിയായ ശിവാജി അഫ്സുൽഖാനു വന്ദനംചെയ്വാനായി ചെന്ന ഉടനെ ഖാൻ ശിവാജിയെ ചാടിപ്പിടിച്ച് അദ്ദേഹത്തിന്റെ കഴുത്ത് ഒരു കൈകൊണ്ടിറുക്കി തല കക്ഷത്തിലാക്കി അമൎത്തി. ശിവാജിയുടെ പുലിനഖം തറച്ചപ്പോൾ അദ്ദേഹത്തെ വിട്ടു

ഖാൻ കത്തികൊണ്ടു വെട്ടി. ഈ വെട്ടു ശിവാജിയുടെ ദേഹത്തിൽ തട്ടിയില്ല. ഉടനെ ശിവാജി ഖാൻെറ ദേഹത്തിൽ പാഞ്ഞുകയറി തൻെറ കത്തികൊണ്ടു കുത്തി. ഖാൻ തൻെറ കത്തികൊണ്ടു ശിവാജിയേയും വെട്ടി. അതും അദ്ദേഹത്തിന്നു പററിയില്ല. കാരണം, ശിവാജി ഇരുമ്പുകവചം ധരിച്ചിരുന്നു തന്നെ. അഫ്സുൽഖാൻ മരിച്ചതു് അയാളുടെ ചതികൊണ്ടു തന്നെയാണു്.

---

ശിവാജിയുടെ ഗുരുവായ രാമദാസസ്വാമിയുടെ ശിഷ്യൻ ഹനുമന്തു് എന്നാൾ എഴുതിയ ചരിത്രത്തിൽ, ശിവാജി അഫ്സുൽഖാൻെറ വധം കഴിഞ്ഞതിന്നുശേഷം ഒരു ദിവസം സ്വാമികളെ വന്നുകണ്ട സമയം താഴെ എഴുതുംപ്രകാരം സ്വാമികളോടു പറഞ്ഞതായി എഴുതിയിരിക്കുന്നു. ശിവാജി പറഞ്ഞതാവിതു്:— "സ്വാമി! ആദ്യം ഞാൻ അഫ്സുള്ളയെ കാണ്മാൻ അടുത്തു ചെന്നപ്പോൾ അവൻ എൻെറ കഴുത്തിൽ പിടിച്ചു് കക്ഷത്താക്കി അമർത്തി. അപ്പോൾ എനിക്കു ശ്വാസം വിടുവാൻ തന്നെ നിവൃത്തിയില്ലാതായി. സംജ്ഞതന്നെ ഇല്ലാത്ത നിലയിൽ എത്താറായിരുന്നു. സ്വാമികളുടെ അനുഗ്രഹമാണു് എന്നെ രക്ഷിച്ചതു്."

---

## മഹമ്മദീയരുടെ അഭിപ്രായം.

---

പ്രസ്തുതസംഭവം നടന്ന കാലത്തു ഖാബിഖാൻ എന്ന മഹമ്മദീയചരിത്രകാരൻ പാരസികഭാഷയിൽ എഴുതിയ ഒരു പുസ്തകത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:— അഫ്സുൽഖാൻ ശിവാജിയുടെ അടുക്കലേയ്ക്കയച്ച ബ്രാഹ്മണദൂതൻ ശിവാജിയുടെ മിരട്ടുവാക്കുകളാൽ മയങ്ങി അഫ്സുൽഖാനെ ആദ്യം മുതല്ക്കേ ചതിക്കുകയാണുണ്ടായതു്. ഇതു ശിവാജി ചെയ്തു ഒന്നാമത്തെ ചതിയാണു്. അഫ്സുൽഖാനെ കാണുവാൻ ശിവാജി വരുന്നതിന്നു മുമ്പു്, ഖാൻ തൻെറ അംഗരക്ഷകന്മാരായി വീരന്മാരായ ചില ഭടന്മാരെ കൂടെ കൊണ്ടുവരുന്നതായാൽ താൻ

ഭയപ്പെട്ടുമെന്നു പറഞ്ഞു ഭടന്മാരെ അകററിവിട്ടതു ശിവാജി ചെയ്ത രണ്ടാമത്തെ ചതിയാണ്. കാഴ്ചയിൽ താൻ ആയുധം ധരിച്ചിട്ടില്ലെന്നു കണ്ടാൽ ഖാനും ആയുധമെടുക്കാതെ വരുമെന്നു കരുതി, പുറമെ കാണിക്കാതെ ഗൂഢമായി ആയുധം ധരിച്ചുവന്നതു ശിവാജിയുടെ മൂന്നാമത്തെ ചതിയാണ്. ഏതുവിധത്തിലെങ്കിലും അഫ്സുൽഖാനെ കൊലപ്പെടുത്തേണമെന്നുറച്ചു ഖാൻ കാണാതെ പുലിനഖവും കത്തിയും ഒളിച്ചുകൊണ്ടുവന്നതു ശിവാജിയുടെ നാലാമത്തെ ചതിയാണ്. താനൊരു ഭീരുവാണെന്ന് അഫ്സുൽഖാനു തോന്നിക്കുവാനായി, ഖാനെ കണ്ടമാത്രയിൽ കൈകെട്ടി, വായ് മൂടി, ശരീരം വിറപ്പിച്ചുംകൊണ്ടിരുന്നതു ശിവാജി ചെയ്ത അഞ്ചാമത്തെ ചതിയാണ്. ശിവാജി അഫ്സുൽഖാൻെറ മുമ്പിൽ പരിഭ്രമിച്ചുംകൊണ്ടു വന്നപ്പോൾ അയാളുടെ ഭയപ്പാടുകണ്ടു ഖാൻ ചിരിച്ചതിനിടയിൽ ശിവാജി ഖാൻെറ വയററത്തു പുലിനഖങ്ങളെ ഇറക്കി കത്തികൊണ്ടു കുത്തി. ഉടനെ അഫ്സുൽഖാനും തൻെറ കത്തിയൂരി ശിവാജിയെ വെട്ടിയെങ്കിലും അതയാളുടെ ദേഹത്തിൽ കൊണ്ടില്ല. ഖാൻ രണ്ടാമതു വെട്ടുന്നതിന്നു മുമ്പായി ശിവാജി അംഗരക്ഷകന്മാരുടെ കൈയിൽനിന്ന് ആയുധം വാങ്ങി അഫ്സുൽഖാൻെറ തല വെട്ടിക്കളഞ്ഞു.

---

പ്രസ്തുതസംഭവം നടന്ന കാലത്തു മൊഗളന്മാരുമായി കച്ചവടം ചെയ്തുകൊണ്ട് ഇന്ത്യയിൽ ഇരുന്നിരുന്ന ഫ്റയർ എന്ന ആംഗ്ലേയൻ എഴുതിയ പുസ്തകത്തിൽ പറഞ്ഞിട്ടുള്ളതു മഹമ്മദിയരിൽനിന്നുതന്നെ കിട്ടിയ വിവരങ്ങളെ ആസ്പദിച്ചാകയാൽ അതും മഹമ്മദിയരുടെ അഭിപ്രായമായി എടുക്കാവുന്നതാണ്. അദ്ദേഹം പറയുന്നു:— ശിവാജിയുമായിട്ടുള്ള കൂടിക്കാഴ്ചദിവസം അഫ്സുൽഖാനും അയാളുടെ മകനും കൂടി സന്ദൎശനമണ്ഡപത്തിൽ വന്നു. ശിവാജിയുടെ വരവ് എടയ്ക്കു നിന്നും, എടയ്ക്കു പിൻവാങ്ങിയും ഒരു ഭീരുവിൻെറ മട്ടിലായിരുന്നു. മണ്ഡപത്തിൽ വന്ന ഉടനെ ശിവാജി പേടിച്ചു വിറച്ചു കണ്ണീർവാൎത്തു

കൊണ്ട് ഉറക്കെ നിലവിളിച്ചു. അഫ്സൽഖാൻ തന്റെ കുററത്തിന്നു മാപ്പുതന്നു തന്നെ രക്ഷിക്കാമെന്നു വാക്കുതന്നാൽ മാത്രമേ തന്റെ ഭയം ശമിക്കുകയുള്ളു എന്നു ശിവാജി പറകയും, അപ്പോൾ ഖാൻ ശിവാജിക്കു വിശ്വാസം വരുവാനായി തന്റെ കൈയിലുണ്ടായിരുന്ന കത്തി അംഗരക്ഷകന്റെ കയ്യിൽകൊടുത്തു ശിവാജിയോടു ഭയപ്പെടേണ്ടെന്നു പറകയും ചെയ്തു. അപ്പോൾ ശിവാജി ഖാന്റെ അടുത്തുചെന്നു വളരെ വണക്കത്തോടുകൂടി സലാം ചെയ്തു. തലകുനിച്ചു സലാം ചെയ്യുന്നതിനിടയിൽ ശിവാജി ഒളിച്ചുവെച്ചിരുന്ന കത്തികൊണ്ട് അഫ്സൽഖാനെ കുത്തുകയും, ഖാൻ അംഗരക്ഷകന്റെ കൈയിൽനിന്നു തന്റെ കത്തി വാങ്ങുന്നതിന്നു മുമ്പായി ശിവാജി അയാളെ വധിക്കുകയും ചെയ്തു.

## ആംഗ്ലേയചരിത്രകാരന്മാരുടെ അഭിപ്രായം.

ആംഗ്ലേയരായ അനേകം മഹാന്മാർ മഹാരാഷ്ട്രചരിത്രം എഴുതിയിട്ടുണ്ടെങ്കിലും അവരിൽവെച്ചു മുഖ്യമായിട്ടുള്ളതു ഗ്രാൻറ്ഡഫ്, റോളിൻസൻ, കിൻകെയിററ് എന്നിവരാണ്. ഗ്രാൻറ്ഡഫ് 1826-ാമതു വഷത്തിൽ മഹാരാഷ്ട്രചരിത്രം എന്നൊരു പുസ്തകം എഴുതി പ്രസിദ്ധപ്പെടുത്തി. 1914-ൽ എച്. ജി. റോളിൻസൻ എന്ന മഹാൻ 'ശിവാജിയുടെ ചരിത്രവും കാലവും' എന്നൊരു ഗ്രന്ഥം എഴുതി പ്രസിദ്ധംചെയ്തു. 1918ൽ സി. എ. കിൻകെയിററ്, റാവുബഹദൂർ പരാസനിസ് എന്ന രണ്ടുപേർകൂടി മഹാരാഷ്ട്രരുടെ ചരിത്രം എന്നൊരു പുസ്തകവും എഴുതി അച്ചടിപ്പിച്ചു. ഇതിന്നു പുറമെ പരേതനായ മഹാദേവഗോവിന്ദറാനഡേ എഴുതിയ ഒരു പുസ്തകവും ഉണ്ട്. ആ പുസ്തകത്തിൽ അഫ്സൽഖാന്റെ വധത്തെപ്പററി വിശദമായിപ്പറയുന്നില്ല. ഗ്രാൻറ്ഡഫ് ശിവാജിയുടെ പേരിൽ കുററം ചുമത്തിക്കൊണ്ടാണ് പ്രസ്താവിച്ചിട്ടുള്ളത്. ഒന്നാമതു ശിവാജി അഫ്സൽഖാനെ കൊല്ലുവാനുത്സാഹിച്ചതായിട്ടാണ് അ

ദ്ദേഹം പറയുന്നത്. ഗ്രാൻറ്ഡഫ് തന്റെ പുസ്തകം എഴുതിയത്, ഔറംഗസീബിന്റെ ആസ്ഥാനസഭയിലുണ്ടായിരുന്ന ഖാബിഖാൻ എന്ന മഹമ്മദീയചരിത്രകാരന്റെ അഭിപ്രായത്തെ ആധാരമാക്കിയിട്ടാകുന്നു. റേളിൻസന്റെ പുസ്തകം ഖാബിഖാന്റേയും ഗ്രാൻറ് ഡഫിന്റേയും അഭിപ്രായങ്ങളിന്മേൽ ആസ്പദിച്ചിട്ടാണ് എഴുതിയിട്ടുള്ളത്. ആകയാൽ അവരുടെ പ്രസ്താവങ്ങൾ മഹമ്മദീയാഭിപ്രായങ്ങളുടെ ഒരു പകപ്പാണെന്നു വിചാരിക്കുവാൻതരമുള്ളു. എന്നാൽ കിൻഗെയിററിന്റെ പുസ്തകം അങ്ങിനെയല്ല; ഇദ്ദേഹം അനേകം ലക്ഷ്യങ്ങളെ സ്വന്തമായി പരിശോധിച്ചിട്ടാണു തന്റെ പുസ്തകം നിർമ്മിച്ചിട്ടുള്ളത്. അദ്ദേഹം ഗ്രാൻറ്ഡഫ് മുതലായവരുടെ അഭിപ്രായങ്ങളെ ഖണ്ഡിച്ചു താഴേ എഴുതുന്നപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

അഫ്സുൽഖാന്റെ ദൂതനായ പാണ്ഡോജി ഗോപിനാഥനു ശിവാജി കോഴകൊടുത്ത് അയാളുടെ സഹായത്തോടുകൂടി ചതിയായി അഫ്സുൽഖാനെ കൊലപ്പെടുത്തിയതായി ഗ്രാൻറ്ഡഫ് അഭിപ്രായപ്പെട്ടിരിക്കുന്നു. ഇതു ശരിയല്ല. ഒന്നാമത്, പാണ്ഡോജി ഗോപിനാഥൻ എന്നാൾ ശിവാജിയുടെ ദൂതനാണ്; ഖാന്റെ ദൂതനല്ല. ഗ്രാൻറ്ഡഫ് എഴുതിയിട്ടുള്ളതു ഖാബിഖാന്റെ അഭിപ്രായമാണ്. എന്നാൽ ഖാബിഖാന്റെ അഭിപ്രായം ശ്രദ്ധേയമായ ഒന്നല്ല. എന്തുകൊണ്ടെന്നാൽ ഖാബിഖാൻ ശിവാജിയുടെ പേർ പറയുന്ന ദിക്കിലെല്ലാം 'പാപി', 'നരകനായ' എന്നെല്ലാം അദ്ദേഹത്തിന്റെ വിശേഷണമായി പറഞ്ഞിരിക്കുന്നതുകൊണ്ട്, അയാൾക്ക് ആദിമുതൽക്കുതന്നെ ശിവാജിയെപ്പററി ദുരഭിപ്രായമുണ്ടെന്നു തെളിയുന്നുണ്ട്. എന്നു തന്നെയല്ല, ഖാബിഖാൻ പറയുന്നതുപോലെ, ശിവാജിയെ അഫ്സുൽഖാൻ സന്ദശിച്ച സമയത്തു ശിവാജി പേടിച്ചു വിറയ്ക്കുകയും മററും ചെയ്തിരുന്നുവെങ്കിൽ ശിവാജി കപടമാണു കാണിക്കുന്നതെന്ന് അഫ്സുൽഖാൻ എളുപ്പത്തിൽ അറിയുമായിരുന്നു. ശിവാജി അഫ്സുൽഖാനെ

കൊന്നത് കേവലം ആത്മരക്ഷയ്ക്കായിട്ടാകുന്നു. ഒന്നാമതു വഞ്ചന പ്രവൎത്തിച്ചത് അഫ്സുൽഖാനാണ്, ശിവാജിയല്ല.

---

ഇനി മേല്പറഞ്ഞ അഭിപ്രായങ്ങളെ പരിശോധിക്കുമ്പോൾ എന്തൊരഭിപ്രായമാണു നമുക്കുണ്ടാകുന്നതെന്നാലോചിക്കാം. ഇതിൽ മുഖ്യമായി നോക്കുവാനുള്ളത് അഫ്സുൽഖാനു ശിവാജിയേയോ ശിവാജിക്ക് അഫ്സുൽഖാനേയോ, ആൎക്ക് ആരെ വധിക്കേണമെന്നുള്ള ഉദ്ദേശമാണ് ആദ്യമുണ്ടായതെന്നല്ല. രണ്ടുപേൎക്കും പുറപ്പെട്ടപ്പോൾ വധോദ്ദേശമുണ്ടായിരുന്നുവെന്നു നിശ്ചയമാണ്. അഫ്സുൽഖാനെ അയയ്ക്കുമ്പോൾ സുൽത്താൻ അഡൽഷയും, ശിവാജി പുറപ്പെട്ടപ്പോൾ അമ്മ ജീജാഭായിയും അവരോട് ഉപദേശിച്ചിട്ടുള്ളത് സ്പഷ്ടമാണല്ലോ. അഫ്സുൽഖാൻ സുൽത്താന്റെ സഭയിൽ വെച്ചു വീരവാദം പറഞ്ഞതു ശിവാജിയെ പിടിച്ചുകൊണ്ടുവരാമെന്നാണെങ്കിലും, ജീവനോടെ പിടിക്കേണമെന്ന് ഒരു നിശ്ചയവും അയാൾ ചെയ്കയോ അയാളെക്കൊണ്ടു ചെയ്യിക്കയോ ഉണ്ടായിട്ടില്ല. ശിവാജിക്ക് ഒററുകാർ മുഖേന കിട്ടിയ അറിവിൽനിന്നും ഖാൻ ശിവാജിയെ കൊല്ലുവാനൊരുങ്ങിയിരിക്കുന്നതായിട്ടാണ് വ്യക്തമായത്. ഈ സ്ഥിതിക്ക്, ശിവാജിക്ക് അഫ്സുൽഖാനെ കാണുന്നത് നല്ല കരുതലോടുകൂടി തന്നെ വേണമെന്നു തോന്നിയതിൽ ഒരു തെററുമില്ല. അഫ്സുൽഖാൻ തന്നോട് അക്രമം പ്രവൎത്തിച്ചുവെങ്കിൽ അതിന്നുപകരം ചെയ്തു ആത്മാവിനെ രക്ഷിക്കുവാനുള്ള കരുതൽ കൊണ്ടുമാത്രമാണ് ശിവാജി ഇരിമ്പുകവചവും ഇരുമ്പുതൊപ്പിയും കത്തിയും ധരിച്ചത്. എന്നാൽ, ഖാൻ മൎയ്യാദയോടെ പെരുമാറിയെങ്കിൽ അങ്ങോട്ടും മൎയ്യാദ കാണിക്കേണമെന്ന ഉദ്ദേശമാണ് ശിവാജിയെ ഗൂഢമായി ആയുധം ധരിക്കുന്നതിന്നു പ്രേരിപ്പിച്ചത്. ശിവാജി സ്വകാൎയ്യസഭയിൽവെച്ചു പ്രസ്താവിച്ചതിൽനിന്നും, മന്ത്രിമാൎക്കും ഭടന്മാൎക്കും കല്പനകൊടുത്തതിൽനിന്നും ഈ കരുതൽ മാത്രമാണ് വ്യക്തമാകുന്നത്. ശിവാജി അഫ്സുൽഖാന്റെ ദൂതനെ സ്വാധീനിച്ചതും, താനൊ

രു ഭീരുവാണെന്നു നടിച്ചതും ഖാനിങ്ങോട്ട് അക്രമം പ്രവൎത്തിക്കാതെ കഴിപ്പാനും, എന്നാലങ്ങോട്ടും അക്രമം വേണ്ടിവരില്ലല്ലോ എന്ന വിചാരത്തിന്മേലും ആയിരുന്നു.

അതുകൊണ്ട്, ശിവാജിയുടെ മുൻകരുതൽ അത്രത്തോളമൊന്നും ആക്ഷേപിക്കത്തക്കതല്ല. അക്രമം ഒന്നാമതു പ്രവൎത്തിച്ചത് ആരാണെന്നാണ് ഈ സംഗതിയിൽ സാരമായിനോക്കേണ്ടത്. ശിവാജി ലൌകികാചാരമനുസരിച്ചു സലാം ചെയ്യാൻ ഭാവിച്ചപ്പോൾ അഫ്സുഠംഖാൻ അദ്ദേഹത്തിൻെറ കഴുത്തിൽ പിടിക്കുകയും കക്ഷത്തിലാക്കി അമൎത്തുകയും ചെയ്തു. ഈ സംഗതി സഭാസാദിൻെറ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. ശിവദിഗ്വിജയത്തിലും ഷഠംക്കവേകരിലും ഇങ്ങിനെതന്നെ പറഞ്ഞിരിക്കുന്നു. ശിവാജി രാമദാസസ്വാമിയോടു പറഞ്ഞതിനെ ഹനുമന്ത് കേട്ടെഴുതിയതിലും ഇതു കാണുന്നുണ്ട്. ആകയാൽ, അഫ്സുഠംഖാൻ ശിവാജിയെ കണ്ടസമയം ക്രോധാവിഷ്ടനായി അദ്ദേഹത്തെ ചാടിപ്പിടിക്കുകയാണ് ഒന്നാമതുണ്ടായതെന്നും, അതിൽനിന്നു രക്ഷപ്പെടുവാനായിട്ടു മാത്രമാണ് ശിവാജി ആയുധം പ്രയോഗിച്ചതെന്നും തെളിയുന്നു.

ഇനി എതൃഭാഗത്തെ വാദങ്ങളെ പരിശോധിക്കാം. എതൃഭാഗക്കാരിൽ പ്രധാനിയായ ഖാഫിഖാൻ ഒരു നല്ല എഴുത്തുകാരനാണെങ്കിലും ഒരു ചരിത്രമെഴുതുവാനുള്ള യോഗ്യത അദ്ദേഹത്തിന്നില്ല. സംഗതികളെല്ലാം സൂക്ഷ്മമായി ആലോചിച്ച് യഥാൎത്ഥം കണ്ടുപിടിക്കുവാനുള്ള മദ്ധ്യസ്ഥവൃത്തി അദ്ദേഹത്തിന്നില്ല; അഥവാ അദ്ദേഹം ഇക്കാൎയ്യത്തിൽ മദ്ധ്യസ്ഥതയെ പ്രകടിപ്പിച്ചിട്ടില്ല. അറംഗസീബിൻെറ സഭ്യനും മതഭ്രാന്ത് മുഴുത്ത ഒരു മഹമ്മദനുമായ ഖാഫിഖാൻ, ശിവാജിയെ പൊതുജനങ്ങളുടെ മുമ്പിൽ വളരെ അക്രമിയും ചതിയനുമാക്കി കാണിക്കേണമെന്നു മുൻകൂട്ടിത്തന്നെ തീൎച്ചപ്പെടുത്തിയ ആളാണ്. ശിവാജിയുടെ ചതികളെ ഒന്ന്, രണ്ട് എന്നിങ്ങിനെ"നമ്പറിട്ടു"കാണിച്ചതിൽനിന്നുതന്നെ അദ്ദേഹത്തിൻെറ ഉദ്ദേശം സ്പഷ്ടമാണ്. എന്നാൽ, ബിജപ്പൂരിലെ കോട്ടകളെല്ലാം വെട്ടിപ്പിടിച്ച് അന

പധിനാട്ടും നഗരവും അധീനമാക്കി ഏററവും പ്രതാപത്തോടു കൂടി രാജ്യഭരണംചെയ്യുന്ന മഹാപരാക്രമശാലിയായ ശിവാജി ഒരു ഭീരുവാണെന്നുഅഫ്സുൽഖാൻധരിച്ചതായി,ഖാഫിഖാൻ പറയുന്നതു വാസ്തവമാണെങ്കിൽ അത്, അഫ്സുൽഖാനെന്നപോലെ ഖാഫിഖാനും അശേഷം ബുദ്ധിയില്ലെന്ന സംഗതിയെയാണ് തെളിയിക്കുന്നതെന്നു പറയേണ്ടിയിരിക്കുന്നു. ഫ്രയർ എന്ന ചരിത്രകാരൻേറയും ഗ്രാൻറ് ഡഫ് മുതലായവരുടേയും വാക്കുകൾ ഖാഫിഖാൻെറ വാക്കുകളുടെ പ്രതിധ്വനികളാകയാൽ അവയ്ക്കു വലിയ വില കല്പിക്കുവാൻ പാടില്ല. അതുകൊണ്ട്, സ്വതന്ത്രചരിത്രകാരനായ കിൻകെയിററിൻെറ തീരുമാനത്തോടു യോജിക്കുവാനാണ് അധികം യുക്തിയും ന്യായവുമുള്ളത്.

നീതിശാസ്ത്രനിപുണന്മാരുടെ ദൃഷ്ടിയിൽ ശിവാജിയുടെ പ്രവൃത്തി സാധൂകരിക്കത്തക്കതാണോ എന്നും നോക്കേണ്ടതാണ്. ആത്മരക്ഷയെ എല്ലാ നീതിശാസ്ത്രജ്ഞന്മാരും ഒരുപോലെ വിധിക്കുന്നുണ്ട്. ശിവാജിയുടെ കാലത്തു നടപ്പുണ്ടായിരുന്ന നീതിശാസ്ത്രജ്ഞന്മാർ ശിവാജിയുടെ പ്രവൃത്തിയെ ആക്ഷേപിക്കുകയുണ്ടായതായി കേട്ടിട്ടില്ല. പിന്നെ, സാധാരണജനങ്ങളുടെ പ്രവൃത്തികളേയും രാജാക്കന്മാരുടെ പ്രവൃത്തികളേയും ഒരുപോലെ വിചാരിക്കുവാനും തരമില്ല. രാജാക്കന്മാർ ശത്രുക്കളെ ജയിക്കുന്നതിന്നായി ചെയ്യുന്ന പ്രവൃത്തികൾ നമ്മുടെ ദൃഷ്ടിയിൽ തെററാണെന്നു തോന്നിയാൽക്കൂടിയും രാജനീതിയനുസരിച്ചു നോക്കിയാൽ അസാധുവായി തോന്നുകയില്ല. ശ്രീരാമൻ വൃക്ഷം മറഞ്ഞുനിന്നു ബാലിയെ കൊന്നതും, ധർമ്മപുത്രൻ ദ്രോണാചാര്യനെക്കൊണ്ടു അസ്ത്രസന്ന്യാസം ചെയ്യിപ്പാനായി അസത്യം പറഞ്ഞതും, ശ്രീകൃഷ്ണൻ ഭീമസേനനെക്കൊണ്ടു ദുര്യോധനൻെറ തുടയ്ക്കടിപ്പിച്ചതും പുരാണങ്ങളിൽത്തന്നെ പ്രസിദ്ധമാണല്ലോ. ശിവാജിയുടെ കാലത്തു ശത്രുക്കളെ വഞ്ചിച്ചുകൊല്ലുന്നതു, വളരെ സുലഭവുമായിരുന്നു. ബീജപ്പൂർ സംസ്ഥാനത്തിൽത്തന്നെ അക്കാലത്ത് ഇങ്ങിനെയുള്ള അനവ

ധികൊലകൾ ഉണ്ടായിട്ടുണ്ട്. ശിവാജിയാൽ കൊല്ലപ്പെട്ട അഫ്സുൽഖാൻ ശിവാജിയുടെ ജ്യേഷ്ഠൻ സാംബാജിയെ ചതിയായി കൊന്നിട്ടുള്ളതും, അതിന്നു പകരംവീട്ടേണമെന്നു അമ്മ ഉപദേശിച്ചിട്ടുള്ളതും സ്മരണീയമാണ്. എന്നുതന്നെയല്ല, അഫ്സുൽഖാൻ തൻെറ ജൈത്രയാത്രയിൽ ഹിന്ദുദേവാലയങ്ങളെ ഇടിച്ചുതകൎക്കുകയും, വിഗ്രഹങ്ങളെ നശിപ്പിക്കുകയും, ഹിന്ദുക്കൾ ആരാധിച്ചുവരുന്ന പശുക്കളെ കൊല്ലുകയും ചെയ്തിരുന്നതുകൊണ്ട്, താൻ വിശ്വസിച്ചു വരുന്ന ഹിന്ദുമതത്തിനുവേണ്ടി അഫ്സുൽഖാനെ ഹനിക്കുവാൻ, ധൎമ്മപ്രകാരം തന്നെ ശിവാജി കടപ്പെട്ടിട്ടുണ്ട്. എന്നുമാത്രമല്ല, ശിവാജിയെ പിടിക്കുവാനോ കൊല്ലുവാനോ എന്തിനായിട്ടായാലും, അഫ്സുൽഖാൻ ശ്രമിച്ചതു ചതിയായിട്ടാകയാൽ അയാളോടു ശിവാജി ചതിപ്രവൎത്തിക്കുന്നതായാൽതന്നെ അതു ന്യായമായിരിക്കുമല്ലോ. "ശഠംപ്രതിശാഠ്യം" എന്നല്ലേ നീതിവാക്യം? മേല്പറഞ്ഞ കാരണങ്ങളാൽ ശിവാജി അഫ്സുൽഖാനെ വധിച്ചതു സാധൂകരിക്കാവുന്ന കാൎയ്യമാണെന്നു വിശദമാകുന്നുണ്ട്.

---

## ഏഴാമദ്ധ്യായം.

### ബീജപ്പൂർ ഉടമ്പടി—പിതൃസന്ദർശനം.

ശിവാജിയെ പിടിച്ചുകെട്ടി കുതിരപ്പുറത്തു കയററിക്കൊണ്ടുവരാമെന്നു വീരവാദം പറഞ്ഞ അഫ്സുൽഖാൻ, ശിവാജിയുമായുണ്ടായ കൂടിക്കാഴ്ചയിൽ വധിക്കപ്പെട്ട വിവരം സുൽത്താൻ ആലി അഡൽഷയ്ക്കു മനസ്സിലായി. അപ്രതീക്ഷിതമായ ഈ അപത്തുകൊണ്ടു സുൽത്താനും അമ്മയും കഠിനമായി വ്യസനിക്കുകയും, ഏഴു ദിവസം അന്നപാനങ്ങളെ ഉപേക്ഷിച്ചു യാതൊരു പ്രവൃത്തിയും ചെയ്യാതെ ഇരുന്നു ദുഃഖം ആചരിക്കുകയും ചെയ്തു. റാണിക്കും സുൽത്താനും ഉണ്ടായ ദുഃഖം ഇന്നപ്രകാരമെന്നു പറയുവാൻ പ്രയാസമാകുന്നു. ബീജപ്പൂർ സംസ്ഥ

നം, അവരുടെ ദൃഷ്ടിയിൽ "ജിണ്ണാരണ്യ"മെന്നപോലെ തോന്നി.

അഫ്സുൽഖാൻെറ മരണത്തിന്നുശേഷം ബീജപ്പൂർ പട്ടാളത്തിലുണ്ടായിരുന്ന അനേകം ഹിന്ദുഭടന്മാർ ശിവാജിക്കു കീഴടങ്ങി അദ്ദേഹത്തിൻെറ സൈന്യത്തിൽ ചേരുകയും, അപ്പോൾ ശിവാജിയുടെ സൈന്യശക്തി മുമ്പത്തെക്കാൾ പതിന്മടങ്ങു വദ്ധിക്കുകയും ചെയ്തു. ശിവാജി തൻെറ പടയാളികളെ പല വകുപ്പുകളായിത്തിരിക്കുകയും, ഓരോ വകുപ്പിൻേറയും നായകന്മാരായി യുദ്ധവിദഗ്ദ്ധന്മാരായ വീരന്മാരെ നിയമിക്കുകയും ചെയ്തു. ശിവാജിയുടെ കൈവശമുള്ള പ്രദേശങ്ങളുടെ പ്രധാനസ്ഥാനങ്ങളിലെല്ലാം സൈന്യസങ്കേതങ്ങൾ ഉറപ്പിക്കപ്പെട്ടു. ഇതിനിടയിൽ ബീജപ്പൂർ സുൽത്താൻ, കുറെ കാലമായി തൻെറ സൈന്യത്തിൽ ഇരുന്നുവരുന്ന 'ഢൽവികൾ' എന്ന മഹാരാഷ്ട്രഭടന്മാരെ ഉദ്യോഗത്തിൽനിന്നു പിരിക്കുകയുണ്ടായി. അവരെ ശിവാജി തൻെറ സൈന്യത്തിൽ ചേക്കുകയും, എല്ലാവക്കും തക്കതായ ഉദ്യോഗങ്ങൾ കൊടുക്കുകയും ചെയ്തു. ഇങ്ങിനെ കുറച്ചുകാലത്തേക്കു ശിവാജി സൈന്യങ്ങളെ പരിഷ്കരിക്കുന്നതിൽത്തന്നെ വ്യാപൃതനായിരുന്നു.

സൈന്യങ്ങൾ ഒരുവിധം ബലപ്പെട്ടതോടുകൂടി ശിവാജി വീണ്ടും പുതിയ അഭ്യുദയമാർഗ്ഗങ്ങളെ തേടുവാൻ തുടങ്ങി. 'പഞ്ഞാലം' എന്ന കോട്ട പിടിക്കുവാനായി അണ്ണാജിദത്തനെ കുറെ സൈന്യങ്ങളോടുകൂടി നിയോഗിച്ചയച്ചു. ഈ കോട്ട വളരെ ഉറപ്പുള്ളതായിരുന്നു. യുദ്ധം കൂടാതെതന്നെ ഇതു കൈവശപ്പെട്ടു. ഇതിന്നുശേഷം പവനഘഡാ, വസന്തഘഡാ എന്ന രണ്ടു കോട്ടകളും, അതിനെ തുടന്നുകൊണ്ടു റങ്കണ്ടാ, കെൽനാ എന്ന കോട്ടകളും ശിവാജി സ്വാധീനപ്പെടുത്തി. ഈ കെൽനാ കോട്ടക്കു വിഷൽഘഡാ എന്ന പുതിയ പേർ നൽകി. ഇതിനിടയിൽ, ബീജപ്പൂർ സുൽത്താൻ, ശിവാജി പുതുതായിപ്പിടിച്ച മേല്പറഞ്ഞ സ്ഥലങ്ങളിൽനിന്ന് അദ്ദേഹത്തെ ആട്ടി ഓടിക്കുവാനായി, റസ്തം ജമാൻ എന്ന സേനാപതിയുടെ കിഴിൽ

ഒരു വലിയ സൈന്യത്തെ കൊൽഹാപുരം വഴിയായി അയച്ചു. റസ്താം ജമാൻെറ കിഴിൽ മുവ്വായിരം പടയാളികൾ ഉണ്ടായിരുന്നു. ശിവാജി ഈ സൈന്യങ്ങളെ പഞ്ഞാലം കോട്ടയുടെ സമീപത്തുവെച്ചു സന്ധിക്കുകയും, ഏററവും ശക്തിയോടുകൂടി എതിൎത്തു റസ്താം ജമാനെ വളരേ ദൂരം ഓടിക്കുകയും ചെയ്തു. അയാൾ അവിടെ നിന്നു മീറാജ് നഗരത്തിലേക്കാണു പോയത്. ഈ കൂട്ടത്തിൽ ശിവാജി തൻെറ കുതിരപ്പടയാളികളെ ബീജപ്പൂരിലേക്കു നയിക്കുകയും, രാജധാനിയുടെ അതിൎത്തിവരെ കൊള്ളയിടുകയും ചെയ്തു.

ശിവാജിയുടെ ബാധ രാജധാനിയുടെ അടുത്തെത്തിയപ്പോൾ സുൽത്താൻെറ ഭാവം ഒന്നു മാറി. "ഇനി ഏതായാലും ഈ കൊള്ളക്കാരൻെറ കഥ കഴിച്ചിട്ടു വേറെ കാൎയ്യം" എന്നുറച്ചു സുൽത്താൻ ആലിഅഡൽഷാ, അഭിസീനിയ ജാതിക്കാരനായ സിത്തിജോഹർ എന്നാളെ 'സലഭത്ത് ജങ്ങ്' എന്ന സ്ഥാനംകൊടുത്തു പ്രധാനസേനാപതിയാക്കി, ശിവാജിയെ ആക്രമിപ്പാനായി അയച്ചു. സലഭത്ത് ജങ്ങിൻെറ കീഴിൽ പതിനായിരം കുതിരപ്പടയും പതിനാലായിരം കാലാൾപ്പടയും ഉണ്ടായിരുന്നു. ഉപസേനാപതിയായി അഫ്സുൽഖാൻെറ പുത്രനായ ഹസ്സൻമഹമ്മദും ഉണ്ടായിരുന്നു. ഈ വമ്പിച്ച സൈന്യസമൂഹത്തിൻെറ നായകനായ സലഭത്ത് ജങ്ങിന്നു സുൽത്താൻകൊടുത്ത കല്പന, ശിവാജി ഇതിനിടയിൽ കയ്യലാക്കിയ പഞ്ഞാലംകോട്ടയെ വീണ്ടെടുക്കുവാനായിരുന്നു. ഇതോടുകൂടി അഡൽഷാ ജഞ്ചീരയിൽനിന്നു സൈന്യത്തെ അയച്ചു കൊങ്കണത്തെ ആക്രമിച്ചു ശിവാജിയെ എതിൎക്കുവാനായി പടേഖാനും ഒരു കല്പന കൊടുത്തു. ഇതിന്നുപുറമേ സഹ്യപൎവ്വതത്തോടുചേൎന്ന സവന്തവാടിയിൽഗിന്നു സവന്തന്മാർ എന്ന ജാതിക്കാർ പുറപ്പെട്ടു തെക്കുപടിഞ്ഞാറൻഭാഗത്തുകൂടി കടന്നു കൊള്ളയിടുവാനും തുടങ്ങി. ഇങ്ങിനെ മൂന്നുഭാഗങ്ങളിൽനിന്നും ഒരേസമയത്തു ശത്രുക്കൾ ശിവാജിയോട് എതിൎത്തു.

ശിവാജിയാകട്ടേ ലേശം പരിഭ്രമിക്കാതെ ശത്രുക്കളെ എ

തിക്കുവാനുള്ള ഏൎപ്പാടുകൾ ചെയ്തു. പടേഖാനെ എതിൎത്തോടിക്കുവാൻ രഘോബലാൽ ആത്രേയനെ നിയോഗിച്ചയച്ചു. സവന്തന്മാരെ എതിൎത്ത് ആട്ടിയോടിപ്പാൻ ഏതാനും കുതിരപ്പടകളോടുകൂടി ബാജി പസൾക്കറേയും അയച്ചു. ശിവാജി ഏതാനും സൈന്യങ്ങളോടുകൂടി പഞ്ഞാലംകോട്ടയെ രക്ഷിച്ചുകൊണ്ട് അവിടെ താമസിക്കുകയും ചെയ്തു. ബീജപ്പൂർ പടനായകനായ സലഭത്ത് ജങ്ങിനോടു മഴക്കാലത്തിൻെറ ആരംഭംവരെ യുദ്ധംചെയ്യാനായി നിത്തോജി പാൾക്കറെയാണ് ശിവാജി അയച്ചത്. പാൾക്കറുടെ സൈന്യങ്ങളും ബീജപ്പൂർ സൈന്യങ്ങളും തമ്മിൽ കൂട്ടിമുട്ടി വളരെ ദിവസം വലുതായ യുദ്ധം നടത്തി.

എല്ലായിടങ്ങളിലും ഇരുഭാഗക്കാരും എതിൎത്തു പൊരുതിക്കൊണ്ടിരുന്നതല്ലാതെ ആൎക്കുമാൎക്കും പറയത്തക്ക ജയമുണ്ടായില്ല. സവന്തന്മാർ പരാജിതന്മാരായില്ല; പടേഖാൻ പിന്മാറിയില്ലെങ്കിലും അയാളുടെ സൈന്യം രഘോബലാലിൻെറ സൈന്യത്തേക്കാൾ കുറെ കുറവായിരുന്നു. എന്നാൽ നീത്തോജി പാൾക്കറുടെ സൈന്യം ശത്രുസേനയേക്കാൾ ചെറുതായിരുന്നു. എതിരാളിയായ സലഭത്ത് ജങ്ങ് ഒരു വിദഗ്ദ്ധനായ യോദ്ധാവുമായിരുന്നു. അതുകൊണ്ടു നീത്തോജി പാൾക്കറുടെ സൈന്യങ്ങൾ അല്പം പിൻമാറിത്തുടങ്ങി. പഞ്ഞാലംകോട്ട ശത്രുക്കൾക്കധീനമായേയ്ക്കുമെന്നു ശിവാജിക്കു തോന്നി. ഉടനെ അദ്ദേഹം സലഭത്ത് ജങ്ങിൻെറ അടുക്കലേക്ക് ഒരു ദൂതനെ അയച്ചു യുദ്ധം നിൎത്തിവെയ്ക്കുവാനാവശ്യപ്പെടുകയും, ഉടമ്പടിചെയ്യാൻ സമ്മതമാണെന്നറിയിക്കയും ചെയ്തു.

യുദ്ധം തല്ക്കാലം നിൎത്തിവെച്ച് ഉടമ്പടിയിൽ വേണ്ട നിബന്ധനകളെപ്പററി സംസാരിച്ചുതുടങ്ങി. ഈ സംസാരം വളരെനേരത്തേയ്ക്കു നീണ്ടുനിന്നു. ഉടമ്പടിചെയ്യാൻ തീൎച്ചപ്പെടുത്തിയതുകൊണ്ട് പടയാളികൾ കുറെ അജാഗ്രത കാണിപ്പാൻതുടങ്ങുകയും ചെയ്തു. ഈ തഞ്ചത്തിൽ, ശിവാജി ആരേ

യും അറിയിക്കാതെ പഞ്ചാലത്തുനിന്നു പുറപ്പെട്ട് ആ രാത്രിത ന്നെ വിഷൽഘടയിലേയ്ക്കു തിരിച്ചു. നേരം പുലൎന്നപ്പോൾ ശി വാജിയെ അവിടെ കണ്ടില്ല. സലഭത്ത് ജങ്ങിന്നു ശിവാജി യുടെ സൂത്രം മനസ്സിലായതുകൊണ്ട്, ഉടൻതന്നെ ശിവാജി യെ പിടിപ്പാനായി അദ്ദേഹം തൻെറ സൈന്യത്തെ നയിച്ചു. സൈന്യങ്ങൾ അതിവേഗത്തിൽ തന്നെ പിൻതുടൎന്നുവരുന്നതു ശിവാജിക്കു കാണാമായിരുന്നു. വിഷൽഘടയിലേക്കു പിന്നേ യും ആറുനാഴിക വഴിയുള്ളതുകൊണ്ടു താൻ ശത്രുക്കളുടെ കൈ യിൽ അകപ്പെട്ടുപോകുമോ എന്നു ശിവാജി സംശയിച്ചു. അ പ്പോഴയ്ക്കു ഒരുപായവും കണ്ടെത്തി. ബാജി ദേശപാണ്ഡയെ വിളിച്ചു, താൻ വിഷൽഘടയിൽ എത്തിച്ചേരുന്നതുവരെ ശ ത്രുസൈന്യത്തോടെതിൎത്തുനില്ക്കുവാനേല്പിക്കുകയാണുണ്ടായത്. താൻ സുഖമായി വിഷൽഘടയിൽ എത്തിച്ചേൎന്നാൽ ഒരു പീരങ്കി പൊട്ടിച്ചു വിവരം അറിയിക്കാമെന്നും നിശ്ചയിച്ചു. ഈ ദേശപാണ്ഡേ ജാവലിയിൽവെച്ചു ചന്ദ്രറാവുവിൻെറ ആ ളായി പണ്ടു ശിവാജിയോടെതിരിട്ട ഒരു വീരനായിരുന്നു. റാ വു മരിച്ചതിനുശേഷം ഇദ്ദേഹം ശിവാജിയുടെ അത്യന്തമിത്ര മായിട്ടാണ് കഴിയുന്നത്. ശിവാജിയുടെ ആഗ്രഹത്തെ ഇദ്ദേ ഹം അനുസരിച്ചു.

സവന്തന്മാരോടു യുദ്ധത്തിനുപോയ ബാജി പസൾക്കർ അത്യുഗ്രമായ വിധത്തിൽ വളരെനാൾ യുദ്ധംചെയ്തുവെങ്കിലും, യുദ്ധരംഗത്തിൽ മൃതനാകയാണുണ്ടായത്. ശിവാജിയുടെ ആ ജ്ഞപ്രകാരം ബീജപ്പൂർ സൈന്യത്തിൻെറ വരവും നോക്കി ദേ ശപാണ്ഡേ എതിൎക്കുവാൻ ഒരുങ്ങിക്കൊണ്ടുനിന്നു. കുറച്ചുകഴി ഞ്ഞപ്പോൾ ശത്രുസൈന്യങ്ങൾ എത്തുകയും, ദേശപാണ്ഡേ ധീരതയോടുകൂടി അവരെ നിരോധിക്കുകയും ചെയ്തു. അദ്ദേ ഹം വളരെനേരത്തേക്കു ശത്രുസൈന്യത്തെ തടുത്തുനിൎത്തിയെ ങ്കിലും, അന്നു വൈകുന്നേരം ബാജൽമഹമ്മദ് എന്ന വീര ൻെറ നേതൃത്വത്തിൽ ഒരുപുതിയ സൈന്യം വന്നുചേൎന്നുകൊ ണ്ടു ശത്രുക്കളുടെ ശക്തി കൂടിവന്നു. കുറേ നേരം കഴിഞ്ഞ

പ്പോഠം ദേശപാണ്ഡെയ്ക്കു ദേഹത്തിൽ അനേകം പരുക്കുകളേ ല്ക്കയും, അദ്ദേഹത്തെക്കൊണ്ടു മുന്നണിയിൽ നിൽക്കുവാൻ സാധിക്കാതെയാകയും ചെയ്തു. അപ്പോഴയ്ക്കു ശിവാജി വിഷൽഘടയിൽ എത്തിച്ചേൎന്നതിൻെറ സൂചകമായ പീരങ്കിവെടി കേഠക്കുകയാൽ ദേശപാണ്ഡെയുടെ ഉത്സാഹം ദ്വിഗുണീഭവിക്കുകയും, വീണ്ടും അദ്ദേഹം ശത്രുക്കളോടെതിരിടുകയും ചെയ്തു. എങ്കിലും അതുകൊണ്ടു പ്രയോജനമുണ്ടായില്ല. ദേഹം ക്ഷീണിച്ചു പരവശനായി ആ വീരയോദ്ധാവു നിലത്തു വീണു വീരസ്വൎഗ്ഗം പ്രാപിച്ചു. ശത്രുസൈന്യം നേരേ വിഷൽഘടയിലേയ്ക്കു തിരിക്കുകയും ചെയ്തു.

ശിവാജി ഏററവും മുൻകരുതലോടുകൂടി ഒളിച്ചോടിയ ആളാകയാൽ അദ്ദേഹത്തെ അത്ര വേഗത്തിലൊന്നും പിടികിട്ടുകയില്ലെന്നു സലഭത്ത് ജങ്ങിന്നറിയാമായിരുന്നു. അതിനാൽ അദ്ദേഹം വിഷൽഘടയുടെ സമീപത്തുള്ള ഗജപുരി എന്ന ഗ്രാമത്തിൽ സൈന്യങ്ങളുടെ താവളമുറപ്പിക്കുകയും അവിടെനിന്നു സൈന്യത്തോടുകൂടിച്ചെന്നു വിഷൽഘടാദുൎഗ്ഗത്തെ നിരോധിക്കുകയും ചെയ്തു. പക്ഷേ, സലഭത്ത് ജങ്ങ് പഞ്ഞാലം കോട്ടയിൽ പ്രയോഗിച്ച വിദ്യകളെക്കൊണ്ടൊന്നും വിഷൽഘടയിൽ ജയം കിട്ടിയില്ല. ശിവാജി അതിശക്തിയോടുകൂടി എതിൎത്തു സലഭത്ത് ജങ്ങിനേയും സൈന്യത്തേയും വിഷൽഘടയിൽനിന്നു പറപറപ്പിച്ചു. ഈ അപജയം സംഭവിച്ചതു സലഭത്ത് ജങ്ങിൻെറ സാമൎത്ഥ്യക്കുറവു നിമിത്തമാണെന്നു വിചാരിച്ച്, സുൽത്താൻ ആലി അഡൽഷാ, താൻതന്നെ സേനയുടെ നേതാവായിരുന്നു വീണ്ടും ശിവാജിയോടു യുദ്ധത്തിന്നൊരുങ്ങി. സുൽത്താൻ തന്നെ നേതാവായതു കണ്ടപ്പോഠം പടയാളികഠക്കു കൌതുകവും ഉത്സാഹവും അധികമാകയും, പഞ്ഞാലംകോട്ട സുൽത്താൻെറ അധീനമായിത്തീരുകയും ചെയ്തു. ശിവാജി പിടിച്ചടക്കിയ കോട്ടകളിൽ വേറെ ചിലതും സുൽത്താൻ ഈ യുദ്ധത്തിൽ വീണ്ടെടുക്കുകയുണ്ടായി. എന്നാൽ രങ്കണാ, വിഷൽഘടാ എന്നീ കോട്ടകഠ വളരെ നിഷ്കൎഷയോ

ടുകൂടി കാത്തുവന്നിരുന്നതുകൊണ്ട് അവയെ വീണ്ടെടുപ്പാൻ സാധിച്ചില്ല.

വർഷാകാലം ആരംഭിച്ചു. ശിവാജി, ഈ അവസരത്തിൽ ജഞ്ചീരയുടെ സമീപത്തു വടക്കുപടിഞ്ഞാറായുള്ള ദണ്ഡരാജപുരി എന്ന തുറമുഖപട്ടണത്തെ ആക്രമിച്ചു കൈവശപ്പെടുത്തി. ഈ പട്ടണം വളരെ ദ്രവ്യസമ്പത്തുള്ള ഒരു നഗരമായിരുന്നു. ഇതിൽ വ്യാപാരംചെയ്തു താമസിച്ചിരുന്ന ചില ആംഗ്ലേയർ ഗ്രൂഢമായി പടേഖാനെ സഹായിക്കുന്നതായി അറിവുകിട്ടുകയാൽ ശിവാജി അവരെയെല്ലാം പിടിച്ചു കാരാഗൃഹത്തിലാക്കി. അതിനുശേഷം വലുതായ ഒരു സൈന്യത്തോടുകൂടി ശിവാജി ജഞ്ചീരാപട്ടണം പിടിക്കുവാനുള്ള ശ്രമം തുടങ്ങി. എന്നാൽ കോട്ടയുടെ ഉറപ്പും കാവൽക്കാരുടെ ശക്തിയും നിമിത്തം ശിവാജിയുടെ ഈ ശ്രമം അത്ര എളുപ്പത്തിലൊന്നും ഫലിക്കുകയില്ലെന്നു കാണുകയാൽ അദ്ദേഹം തല്ക്കാലം ആ ഉദ്യമത്തിൽനിന്നു പിൻമാറുകയാണുണ്ടായത്. ജഞ്ചീരയെ ആക്രമിച്ചകാലത്തൊരുദിവസം വരുണഭഗവാൻ ശിവാജിക്കു നിദ്രയിൽ പ്രത്യക്ഷനായിട്ടു, ജഞ്ചീരയെ പിടിക്കുന്ന കാൎയ്യം അസാദ്ധ്യമാണെന്നും ഇതുപോലെയുള്ള മറെറാരു തുറമുഖമായ സിന്ധുദുൎഗ്ഗത്തെ പിടിക്കുന്നതാണ് നല്ലതെന്നും ഉപദേശിച്ചുവെന്നൊരു കഥ ശിവദിഗ്വിജയത്തിൽ ഉണ്ട്. ഇതിൻെറ വാസ്തവം എങ്ങിനെയായിരുന്നാലും ശിവാജി അടുത്തുതന്നെ സിന്ധുദുൎഗ്ഗത്തെ പിടിച്ചടക്കുകയും, അതിനെ തൻെറ നാവികസൈന്യത്തിന്നൊരു സങ്കേതമാക്കുകയും ചെയ്തു എന്നുള്ളതു വാസ്തവമാണ്. അക്കാലത്ത് ഇന്ത്യയിൽ നാവികസൈന്യസങ്കേതങ്ങൾ തീരെ ഇല്ലായിരുന്നില്ല. ക്രി. പി. മൂന്നാം ശതാബ്ദംമുതല്ക്ക് ഇന്ത്യയിൽ നാവികസൈന്യങ്ങൾ ഉണ്ടായിരുന്നു. നാവികസൈന്യങ്ങളുടെ ഏൎപ്പാടു പരിഷ്കാരത്തിൻെറ ഒരു ചിഹ്നമാണെങ്കിൽ, ആ പരിഷ്കാരചിഹ്നം വിദേശീയർ തീരെ അപരിഷ്കൃതരായി മൃഗപ്രായമായ നിലയിൽ ഇരുന്നിരുന്ന ആ ആദികാലത്തുതന്നെ ഇന്ത്യയിൽ ഉണ്ടായിരുന്നു. കാലാന്തര

ത്തിൽ വിദേശീയരുടെ ഇടവിടാതേകണ്ടുള്ള ആക്രമണങ്ങൾ നിമിത്തം ഇന്ത്യയിൽ നാവികസൈന്യങ്ങൾ നാമാവശേഷമായിത്തീൎന്നുപോയി.

ബിജപ്പൂർ സുൽത്താൻ പിന്നേയും ശിവാജിയെ എതിൎക്കുവാനുള്ള ശ്രമത്തിൽനിന്നു പിൻവലിച്ചില്ല. ഇത്തവണ സുൽത്താൻ, പണ്ടു ഷഹാജിയെ വഞ്ചനചെയ്തു ബന്ധത്തിലാക്കിയ ബാജി ഘോരഭടയെയാണ് ഈ കാൎയ്യത്തിൽ നിയോഗിച്ചത്. ഘോരഭടേ ശിവാജിയെ തേടിപ്പുറപ്പെട്ടതു സവന്തവാടി വഴിക്കായിരുന്നു. ഈ വിവരം ശിവാജിക്കറിവു കിട്ടിയപ്പോൾ "തേടിയവള്ളി കാലിൽ തടഞ്ഞ"തുപോലെയാണ് അദ്ദേഹം വിചാരിച്ചത്. അച്ഛനെ വഞ്ചിച്ചു തുറുങ്കിലിടുവിച്ച ഘോരഭടയുടെ പേരിൽ അന്നേമുതൽക്കു തുടങ്ങിയുണ്ടായതും എപ്പോഴും നീറിക്കിടക്കുന്നതുമായ വൈരത്തെ നിൎയ്യാതനംചെയ്വാനും, പിതാവിൻെറ ഇഷ്ടം സാധിപ്പിപ്പാനുമായി, അല്പം താമസിച്ചിട്ടെങ്കിലും സിദ്ധിച്ച ഈ അവസരത്തെ ശിവാജി വ്യൎത്ഥമാക്കിയില്ല. അദ്ദേഹം അതിവേഗത്തിൽ വിഷൽഘടയിലെത്തിച്ചേൎന്ന്, മൂവ്വായിരം പടയാളികളെ കൂട്ടി ഒരേ ഒരു രാത്രികൊണ്ടു സവന്തവാടിക്കടുത്ത മുത്തോൾ എന്ന ദിക്കിൽച്ചെന്നു ബാജി ഘോരഭടയോടെതിൎക്കുകയും, ഘോരഭടയേയും അയാളുടെ മക്കളേയും വധിച്ച് കൃതകൃത്യനാകയും ചെയ്തു. ഘോരഭടയുടെ മരണവൎത്തമാനം സുൽത്താനെ പാടല്ലാതെ വ്യസനിപ്പിച്ചുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഘോരഭടേക്കു പകരം കവാസ്ഖാൻ എന്നാളെയാണ് സുൽത്താൻ ശിവാജിയുടെ നേരെ അയച്ചത്.

ഇതിനിടയിൽ സലഭത്ത് ജങ്ങ്, സുൽത്താൻ തന്നെ എന്തോ ഒരു കാൎയ്യത്തിൽ അപമാനപ്പെടുത്തി എന്ന കാരണം പറഞ്ഞു ബിജപ്പൂർ പട്ടാളത്തിൽനിന്ന് ഒഴിഞ്ഞു. അന്നു കൃഷ്ണാ-തുംഗഭദ്ര എന്ന നദികളുടെ ഇടയിലുള്ള ചില ഹിന്ദുജമിന്ദാർമാർ സുൽത്താൻെറ പേരിൽ അതൃപ്തി തോന്നി സുൽത്താൻെറ കോയ്മയെ ധിക്കരിച്ച് കലഹം തുടങ്ങിയ കാലമാ

യിരുന്നു. സലഭത്ത് ജങ്ങ് അവരുടെ കൂട്ടത്തിൽ കൂടുകയാണു ണ്ടായത്. ഈ വർത്തമാനം ശിവാജിക്കു രസകരമായിരുന്നു. ശിവാജി ഉടൻതന്നെ സവന്തവാടിയിലെ കൊള്ളക്കാരെ അമർത്തുവാൻ ശ്രമംചെയ്തു. അദ്ദേഹം കുറെ സൈന്യങ്ങളോടു കൂടിച്ചെന്നു റൈച്ചൂർ, ടോർണൽ എന്നീ കോട്ടകളെ കീഴടക്കി. അവിടങ്ങളിൽ തൻെറ ശത്രുക്കൾക്കു പോർത്തുഗൽക്കാരായ കച്ചവടക്കാർ ഗൂഢമായി സഹായങ്ങൾ ചെയ്യുന്നതായറിയുകയാൽ ശിവാജി ആവക വ്യാപാരികളെ പിടിച്ചു ബന്ധനത്തിലാക്കുകയും, അവരുടെ വ്യാപാരസ്ഥലങ്ങളെല്ലാം തട്ടിനിരത്തുകയും ചെയ്യുതോടുകൂടി സവന്തവാടി ശിവാജിക്കു കീഴടങ്ങി. മൂവ്വായിരം പടയാളികളേയും, കൊല്ലംതോറുമുള്ള വരവിൽ പകുതിയും ശിവാജിക്കു കൊടുക്കുവാനുള്ള ഒരുടമ്പടി അവർ ശിവാജിയുമായി ചെയ്കയുണ്ടായി. ഇതിന്നു പുറമെ ശിവാജി പോർത്തുഗൽക്കാരുടെ വകയായ ഗോവാ പട്ടണത്തോടു തൊട്ട സ്ഥലങ്ങളിൽ ആക്രമിച്ച്, പോർത്തുഗൽക്കാരെ തോല്പിക്കുകയും അവരോട് ഒരുടമ്പടി എഴുതി വാങ്ങുകയും ചെയ്തു. വെടിമരുന്ന്, തോക്ക് മുതലായ യുദ്ധസാമഗ്രികൾ അയച്ചുതരുവാനായിരുന്നു ഈ ഉടമ്പടി. ഈ ഉടമ്പടിയുണ്ടായത് ക്രി. പി. 1662_ാമാണ്ടിലാണ്.

മേല്പറഞ്ഞപ്രകാരം സവന്തന്മാരെക്കൊണ്ടുള്ള ഉപദ്രവം തീർന്നു. ബിജപ്പൂർ സുൽത്താനാണെങ്കിൽ ഇനിമേലിൽ ആക്രമിപ്പാൻ ശക്തിയില്ലാതേയും ആയിരിക്കുന്നു. അതുകൊണ്ടു തല്ക്കാലം ഇനി അവരോടൊന്നും ചെയ്യേണ്ടതില്ലെന്നു കരുതി, ശിവാജി വിലയേറിയ സമയത്തെ തൻെറ ജീവിതോദ്ദേശമായ മഹാരാഷ്ട്രസ്വരാജ്യസ്ഥാപനത്തിന്നായിത്തന്നെ വിനിയോഗിക്കുവാൻ തീർച്ചപ്പെടുത്തി. മഹത്തായ ഈ ഉദ്ദേശത്തിൻെറ നിർവ്വഹണത്തിൽ തടസ്ഥമായിരുന്നതു ഹിന്ദുക്കളായ ജമീന്ദാർമാരായിരുന്നു. അവരിൽവെച്ച് മുഖ്യനായിരുന്ന ജാവലിയിലെ ചന്ദ്രറാവുവിൻെറ ശല്യം ഒഴിച്ചുകളഞ്ഞത് വായനക്കാർ ഓ

ക്കുന്നുണ്ടായിരിക്കും. മുത്തോറാംക്കാരനായ ബാജി ഘോരടേയായിരുന്നു അടുത്ത തടസ്ഥക്കാരൻ. അയാളുടെ കഥയും കഴിഞ്ഞു. പിന്നെ ഒരു പ്രതിബന്ധിയുണ്ടായിരുന്നതു സാവന്തവാടിയിലെ ഒരു സാമന്തനായ ലക്കം സാവന്ത് എന്നാളായിരുന്നു. സാവന്തവാടി കീഴടങ്ങിയതോടുകൂടി അയാളുടെ തടസ്ഥവും തീൎന്നു. മേല്പറഞ്ഞ ജമിന്ദാർമാരെല്ലാം ഘോരമായ ആപത്തിൽപെട്ടത് ദേശാഭിമാനിയും ദേശക്ഷേമതല്പരനുമായ ശിവാജിയുടെ പരിശുദ്ധമായ ഉദ്ദേശത്തെ മനസ്സിലാക്കായ്കയാലാണ്. ശിവാജി ഇവരെ സാമദാനങ്ങളെക്കൊണ്ടു വശപ്പെടുത്തുവാൻ വളരെ ശ്രമിച്ചു നോക്കായ്കയില്ല. അതുകൊണ്ടു യാതൊരു ഫലവുമില്ലെന്നു കണ്ടപ്പോൾ മാത്രമാണ് ഭേദദണ്ഡോപായങ്ങൾ പ്രയോഗിച്ചത്.

ഇങ്ങിനെ, മഹാരാഷ്ട്രരുടെ സ്വാതന്ത്ര്യപ്രസിദ്ധിക്കുള്ള വഴി ഒരുവിധം തെളിഞ്ഞുകണ്ടതിനുശേഷം, ബീജപ്പൂർ-ഗോല്ക്കോണ്ടാ എന്നീ രാജ്യങ്ങളുമായി ഒരു സന്ധികൂടി ചെയ്യേണമെന്നു ശിവാജി തീർച്ചപ്പെടുത്തി. ശിവാജിയുടെ ഈ നിശ്ചയം അദ്ദേഹം ഒരു തികഞ്ഞ രാജ്യതന്ത്രജ്ഞനാണെന്നു തെളിയിക്കുന്നുണ്ട്. കാലദേശാവസ്ഥകളറിഞ്ഞ് സന്ധിവിഗ്രഹാദികളിൽ ഏൎപ്പെടുന്ന രാജ്യതന്ത്രജ്ഞന്മാരെ വിജയലക്ഷ്മി സ്വയം വരിക്കുമെന്നുള്ളതിന്നു സംശയമില്ല. മഹാരാഷ്ട്രഭൂമിയാകുന്ന മാതാവിൻെറ എല്ലാ അംഗങ്ങളേയും സ്വതന്ത്രമാക്കുന്നതിന്നാണു ശിവാജിയുടെ മഹാരംഭം. ആ അംഗങ്ങളിൽ ചിലതു മൊഗളന്മാർ അവരുടെ അധികാരശൃംഖലകൊണ്ട് ബന്ധിച്ചിരുന്നു. ഇങ്ങിനെ മൊഗളന്മാരാൽ ബന്ധിക്കപ്പെട്ടുകിടക്കുന്ന അംഗങ്ങളെ അവരുടെ പിടിയിൽനിന്നു വിടുവിച്ച് തൻെറ മാതൃഭൂമിയെ സ്വാതന്ത്ര്യപ്പെടുത്തുന്നതിന്നായിട്ടാണു ശിവാജി ബീജപ്പൂരിനോടും ഗോല്ക്കോണ്ടയോടും സന്ധിചെയ്യാനുത്സാഹിച്ചത്. ഇതിന്നിടയിൽ ശിവാജി, ബാജി ഘോരടേയുടെ വധത്തേയും സാവന്തവാടി കീഴടങ്ങിയതിനേയും മററും പാറി തൻെറ അ

ച്ചുന്ന് ഒരെഴുത്തയയ്ക്കുകയുണ്ടായി. ആയതു പ്രസ്താവയോഗ്യമാകയാൽ താഴെ ചേർക്കുന്നു:—

"എഴുത്തു കിട്ടി. അതിൽ, ബാജിഘോരഭടേ മഹാരാഷ്ട്ര സംസ്ഥാനത്തിന്നു സഹായം ചെയ്യാതെ മഹമ്മദീയരുടെ ഭാഗത്തു ചേർന്ന് ദ്രോഹം ചെയ്യുന്നുവെന്നും, കവാസ്ഖാൻ മുതലായവരോടുകൂടി എന്നോടെതിക്കുവാൻ വരുന്നുണ്ടെന്നും എഴുതിയിരുന്നുവല്ലോ. അതോടുകൂടി "പിതൃനിദേശത്തെ ഒരിക്കലും തള്ളാത്ത നീ (ശിവാജി) ഈ അവസരത്തിൽ അവനോടു പകരം ചോദിക്കണെ"മെന്നും ബാജിഘോരഭടേ മുത്തോളിൽ എത്തിച്ചേർന്നുവെന്നും വിശദമായി എഴുതിയിരുന്നുവല്ലോ. ഈ വിവരം അറിഞ്ഞ ഉടനെ ഞങ്ങൾ മുത്തോളിൽ ചെന്ന് ആക്രമിച്ച് ആ നാടു കൈവശപ്പെടുത്തി. ബാജിഘോരഭടേ ഞങ്ങളോടു യുദ്ധം ചെയ്യ് മുതിപ്പെട്ടു. ഞങ്ങൾക്കു വളരെ ദ്രവ്യങ്ങൾ കിട്ടി. അനവധി സാമാനങ്ങളും ഞങ്ങൾക്കു കിട്ടി. കവാസ്ഖാൻ ഞങ്ങളെ എതിക്കുവാൻ വന്നു; ഞങ്ങൾ അവനേയും ഓടിച്ചുകളഞ്ഞു. ഞങ്ങളുടെ പിന്നത്തെ പുറപ്പാട് സവന്തന്മാരെ അമർത്തുവാനായിരുന്നു. കോട്ടകൾ പലതും ഞങ്ങളുടെ സ്വാധീനത്തിൽ വന്നിട്ടുണ്ട്. പോണ്ടാവിനെ എതിത്തു യുദ്ധം ചെയ്യ് ഞങ്ങൾ കോട്ടകളെ ഛിന്നഭിന്നമാക്കി. ആ പ്രദേശങ്ങൾക്കു ഞങ്ങൾതന്നെ നാഥന്മാരായി. പിന്നെ പോത്തുഗൽക്കാരെ എതിക്കുകയും, അവരിൽനിന്നും ചില പ്രദേശങ്ങൾ ഞങ്ങൾ കയ്ക്കലാക്കുകയും ചെയ്തു. പോത്തുഗൽക്കാർ ഒരുടമ്പടി ചെയ്കയും, അനേകം വലിയ തോക്കുകൾ തരികയും ചെയ്തു. സവന്തന്മാരും, മേലിൽ പോത്തുഗൽ അതിത്തികളിൽ താമസിക്കുന്നതായാൽ രക്ഷ പോരെന്നു വിചാരിച്ച് ഞങ്ങളോടു സമാധാനത്തിന്നപേക്ഷിക്കയും, അവരുടെ സമാധാനനിബന്ധനകളെ ഞങ്ങൾ അംഗീകരിക്കയും ചെയ്തു. ഈ കാൎയ്യങ്ങളെല്ലാം സാധിച്ചതു നിങ്ങളുടെ ആശീർവ്വാദംകൊണ്ടാണ്. നിങ്ങളുടെ ആഗ്രഹംപോലെ എല്ലാം നടത്തിയിരിക്കുന്നു. നിങ്ങൾക്കു സന്തോഷമാവുന്നതിന്നായിട്ടാണ് ഈ വിവരങ്ങൾ എഴുതി അയയ്ക്കുന്നത്".

ബിജപ്പൂർ സുൽത്താൻ ശിവാജിയുടെ അഭിപ്രായപ്രകാരം സന്ധിചെയ്യാൻ സമ്മതിച്ചു. ഈ സന്ധിയുടെ കാൎയ്യത്തിന്നു രാജദൂതനായി നിയോഗിച്ചയച്ചതു ശിവാജിയുടെ പിതാവായ ഷഹാജിയെത്തന്നെയാണ്. ശിവാജി പൂനയിലേയ്ക്കു പോന്നതിന്നുശേഷം ഷഹാജി അദ്ദേഹത്തെ കണ്ടിട്ടില്ലായിരുന്നതുകൊണ്ട് ഈ ദൌത്യം ഷഹാജിയെ ആനന്ദമഗ്നനാക്കിത്തീൎത്തു. അദ്ദേഹം തന്റെ ദ്വിതീയപത്നിയായ തുക്കാഭായിയേയും മകൻ വെങ്കോജിയേയും കൂട്ടിക്കൊണ്ട് തുലാപുരത്തിൽ ചെന്ന്, പരദേവതയായ ഭവാനിദേവിയെ തൊഴുത്, പണ്ടാപുരത്തിൽ പോയി വിത്തൽനാഥനേയും ദൎശിച്ചിട്ടാണു പൂനയിലേയ്ക്കു ചെന്നത്. അച്ഛന്റെ വരവിന്നെ ശിവാജി കാത്തുംകൊണ്ടാണിരുന്നിരുന്നത്. പൂനയിൽ എത്തുന്നതിന്നു കുറച്ചു ദൂരംമുമ്പായിത്തന്നെ അച്ഛനെ ചെന്നു കണ്ട് എതിരേററു കൂട്ടിക്കൊണ്ടുവരുവാൻ ശിവാജി മോറോ പിംഗളയെ ഏല്പിച്ചയച്ചിരുന്നു. ഗൃഹോപാന്തത്തിൽ തന്റെ മാതാവിനോടും, ശചിഭായി സോയാറാഭായി എന്നീ ഭാൎയ്യമാരോടുംകൂടി ശിവാജിയും എതിരേല്പാൻ തയ്യാറായി നിന്നിരുന്നു. ഷഹാജി ഗൃഹദ്വാരത്തിൽ എത്തിയപ്പോഠം ശിവാജി അടുത്തുചെന്ന് ഉപചരിച്ച് അദ്ദേഹത്തിന്റെ പാദങ്ങളിൽ വീണു സാഷ്ടാംഗം നമസ്കരിച്ചു. അനന്തരം ഷഹാജിയുടെ ആദ്യഭാൎയ്യയായ ജിജാഭായിയും സ്നുഷമാരും അദ്ദേഹത്തെ നമസ്കരിച്ചു. പിന്നെ ശിവാജി പിതാവിന്നെ പല്ലക്കിൽ കയററി ജേജ്ജൂറി എന്ന ഗ്രാമത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. ജേജ്ജൂറിയിൽ എത്തുന്നതുവരെയും ശിവാജി പിതാവിന്നെ ബഹുമാനിച്ചുംകൊണ്ട് കാൽനടയായിത്തന്നെ പല്ലക്കിന്റെ പിന്നാലെ നടക്കുകയാണുണ്ടായത്. ജേജ്ജൂറിയിൽ എത്തിയ ഉടനെ, വളരെ കമനീയമായി അലങ്കരിച്ചിരുന്ന ശിബിരത്തിൽ ഷഹാജി ഇറങ്ങിയപ്പോഠം ശിവാജി വിനയത്തോടുകൂടി അച്ഛന്റെ മുമ്പിൽ നിന്നു. അച്ഛൻ ഇരിക്കുവാൻ പറഞ്ഞുവെങ്കിലും പിതൃഭക്തനായ ശിവാജി നിന്നതേയുള്ളു.

ശിവാജി, ചിരവിരഹിതനായ പിതാവിനോട്, "പ്രിയ പിതാവേ! ചെറുപ്പകാലത്തിൽ അച്ഛൻെറ വാക്കുതെററി നടന്ന എൻെറ കുററത്തിന്ന് അവിടേയ്ക്കു ബന്ധനമനുഭവിക്കേണ്ടിവന്നതിനെ സദയം ക്ഷമിപ്പനാപേക്ഷ" എന്നു പറഞ്ഞ് വീണ്ടും കാല്ക്കൽ വീണു നമസ്കരിച്ചു. അപ്പോഠം ഷഹാജി മനസ്സലിഞ്ഞ് ഗൽഗ്ദകണ്ഠനായിക്കൊണ്ടു "പ്രിയകുമാര! അതു സാരമില്ല; സ്വന്തം കുമാരന്മാരുടെ ബാല്യവിക്രമം കൊണ്ട് തങ്ങഠംക്കു വരുന്ന ആപത്തുകളെക്കൂടിയും പിതാക്കന്മാർ സാരമാക്കുകയില്ല. അതവക്ക് അഭിമാനമാകുന്നു. നിൻെറ പേരിൽ ഒരപരാധവും ഞാൻ കാണുന്നില്ല. അഥവാ വല്ലതുമുണ്ടെങ്കിൽ അതു ഞാൻ സസന്തോഷം ക്ഷമിച്ചിരിക്കുന്നു"എന്നു പറഞ്ഞ് ആനന്ദബാഷ്പം ചൊരിഞ്ഞു. പാദാനതനായ ശിവാജിയുടെ ശിരസ്സിൽ, ഷഹാജിയുടെ ആനന്ദബാഷ്പങ്ങഠം, മേലിൽ ചെയ്യാനിരിക്കുന്ന പട്ടാഭിഷേകത്തിൻെറ പൂർവ്വാംഗമായ മംഗളാഭിഷേകത്തെ നിർവ്വഹിച്ചു. ഷഹാജി ആനന്ദപരവശനായി തന്നെത്താൻ മറന്ന്, തൻെറ വീരകുമാരനെ ഒരു പിഞ്ചുകുട്ടിയെപ്പോലെ വാരിയെടുത്ത് മാറോടണച്ച്, കൈയും മെയ്യും മറന്ന് ഗാഢഗാഢമായി ആലിംഗനം ചെയ്തു. വീരരസത്തിൻെറ ഇരിപ്പിടമായ ആ സേനാനിവേശം അല്പനേരത്തേയ്ക്കു ശുദ്ധസത്വപ്രകാശമായ ആനന്ദത്തിൽ ലയിച്ച്, അവാച്യമായ ഒരു അവസ്ഥാന്തരത്തെ പ്രാപിച്ചു.

ഇതിന്നുശേഷം ഷഹാജി പൂനാനഗരത്തിലേയ്ക്കുതന്നെ തിരിക്കുകയും, ശിവാജിയുടെ ആവശ്യങ്ങളെല്ലാം അനുസരിച്ച് ബിജപ്പൂർ സുൽത്താനുമായിട്ടുള്ള ഉടമ്പടി നിർവ്വഹിക്കുകയും ചെയ്തു. 1662_ാമാണ്ടിലാണ് ഈ ഉടമ്പടി നടന്നത്. ഈ ഉടമ്പടിപ്രകാരം വടക്കു കല്യാണനഗരം മുതൽ തെക്കോട്ടു പോണ്ടാ വരേയും, പടിഞ്ഞാറ് ടാപ്പൽപ്രദേശം മുതൽ കിഴക്കോട്ടു ഇന്ദാപുരം വരേയുമുള്ള വിശാലമായ ഭൂമണ്ഡലം ശിവാജിയുടെ സ്വന്തമായിത്തീർന്നു. ഷഹാജി ജീവനോടുകൂടി

ളൂരിക്കുന്നേടത്തോളം കാലം ബീജപ്പൂരിനെ ആക്രമിക്കുന്നത ല്ലെന്നു ശിവാജി ഒരു പ്രതിജ്ഞയും ചെയ്തു. അതോടുകൂടി ശത്രു ക്കളുടെ ആക്രമണമുണ്ടായാൽ രണ്ടു കൂട്ടരും പരസ്പരം സഹായി ക്കേണമെന്നുള്ള ഒരു കരാറും ബിജപ്പൂരുമായി ചെയ്കയുണ്ടായി.

ഇടമ്പടിയുടെ ഏപ്പ്പാടുകളെല്ലാം കഴിഞ്ഞശേഷം ശിവാ ജി, തൻെറ ഭുജപരാക്രമത്തിൻെറ പ്രത്യക്ഷലക്ഷ്യമായ രാജഘ ടാ, പുരന്ദരൻകോട്ട, ലോഹിഘടാ, റൈറി മുതലായ കോട്ടക ളിലേയ്ക്കു ഷഹാജിയെ കൂട്ടിക്കൊണ്ടുപോകയുണ്ടായി. ഓരോ കോട്ടകളേയും കണ്ടിട്ട് ഷഹാജി അത്യധികം സന്തോഷിച്ചു വെന്നു പറയേണ്ടതില്ലല്ലോ. അവ എല്ലാററിലുംവെച്ച് ഉൽ കൃഷ്ടമായ റൈറി കോട്ടയെ സന്ദശിച്ചപ്പോഠം ഷഹാജി ഇങ്ങി നെ അഭിപ്രായപ്പെട്ടു:—"സംശയമില്ല. ഈ കോട്ടകളിൽ എ ല്ലാംകൊണ്ടും ബലം കൂടിയതു റൈറിയാണ്. ഇതിൻെറ ച റവും ഉറപ്പുള്ള പൎവ്വതഘട്ടങ്ങഠം ഉള്ളതുകൊണ്ട് ഇതിനെ ശത്രു ക്കഠംക്ക് എതിക്കുവാൻ സാധിക്കയില്ല. അതുകൊണ്ട് ഇതി നെ പരിഷ്കരിച്ച് നന്നാക്കി കൂടുതൽ ഉറപ്പിൽ കൊണ്ടുവരു വാൻ ശ്രമിക്കേണ്ടതാണ്" പിതാവിൻെറ അഭിപ്രായംപോ ലെതന്നെ ആ കോട്ടയെ പൂവ്വാധികം ഉറപ്പിലും ഉയരത്തിലും പണിചെയ്യാൻ ശിവാജി അപ്പാജി ശോണദേവനോട് ആ ജ്ഞാപിച്ചു. ഈ ശോണദേവൻ ചെറുപ്പകാലം മുതല്ക്കേ ശി വാജിയുടെ അത്യന്തമിത്രവും, കല്യാണപുരത്തെ നവാബിനെ അകററിക്കളഞ്ഞ് അവിടം ശിവാജിക്കു സ്വാധീനമാക്കിയ വീരനും, കോട്ടകഠം കെട്ടുന്നതിൽ അതിവിദഗ്ദ്ധനുമാണ്. കോട്ട പണിതീൎന്നപ്പോഠം ശിവാജി അതിൻെറ പേർ മാററി "രായഘടാ" എന്ന പുതിയ പേർ കൊടുത്തു. ഈ കോട്ടയിൽ ശിവാജിക്കും, അദ്ദേഹത്തിൻെറ അമ്മയായ ജീജാഭായിക്കും താമസിക്കുവാൻ കമനീയമായ ഓരോ കെട്ടിടങ്ങഠം പ്രത്യേകം പണിചെയ്യിട്ടുണ്ടായിരുന്നു.

കോട്ടപണി കഴിഞ്ഞതിനു ശേഷം അതിൻെറ ഉറപ്പു പ രീക്ഷിപ്പാനായി ഒരു സൂത്രം പ്രയോഗിക്കുകയുണ്ടായി. ഈ

കോട്ടയുടെ ഉള്ളിലേക്ക് അതിൻെറ വാതില്ക്കൽ കൂടിയല്ലാതെ മററ വല്ല വഴിക്കും ആരെങ്കിലും കടക്കുന്നതായാൽ ആ ആറം ക്ക് ഒരു പെട്ടി നിറയെ പൊൻനാണ്യങ്ങൾ സമ്മാനം കൊടു ക്കുന്നതാണെന്ന് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തിയതായിരു ന്നു ഈ സൂത്രം. ഈ വിളംബരത്തിൻെറ വിവരം അറിഞ്ഞിട്ടു 'മാഹർ' ജാതിക്കാരനായ ഒരുവൻ ശിവാജിയുടെ അടുത്തു ചെ ന്നു, "ഞാൻ കോട്ടയിലേക്കു കടക്കുന്നുണ്ട്; പരീക്ഷയിൽ ഞാൻ ജയിക്കുന്നപക്ഷം അടയാളമായി എൻെറ കൊടി കോട്ടയുടെ മുകളിൽ നാട്ടുന്നതാണ്" എന്നു പറകയും, ശിവാജി അതു സ മ്മതിക്കയും ചെയ്തു. ഈ വീരവാദം പറഞ്ഞവൻ ചെറുപ്പം മുതല്ക്കേ ഈ കോട്ടയിൽ പരിചയമുള്ളവനാണ്. കോട്ടയിൽ കാവലും ബന്തോവസ്തും ഇല്ലാതിരുന്ന കാലത്ത് അവൻ അന വധി പ്രാവശ്യം അതിൽ ചെന്നു നോക്കുകയുണ്ടായിട്ടുണ്ട്. അന്നു പരിചയമുള്ള വഴി പിടിച്ചു പതുക്കെപ്പതുക്കെക്കയറി ച്ചെന്ന് അവൻ കോട്ടയുടെ ശിഖരത്തിൽ എത്തുകയും, തൻെറ കൊടി അവിടെ നാട്ടുകയും ചെയ്തു. കോട്ടയുടെ ശിഖര ത്തിൽ കൊടി പറക്കുന്നതു കണ്ടപ്പോൾ ശിവാജി അവനെ വിളിച്ച് ഏററവും ഉത്സാഹത്തോടും സന്തോഷത്തോടും കൂടി അവന്നു വിളംബരത്തിൽ പറഞ്ഞതായ സമ്മാനം കൊടുത്തു. അന്നേ മുതൽ അവൻ കോട്ടയിലേക്കു കേറിപ്പോയ വഴിക്കു "ചോർത്തർ-വാജാ" (ചോരമാർഗ്ഗം) എന്നു പേർ പറയുന്നു. ഈ ചോരമാർഗ്ഗത്തെ ഭദ്രമായി അടച്ചു ശിവാജി ഒരു ഉറമ തിൽ കെട്ടിച്ചു കോട്ടയെ ഉറപ്പിച്ചു.

ഇതു കഴിഞ്ഞു കുറച്ചു ദിവസത്തിന്നുശേഷം ഈ കോട്ടയു ടെ "അടച്ചുറപ്പു" പരീക്ഷിക്കുന്നതിന്നുപകരിക്കുന്നതായി വേ റെ ഒരു സംഭവവും ഉണ്ടായി. കോട്ടയ്ക്കകത്തു താമസിക്കുന്ന ഭ ടന്മാരുടെ ആവശ്യത്തിന്നു പതിവായി പാൽ കൊണ്ടുപോയി ക്കൊടുക്കുന്നതു "ഹിരകാണി" എന്നൊരു ഇടയസ്ത്രീയായിരു ന്നു. അവൾ ഒരു ദിവസം പാൽ കൊടുത്തു കഴിഞ്ഞപ്പോൾ നേരം പതിവിൽ കുറച്ചധികമായിപ്പോയി. സന്ധ്യയായാൽ

കോട്ടവാതിൽ ബന്ധിക്കുക പതിവാകയാൽ ഹിരകാണി ജോലികഴിഞ്ഞു പുറത്തുപോകാൻ നോക്കിയപ്പോഠം പുറത്തു കടപ്പാൻ നിവൃത്തിയുണ്ടായിരുന്നില്ല. കോട്ടവാതിൽ കാക്കുന്നവരോടു ചോദിച്ചതിൽ അവർ വാതിൽ തുറക്കുന്നതല്ലെന്ന് ഉറപ്പിച്ചു പറഞ്ഞു. പാവപ്പെട്ട 'ഹിരകാണി' വലിയ കഷ്ടത്തിലായിത്തീൎന്നു. അവളുടെ വീട്ടിൽ അവളുടെ പിഞ്ചുകുട്ടിയും, പ്രായംചെന്ന അവളുടെ അമ്മയും മാത്രമേ ഉള്ളു. അവഠം ചെന്നില്ലെങ്കിൽ അവരെ നോക്കുവാൻ ആരുമില്ല "എന്താണിനി ഇതിൽനിന്നു ചാടാനൊരുവഴി എൻെറ ഈശ്വര" എന്നു മനസ്സുഷ്ണിച്ചു വിചാരിച്ചപ്പോഠം അവഠംക്കൊരുപായം തോന്നി. കോട്ടയുടെ പിൻപുറത്തുകൂടെ ഒരു ഊടുവഴിയുള്ളതായി അവഠം കണ്ടിട്ടുണ്ട്. ആ വഴിയിൽക്കൂടെ ഒന്നുപോയി നോക്കാമെന്ന് അവഠം തീരുമാനിച്ചു. ഉടൻതന്നെ അവഠം അങ്ങോട്ടുമിങ്ങോട്ടും തിരിഞ്ഞുനോക്കാതെ ആ വഴിയേ പോകയും, വളരെനേരം അദ്ധ്വാനിച്ചതിന്നുശേഷം വീട്ടിൽ എത്തിച്ചേരുകയും ചെയ്തു. ഈ വിവരം എങ്ങിനെയോ ശിവാജിക്കു മനസ്സിലായി. അദ്ദേഹം സാഹസകാരിണിയായ ഹിരകാണിയെ അഭിനന്ദിക്കുകയും, അവഠം പോയവഴിയിൽ ഭിത്തിയുടെ ആകൃതിയിലുള്ള ഒരു വലിയ ഗോപുരം കെട്ടിച്ച് ആ പഴുതടയ്ക്കുകയും ചെയ്തു. ഈ പഴുതടയ്ക്കുവാൻ കാരണമായത് ആ പാൽക്കാരിയാകയാൽ, അവളുടെ പേർചേൎത്ത് ആ ഗോപുരത്തിന്നു "ഹിരകാണിഗോപുരം" എന്നു പേരും കൊടുത്തു. ഇങ്ങിനെ ഒന്നുരണ്ടു സംഗതികളെക്കൊണ്ട്, കോട്ടയിലേക്കു വേറെ കൃത്രിമമാൎഗ്ഗങ്ങളൊന്നുമില്ലെന്നു ബോദ്ധ്യമായതിന്നുശേഷം, ശിവാജി തൻെറ ഖജാനയെ ഈ കോട്ടയിലേയ്ക്കു കൊണ്ടുവന്നു. ശിവാജിയുടെ ഖജാന രായഘഡയിലേക്കു കൊണ്ടുവന്ന സമയം അതിൽ ഉദ്ദേശം ഒമ്പതുകോടി ഉറപ്പികയ്ക്കുള്ള മുതലുകളുണ്ടായിരുന്നുവേന്നു "വാറിങ്ങ്" എന്ന ആംഗ്ലേയ ചരിത്രകാരൻ തൻെറ ഒരു പുസ്തകത്തിൽ എഴുതിയിട്ടുണ്ട്. ഇതിൽ വെന്നിസ്സിലെ പൊൻനാണ്യങ്ങഠം, സ്പെയിനിലെ പവൻനാണ്യ

ങ്ങൾ, മൊഗളരുടെ മോഹറാനാണ്യങ്ങൾ, പൊൻകരുതികൾ, സ്വർണ്ണക്കമ്പികൾ, മുത്ത് വൈരം തുടങ്ങിയ രത്നങ്ങൾ, പല തരം ആഭരണങ്ങൾ, വിശേഷപ്പെട്ട പട്ടാംബരങ്ങൾ എന്നിവയും, കൂടാതെ ചില വിലയേറിയ യുദ്ധസാമഗ്രികളും ഉൾപ്പെട്ടിരുന്നു.

ശിവാജിയുടെ തലസ്ഥാനമായ ഈ കോട്ടയെപ്പററി ഹെൻറി ആക് സണ്ടൻ എന്നാൾ താഴെ എഴുതുംപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

ഈ കോട്ട പ്രകൃതിദത്തമായ ഉറപ്പോടുകൂടിയതാണ്. കയ്യണികൾ എത്ര നിഷ്കർഷയായി ചെയ്തിട്ടുണ്ടെങ്കിലും ഇതിൻെറ പ്രധാനബലം പ്രകൃതിനൽകിയിരിക്കുന്ന ബലമാണ്. ഇതിന്നു രണ്ടു ദ്വാരങ്ങൾ ഉണ്ട്. അവ രണ്ടും നിർമ്മിച്ചിട്ടുള്ളത് ഏററവും വലിയ മതിലുകളിലായിട്ടാണ്. കോട്ടയുടെ ചുഴലവും ചെങ്കുത്തായിട്ടുള്ള മലകൾ കിടക്കുന്നു. കോട്ടയ്ക്കുള്ളിൽ അനവധി കെട്ടിടങ്ങൾ ഉണ്ട്. മന്ത്രിപ്രധാനികൾ തുടങ്ങിയ വലിയ ഉദ്യോഗസ്ഥന്മാരുടെ വസതികൾതന്നെ മുന്നൂറിൽ കുറയുകയില്ല. ഇതിന്നു പുറമേ ആസ്ഥാനമണ്ഡപം, കുതിരലായം മുതലായ പല കെട്ടിടങ്ങളും ഇതിലുണ്ട്. ഈ കോട്ടയെ ആംഗ്ലേയർ കിഴക്കേ ജിബ്രാൾട്ടർ * എന്നു പറയാറുണ്ട്. 1817-ലുണ്ടായ ആക്രമണത്തിൽ ഈ കോട്ട കുറെ നാശപ്പെട്ടുപോയെങ്കിലും, ഇതിന്നുള്ള ഉറപ്പും വലുപ്പവും ഇന്നും കാണുന്നവർക്കറിയാവുന്നതാണ്. ഈ കോട്ടയിൽവെച്ചാണ് ശിവാജിയുടെ പട്ടാഭിഷേകമുണ്ടായത്. ഇത് ഇന്നും കാണപ്പെടുന്ന ഒരു കോട്ടയാണ്. ഈ സ്ഥലത്തു യാത്രക്കാർ ഏററവും ഭയഭക്തികളോടുകൂടിയും കാലിലെ ചെരിപ്പ് ഊരിയും മാത്രമേ പോകാറുള്ളു. ഇതിൽ ഒരിടത്തു തുളസിത്തറ അല്ലെങ്കിൽ ബൃന്ദാവനം എന്നു

---

* ജിബ്രാൾട്ടർ എന്നതു മദ്ധ്യധരണ്യാഴിയേയും അത്ലാന്തിക് സമുദ്രത്തേയും തമ്മിൽ വേർതിരിക്കുന്ന ഒരു കടലിടുക്കാണ്. കിടപ്പും ഉറപ്പും കൊണ്ടു രണ്ടിനും തമ്മിൽ ഏറക്കുറെ സാമ്യമുണ്ട്.

പറയുന്ന ഒരു തറ കെട്ടപ്പെട്ടിട്ടുണ്ട്. അതു ശിവാജിയുടെ ശവശരീരം സംസ്കരിച്ച സ്ഥലത്താണ് പണിചെയ്തിട്ടുള്ളത്. അതിനോടു തൊട്ട് ഒരു ക്ഷേത്രവും നിൎമ്മിച്ചിട്ടുണ്ട്.

## എട്ടാമദ്ധ്യായം.

### തുക്കാറാമും രാമദാസനും.

തുക്കാറാം, രാമദാസൻ എന്നിവർ മഹാരാഷ്ട്രത്തിലെ രണ്ടു യതീന്ദ്രന്മാരായിരുന്നു. ഇവരെപ്പററി മുമ്പ് ഒന്നാമദ്ധ്യായത്തിൽ അല്പം സൂചിപ്പിച്ചിട്ടുള്ളതു വായനക്കാർ ഓൎക്കുന്നുണ്ടായിരിക്കും. എന്നാൽ ഈ രണ്ടു മഹാത്മാക്കളെപ്പററി അങ്ങിനെ ഒരു സൂചനമാത്രം ചെയ്യുന്നതുകൊണ്ട് ഏതും മതിയാകുന്നതല്ല. മഹാരാഷ്ട്രഭൂമിയിലെ മഹിമയേറിയ മഹൎഷിമാരായ ഈ രണ്ടു വന്ദ്യപുരുഷന്മാർ ശിവാജിയുടെ ചരിത്രത്തിൽ വളരെ അടുത്ത സംബന്ധമുള്ളവരാണ്. ശിവാജി ഇതേവരെ എന്തെല്ലാം വിക്രമങ്ങൾ കാണിച്ചുവോ, ശിവാജിയുടെ മാനസക്ഷേത്രത്തിൽ സ്വദേശാഭിമാനത്തിന്റെ ഏതൊരു മഹത്തായ ബീജം അങ്കുരിച്ചു വളൎന്നു വന്നുവോ, ശിവാജി സ്വമതസംരക്ഷണത്തിന്നായി ഏതൊരു മഹാരംഭത്തിൽ ഏൎപ്പെട്ടുവോ, അവയ്ക്കെല്ലാം പ്രധാനകാരണം അദ്ദേഹത്തിന്റെ വന്ദ്യഗുരുക്കന്മാരായ തുക്കാറാമും രാമദാസനുമായിരുന്നു. മഹാരാഷ്ട്രജനസമുദായത്തിന്നു മതം, രാജ്യകാൎയ്യം, ശാസ്ത്രം, സാഹിത്യം, ഭാഷ, ആചാരം എന്നിവയിൽ ഉണ്ടായിട്ടുള്ള എല്ലാ അഭിവൃദ്ധികൾക്കും ഇവരാണ് ഹേതുഭൂതന്മാർ. സത്വഗുണം മൂൎത്തീഭവിച്ചതുപോലെയുള്ള ഈ രണ്ടു മഹാന്മാർ മഹാരാഷ്ട്രരുടെ രാഷ്ട്രീയനഭോമണ്ഡലത്തിൽ സപ്തൎഷിമാരെപ്പോലെ പ്രകാശിക്കുന്ന രണ്ടു ദിവ്യനക്ഷത്രങ്ങളാകുന്നു. കോസലരാജ്യത്തിന്റെ അഭ്യുദയത്തിൽ വസിഷ്ഠനും, മിഥിലാരാജ്യത്തിന്റെ അഭിവൃദ്ധിയിൽ വിശ്വാമിത്രനും യാതൊരുവിധത്തിൽ സംബന്ധിച്ചിരിക്കുന്നുവോ, അതേ

വിധത്തിൽത്തന്നെ മഹാരാഷ്ട്രത്തിന്റെ ഉദ്ധാരണത്തിൽ തുക്കാറാമും രാമദാസനും സംബന്ധിച്ചിരിക്കുന്നു.

ലോകചരിത്രത്തിന്റെ പരിശോധനയിൽ, ഓരോ രാജ്യങ്ങളുടേയും ചരിത്രങ്ങൾക്കു തമ്മിൽ പല അന്തരങ്ങളും ഉള്ളതായിക്കാണാവുന്നതാണ്. എന്നാൽ, ഒരു കാൎയ്യം പ്രായേണ എല്ലാ രാജ്യചരിത്രങ്ങളിലും സമാനമായിക്കാണുന്നുണ്ട്. രാഷ്ട്രീയമായ അഭ്യുത്ഥാനമുണ്ടാവുന്നതിന്നുമുമ്പായി മതസംബന്ധമായ അഭ്യുദയം ഏതു രാജ്യചരിത്രത്തിലും ഉണ്ടായതായിക്കാണാം. മഹാരാഷ്ട്രത്തിലും രാഷ്ട്രീയബോധത്തിന്ന് അകമ്പടിയായി മുമ്പു നടന്നതു മതബോധമായിരുന്നു. മതാഭിമാനം മനുഷ്യൎക്ക് ഒഴിച്ചുകൂടാത്തതാകുന്നു; ഒരു രാജ്യക്കാരുടെ ഇടയിൽ മതാഭിമാനത്തിന്ന് എത്രത്തോളം ശക്തിയുണ്ടോ അത്രത്തോളം ശക്തി അവിടെ ദേശാഭിമാനത്തിന്നുമുണ്ടായിരിക്കും. മതത്തെ പുറന്തള്ളിയിരിക്കുന്ന ഒരു രാജ്യത്തു ദേശാഭിമാനത്തിന്റെ ബീജം വളരുന്നതല്ല. ക്രി. പി. 1646 മുതൽ 1660-വരെയുള്ള കാലത്ത് ഇംഗ്ലാണ്ടിൽ ഉണ്ടായിരുന്ന ക്രാംവൽ അനേകം യുദ്ധങ്ങളിൽ വിജയം സമ്പാദിച്ചതെല്ലാം മതാഭിമാനത്തിന്റെ മഹിമയാലാണെന്ന് ഇംഗ്ലണ്ടിലെ ചരിത്രകാരന്മാർ പറയുന്നുണ്ട്. യൂറോപ്പിലെ ഹോളണ്ടു രാജ്യത്തു പ്രജാധിപത്യഭരണം സ്ഥാപിക്കുവാനുണ്ടായ പ്രധാനകാരണം ആ രാജ്യക്കാരിൽ വേരൂന്നിയിരുന്ന മതാഭിമാനമാണ്. ഇന്ത്യയിലെ പ്രാചീനചരിത്രം നോക്കുക. കുരുക്ഷേത്രത്തിലെ പ്രസിദ്ധമായ കുരുപാണ്ഡവസമരത്തിൽ പാണ്ഡവന്മാർ ജയിച്ചതിന്നു കാരണം ഗീതാചാൎയ്യനായ ശ്രീകൃഷ്ണഭഗവാൻ അൎജ്ജുനനോടു ചെയ്തു ധൎമ്മോപദേശമായിരുന്നു. സാംഖ്യവും യോഗവും ചേൎത്തിണക്കി, കൎമ്മവും ജ്ഞാനവും ഒന്നാക്കി ശ്രീകൃഷ്ണഭഗവാൻ അന്ന് അൎജ്ജുനന്നു സ്വധൎമ്മോപദേശം ചെയ്തില്ലായിരുന്നുവെങ്കിൽ പാണ്ഡവന്മാർ ഒരിക്കലും ജയിക്കുകയില്ലായിരുന്നു. മഹത്തായ ആ ഭഗവൽഗീതാശാസ്ത്രം അൎജ്ജുനന്നു മോക്ഷത്തിന്നുള്ള മാൎഗ്ഗം കാണിച്ചുകൊടുത്തതു സ്വധൎമ്മാനുഷ്ഠാനത്തെ അടിസ്ഥാനമാക്കിക്കൊ

ണ്ടായിരുന്നു. ഇതുപോലെയാണ് മഹാരാഷ്ട്രത്തിലേയും സ്ഥിതി. ഭഗവാൻ ശ്രീകൃഷ്ണൻ സ്വധർമ്മാനുഷ്ഠാനത്തിന്നായി യാതൊരുപ്രകാരം അർജ്ജുനനെ പ്രേരിപ്പിച്ചുവോ, അതുപ്രകാരം തുക്കാറാമും രാമദാസനും, സ്വരാജ്യസ്ഥാപനത്തിന്നായി ശിവാജിയേയും പ്രേരിപ്പിച്ചു.

മഹാരാഷ്ട്രത്തിൽ, മഹാഭക്തന്മാരും മതാചാര്യന്മാരുമായി അനേകം പേർ ജനിച്ചിട്ടുണ്ട്. അവരിൽ മുഖ്യന്മാർ ഏകനാഥൻ, വാമനസ്വാമി, മുക്തേശ്വരസ്വാമി, തുക്കാറാം, രാമദാസൻ എന്നിവരാണ്. ഇവരിൽ ചിലർ ശിവാജിയുടെ സമകാലികന്മാരായിരുന്നു. ഇവരിൽ തുക്കാറാം വൈശ്യകുലത്തിൽ ജനിച്ച ആളും, രാമദാസൻ ബ്രാഹ്മണനുമാണ്. ഇവരെപ്പററിയ അധികവിവരങ്ങൾ പറയുന്നതിന്നു മുമ്പായി, ഇവക്കു പുറമെ ഇവരുടെ മുമ്പുണ്ടായിട്ടുള്ളവരും സമകാലികന്മാരും ഇവരുടെ അനന്തരഗാമികളുമായ ഭക്തന്മാരെക്കൊണ്ടു മഹാരാഷ്ട്രത്തിന്നുണ്ടായിട്ടുള്ള ഗുണങ്ങൾ എന്തെല്ലാമാണെന്നു വിവരിക്കുന്നത് ആവശ്യമാണ്. എന്നാൽ മഹാരാഷ്ട്രത്തിന്നു മതാചാര്യന്മാർ വഴിക്കു സിദ്ധിച്ചിട്ടുള്ള അഭ്യുദയങ്ങളെപ്പററിയ ഒരു സ്വത്രപജ്ഞാനം ഉണ്ടാകുന്നതാണ്. ഈ മഹാന്മാരെക്കൊണ്ടു മഹാരാഷ്ട്രത്തിന്നുണ്ടായിട്ടുള്ള ഗുണങ്ങൾ അനവധിയുണ്ടെങ്കിലും, അവയിൽ പ്രധാനമായവ മൂന്നുകൂട്ടമാണ്.

1. സമുദായമൈത്രി:—മഹാരാഷ്ട്രത്തിലെ ഭക്തന്മാർ ജാതിഭേദം നോക്കാതെ സകലക്കും ഭക്തി, ജ്ഞാനം, വൈരാഗ്യം എന്നിവയെ ഉപദേശിച്ചുവന്നു. ഒരാൾ താഴ്ന്ന ജാതിയിൽ ജനിച്ചവനാണെങ്കിലും ജ്ഞാനമുള്ളവനാണെങ്കിൽ ആ ആളെ മഹാരാഷ്ട്രർ ഉയന്നജാതിക്കാരനെപ്പോലെതന്നെ ബഹുമാനിക്കും. തുക്കാറാം ഒരു വൈശ്യനും, നാമദേവൻ ഒരു ശൂദ്രനും, ശോകമേളൻ ഒരു പറയനുമായിട്ടാണ് ജനിച്ചത്. എന്നാൽ അവരെയെല്ലാം ബ്രാഹ്മണവംശജന്മാരായ രാമദാസൻ മുതലായവരോടൊപ്പം തന്നെ, ഒരേ നിലയിലുള്ള ഗൌരവത്തോടുകൂടി, മഹാരാഷ്ട്രർ പൂജിക്കുകയും ബഹുമാനിക്കയും ചെയ്യിരുന്നു.

ജനനമല്ലാ ജ്ഞാനമാണ് പ്രധാനമെന്നു മേല്പറഞ്ഞ ജ്ഞാനികൾ പൊതുജനങ്ങൾക്കു മനസ്സിലാക്കിക്കൊടുത്തു. അതുകൊണ്ടു മഹാരാഷ്ട്രരുടെ ഇടയിൽ ഇതരദേശക്കാൎക്കില്ലാത്തവിധം അസാധാരണമായ സമുദായമൈത്രി ഉണ്ടായിത്തീൎന്നു.

2. ഭാഷാഭിവൃദ്ധി:— ജ്ഞാനമാൎഗ്ഗത്തെ തെളിയിക്കുന്ന വേദാന്തഗ്രന്ഥങ്ങളെല്ലാം സംസ്കൃതഭാഷയിലാണല്ലൊ. അതിനാൽ, മഹാരാഷ്ട്രത്തിലെ ജ്ഞാനികൾ അവയെ സ്വഭാഷയായ 'മറാത്തി' ഭാഷയിലേക്കു ഗദ്യരീതിയിൽ തൎജ്ജമ ചെയ്തു. പദ്യരീതിയിലും ചിലർ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. മഹാരാഷ്ട്രത്തിലുണ്ടായിട്ടുള്ള കവികളെല്ലാം ഈശ്വരഭക്തന്മാരായിരുന്നു. മഹാരാഷ്ട്രഭാഷയിൽ കവിതയുണ്ടാക്കിയവരെ സംസ്കൃതപണ്ഡിതന്മാർ പരിഹസിച്ചിരുന്നു. മുഹമ്മദീയർ മഹാരാഷ്ട്രരുടെ ഭാഷാഭിവൃദ്ധിക്കു പ്രതിബന്ധവുമായിരുന്നു. എന്നാൽ, സംസ്കൃതപണ്ഡിതന്മാരുടെ പരിഹാസത്തേയും മഹമ്മദീയരുടെ ദുരഭിമാനത്തേയും കണക്കാക്കാതെ ഇവർ മഹാരാഷ്ട്രനാട്ടിലെല്ലാം ദേശഭാഷയെ പോഷിപ്പിച്ചു. വിവേകമില്ലാത്തവൎക്കും കൂടി ഈശ്വരനെപ്പററിയ ജ്ഞാനം സുലഭമാക്കിത്തീൎക്കേണമെന്നുള്ള പരോപകാരബുദ്ധിയാണ് അവരെ ഇതിന്നുദ്യമിപ്പിച്ചത്. ജ്ഞാനമാൎഗ്ഗവും നീതിമാൎഗ്ഗവും തെളിയിക്കുന്നതിന്നും, ഭഗവദ്ഭക്തി സിദ്ധിക്കുന്നതിന്നും, ഭൂതാനുകമ്പയെ ഉത്തേജിപ്പിക്കുന്നതിന്നും, മനുഷ്യൎക്കു വേണ്ട ഇതരഗുണങ്ങളെ ഉണ്ടാക്കുന്നതിന്നും മഹാരാഷ്ട്രത്തിലെ ജ്ഞാനികൾ ചെയ്ത നിരന്തരപരിശ്രമം ഏതു രാജ്യക്കാൎക്കും മാതൃകയായിരിക്കുന്നുണ്ട്.

3. രാഷ്ട്രീയബോധം:—മഹാരാഷ്ട്രത്തിലെ ജ്ഞാനികൾ ഭക്തി എന്ന ദ്വാരത്തിൽക്കൂടെ ഹിന്ദുക്കളെയെല്ലാം ഒന്നിച്ചുചേൎത്ത് അവൎക്ക് അസാധാരണമായ ഐകമത്യം ഉണ്ടാക്കിത്തീൎത്തു. ഹിന്ദുക്കൾ ഐകമത്യംകൂടാതെ അങ്ങുമിങ്ങും ചിന്നിച്ചിതറി വേൎതിരിഞ്ഞിരുന്ന കാലത്ത്, മഹമ്മദീയർ അവൎക്കു വരുത്തിയ അനൎത്ഥങ്ങൾ ഓരോന്നും ബഹുധൈൎയ്യത്തോടെ സഹിക്കുന്നതിന്നല്ലാതെ മഹമ്മദീയരോടങ്ങോട്ട് ഒരു പ്രതിവി

ധിയും ചെയ്യാൻ അവരെക്കൊണ്ടു സാധിച്ചിരുന്നില്ല. എ ന്നാൽ, അങ്ങിനെ മങ്ങിമയങ്ങിക്കിടന്നിരുന്ന ഹിന്ദുസമുദായം ഈശ്വരഭക്തന്മാരായ ഈ ജ്ഞാനികളുടെ സഹായത്താൽ ഐകമത്യത്തെ പ്രാപിച്ചപ്പോൾ അവക്ക് ശത്രുക്കളോടെതി ത്ത് സ്വമതത്തേയും സ്വരാജ്യത്തേയും രക്ഷിക്കേണമെന്ന ബോ ധവും അതിന്നുള്ള ധൈര്യവും ഉളവാകയും, അവർ അതിന്നാ യിപരിശ്രമിക്കുകയും ചെയ്തു. മഹാരാഷ്ട്രരുടെ ഐകമത്യം,മതാ ഭിമാനം, ദേശാഭിമാനം മുതലായവയ്ക്കുള്ള പ്രധാനകാരണം ഭ ക്തശിരോമണികളായ ഈ ജ്ഞാനികളായിരുന്നു. ഈ ജ്ഞാ നികളിൽ തുക്കാറാമും രാമദാസനും ശിവാജിയുടെ കാലത്തു ജീ വിച്ചിരുന്നവരാണ്. അവർ രണ്ടുപേരും ശിവാജിക്കു രാജധ ൎമ്മങ്ങളേയും മതവിഷയങ്ങളേയും ഉപദേശിക്കുകയും, മഹത്താ യ മഹാരാഷ്ട്രസ്വരാജ്യത്തെ സ്ഥാപിക്കുന്നതിന്നു ശിവാജിയെ പ്രേരിപ്പിക്കുകയും ചെയ്ത ഗുരുക്കന്മാരായിരുന്നു. അതുകൊണ്ടു ആ മഹാത്മാക്കളെപ്പററിയ ചില വിവരങ്ങൾ ഇവിടെ പ്രസ്താ വിച്ചുകൊള്ളുന്നു.

---

## തുക്കാറാം.

---

ഇദ്ദേഹം പൂനാനഗരത്തിന്നടുത്ത ഇന്ദ്രാണി നദിയുടെ കരയിൽ ടേകു എന്ന ഗ്രാമത്തിൽ ക്രി. പി. 1608_ാമതു വൎഷ ത്തിൽ ജനിച്ചു. ഇദ്ദേഹത്തിൻെറ അച്ഛൻ ഒരു ചെറിയ ക ച്ചവടക്കാരനായിരുന്നു. 1629_ാം വൎഷത്തിലുണ്ടായ അത്യുഗ്ര മായ ക്ഷാമത്തിൽ തുക്കാറാമിൻെറ അച്ഛനമ്മമാരും അടുത്ത ബന്ധുക്കളും മരിച്ചുപോയി. അതിന്നുശേഷം തുക്കാറാമിന്നുള്ള ആശ്രയം അദ്ദേഹത്തിൻെറ ഇഷ്ടദേവതയായ പണ്ടാപുരത്തി ലെ വിത്തൽനാഥസ്വാമി മാത്രമായിത്തീൎന്നു. ക്ഷേത്രോപവാ സവും നാമജപവുംദിവസംതോറം അധികമധികംശക്തിയിൽ വരികയും, കാലക്രമത്തിൽ ഇദ്ദേഹം ഒരു വലിയ ഭക്തനായി ച്ചമയുകയും ചെയ്തു. ഭക്തി എന്നതു മനുഷ്യരുടെ അന്തഃകര

ണത്തെ ശുദ്ധമാക്കുന്ന ഒരു ദിവ്യൌഷധമാണല്ലോ. ഈ ഔഷധം സേവിക്കുന്നവൻ തന്നെത്താൻ മറന്നുപോകയും ഈശ്വരനുമായി താദാത്മ്യം പ്രാപിക്കയും ചെയ്യുന്നു. ഈ അവസ്ഥയിലെത്തിയ ഒരാളുടെ വാക്കുകൾ ശ്രോതാക്കൾക്ക് 'അമൃത്' പോലെ മധുരമായിത്തോന്നുന്നതിൽ അത്ഭുതമുണ്ടോ? പണ്ഡാപൂരേശ്വരനെ ഭജിച്ച് പരബ്രഹ്മസാക്ഷാൽക്കാരം സിദ്ധിച്ച തുക്കാറാമിൻെറ അരുളപ്പാടുകൾ ശ്രോതാക്കൾക്ക് അത്യാനന്ദവും അതിവിശ്വാസവും ഉളവാക്കി. ആദ്യകാലത്ത് ജാത്യഭിമാനത്തിൻെറ പ്രത്യക്ഷമൂർത്തികളായ ബ്രാഹ്മണർ ഇദ്ദേഹത്തെ കുറെ ദൂഷിക്കുകയും ഉപദ്രവിക്കുകയും ചെയ്കയുണ്ടായി; എങ്കിലും കുറേക്കാലം കഴിഞ്ഞപ്പോൾ അവരും തുക്കാറാം സ്വാമിയെ ശരണം പ്രാപിച്ചു. ഈ സ്വാമികളുടെ മാഹാത്മ്യം ആളുകൾ കേട്ടു കേൾപ്പിച്ച് മഹാപരാക്രമിയായ ശിവാജിയുടെ ചെവിയിലും എത്തി. അപ്പോൾ ശിവാജി സ്വാമിയെ ചെന്നുകാണുകയും, തൻെറ അരമനയിൽ വന്നു താമസിക്കുവാനായി അദ്ദേഹത്തോടപേക്ഷിക്കയും ചെയ്തു. തുക്കാറാം ശിവാജിക്കു വിലയേറിയ ഉപദേശങ്ങൾ നൽകുകയും, താൻ സ്വന്തം ഗ്രാമത്തിലേയ്ക്കു പോകയാണെന്നു പറഞ്ഞ് അദ്ദേഹത്തിൻെറ ദൃഷ്ടിയിൽനിന്നു മറയുകയും ചെയ്തു. സ്വാമിയെ കാണാതായത് 1649_ലാണ്. സാധാരണജനങ്ങൾ പറയുന്നതു, വിത്തൽനാഥസ്വാമിതന്നെ ദയാപരവശനായി സ്വാമിയെ തന്നിൽ ലയിപ്പിച്ചു എന്നാണ്. തുക്കാറാം മഹാരാഷ്ട്രത്തിലെ ഒരു നല്ല കവിയായിരുന്നു. ഇദ്ദേഹത്തിൻെറ കവിതയ്ക്കുള്ള ഒരു വിശേഷം, അതു കേട്ടാൽ ഏതു പാമരനും അർത്ഥം മനസ്സിലാകുമെന്നുള്ളതാണ്. താഴെ കാണുന്നത് തുക്കാറാം സ്വാമികൾ പ്രസന്നനായി ശിവാജിക്ക് ഉപദേശരൂപേണ കൊടുത്തിട്ടുള്ള ചില നീതിസാരപദ്യങ്ങളുടെ ഏകദേശപരിഭാഷയാണ്.

---

(കിളിപ്പാട്ടുരീതി)

ഈശ്വരൻ സൃഷ്ടിച്ചിതിദ്ധരണീതലത്തേയും
ശാശ്വതമായ കലാജ്ഞാനസഞ്ചയത്തേയും;
ആകലാനൈപുണ്യവു,മാജ്ഞാനവായ്പും, ഗുരു-
ഭക്തിയും കലൎന്നങ്ങു രാജിപ്പൂ ധരാപതേ! 1

ചൊല്ലെഴും മഹാരാഷ്ട്രധരണിക്കധീശനാ-
യുല്ലസത്സിതച്ഛത്രപതിയായ് ഭവാൻ വാഴ്വൂ;
ഉത്തമവ്രതങ്ങളും ധ്യാനയോഗാദികളും
നിത്യവുമനുഷ്ഠിപ്പൂ നിസ്തുലശ്രദ്ധയോടെ;
എന്നല്ലാ ശിവാഭിധാനത്തെയും പൂണ്ടിരിപ്പി-
തെന്നെയെന്തരമനക്കിങ്ങിന്നേക്ഷണിക്കുന്നു? 2

ഇയ്യുള്ളോരരണ്യത്തിൽച്ചുററിയും, വായുകൊണ്ടു
പയ്യവേ പൈദാഹങ്ങൾ മാററിയും വസിപ്പവർ;
ആടക്കൂടാതെയവധൂതന്മാരായിത്തന്നെ
നാടുകളെല്ലാം ചുററിത്തിരിഞ്ഞു നടപ്പവർ;
ഒന്നിലുമൊരാഗ്രഹമില്ലാതെ വല്ലപാടു-
മന്നപാനങ്ങളെന്ന്യേ ദിവസം കഴിപ്പവർ;
എന്നല്ലാ, ഞാനോക്കുകിലെത്രയും വിത്രപനാ-
ണെന്നുടെ ദൎശനത്തിലെന്തൊരു രസമുള്ളു?
കേട്ടാലും ഞാൻചൊല്ലുന്ന വാക്കുകൾ ധരാപതേ!
കൊട്ടാരത്തിലേക്കെന്നെ ക്ഷണിച്ചീടേണ്ടാ ഭവാൻ. 3

എന്തിനു വരുന്നുഞാനങ്ങോട്ടു, വരവതു
വന്ധ്യമായ് ത്തന്നെതീരുമില്ലസംശയമേതും;
ഉണ്ണുവാൻ ഭിക്ഷാന്നവു, മൂടുവാൻ ദിഗംബരവും,
പൂൎണ്ണസൌഖ്യമാൎന്നിടന്നീടുവാൻ ഭൂതല്പവും,
പോരെങ്കിലാകാശമാം മേലാപ്പുമു,ണ്ടിതെല്ലാം
പോരയോ, രാജൻ! പിന്നെക്കുറവെന്തെനിക്കിപ്പോൾ
എന്തിനു വിളിക്കുന്നിതെന്നെ, നിഷ്ഫലമതു;
പൂന്തിങ്കൾനിലാവൊളിപ്പുകൾ പൂണ്ടെഴുംഭവാൻ;

ഭാഗ്യശാലിയാണങ്ങുന്നിയ്യുള്ളോരഹോതെല്ലം-
ഭാഗ്യമില്ലാത്തോർ, പേരിൽ ഭ്രമവുമില്ലാത്തവർ;
മന്നവാ! ഭവാനുടെ പൊന്നാടപ്പകിട്ടുക-
ണ്ടെന്നുടെ ജീവൻ പാതി പോയതുപോലെയായി! 5

എന്നെന്നിബഹുമാനിക്കായ്കിലുംദൈവമെന്നി-
ലെന്നുമേയനാദരം ഭാവിയ്ക്കയില്ലനൂനം.
എന്നിഷ്ടമിത്രമോർത്താൽ പൃഥഗ് ജീവിതമൊന്നേ,
പിന്നെയൊക്കയും രാജൻ! ഭവാൻെറ ഹിതംപോലെ.

നിയമീന്ദ്രന്മാർ പലർ ശുഭകായന്മാരായി
നിയതംചെയ്തിടുന്നു യജ്ഞോപാസനാദികൾ;
ആശയെമാത്രംപക്ഷേയായവരൊഴിപ്പീലാ
ക്ലേശമേ!—ഭവാൻതന്നേ പൂരുഷശ്രേഷ്ഠൻപ്രഭോ! 7

എല്ലാനേരവുമോരേ കാര്യത്തെച്ചെയ്കഭവാ-
നെല്ലാചിന്തയുംവിട്ടു സുഖമായിരിയ്ക്കുക;
രാജാധിരാജൻ ഭവാൻ വിളിച്ചീടരുതെന്നെ,
ഹാ! രാജധാനിയയ്യോ! പാപത്തിൻവിളനിലം. 8

ധൂർത്തന്മാരായുള്ളോരും സേവയോതീടുന്നോരും
പേർത്തുമന്തികത്തിങ്കലണഞ്ഞുകൂടുംതവ;
അവരോടനാദരം ഭാവിച്ചീടരുതേതു-
മവനിപതി നയം നോക്കിയേ നടക്കാവൂ.
രാജധർമ്മങ്ങളറിഞ്ഞുള്ളോരെത്തേടിക്കൊൾക
രാജാവേ! ഭവാനിതു വ്രതമായ് കല്ലോണ്ടാലും. 9

എന്നാലങ്ങിനെചെയ്ക, കെന്മനംനിർവൃതമാം,
മന്നവ! നിൻെറകൂടെപ്പോരുന്നതസാദ്ധ്യന്താൻ;
വെറുതേ കളയേണ്ടാ സമയം, മനുഷ്യായു-
സ്സറിക കമിഴ്ത്തിയകുടത്തിൻനീർപോലല്ലോ. 10

സത്യമായൊരുവസ്തു മാത്രമിബ് ഭുവനത്തിൽ
വർത്തിപ്പു, സർവ്വഭൂതാത്മാവതു സനാതനം;
എല്ലാ ജീവജാലങ്ങൾതന്നിലുമെഴുമാത്മാ-
വെല്ലാനേരവുംതന്നിൽത്തെളിഞ്ഞുകാണ്മതാരോ,

തന്നുടെയാത്മാവിന്നെയതുപോൽജീവജാലം-
തന്നിലുമഭേദമായ് വിളങ്ങികാണ്മതാരോ,
അപ്പുമാനല്ലോധീര,നപ്പുമാനല്ലോയോഗി,-
യപ്പുമാനിഹപരശ്രേയസ്സു കരസ്ഥമാം.
ഹേ മഹീപതേ! തവ ഭക്തിയ്ക്കൊത്തൊരുഗ്ഗുരു
രാമദാസൻതാ,നദ്ദേഹത്തെ നീ തേടിക്കൊൾക. 11
കേൾക്കണീരാജൻ! രാമദാസനാമാചാര്യനെ
വെക്കം നീ ഗുരുവായിപ്പൂജിക്ക ഭക്തിയോടേ,
ശരണം പ്രാപിക്കുക രാമദാസൻെറ ദിവ്യ-
ചരണം തന്നിൽ നിനക്കതുതാൻ രക്ഷാസ്ഥാനം 12
അന്വേഷിക്കേണ്ടാ വേറെയാരെയും, രാമദാസൻ-
തന്നെ നീ തേടിപ്പൂജിച്ചീടുക ഭക്തിയോടേ
അമ്മഹാനാഞ്ജനേയൻ തന്നുടെ വംശോത്ഭവൻ
നിർമ്മലമന്ത്രം നിനക്കുപദേശിക്കും നൂനം.
രാമനാമമൊന്നല്ലോ കലികല്മഷാപഹം
രാമനാമന്താൻ മോക്ഷമരുളീ വാല്മീകിക്കും;
ആവസിഷ്ഠൻ തൻമണിമന്ത്രവുമിതൊന്നല്ലോ
ഹേ ശിവാ! പാണ്ഡുരംഗൻ * പരിപാലിക്കും നിന്നെ. 13
ഛത്രാധിപതിയങ്ങുന്നിയ്യുള്ള ഞാനോവെറും-
പത്രാധിപതി, പിന്നെയെന്തുള്ളു പറയുവാൻ?
നടക്കാം നാട്ടുതോറും നിത്യവുമെങ്ങുംഭിക്ഷ-
യെടുക്കാം, ഞങ്ങൾക്കതൊണാത്യന്തമനുരൂപം. 14
ഭഗവാൻ കല്പിച്ചിതു ഞങ്ങൾക്കു ഭിക്ഷാപാത്രം
സുഗമമതുകൊണ്ടു ഞങ്ങൾപോകേണ്ടുംമാർഗ്ഗം;
അല്ലയോ മഹീപതേ! നിന്നുടെ വഴിനോക്കി-
ച്ചൊല്ലുകനീയും, രാമഭക്തനാണല്ലോ ഭവാൻ
വിഠലാധിപൻതൻെറ പാദദാസന്മാർ നമ്മ-
ളതിനാൽ നമ്മെപ്പരിത്യജിക്കാ സർവ്വേശ്വരൻ. 15

---

* വിഠൽ നാഥസ്വാമി.

രാമദാസൻതൻപദമാശ്രയിക്കുക നിന-
ക്കാമയമെല്ലാംനീങ്ങിക്കൈവരും ശുഭോദയം
ഗുരുവായമ്മഹാനെ വരിച്ചു സേവിച്ചാലും
പൂരുമംഗളങ്ങളെ മേല്ക്കുമേൽ പ്രാപിച്ചാലും. 16

ആലവട്ടങ്ങൾ കുടചാമരം പരിവാര-
മീവകയൊന്നുംതന്നെയെനിക്കു വേണ്ടവേണ്ടാ
ദൈവമേ! തള്ളൊല്ലേമാംസംസാരത്തിങ്കലെനി-
ക്കാവശ്യമില്ലായശസ്സാവശ്യമില്ലാഭോഗം!! 17

മന്നവാ! ഭവാനെന്നെ പ്രേരിപ്പിക്കുന്നിതെന്തി-
ന്നൊന്നുമേയുതകാത്ത വസ്തുവെക്കൊതിക്കുവാൻ;
എൻത്രികരണങ്ങളെയങ്ങേക്കായർപ്പിക്കാഞ്ഞാ-
നെന്തിനു വലയ്ക്കുന്നു പിന്നെയും ഭഗവാനേ! 18

———

ശിവാജി തുക്കാറാംസ്വാമികളെ അനേകംപ്രാവശ്യം ചെന്നുകാണുകയുണ്ടായിട്ടുണ്ട്. സ്വാമികളുടെ ജ്ഞാനോപദേശങ്ങൾകേട്ട്, വൈരാഗ്യം ലഭിച്ച്, ഈ സംസാരത്തെത്തന്നെ വെറുത്തു, ശിവാജി സർവ്വസംഗപരിത്യാഗംചെയ്യാൻ ആഗ്രഹിക്കുകയുണ്ടായി. എന്നാൽ, ശിവാജിയുടെമാതാവായ ജീജാബായി, ശിവാജിയോടു രാജധർമ്മങ്ങളെ ഉപദേശിക്കുകയും, മഹാരാഷ്ട്രത്തിൽ സ്വതന്ത്രമായ ഒരു സ്വരാജ്യം സ്ഥാപിക്കേണമെന്നുള്ള ഉദ്ദേശത്തെ നിരന്തരം ഓർമ്മപ്പെടുത്തുകയും ചെയ്തുവന്നതുകൊണ്ടു ശിവാജി വൈരാഗ്യമാർഗ്ഗങ്ങളിൽ അത്ര കാര്യമായി പ്രവേശിച്ചില്ലെന്നേയുള്ളു. കുറച്ചു കഴിഞ്ഞപ്പോൾ ശിവാജി തുക്കാറാമിന്റെ ഉപദേശംപോലെതന്നെ, രാമദാസസ്വാമികളെ തന്റെ ഗുരുവായി വരിച്ചു. രാമദാസസ്വാമികളുടെ ശിഷ്യത്വമാണ് ശിവാജിക്കു രാജധർമ്മങ്ങളുടെ ജ്ഞാനത്തിന്നും മഹാരാഷ്ട്രരെ സ്വാതന്ത്ര്യപ്പെടുത്തുവാനുള്ള ശ്രമങ്ങൾക്കും അധികം സഹായിച്ചത്. ശിവാജിയുടെ വിജയത്തിന്റെ സൂത്രധാരൻ രാമദാസസ്വാമികളാകുന്നു.

RECON

## രാമദാസൻ

ഇദ്ദേഹം ക്രി. പി. 1608-ാമത്തു വൎഷത്തിൽ ഗോദാവരതീരത്തുള്ള ഒരു ഗ്രാമത്തിൽ ജനിച്ചു. ഇദ്ദേഹത്തിൻെറ അച്ഛൻ സൂനയാജി പണ്ടും, അമ്മ റാണുഭായിയുമാണ്. ഈ അച്ഛനമ്മമാർ വളരെക്കാലം സന്തതിയില്ലാതെ വ്യസനിച്ചുംകൊണ്ടു പാൎത്തുവന്നു. ഒടുവിൽ സൂൎയ്യഭഗവാനെ സേവിച്ച് ആ ദേവൻെറ അനുഗ്രഹംകൊണ്ടാണ് കുട്ടികൾ ഉണ്ടായത്. മൂത്ത മകനു പേർ ഗംഗാധരനെന്നും ആ കുട്ടി സൂൎയ്യൻെറ അംശവുമാണ് രണ്ടാമത്തവൻ നാരായണൻ. ഇവൻ മാരുതിയുടെ (ഹനുമാൻെറ) അംശമാണ്. ഈ നാരായണൻ ഏററവും കുട്ടിയായിരിക്കുമ്പോൾ തുടങ്ങിത്തന്നെ മതശ്രദ്ധയും ജ്ഞാനമാൎഗ്ഗത്തിൽ താല്പൎയ്യവുമുള്ളവനായിരുന്നു. ജ്യേഷ്ഠപുത്രൻെറ വിവാഹം യഥാകാലം കഴിഞ്ഞു. രണ്ടാമനായ നാരായണൻ വിവാഹത്തിൻെറ ക്രിയകൾ ചെയ്യുംകൊണ്ടിരിക്കുന്നതിന്നിടയിലാണ് അയാൾക്കു വൈരാഗ്യം തോന്നിയത്. വിരക്തനായ നാരായണൻ വിവാഹമണ്ഡപത്തിൽനിന്നു വേഗത്തിൽ എഴുനീററുപോയി തപോനിഷ്ഠനായിത്തീരുകയും ചെയ്തു. ഈ നാരായണനാണു പിന്നീടു രാമദാസൻ എന്നു പ്രസിദ്ധനായത്.

വിവാഹകൎമ്മം പകുതിക്കുവെച്ചു മതിയാക്കി എങ്ങോട്ടെന്നില്ലാതെ ഓടിപ്പോയ തങ്ങളുടെ പുത്രൻ എവിടെയാണെന്നുള്ള വിവരം റാണുഭായിക്കും സൂനയാജിയും ഇരുപത്തിനാലു കൊല്ലം കാലത്തെയ്ക്കു അറിവാൻ കഴിഞ്ഞില്ല. ആദ്യം ഇദ്ദേഹം പഞ്ചവടിക്കടുത്തുള്ള തക്കലി എന്ന സ്ഥലത്തേക്കാണു പോയത്. അവിടെ ഒരു വ്യാഴവട്ടകാലം അതിഘോരമായ തപസ്സു ചെയ്തു. അതിന്നുശേഷം ആസേതുഹിമാചലം ദേശസഞ്ചാരംചെയ്തു പല ക്ഷേത്രങ്ങളിലും ദൎശനം കഴിച്ചു. പിന്നെ 1644-ൽ സ്വദേശത്ത് എത്തിച്ചേൎന്നു മാതാവിനെ വണങ്ങി. അന്നെയ്ക്കു ഇദ്ദേഹത്തിൻെറ അമ്മയ്ക്കു വളരെ പ്രായമായിരുന്നു. അമ്മയുടെ ഇഷ്ടപ്രകാരം സ്വദേശത്തുതന്നെ കുറച്ചുകാലം താ

മസിക്കുവാൻ തീൎച്ചപ്പെടുത്തി. വൈയനഗരം, മാഹുലിപുരം എന്നീപ്രദേശങ്ങൾ രാമദാസന്ന് ഏററവും പ്രിയപ്പെട്ട സ്ഥലങ്ങളായിരുന്നു. അവിടങ്ങളിൽഅദ്ദേഹം കുറെ അധികദിവസങ്ങൾ താമസിക്കാറുണ്ടായിരുന്നു. 1649—ാമാണ്ടിൽ ഒന്നാമതു ശിവാജി രാമദാസനെ കണ്ടത് അവിടെ വെച്ചായിരുന്നു.

രാമദാസന്റെ യോഗ്യതകളും മഹത്വങ്ങളും പലരുടെ മുഖത്തുനിന്നു കേൾക്കുകകൊണ്ടും വിശേഷിച്ചു തുക്കാറാമിന്റെ ഉപദേശംകൊണ്ടും ശിവാജി രാമദാസനെ കാണ്മാൻ അത്യാഗ്രഹത്തോടുകൂടി സാബൽ എന്നിടത്തേക്കു ചെന്നു. അവിടെ രാമദാസൻ ഉണ്ടായിരുന്നില്ല. ശിവാജി അവിടെവെച്ച് അദ്ദേഹത്തെഅവശ്യം കാണുമെന്നുറപ്പായി വിശ്വസിച്ചിരുന്നു. അതു പ്രകാരം കാണ്മാൻ കഴിയായ്കയാൽ ശിവാജി ഇച്ഛാഭംഗത്തോടുകൂടെകേവലം ഉപവാസം ചെയ്തുംകൊണ്ട് അദ്ദേഹത്തെ തിരഞ്ഞുനടക്കുവാൻ തുടങ്ങി. ഗുരുദേവനെ കാണുന്നതുവരെ യാതൊന്നും ഭക്ഷിക്കയില്ലെന്നു ശിവാജി ശപഥം ചെയ്തു. അങ്ങിനെതിരഞ്ഞു നടക്കുന്ന സമയത്തു ശ്രീഭവാനീദേവിയുടെ അനുഗ്രഹത്താൽ ശിവാജി രാമദാസസ്വാമിയെ കണ്ടെത്തി. സ്വാമികൾക്കു ശിവാജിയേയും ശിവാജിക്കു സ്വാമികളേയും, നല്ലവണ്ണം ബോധിച്ചു. താൻ മുമ്പുതന്നെ മനസ്സുകൊണ്ടു വരിച്ചിട്ടുള്ള ഈ ഗുരുദേവനെ ശിവാജി ഏററവും ഭക്തിയോടുകൂടി പൂജിച്ചു.

ശിവാജിക്കു രാമദാസന്റെ പേരിലുള്ള പ്രേമവും ബഹുമാനവും ക്രമേണ ക്രമേണ അധികമാകയും, രാമദാസന്നു ശിഷ്യന്റെ പേരിലുള്ള സ്നേഹം നാൾക്കുനാൾ വൎദ്ധിച്ചുവരികയും ചെയ്തു. ഭക്താഗ്രേസരനായ ശിവാജിക്കു സ്വാമികൾ പല ഉപദേശങ്ങളും കൊടുക്കുകയുണ്ടായിട്ടുണ്ട്. രാജധൎമ്മങ്ങളെപ്പററിയും, ശത്രുക്കളെ ജയിക്കേണ്ടതിനെപ്പററിയും പലപ്പോഴും സ്വാമികൾ ശിവാജിക്ക് ഉപദേശങ്ങൾ കൊടുത്തിരുന്നു. ആ ഉപദേശങ്ങൾ ശിവാജിയുടെ ഉള്ളിലുണ്ടായിരുന്ന പ്രപഞ്ചവിരക്തിയെ അകററിക്കളഞ്ഞു തൽസ്ഥാനത്തു സ്വധൎമ്മബോധ

ത്തെ ഉറപ്പോടുകൂടി പ്രതിഷ്ഠിക്കയും, അധൎമ്മനിരതന്മാരായ ശത്രുക്കളെ ജയിച്ചു സ്വാരാജ്യപ്രതിഷ്ഠാപനം ചെയ്യുന്നതിനുള്ള ഉദ്ദേശത്തെ ഉത്തേജിപ്പിക്കയും ചെയ്യു. തുക്കാറാമിന്റെ ഉപദേശവും യഥാൎത്ഥത്തിൽ സ്വധൎമ്മത്തെപ്പററിയായിരുന്നു. എന്നാൽ, വൈരാഗ്യത്തിന്റെ പരമകാഷ്ഠയിൽ എത്തിയ അദ്ദേഹത്തിന്റെ ദൎശനം കൊണ്ടുതന്നെ എവൎക്കും പ്രപഞ്ചത്തിൽ നിന്നു വിരക്തിയുണ്ടായിരുന്നതുകൊണ്ട് ആ ഉപദേശങ്ങൾ ശിവാജിയെ നിവൃത്തിമാൎഗ്ഗത്തിൽനിന്നു പിന്തിരിച്ചു പ്രവൃത്തിമാൎഗ്ഗത്തിൽ പ്രവൎത്തിപ്പിക്കുവാൻ മതിയായിരുന്നില്ല. അതു കണ്ടിട്ടാണ് അദ്ദേഹം ശിവാജിയോടു രാമദാസനെ കാണുവാൻ ഉപദേശിച്ചത്. രാമദാസനാകട്ടെ പ്രവൃത്തിമാൎഗ്ഗത്തേയും നിവൃത്തിമാൎഗ്ഗത്തേയും തമ്മിൽ യോജിപ്പിച്ചു പാകപ്പെടുത്തുന്നതിൽ വിദഗ്ദ്ധനായിരുന്നു. രാമദാസസ്വാമികൾ ശിവാജിക്കു കൊടുത്തിട്ടുള്ള നീതിവാക്യങ്ങളിൽ പ്രധാനമായ ചിലതു താഴെ ചേൎക്കുന്നു.

1. ഹേ അചഞ്ചലഹൃദയനായുള്ളോവേ! അങ്ങയെ കൊണ്ട് പലരും ജീവിച്ചുപോരുന്നുണ്ട്. അങ്ങാണെങ്കിൽ സാധുക്കളുടെ (സന്ന്യാസിമാരുടെ) ജീവിതമവലംബിപ്പാനാഗ്രഹിക്കയും ചെയ്യുന്നു. അങ്ങയുടെ ജീവിതം ആനന്ദമയമാകുന്നു. അങ്ങ് ധ്യാനനിഷ്ഠനായിരിക്കയും ചെയ്യുന്നു; അങ്ങയുടെ ഹൃദയം ഏററവും വിശാലമാകുന്നു. അങ്ങയോടു തുല്യനായിട്ട് ഇവിടങ്ങളിൽ വേറെ ആരുംതന്നെ ഇല്ല.

2. ഹേ ധൈൎയ്യരാശേ! അങ്ങ് അനേകം ശത്രുരാജാക്കന്മാരെ കൊന്ന കീൎത്തി നേടിയവനാകുന്നു. എന്നാൽ അങ്ങയുടെ മുമ്പിൽ ഇനിയും മഹത്തായ കൎത്തവ്യങ്ങൾ കിടക്കുന്നുണ്ട്. ഇതാ നോക്കു! ക്ഷേത്രങ്ങൾ നശിച്ചുകഴിഞ്ഞു; ബ്രാഹ്മണരുടെ ആലയങ്ങൾ നിഷ്പ്രഭമായിത്തീൎന്നു; ഭൂമി നടുങ്ങുന്നു; ഭക്തി നശിച്ചിരിക്കുന്നു!

3 ദേവന്മാർ, പശുക്കൾ, ബ്രാഹ്മണർ എന്നിവർ രക്ഷയെ അൎഹിക്കുന്നുണ്ട്. ഭക്തിയെ അഭിവൃദ്ധിപ്പെടുത്തുകയും വേ

ണം. അതിന്നെല്ലാം ഒരു ആളായിട്ടാണ് ഭഗവാൻ അങ്ങയെ സൃഷ്ടിച്ചിരിക്കുന്നത്.

4. ഈ ലോകത്തിൽ ആക്കും രക്ഷിക്കുവാൻ കഴിയാത്തതായ മതാചാരത്തെ അങ്ങുന്നു രക്ഷിച്ചിരിക്കുന്നു. അങ്ങയുടെ ഭുജലീലകൊണ്ടു ദുഷ്ടന്മാർ ഒരു വിധം ഒഴിഞ്ഞു. അങ്ങയുടെ പേർ കേൾക്കുമ്പോൾ ദുഷ്ടന്മാർ നടുങ്ങുന്നു. ഹേ ശിവാ! അനവധിപേർ അങ്ങയെ അഭയംപ്രാപിച്ചിരിക്കുന്നു.

5. സകലവിഘ്നഹന്താവായ ഗണപതിയേയും, സരസ്വതിയേയും, ലക്ഷ്മിദേവിയേയും, ജ്ഞാനികളേയും, കുലദൈവങ്ങളേയും, ശ്രീരാമദേവനേയും ഞാൻ നമസ്കരിക്കുന്നു. എന്നോടു ചോദിക്കുന്നവർ അങ്ങിനെ ചെയ്യേണമെന്നു ഞാൻ പറയും. എന്നാൽ അവക്കു മനസ്സമാധാനമുണ്ടാകും. അല്ലെങ്കിൽ അതവരുടെ ഇഷ്ടംപോലെയാകട്ടേ. ഞാൻ പറയുന്നത് അങ്ങയുടെ രാജാംഗത്തിന്നു വേണ്ടിയാകുന്നു. യാതൊരു രാജാവ് നീതിയനുസരിച്ചു രാജ്യപരിപാലനം ചെയ്യുന്നുവോ അദ്ദേഹം സുഖമനുഭവിക്കും. അങ്ങയുടെ ഉത്സാഹങ്ങൾ നിരന്തരമായിരുന്നാൽ അങ്ങേക്കു ഒടുവിൽ നിശ്ചയമായും ജയം കിട്ടും.

6. ഒന്നാമതു മനുഷ്യരുടെ സമ്പ്രദായത്തെ പരീക്ഷിക്കുക; ഒരാൾ നല്ല ഉത്സാഹശാലിയാണെന്ന് അങ്ങയുടെ മനസ്സിൽ തോന്നിയാൽ ഉടനെ അയാൾക്ക് ഒരു പണി കൊടുക്കുക. അവൻ തോന്നിവാസിയായി കാണപ്പെടുന്നപക്ഷം അവനെ ഒഴിവാക്കുക.

7. കാൎയ്യയിലും അറിവിലും പ്രയത്നത്തിലും ഒരാളെപ്പററി അവജ്ഞ തോന്നരുത്. മനുഷ്യരുടെ ഉത്സാഹത്തിന്നനുരൂപമായിട്ടാണ് നന്മകൾ ഉണ്ടാവുക. പ്രയത്നശീലനായ ഒരുവൻ മൂഢനായിരുന്നാലും അവനെ സ്വീകരിക്കാവുന്നതാണ്. പക്ഷേ, മൂഢതയോടുകൂടി വഞ്ചനയും കൂടിയുള്ള പക്ഷം ഉടൻതന്നെ അവനെ വൎജ്ജിക്കണം.

8. ഓരോ മനുഷ്യനുടേയും മനസ്സിനെ പരിക്ഷിച്ചറിയ

ണ്ടതാവശ്യമാണ്. ദുഷ്ടരെ ഒതുക്കുകയും, ശിഷ്ടരെ അടുപ്പിക്കുകയും ചെയ്യുന്നതു ഭാഗ്യത്തിൻെറ പൂൎവ്വാംഗമാകുന്നു.

9. ഒരുവൻ അങ്ങേയ്ക്കു സഹായം ചെയ്താൽ അവന്നു വീണ്ടും ഉപകാരം ചെയ്യേണമെന്ന് ഓൎമ്മവെയ്ക്കുക. ന്യായത്തിൽനിന്നു തെററി നടക്കരുത്. ന്യായത്തിൽനിന്നുള്ള സ്ഖലനം അനേകദോഷങ്ങളെ ഉണ്ടാക്കും. ന്യായമില്ലാത്ത ദിക്കിൽ ഒന്നുമുണ്ടായിരിക്കയില്ല. രോഗവും ക്ഷാമവും മാത്രം സദാ കുടികൊണ്ടിരിക്കും.

10. ഭാഗ്യദോഷത്തിൽ വ്യസനിക്കുന്നവൻ, പൊടുന്നനവേ പണക്കാരനായവൻ, ആപത്തുവരുമ്പോറം ഭയപ്പെടുന്നവൻ, എന്നിങ്ങിനെയുള്ളവരെ ഏതുവിധത്തിലും വിശ്വസിച്ചുപോകരുതേ!

11. കഷ്ടദശയിൽ മനസ്സ് കുണ്ഠിതപ്പെടാതിരിക്കട്ടേ. അപ്പോറം പ്രതിവിധിക്കുള്ള ഉപായങ്ങളെല്ലാം നോക്കുക. അവസാനം എല്ലാം നേരെയാവും.

12. എല്ലാവരേയും അവരുടെ അവസ്ഥയ്ക്കു തക്കവിധം ഒതുക്കുക. എന്നാൽ വിവേകികറം അങ്ങയുടെ ഭരണത്തെ അഭിനന്ദിക്കും. ശരിയായ ദണ്ഡനീതി ഇല്ലാതെ പോയാൽ രാജാംഗം ദുർബ്ബലമായിത്തീരുകയും.

13. "പടയ്ക്കു പിമ്പ്"നില്ക്കുക; മുന്നണിയിൽ പോകുന്നതു രാജതന്ത്രമല്ല. പടനായകന്മാരെ പലരേയും അയയ്ക്കാം. സിൽബന്തികളെ ധാരാളം കൂട്ടാം; പക്ഷേ ഒരു കാൎയ്യത്തിന്നു പല പേരെ ഏല്പ്പെടുത്തരുത്. ഓരോരുത്തൎക്കും യുക്തംപോലെ പ്രവൃത്തികറം ഭാഗിച്ചുകൊടുക്കണം.

14. മാനഭംഗം വന്നാൽ നായകൻ പ്രാണനെക്കളയും. മാനത്തെ രക്ഷിക്കുന്നതാണ് മന്നവൻെറ വലിയ കടമ.

15. ശക്തിയുള്ള സൈന്യത്തെ ചേൎത്തതിന്നുശേഷം വേണം യുദ്ധത്തിന്നു പുറപ്പെടുവാൻ. യുദ്ധത്തിൻെറ ആരംഭത്തിൽ വളരെ ജാഗ്രതവേണം. ആടുകറം വ്യാഘ്രത്തെ കാണുന്നസ

മയം അങ്ങുമിങ്ങും ഓടിപ്പോകും; പക്ഷേ, ബലമുള്ള കാളക്കുററന്മാർ ഓടുകയില്ല.

16. രാജാക്കന്മാർ അവക്കു ചേന്ന കൃത്യങ്ങൾ ചെയ്യട്ടേ. ക്ഷത്രിയരായിട്ടുള്ളവർ ക്ഷത്രിയധമ്മത്തെ അനുഷ്ഠിക്കണം.

17. അശ്വങ്ങൾ, അശ്വസാദികൾ, യുദ്ധസാമഗ്രികൾ എന്നീ മൂന്നു കൂട്ടത്തെ സദാ മേലന്വേഷണം ചെയ്തുകൊണ്ടിരിക്കണം. ഇവയുടെ ബലമാണ് രാജ്യത്തിൻെറ ബലം.

18. യാതൊരുവൻ ജനങ്ങളുടെ മനസ്സിനെ രഞ്ജിപ്പിക്കുന്നുവോ അവനാണു ഭാഗ്യശാലി. അവസരത്തിന്നൊത്തു നടക്കുന്നവർ വർജ്യന്മാരാകുന്നു.

19. ചതി, അസൂയ, ലോഭം മുതലായ ദുർഗ്ഗുണങ്ങളെ അടിച്ചുതാഴ്ത്തി ഉന്മൂലനം ചെയ്യണം. സത്യം, ധമ്മം എന്നീ സൽഗുണങ്ങളെ മേല്പോട്ടു പൊക്കുകയും വേണം.

20. യോദ്ധാക്കന്മാർ യുദ്ധത്തിൽ പിൻതിരിയുവാൻ പാടില്ല. യുദ്ധരംഗത്തിൽ ഭയംതോന്നുന്ന യോദ്ധാവ് മററവല്ല ഉപജീവനമാർഗ്ഗവും നോക്കുകയാണു നല്ലത്.

21. കലപ്പില്ലാത്ത യുദ്ധവീരൻ യുദ്ധത്തിൽ പ്രാണത്യാഗം ചെയ്ത് വീരസ്വർഗ്ഗത്തെ പ്രാപിക്കും; അവന്നു വീരരസമാണു പ്രധാനം.

22. ഭക്തിയില്ലാത്തവൻ മക്കളിൽ പതിരെന്നു പറയാരണ്ട്. സ്വമതാഭിമാനമില്ലാത്തവൻ ജീവിച്ചിരിക്കുന്നതിനേക്കാൾ നല്ലതു മരിക്കുകയാകുന്നു.

23. മഹാരാഷ്ട്രരെ ഒന്നിച്ചുചേത്തു മഹിമവരുവാനുള്ള മാർഗ്ഗത്തെ തേടുക. സ്വമതത്തിന്നു ചൈതന്യമുണ്ടാവാനുള്ള ഉത്സാഹങ്ങൾ ചെയ്യുക. ഇല്ലാത്തപക്ഷം നമ്മുടെ സ്വർഗ്ഗസ്ഥരായ പൂർവ്വന്മാർ നമ്മെ പരിഹസിക്കും.

24. ഉയൎന്നവംശത്തിൽ പിറന്നുവെന്നുള്ള ബോധം അങ്ങയ്ക്കുണ്ടെങ്കിൽ, അങ്ങ് സ്വമതത്തിന്നും സ്വദേശത്തിന്നും വേണ്ടി യുദ്ധം ചെയ്യണം.

25. ഹേ രാജൻ! ഒരുവൻെറ ധമ്മത്തെ മററൊരാൾ

ചെയ്യുന്നതും, ഒരു വംശത്തിൻെറ ധൎമ്മത്തെ മറെറാരു വംശം ചെയ്യുന്നതും ഒരു കാലത്തും ശരിയായിരിക്കയില്ല.

26. ഈശ്വരദ്രോഹികൾ ശത്രുക്കളോടൊക്കുന്നവരാണ്. അവരെ നിഗ്രഹിക്കണം. ഈശ്വരവിചാരമുള്ളവരെക്കൊണ്ടു മാത്രമേ രാജ്യത്തിൽ സുഭിക്ഷമുണ്ടാകയുള്ളു.

27. ക്ഷമ, വിവേകം, ഉത്സാഹം ഈ മൂന്നു കൂട്ടമാണ് അങ്ങയ്ക്കു ഭൂഷണം.

28. ഭവാനി ശ്രീരാമനെ സ്തുതിച്ചതുകൊണ്ടാണ് ശ്രീരാമൻ രാവണനെക്കൊന്നത്. അങ്ങയും ഭവാനിയെ സദാ ധ്യാനിച്ചുകൊള്ളുക.

29. മൂഢന്മാർ ആഭരണങ്ങളെക്കൊണ്ട് അലങ്കരിക്കുന്നു. വിവേകികളാകട്ടേ, ജ്ഞാനത്തെ ഭൂഷണമാക്കിച്ചെയ്യുന്നു. ജ്ഞാനമില്ലാത്ത മനുഷ്യൻ ശവപ്രായമാണ്; അവൻ ജീവിച്ചിരിക്കുമ്പോഴും മൃതനാകുന്നു.

30. ഡംഭ് ഒഴിക്കുക, അമിതവ്യയത്തെ അകററുക, ഒതുങ്ങിയ നിലയിൽ ജീവിക്കുക, വാശിയെ ഉപേക്ഷിക്കുക.

31. വാശി സകല കഷ്ടതകളുടേയും അച്ഛനമ്മമാരാകുന്നു. അതു മദ്ധ്യസ്ഥിതിയെ കാണ്മാനയയ്ക്കയില്ല; ഭിന്നതയെ ഉണ്ടാക്കും; ജ്ഞാനത്തെ മയക്കുകയും ചെയ്യും.

32. ജാഗ്രതയുള്ള മനുഷ്യന്ന് മുൻകരുതൽ വേണ്ട. എന്നാൽ, ജാഗ്രത എല്ലാകാൎയ്യത്തിലും എല്ലാസമയത്തും ഉണ്ടായിരിക്കണം.

33. രാജാവിൻെറ അരികിൽ അനേകം പേർ ജീവിക്കുന്നുണ്ട്. രാജാവ് വലിയ അന്തസ്സിൽ ഇരിക്കണം. എന്തുകൊണ്ടെന്നാൽ, അദ്ദേഹമാണു മററുള്ളവരുടെ നിത്യജീവിതത്തിന്നു മൂലകാരണം.

34. മദ്ധ്യസ്ഥത, സൂക്ഷ്മബുദ്ധി, പദാൎത്ഥജ്ഞാനം, ധീരപ്രവൃത്തി എന്നിവ ഒരുവൻെറ ജീവിതത്തിന്നു സഹായമാകുന്നു. ഈ ഗുണമുള്ളവൎക്കു കീൎത്തിയും ജയവും താനേ ഉണ്ടാകും.

35. ജനങ്ങളുടെ വിശ്വാസം, ബ്രാഹ്മണരുടെ അഭിനന്ദനം, ദൈവത്തിൻെറ സഹായം, പതിവ്രതമാരുടെ ആശീർവ്വാദം എന്നിവ രാജ്യത്തെ ബലപ്പെടുത്തുന്ന നാലു ശക്തികളാകുന്നു.

36. ഗുണത്തിൽ ഉയൎന്നതു ജ്ഞാനം; പണത്തിനു ചേൎന്നതു ദാനം; വിദ്ദ്യയ്ക്കിണങ്ങിയതു വിനയം.

37. സ്ത്രീകളെ നിന്ദിക്കരുത്; അവരെ ബഹുമാനിക്കണം. സ്ത്രീകളുടെ കണ്ണുനീര് രാജ്യത്തെ ക്ഷയിപ്പിക്കും.

38. രാജാക്കന്മാരുടെ കണ്ണ് ചാരന്മാരാകുന്നു. പരരാഷ്ട്രത്തിൻെറ സ്ഥിതികളെ ചാരന്മാരെക്കൊണ്ടറിയണം. കാലദേശാവസ്ഥകളറിയുന്നവരെ വേണം ചാരന്മാരായി നിശ്ചയിക്കുവാൻ.

---

ശിവാജി, തുക്കാറാം സ്വാമിയേയും രാമദാസസ്വാമിയേയും തൻെറ അരമനയിൽ വന്നു കുറച്ചു ദിവസം താമസിക്കുവാൻ പലതവണ ക്ഷണിക്കുകയുണ്ടായി. പക്ഷേ, അദ്ദേഹത്തിൻെറ ആ ആഗ്രഹത്തെ സാധിപ്പിക്കുന്നതിൽ അവർ രണ്ടുപേരും വിമുഖന്മാരാകയാണുണ്ടായത്. എങ്കിലും ശിവാജിക്കു സ്വാമികളുടെ പേരിലുള്ള ഭക്തിബഹുമാനങ്ങൾ ലേശം പോലും കുറഞ്ഞില്ലെന്നു മാത്രമല്ലാ, നാൾക്കുനാൾ അധികമധികം വൎദ്ധിക്കുകയും ചെയ്തു. ശിവാജി ഈ രണ്ടു സ്വാമികളുടേയും ആശ്രമങ്ങളിൽ അനേകദിവസങ്ങൾ താമസിച്ചു കഴിച്ചുകൂട്ടുകയുണ്ടായിട്ടുണ്ട്. പലപ്പോഴും അവരുടെ കണ്ണാനന്ദകരമായ നാമസങ്കീൎത്തനം കേൾക്കുവാനും പോയിക്കൊണ്ടിരുന്നു. ഈ ജനസമയങ്ങളിൽ ശിവാജി അവരോടുചേൎന്ന് 'കൈമെമറന്നും' കൊണ്ടിരിക്കുന്നത് ഒട്ടും അസാധാരണമായിരുന്നില്ല. ഈശ്വരകഥാശ്രവണത്തിൽ ശിവാജിക്കു വളരെ താല്പൎയ്യമുണ്ടായിരുന്നു. കഥാശ്രവണത്തിനുവേണ്ടി മററുള്ള എത്ര വലിയ കാൎയ്യത്തേയും നിസ്സാരമായിഗ്ഗണിക്കുന്ന ഒരാളായിരുന്നു ശിവാജി

ഇതിന്നു തെളിവായി ഒരു സംഭവമുണ്ടായതു പ്രത്യേകം പ്രസ്താവയോഗ്യമാകയാൽ താഴെ എഴുതുന്നു.

പൂനാനഗരത്തിൽ ശിവാജി ചെറുപ്പകാലം മുതല്ക്കു തൊഴുതുപോന്നിരുന്ന ഒരു ക്ഷേത്രത്തിൽ ഒരിക്കൽ ഭഗവൽകഥാലാപത്തിന്നായി തുക്കാറാം സ്വാമികളെ ക്ഷണിച്ചിട്ടുണ്ടായിരുന്നു. സ്വാമികൾ വന്നു വളരെ വെടുപ്പായി കഥാലാപം ആരംഭിച്ചു. ഇത് അനേകം ദിവസത്തേക്കുണ്ടായിരുന്നു. ഈ കഥാലാപം ആരംഭിക്കുന്നതിന്നടുത്തായി ശിവാജി മൊഗളന്മാരോട് ഒരു യുദ്ധത്തിൽ ഏർപ്പെട്ടുകയും മൊഗളന്മാർ അദ്ദേഹത്തെതോല്പിച്ച് അദ്ദേഹത്തിൻെറ കൈയിലുള്ള ചില സ്ഥലങ്ങൾ പിടിക്കുകയും ചെയ്തിരുന്നു. എന്നുതന്നെയല്ലാ, ശിവാജിയെ പിടിച്ചു തടവിലാക്കേണമെന്നുള്ള ഉദ്ദേശവും കൂടി അറംഗസീബിന്നുണ്ടായിരുന്നു. അതിന്നായി അറംഗസീബ് ഏതാനും തികഞ്ഞ ആഫ്ഘൻ പോരാളികളെ അയയ്ക്കുകയും ചെയ്തിരുന്നു. പടയാളികളുടെ അന്വേഷണത്തിൽ ശിവാജി കഥാശ്രവണത്തിന്നായി ക്ഷേത്രത്തിൽ പോയിരിക്കയാണെന്നറികയും, അവർ ഉടൻതന്നെ ചെന്ന് ക്ഷേത്രം വളയുകയും ചെയ്തു. ഈ സമയത്തു ശിവാജി തുക്കാറാം സ്വാമികൾ പറയുന്ന കഥാമൃതത്തിൽ മുഴുകിക്കൊണ്ടിരിക്കയായിരുന്നു. ശത്രുക്കൾ വന്നതുതന്നെ അദ്ദേഹം അറിഞ്ഞില്ല. ഈ സമയത്തു ശിവാജിയുടെ ഉററ ബന്ധുവായ ഒരാൾ വിവരം ധരിച്ച്, ശിവാജിയെ രക്ഷിക്കുവാൻ ഒരു വിദ്യ പ്രയോഗിച്ചു. അയാൾ ഒരു മുണ്ടും തലയിലിട്ടു, ശിവാജിയാണെന്നുള്ള നാട്യത്തിൽ ക്ഷേത്രത്തിൽനിന്നു പുറത്തു കടന്ന് ഓടുവാൻ തുടങ്ങി. 'അതാ ശിവാജി' എന്നു പറഞ്ഞുംകൊണ്ടു ശത്രുക്കൾ ആ ഓടിയവനെ പിന്തുടന്ന് ഓടി. കുറച്ചു നേരത്തിന്നുള്ളിൽ കഥാലാപം അവസാനിക്കുകയും, ശിവാജി തൻെറ സ്നേഹിതന്മാരോടുകൂടി സ്വഗൃഹത്തിലേക്കു പോകയും ചെയ്തു. ഇങ്ങിനെ തൻെറ പ്രാണനെക്കൂടി ഗണിക്കാതെ, പുണ്യകഥാശ്രവണം ചെയ്യുന്നതിൽ ശിവാജി താല്പൎയ്യമുള്ളവനായിരുന്നു.

രാമദാസസ്വാമികളുടെ പേരിൽ ശിവാജിക്കുണ്ടായിരുന്ന ഭക്തി അസാമാന്യമായിരുന്നു. ഇതിനെപ്പററി ശിവദിഗ്വിജയത്തിൽ രസകരമായ ചില കഥകൾ കാണുന്നുണ്ട്. ഒരു ദിവസം ശിവാജി രാമദാസസ്വാമികളെ കാണ്മാനായി അദ്ദേഹത്തിൻെറ ആശ്രമത്തിൽ ചെന്നപ്പോൾ സ്വാമികൾ അവിടെ ഉണ്ടായിരുന്നില്ല. സ്വാമിയെ കാണാഞ്ഞു കുണ്ഠിതപ്പെട്ടു ശിവാജി കാട്ടിൽ ചുററിത്തിരിഞ്ഞു തിരഞ്ഞുതുടങ്ങി. സ്വാമികളാകട്ടെ ശിവാജിക്കു തൻെറ പേരിലുള്ള ഭക്തിയെ പരീക്ഷിപ്പാനായി ഒരു രോഗം ബാധിച്ചു കഷ്ടപ്പെടുന്ന ഭാവത്തിൽ ഒരു ഗുഹയിൽ പോയി കിടക്കുകയായിരുന്നു. ശിവാജി തിരഞ്ഞു തിരിഞ്ഞു വളരെ നേരം കഴിഞ്ഞപ്പോൾ സ്വാമികളെ കണ്ടെത്തി. സ്വാമികളുടെ സുഖക്കേടുകണ്ട് ശിവാജി അതിൻെറ പരിഹാരത്തിന്ന് എന്താണു വേണ്ടതെന്നു ചോദിച്ചപ്പോൾ സ്വാമികൾ തൻെറ രോഗം മാറുന്നതല്ലെന്നു മറുവടിപറഞ്ഞു. 'ഈ രോഗത്തിന്ന് ഒരു സിദ്ധൌഷധമുണ്ട്. പക്ഷെ അതു കിട്ടുന്നതല്ല.' എന്നും സ്വാമി പറഞ്ഞു. 'കിട്ടാത്ത വസ്തു ഒന്നും തന്നെയില്ല. എന്തായിരുന്നാലും, എവിടെയായിരുന്നാലും ഞാൻ പോയി കൊണ്ടുവരാം.' എന്നു ശിവാജി പറഞ്ഞപ്പോൾ, 'പുലിപ്പാലാണ് വേണ്ടത്; അത് എങ്ങിനെ കിട്ടും?' എന്നു സ്വാമികൾ ചോദിച്ചു. 'പുലിപ്പാലെങ്കിൽ പുലിപ്പാല് ഞാൻ കൊണ്ടുവരുന്നുണ്ട്' എന്നും പറഞ്ഞു ശിവാജി ഉടൻ തന്നെ അതു കൊണ്ടുവരുവാൻ പോയി. അദ്ദേഹം അവിടെയുള്ള ഘോരമായ അരണ്യത്തിൽ കടന്നു പുലികൾ കൂട്ടം കൂട്ടമായി പാക്കുന്ന ഗുഹകളിലേക്കു ചെന്നു. 'രാമരാമ' എന്നിങ്ങിനെ ഉച്ചത്തിൽ ശ്രീരാമദേവൻെറ തിരുനാമം ജപിച്ചിരുന്നതുകൊണ്ടോ, രാമദാസൻെറ ആവശ്യമായതുകൊണ്ടോ, എന്തോ ആ ഗുഹയിലെ ഈററപ്പുലികൾ ശിവാജിയെ ഉപദ്രവിച്ചില്ല. ശിവാജി, അവിടെ പെററുകിടക്കുന്ന ഒരു ഈററപ്പുലിയുടെ കൈയും കാലും പിടിച്ചുകെട്ടി കുറെ പാൽ കറന്നെടുത്ത് അതിവേഗത്തിൽ സ്വാമികൾക്കു കൊണ്ടുപോയിക്കൊടു

ത്തു. സ്വാമികൾ സാഹസശീലനായ ശിവാജിയെ വളരെ അഭിനന്ദിച്ചു എന്നു പറയേണ്ടതില്ലല്ലോ.

പിന്നെ ഒരിക്കൽ ശിവാജി എന്തോ കാൎയ്യവശാൽ സററാറയിലേക്കു പോയിരുന്നു. രാമദാസസ്വാമികൾ മാഹുളി ഗിരിയിൽനിന്ന് 'ജാന്താ' പൎവ്വതത്തിന്മേലുള്ളക്ഷേത്രത്തിലേക്കും പോയി. ശിവാജി വേറെ ഒരു വഴിക്ക് ആ ക്ഷേത്രത്തിൽ ചെന്നുചേൎന്നു. സ്വാമിയും ശിവാജിയും കൂടി അവിടെവെച്ചു തമ്മിൽ കണ്ടെത്തി. രാമദാസൻ സൎവ്വസംഗപരിത്യാഗംചെയ്ത ഒരു സന്ന്യാസിയാകയാൽ ഭിക്ഷയെടുത്തിട്ടാണ് ഉപജീവനം കഴിക്കാറുള്ളത്. അന്നേദിവസം അദ്ദേഹത്തിന്ന് എവിടേനിന്നും ഭിക്ഷ കിട്ടീട്ടില്ലായിരുന്നതുകൊണ്ട്, സ്വാമികൾ ശിവാജിയോടു ഭിക്ഷ ചോദിച്ചപ്പോൾ ശിവാജി ഒരു ഓലക്കഷണമെടുത്ത് അതിൽ എന്തോ എഴുതി സ്വാമികളുടെ കൈയിൽ കൊടുത്തു. ആ ഓലക്കഷണം ശിവാജിയുടെ രാജ്യം മുഴുവൻ സ്വാമികൾക്കു ദാനം ചെയ്യുന്നതിന്നുള്ള ഒരു ദാനപത്രമായിരുന്നു. സ്വാമികൾ ആ ഓല വായിച്ചു, ശിവാജിയുടെ ഭക്തിവൈഭവം കണ്ട് ആനന്ദഭരിതനായിട്ടു, മനോഹരമായ ഒരു മന്ദസ്മിതത്തോടുകൂടി ഓല ശിവാജിക്കുതന്നെ മടക്കിക്കൊടുത്തു. ശിവാജി അതു തിരികെ വാങ്ങുവാൻ സമ്മതിച്ചില്ല. രാമദാസൻ എന്തുതന്നെ, എത്ര പ്രാവശ്യം പറഞ്ഞിട്ടും ശിവാജി ഓല തിരിയെ വാങ്ങിയില്ല. ഒടുവിൽ സ്വാമികളുടെ നിൎബ്ബന്ധം കലശലായപ്പോൾ ശിവാജി ഇങ്ങിനെ പറഞ്ഞു:—"എന്നാൽ സ്വാമികൾക്കു ദത്തമായ രാജ്യത്തെ സ്വാമികൾ എനിക്കുതന്നെ തരുന്നതായാൽ അതു വാങ്ങി പരിപാലിപ്പാൻ എനിക്കു ബാദ്ധ്യതയില്ല. എന്നാൽ, പണ്ടു ശ്രീരാമചന്ദ്രൻ ഭക്തനായ ഭരതന്നു തന്റെ മെതിയടികൾ കല്പിച്ചു കൊടുത്ത് രാജ്യം ഭരിപ്പാൻ ഏല്പിച്ചതുപോലെ, സ്വാമികളും അവിടുത്തെ പാദസ്പൎശംകൊണ്ടു പരിശുദ്ധമായ മെതിയടികൾ ഇയ്യുള്ളവന്നു കല്പിച്ചുതരുന്നപക്ഷം ആ പാദുകകളെ പൂജിച്ചുംകൊണ്ട് ഞാൻ സ്വാമികളുടെ പ്രതിനിധിയായിരുന്ന് രാജ്യം പരിപാലിക്കാം.

അങ്ങിനെ വേണമെന്നു തോന്നുന്നപക്ഷം ദയചെയ്തു പാദുകകളെ എനിക്കു തരിക." ശിവാജിയുടെ ഈ അഭിപ്രായത്തെ സമ്മതിച്ച് സ്വാമികൾ അദ്ദേഹത്തിന്നു തന്റെ മെതിയടികൾ വാത്സല്യസൂചകമായി നല്കിയെന്നും,ശിവാജി അവയെ ആരാധിച്ചുംകൊണ്ടാണ് പിന്നെ രാജ്യഭരണം ചെയ്തതെന്നും പ്രസിദ്ധമാകുന്നു.

രാമദാസസ്വാമികൾ ശിവാജിയോടു താഴെ പറയുന്ന മൂന്നു സംഗതികൾ ആവശ്യപ്പെട്ടുകയും, ശിവാജി അവയെ നിറവേററാമെന്നു വാഗ്ദത്തം ചെയ്കയുമുണ്ടായി.

1. ശ്രാവണമാസത്തിൽ ബ്രാഹ്മണരെ പൂജിക്കയും, ശ്രീരാമദേവന്റെ വിഗ്രഹങ്ങൾ ദാനംചെയ്കയും വേണം.

2. ശ്രാവണമാസത്തിൽ ബ്രാഹ്മണക്കു ദക്ഷിണ കൊടുക്കണം.

3. എന്റെ (രാമദാസന്റെ) ഇഷ്ടദേവതയായ ശ്രീരാമസ്വാമിയേ എല്ലാവരും ഭജിക്കണം. അങ്ങയുടെ നാട്ടിലുള്ള പ്രജകൾ ഓരോരുത്തരും മററൊരാളെ കാണുമ്പോൾ ഉപചാരംചെയ്യുന്നത് അഞ്ജലിബന്ധം ചെയ്തു "രാം രാം" എന്നു പറയുകയായിരിക്കണം.

മേല്പറഞ്ഞ മൂന്നു സംഗതികളിൽ ആദ്യത്തേതു രണ്ടും കാലകൌടില്യത്താൽ ലുപ്തമായിത്തീൎന്നുവെങ്കിലും, മൂന്നാമതു പറഞ്ഞത് ഇന്നും മഹാരാഷ്ട്രത്തിൽ നടന്നുവരുന്നുണ്ട്. രാമദാസന്റെ അനുവാദത്തോടുകൂടി ശിവാജി തന്റെ രാജചിഹ്നമായിട്ടു സന്ന്യാസിമാൎക്കു ചേൎന്നതായ കാവിവസ്ത്രംകൊണ്ടുള്ള ഒരു കൊടി ഏൎപ്പെടുത്തി. മഹാരാഷ്ട്രരുടെ ഈ ധ്വജത്തിന്നു "ഭാഗവതജണ്ടാ" എന്നാണു പേർ. ശിവാജി രാമദാസസ്വാമികൾക്കു "പരാണി" എന്ന ഗ്രാമത്തെ ഗുരുദക്ഷിണയായിക്കൊടുക്കുകയും, സ്വാമികൾ അവിടെ ഒരു ഹനുമൽക്ഷേത്രം സ്ഥാപിക്കുകയും ചെയ്തിരുന്നു. ഈ ക്ഷേത്രം പണികഴിഞ്ഞ ഉടനെ അവിടെ നിത്യനിദാനം പൂജചെയ്യേണ്ടതിന്നായി ശിവാജി മുപ്പത്തിരണ്ടു ഗ്രാമങ്ങളേയും തിരിച്ചുകൊടുത്തു. 1681_ലാണ് രാമദാസൻ സ്വൎഗ്ഗാരോഹണം ചെയ്തത്.

## ഒമ്പതാമദ്ധ്യായം.

---

### സ്വഭാവഗുണവും സ്വരാജ്യപരിശ്രമവും.

ശിവാജിയുടെ ആകൃതിയേയും സ്വഭാവത്തേയും പററി അറിവാൻ വായനക്കാൎക്കു കുതൂഹലമുണ്ടായിരിക്കുമല്ലോ. ശിവാജി നല്ല രൂപഗുണമുള്ള ഒരു ദൃഢഗാത്രനായിരുന്നു. ദീൎഘമായ കൈകാലുകൾ, വിസ്തൃതമായ മാറിടം, വിശാലമായ നെററി എന്നിവ പഴുപ്പുനിറമായ അദ്ദേഹത്തിന്റെ ദേഹത്തിന്നു വളരെ ചേൎന്നിരുന്നു. ഗംഭീരമായ കണ്ഠധ്വനിയും, മധുരമായ വാക്കും, വിനീതമായ ഭാവവും അദ്ദേഹത്തിന്റെ പേരിൽ എല്ലാവൎക്കും കൌതുകം തോന്നിക്കുന്ന ഗുണങ്ങളായിരുന്നു. സുകൃതത്തിന്റെ നിധി, മഹിമയുടെ ഇരിപ്പിടം, ജ്ഞാനത്തിന്റെ വിളനിലം, സൽഗുണങ്ങളുടെ ഭാജനം എന്നീ വിശേഷണങ്ങൾ അദ്ദേഹത്തിന്നു കൊടുത്താൽ വളരെ യോജിച്ചിരിക്കും. ദൈവത്തെ മറന്ന് ഒരു പ്രവൃത്തിയും ശിവാജി ചെയ്തിരുന്നില്ല. എല്ലാവരുടെ ജീവനേയും തന്റെ ജീവനെപ്പോലെ കരുതി എല്ലാവൎക്കും ഉപകാരം ചെയ്യുന്നതിൽ അദ്ദേഹം സദാ ഉന്മുഖനായിരുന്നു. അന്യന്മാരെപ്പററി നിന്ദയോടെ സംസാരിക്കുന്നതിൽ അദ്ദേഹത്തിന്നിഷ്ടമുണ്ടായിരുന്നില്ലെന്നു മാത്രമല്ല, മററുള്ളവർ അങ്ങിനെ സംസാരിക്കുന്നതിനെ അദ്ദേഹം വെറുക്കുകയും ചെയ്തിരുന്നു. തന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരേയും ജോലിക്കാരേയും വളരെ പ്രീതിയോടും വിവേകത്തോടുംകൂടി നടത്തിയിരുന്നു. ആകയാൽ ശിവാജിക്കുവേണ്ടി എന്തു സാഹസകാൎയ്യവും പ്രവൎത്തിപ്പാൻ അദ്ദേഹത്തിന്റെ ആൾക്കാൎക്കു മടിയുണ്ടായിരുന്നില്ല. അഭിജാതമായ ആചാരം, അചഞ്ചലമായ ആജ്ഞാശക്തി, അസാധാരണമായ അനുകമ്പ, അസ്ഖലിതമായ ധൈൎയ്യം, അശ്രാന്തമായ പരിശ്രമം എന്നിവ അദ്ദേഹത്തിന്നു സഹജമായ ഗുണങ്ങളായിരുന്നു. 'തുടങ്ങൊലാ വല്ലതു

മാവതോളം തുടങ്ങിയാൽ പിന്നതു കൈവിടൊല്ലാ' എന്നത് അദ്ദേഹത്തിൻെറ ജീവിതത്തിൽ മുഖ്യമായി അനുവൎത്തിച്ചുപോന്ന ഒരു വ്യവസ്ഥയായിരുന്നു. സാധാരണക്കാരെല്ലാം ഭയപ്പെട്ടു പിൻമാറുന്ന വലിയ വലിയ കാൎയ്യങ്ങളിൽ പ്രവേശിച്ചു വിജയം സമ്പാദിപ്പാനായിരുന്നു അദ്ദേഹത്തിന്നു താല്പൎയ്യം. കോപം എന്നത് അദ്ദേഹത്തിൻെറ സ്വഭാവത്തിൽ വളരെ അപൂൎവ്വമായിരുന്നു. അമ്മയുടെ വാക്കുകളെ ശിരസാവഹിക്കുന്നതിൽ ശിവാജി സദാ ജാഗരൂകനായിരുന്നു. കുതിരസ്സവാരി അദ്ദേഹത്തിന്നു വളരെ പ്രിയമായിരുന്നു. കുതിരപ്പുറത്തു സവാരി ചെയ്യുന്നതിൽ അദ്ദേഹത്തോടു കിടനില്ക്കുന്ന ആളുകൾ അക്കാലത്തുണ്ടായിരുന്നില്ല. കുതിരകളെ വരിവരിയായി നിറുത്തി ഒന്നിൻെറ പുറത്തുനിന്നു മറെറാന്നിൻെറ പുറത്തേയ്ക്കു ചാടിപ്പകരുന്നതിൽ അദ്ദേഹത്തിന്നു ബഹു സാമൎത്ഥ്യമുണ്ടായിരുന്നു. കാടുകളിലുള്ള ഹിംസ്രജന്തുക്കളുടെ അടുക്കൽ ശിവാജിക്ക് ഒരു കൂസലുമുണ്ടായിരുന്നില്ല. വ്യാഘ്രങ്ങളുടെ കൂട്ടത്തിൽ തീരെ അലക്ഷ്യതയോടുകൂടി അദ്ദേഹം പോകാറുണ്ടായിരുന്നു. ധൈൎയ്യംകൊണ്ടും ബലംകൊണ്ടും അദ്ദേഹത്തെ ആരോടെങ്കിലും ഉപമിക്കയാണെങ്കിൽ സിംഹത്തോടു വേണം ഉപമിക്കുവാൻ. ദേഹത്തിന്നു തളൎച്ച വരാതെ എത്ര നേരമെങ്കിലും അദ്ധ്വാനിക്കുവാൻശിവാജിക്കുപ്രയാസമുണ്ടായിരുന്നില്ല. എത്രദൂരമായാലും യാത്രകൊണ്ടുള്ള ക്ഷീണത അദ്ദേഹത്തെ ബാധിച്ചിരുന്നില്ല. വേട്ടയാടുന്നതിലും, മൃഗങ്ങളോടു നേക്കുനേരെനിന്നു യുദ്ധം ചെയ്യുന്നതിലും, അസ്ത്രം പ്രയോഗിക്കുന്നതിലും അദ്ദേഹത്തിന്നു വളരെ പ്രിയമുണ്ടായിരുന്നു. കാടുകളിലും മലകളിലും കാൽനടയായി എത്രദൂരം നടക്കുന്നതിന്നും അദ്ദേഹത്തിന്നു പ്രയാസമുണ്ടായിരുന്നില്ല. ഒരു രാജാവിന്നു ചേൎന്ന ഭരണനിപുണതയും, ഒരു യോദ്ധാവിന്നു ചേൎന്ന യുദ്ധവൈദഗ്ദ്ധ്യവും അദ്ദേഹത്തിന്നു ധാരാളമുണ്ടായിരുന്നു. കോട്ടകളെ നിരോധിക്കുന്ന കാൎയ്യത്തിൽ ശിവാജി അദ്വിതീയനുമായിരുന്നു.

ശിവാജി ഒരു ദയാലുവായിരുന്നു എന്നുമാത്രമല്ല, ദയയി

ല്ലാത്തവക്കുകൂടി ഭയതോന്നിക്കുവാൻതക്ക ഒരു ശക്തിയുള്ളവനു മായിരുന്നു. സ്നേഹിതന്മാരെ വിശ്വസിക്കുകയും, അവരുടെ മുമ്പിൽ തൻെറ ഹൃദയം തുറന്നു കാണിക്കുകയും ചെയ്തിരുന്നു. തന്നോട് അടുത്തു പെരുമാറി പഴകിയിട്ടുള്ളവരെ ഒരിക്കലും മറക്കുകയില്ലായിരുന്നു. തനിക്കുപകാരം ചെയ്തിട്ടുള്ളവരുടെ പേരിൽ അളവററ കൃതജ്ഞതയുണ്ടായിരുന്നു. അതുപോലെതന്നെ അപകാരം ചെയ്തിട്ടുള്ളവരുടെ നേരെ വലുതായ പ്രതികാരേച്ഛയും ഉണ്ടായിരുന്നു. നീതിയും ന്യായവും നടത്തുന്നതിൽ നല്ല നിഷ്ഠയും ഔദാൎയ്യവും ശിവാജി പ്രദൎശിപ്പിച്ചിരുന്നു. ജനങ്ങളുടെ ആഗ്രഹവും അഭിരുചിയും അറിഞ്ഞ് അതിന്നനുസരിച്ച രാജ്യപരിപാലനം ചെയ്യുവാൻ ശിവാജി എപ്പോഴും മനസ്സിരുത്തിയിരുന്നു. മതസംബന്ധമായ കാൎയ്യങ്ങളിലും നീതിന്യായപരിപാലനത്തിലും ഉത്തമമായ അഭിപ്രായങ്ങളെ സദാ ശിവാജി ആദരിച്ചിരുന്നു. സ്വമതത്തിൽ ശിവാജിക്കു വളരെ നിഷ്ഠയുണ്ടായിരുന്നു. ഈശ്വരൻെറ മഹത്വത്തിൽ ദൃഢമായ വിശ്വാസവും, ശ്രവണമനനാദികളെക്കൊണ്ട് ആ മഹത്വത്തെ മനസ്സിലാക്കുന്നതിൽ താല്പൎയ്യവുമുണ്ടായിരുന്നു. ചെറിയവൻ പറയുന്നതും വലിയവൻ പറയുന്നതും ഒരുപോലെ മനസ്സിരുത്തി കേൾക്കുന്നതിൽ അദ്ദേഹം നല്ല ക്ഷമ കാണിച്ചിരുന്നു. സാമാന്യജനങ്ങളുമായി ഇടപഴകുകയും സംസാരിക്കുകയും ചെയ്യുന്നതിൽ തെല്ലുപോലും സങ്കോചമുണ്ടായിരുന്നില്ല. എടക്കെടക്കു യുദ്ധത്തിൽ ഏൎപ്പെടുന്നതു ശിവാജിക്ക് ഒരു വിനോദം പോലെയായിരുന്നു. ജീവകാലം മുഴുവൻ ശിവാജി ആയുധപാണിയായിത്തന്നെ കഴിച്ചുകൂട്ടി. യുദ്ധത്തിൽ എതിരില്ലാത്തതായ പരാക്രമവും, ജയാപജയങ്ങളെപ്പററി ഗാഢമായ പൂൎവ്വാലോചനയും ഉണ്ടായിരുന്നു. ശിവാജിയുടെ കാലത്ത് അദ്ദേഹത്തോടു സമനായ ഒരു യുദ്ധവീരൻ വേറെയുണ്ടായിരുന്നില്ല. മഹമ്മദീയസുൽത്താന്മാരോടും മഹാരാഷ്ട്രജമിന്ദാർമാരോടുമാണ് ശിവാജി എടവിടാതെ പോർ ചെയ്തിരുന്നത്. ശത്രുക്കളെ ഉപായംകൊണ്ടു ജയിക്കുന്നതിന്നായിരുന്നു അദ്ദേഹം

അധികവും ഉത്സാഹിച്ചിരുന്നത്. ഉപായത്തിൽ വല്ല പൊടി
ക്കൈകളും പ്രയോഗിച്ചു ജയം ലഭിക്കാവുന്ന ദിക്കിൽ ഒരു തു
ള്ളി രക്തംപോലും ശിവാജി ചിലവാക്കിയിരുന്നില്ല. സ്വമത
ത്തിന്റെയും സ്വരാജ്യത്തിന്റെയും ഗുണത്തിന്നായി യുദ്ധംചെ
യ്യാൻ അദ്ദേഹം ഒരിക്കലും വൈമുഖ്യം ഭാവിച്ചിരുന്നില്ല. എ
ന്നാൽ വ്യൎത്ഥമായിട്ട് ഒരു യുദ്ധംപോലും ശിവാജി ചെയ്തിട്ടില്ല.
സുഖഭോഗങ്ങളിൽ ശിവാജിക്കു ലേശംപോലും ഭ്രമമുണ്ടായിരു
ന്നില്ല. സുഖഭോഗതൃഷ്ണ സദാചാരത്തെ നശിപ്പിക്കുമെന്നായി
രുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. അദ്ദേഹത്തിന്റെ കാ
ലത്തെ മഹമ്മദീയപ്രഭുക്കന്മാരും, അദ്ദേഹത്തെപ്പോലെയുള്ള
മഹാരാഷ്ട്രപ്രഭുക്കന്മാരും സുഖഭോഗതല്പരന്മാരായി സ്വബുദ്ധി
കൈവിട്ടു കാലം കഴിക്കുമ്പോൾ, ശിവാജി ദേശക്ഷേമത്തേയും
മതാഭിവൃദ്ധിയേയും സ്വാതന്ത്ര്യലാഭത്തേയും പുരസ്കരിച്ചു, സു
ഖമെന്തെന്നുതന്നെ അറിയാതെ പ്രയത്നിക്കുകയായിരുന്നു. മഹ
മ്മദീയൎക്കു കീഴടങ്ങുകയോ അവരുടെ കീഴിൽ ഉദ്യോഗം വഹി
ക്കുകയോ ചെയ്കയില്ലെന്നു ശിവാജി ശപഥം ചെയ്തിരുന്നു. വെ
യിൽ മഴ, ശീതം ഉഷ്ണം, സുഖം ദുഃഖം എന്നിങ്ങിനെയുള്ള ദ്വ
ന്ദ്വങ്ങളിൽ ശിവാജി തീരെ ഉദാസീനനായിരുന്നു. പ്രഭാത
ത്തിൽ ഉറക്കമുണൎന്നു സന്ധ്യാകൃത്യങ്ങൾ കഴിഞ്ഞാൽ, സമയം
തെല്ലുപോലും വെറുതെ കളയാതെ ഓരോ കൃത്യങ്ങളിൽ ഏ
ൎപ്പെട്ടുകൊണ്ടിരിക്കും. രാജ്യകാൎയ്യങ്ങൾ അന്വേഷിക്കുക, കോട്ട
യും കൊത്തളവും നോക്കുക, ജ്ഞാനികളുമായി സംഭാഷണം
ചെയ്ക മുതലായവയായിരുന്നു ശിവാജിക്കു പതിവായിട്ടുള്ള കൃ
ത്യങ്ങൾ. ദേശകാലാവസ്ഥകൾക്കനുസരിച്ചു തന്റെ കൃത്യങ്ങ
ളെ ക്രമപ്പെടുത്തുവാനുള്ള നൈപുണ്യം അദ്ദേഹത്തിന്നുണ്ടായി
രുന്നു. നീതിന്യായങ്ങളെ നടത്തുന്ന കാൎയ്യത്തിൽ പറവം പാ
ശ്വവുമൊന്നും അദ്ദേഹം നോക്കിയിരുന്നില്ല.

ജാത്യഭിമാനത്തിന്നും മതാഭിമാനത്തിന്നും ശിവാജിയുടെ
ഹൃദയത്തിൽ ഒരു സ്ഥാനമുണ്ടായിരുന്നു. മഹാരാഷ്ട്രരെന്നും മഹ
മ്മദീയരെന്നുമുള്ള ഭേദം അദ്ദേഹത്തിന്റെ പ്രവൃത്തികളിൽ ധാ

രാളം കാണാമായിരുന്നു. എന്നാൽ മഹമ്മദീയരുടെ വേദത്തേയും മഹമ്മദീയരായ സന്ന്യാസി(ഫക്കീർ) മാരേയും ശിവാജി ബഹുമാനിക്കാതിരുന്നിരുന്നില്ല. ശിവാജി ഒരു പ്രവൃത്തി ചെയ്യുന്നതിന്നു മുമ്പായി അതിൻെറ ഉപായത്തേയും അപായത്തേയും പററി അഗാധമായി ആലോചിക്കുക പതിവായിരുന്നു. ഒരു നിമിഷംകൊണ്ട് ഒരു കാൎയ്യം തുടങ്ങുകയും വേണ്ടെന്നുവെക്കുകയും ചെയ്യുന്ന മഹമ്മദീയസുൽത്താന്മാരുടെ അപരീക്ഷ്യകാരിത്വം ശിവാജിയെ തീണ്ടിയിരുന്നില്ല. ഐക്യത്തെ ലക്ഷ്യമാക്കിക്കൊണ്ടേ ഏതുപ്രവൃത്തിയും അദ്ദേഹം ചെയ്തിരുന്നുള്ളു. എതിരാളിയുടെ ശക്തിയെ ആവാഹിച്ചെടുത്തു തനിക്കുപയോഗകരമാക്കിത്തീക്കുന്നതിൽ ബാലിക്കുണ്ടായിരുന്നതുപോലെ ഒരു സാമൎത്ഥ്യം ശിവാജിക്കുണ്ടായിരുന്നു. യുദ്ധത്തിൽ അഭയം പ്രാപിച്ചവരോടും തടവിൽ പിടിക്കപ്പെട്ടവരോടും ദാക്ഷിണ്യവും ഔദാൎയ്യവും കാണിക്കുന്നതിൽ ശിവാജിക്കുണ്ടായിരുന്ന നിഷ്ഠയെ അദ്ദേഹത്തിൻെറ ശത്രുക്കൾപോലും നിഷേധിക്കുന്നില്ല. സ്ത്രീകളോടുള്ള ബഹുമാനം, പരദാരങ്ങളിലുള്ള വൈമുഖ്യം എന്നീ രണ്ടു ഗുണങ്ങൾ ശിവാജിക്കുണ്ടായിരുന്നത് അദ്ദേഹത്തിൻെറ വിജയത്തിന്നു വളരെ സഹായിച്ചിട്ടുണ്ട്. അന്യരാജ്യങ്ങളെ ആക്രമിക്കുന്ന സമയങ്ങളിൽ കിട്ടുന്ന സാധനങ്ങളെ വിനിയോഗിക്കുന്നതിൽ ശിവാജി വളരെ വകതിരിവു കാണിച്ചിരുന്നു. വസ്ത്രം, ചെമ്പുപാത്രം മുതലായ സാധനങ്ങൾ കിട്ടിയാൽ അവ പിടിച്ചടക്കിയ ഭടന്മാൎക്കുതന്നെ കൊടുക്കുകയും സ്വൎണ്ണം വെള്ളി, രത്നം മുതലായ ഉയൎന്ന വസ്തുക്കൾ മാത്രം തൻെറ ഭണ്ഡാരത്തിലേക്കെടുക്കുകയുമായിരുന്നു പതിവ്.

ശിവാജിയെ ചില ചരിത്രകാരന്മാർ 'കണ്ണുതെളിഞ്ഞ കൊള്ളക്കാരൻ' എന്നും, മററു ചില ചരിത്രകാരന്മാർ 'ദേവാംശസംഭൂതൻ' എന്നും പറയുന്നു. ഇങ്ങിനെ ഒരു ഭാഗക്കാർ താഴ്ത്തുകയും, മറുഭാഗക്കാർ ഉയൎത്തുകയും ചെയ്യുന്നതു രണ്ടും തന്നെ സ്വീകാൎയ്യമല്ല. വാസ്തവത്തിൽ അദ്ദേഹം ഉന്നതവംശജാതനായ ഒരു സാധാരണ മനുഷ്യൻ മാത്രമായിരുന്നു; എ

നാൽ സാധാരണക്കാരേക്കാറം കൂടുതലായ ബുദ്ധിശക്തിയും സൽഗുണങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കാലത്തു മഹാരാഷ്ട്രത്തിലുള്ള മററു ജമിന്ദാർമാരെപ്പോലെ, സുൽത്താന്മാരെ ആശ്രയിച്ചും ബഹുമാനിച്ചും അവരുടെ സേവകൊണ്ടു പേരും പെരുമയും നേടുവാൻവേണ്ടി ആത്മാഭിമാനത്തെ ബലികഴിച്ചും ജിവിക്കുവാൻ അദ്ദേഹം തയ്യാറുണ്ടായിരുന്നില്ല. സുൽത്താന്മാരുടെ സേവയ്ക്കു വേണ്ടി സ്വദേശത്തേയും സ്വധമ്മത്തേയും വിററതിന്നുന്ന ജമിന്ദാർമാരിൽനിന്നു വിപരിതമായി തന്റെ ജന്മഭൂമിയേയും തന്റെ മതത്തേയും അഭിമാനപൂർവ്വം സംരക്ഷിക്കുകയും സ്വാതന്ത്ര്യപ്പെടുത്തുകയും ചെയ്യാനായിരുന്നു ശിവാജി ശ്രമിച്ചിരുന്നത്. ശിവാജിയുടെ ഗുണങ്ങറം അദ്ദേഹത്തിന്റെ കാലത്തുണ്ടായിരുന്ന വലിയ രാജാക്കന്മാരുടെ ഗുണങ്ങളെ അതിശയിക്കത്തക്കവയായിരുന്നു. അദ്ദേഹത്തെ "കൊള്ളക്കാര"നെന്നു പറയുന്ന ചില ചരിത്രകാരന്മാർതന്നെ അദ്ദേഹത്തിന്റെ പല ഉൽകൃഷ്ടഗുണങ്ങളെയും പ്രശംസിക്കുന്നുണ്ട്. ശിവാജി ചില ദിക്കുകളിൽ കൊള്ളയടിച്ചിട്ടുള്ളതു വാസ്തവമാകുന്നു. പക്ഷേ അത് അക്കാലത്തു സാധാരണമായ ഒരു നടവടിയായിരുന്നു. ദേശചരിത്രങ്ങറം നോക്കിയാൽ ഏതു രാജാക്കന്മാരും എതിരാളികളുടെ രാജ്യത്തെ ആക്രമിക്കുമ്പോറം കൊള്ളയടിക്കുന്നതു പതിവായിരുന്നു. ഒരാറം മറെറാരാളുടെ വഴി മുടക്കി കൊള്ളചെയ്യുന്നതും, ഒരു രാജ്യക്കാർ മറെറാരു രാജ്യക്കാരെ കൊള്ള ചെയ്യുന്നതുമാണ് അധമ്മമായിട്ടുള്ളത്. യുദ്ധത്തിൽ കൊള്ളയടിക്കുന്നതു തെററല്ല: യുദ്ധത്തിൽ കൊള്ളചെയ്യുന്നവൻ "കൊള്ളക്കാര"നാകുമെങ്കിൽ ശത്രുക്കളെ നിഗ്രഹിക്കുന്നവൻ 'കൊലപാതകി'യും ആകേണ്ടതാണ്. സർവ്വശാസ്ത്രജ്ഞനായ ഭീഷ്മപിതാമഹൻ യുധിഷ്ഠിരനോടു ചെയ്യുന്ന ധമ്മോപദേശവും, അത്ഥശാസ്ത്രകത്താവായ കൌടില്യന്റെ അഭിപ്രായവും നോക്കിയാൽ ഈ സംശയം തീരുന്നതാണ്. രാജധമ്മത്തിന്റെ തത്വം മനസ്സിലാവേണമെങ്കിൽ നല്ല വിവേചനാശീലം ഉണ്ടായിരിക്കണം. യുദ്ധ

ത്തിൽ നടത്തുന്ന കൊള്ളയും കൊലയും പൊതുജനരക്ഷയെ ഉദ്ദേശിച്ചാണ് ചെയ്യുന്നത്, അങ്ങിനെയല്ലാത്തതു സ്വാൎത്ഥലാഭത്തിനായിട്ടുള്ളതുമാണ്. സ്വാൎത്ഥലാഭത്തിനായി ചെയ്യുന്ന കൊള്ളയും കൊലയും അധൎമ്മമായിട്ടുള്ളതാണെങ്കിൽ യുദ്ധത്തിൽ ചെയ്യുന്ന അതേ കൃത്യങ്ങൾതന്നെ ധൎമ്മവുമാകുന്നു. ഇനി അഥവാ ഈ പ്രവൃത്തികൾ കുററകരമാണെന്നിരുന്നാൽ തന്നെ പരിഷ്കാരം തികഞ്ഞ ഈ ഇരുപതാം നൂററാണ്ടിലല്ലാതെ ശിവാജി ജീവിച്ചിരുന്ന പതിനേഴാം നൂററാണ്ടിൽ ഇവ കുററകരമായിരുന്നില്ലാ നിശ്ചയം. ഒരു കാലത്തു ധൎമ്മമായിരുന്നതു കാലാന്തരത്തിൽ അധൎമ്മമായി വരുന്നതും, ഒരിക്കൽ അനുഷ്ഠിച്ചിരുന്ന ഒരു കാൎയ്യം പിന്നെ ഒരിക്കൽ അനുഷ്ഠിക്കാതിരിക്കയും ഒരിക്കൽ നടപ്പില്ലാതിരുന്ന ഒന്ന് പിന്നിടൊരു കാലത്തു നടപ്പിലായിത്തീരുകയും ചെയ്യുന്നതും കാലത്തിൻെറ ധൎമ്മമാകുന്നു. ശിവാജിയെപ്പററി പല സംഗതികളിലും കഠിനമായി ആക്ഷേപിച്ചിട്ടുള്ള മഹമ്മദീയചരിത്രകാരൻ ഖാബിഖാൻ പോലും ശിവാജി ചെയ്തിട്ടുള്ള കൊള്ളകളിൽ മഹമ്മദീയരുടെ പള്ളികളേയും, വേദപുസ്തകങ്ങളേയും, സ്ത്രീജനങ്ങളേയും ഒന്നും ചെയ്തിരുന്നില്ലെന്നും, ചില മഹാരാഷ്ട്ര ജമിന്ദാർമാരെ ശിവാജി കൊന്നുവെങ്കിലും, അത് അവർ ശിവാജിയുടെ സ്വരാജ്യസ്ഥാപനത്തിന്നു തടസ്ഥമായിരുന്നതുകൊണ്ടാണെന്നും പ്രസ്താവിച്ചിരിക്കുന്നു.

ഇത്രയും പറഞ്ഞതിൽനിന്നു ശിവാജിയുടെ സ്വഭാവത്തെക്കുറിച്ചു കുറച്ചൊക്കെ അറിയുവാൻ സാധിക്കുമെന്നു വിശ്വസിക്കുന്നു. ഇനി അദ്ദേഹം തൻെറ ഉദ്ദേശമായ മഹാരാഷ്ട്രസ്വരാജ്യത്തിൻെറ സ്ഥാപനത്തിന്നായി തുടങ്ങിവെച്ച പരിശ്രമങ്ങളെത്തന്നെ തുടരാം. മുമ്പ് ഏഴാമദ്ധ്യായത്തിൽ പറഞ്ഞപ്രകാരം ബീജപ്പൂർ സുൽത്താനുമായിട്ടുണ്ടായ ഉടമ്പടികൊണ്ടു ദക്ഷിണഖണ്ഡത്തിലുള്ള രാജ്യങ്ങൾ പരസ്പരം ബന്ധിക്കപ്പെട്ട നിലയിൽ ആയിത്തീൎന്നുവെങ്കിലും അത്രമാത്രംകൊണ്ടു ശിവാജി തൃപ്തിപ്പെട്ടില്ല. ശിവാജിയുടെ ഉദ്ദേശം സാധിക്കുന്ന

തിന്നു രണ്ടു സംഗതികഠം ആവശ്യമായിരുന്നു. ഒന്നാമതു ദക്ഷിണഖണ്ഡത്തിലുള്ള രാജ്യങ്ങഠം തമ്മിൽ തമ്മിൽ ഉടമ്പടികളെക്കൊണ്ടു ബന്ധിക്കണം. രണ്ടാമതു വടക്കുനിന്നു മൊഗളസാമ്രാജ്യത്തിന്റെ അധികാരം ദക്ഷിണഖണ്ഡത്തിലേയ്ക്കു വരാതെകണ്ടാക്കണം. ഇവയിൽ ആദ്യത്തേതു മാത്രമേ ബിജപ്പൂർ ഉടമ്പടികൊണ്ടു സാധിച്ചിട്ടുള്ളു. രണ്ടാമതു പറഞ്ഞതു സാധിപ്പാനുള്ള വഴികഠം ശിവാജി വേറെത്തന്നെ നോക്കി പരിശ്രമം ചെയ്യുവന്നു. ആ പരിശ്രമങ്ങളുടെ സ്വരൂപവും ഫലവുമാണ് താഴെ വിവരിക്കുന്നത്.

**1. ദക്ഷിണദേശത്തിൽ മൊഗളന്മാർ:**—മുമ്പ് മൌലാനാ അഹമ്മദിന്റെ കയ്യിൽനിന്നു പിടിച്ചടക്കിയ കല്യാണപുരത്തെ 1661-ാമതു വഷത്തിൽ മൊഗളന്മാർ ആക്രമിച്ചുപിടിച്ചിരുന്നു. ഈ സംഗതി അന്നുതന്നെ ശിവാജിക്കു മനസ്സാലായിരുന്നുവെങ്കിലും മൊഗളന്മാരോട് എതിക്കുവാൻ വരട്ടേ എന്നു വിചാരിച്ചു ക്ഷമിച്ചിരിക്കുകയാണുണ്ടായത്. ദക്ഷിണദേശത്തിലേക്കുള്ള മൊഗളന്മാരുടെ പ്രവേശം തന്റെ ഉദ്ദേശത്തിന്നു വലിയ പ്രതിബന്ധമാണെന്നും, അവരെ ഏതു വിധത്തിലെങ്കിലും ഇവിടെനിന്നോടിക്കണമെന്നും ഉറച്ച്, ശിവാജി തന്റെ അശ്വസൈന്യത്തെയും പീരങ്കിപ്പടയേയും പൂർവ്വാധികം ഉറപ്പിക്കുകയായിരുന്നു. സൈന്യങ്ങഠംക്കു മതിയായ ഉറപ്പു വന്നുവെന്നു കണ്ടപ്പോഠം ശിവാജി കല്യാണപുരത്തെ ആക്രമിപ്പാനായി നിത്തോജി പാഠംക്കർക്കു കല്പന കൊടുത്തു. അതോടുകൂടി അഹമ്മദ്നഗരംമുതൽ അറംഗബാദ് വരേയുള്ള മൊഗളപ്രദേശങ്ങളിൽ കടന്നു കൊള്ളയടിക്കുവാൻ മോറോപിംഗളയേയും നിയോഗിച്ചയച്ചു. അന്നു ദക്ഷിണദേശത്തുള്ള മൊഗളരുടെ നാടുകഠംക്കു സുബേദാർ (ഗവണ്ണർ) ആയിരുന്നതു ഷൈസ്റ്റഖാൻ എന്നാളായിരുന്നു. ഇദ്ദേഹം അറംഗസീബിന്റെ അമ്മയുടെ അമ്മാമനാണ്. മൊഗളസാമ്രാജ്യത്തേക്കുചേന്ന ഗ്രാമങ്ങളിൽ പിരിയുന്ന കരമെല്ലാം അവരുടെ തലസ്ഥാനമായി വെച്ചിരുന്ന അറംഗബാദ് നഗരത്തിലേക്കാണ്

കൊണ്ടുപോയിരുന്നത്. എന്നാൽ മഹാരാഷ്ട്രരെ ഭയപ്പെട്ടു ഒന്നുരണ്ടുകൊല്ലം കരം അങ്ങോട്ടയച്ചിരുന്നില്ല. ഷൈസ്റ്റിഖാൻ വന്ന ഉടനെ ബഹുജാഗ്രതയിൽ കരംപിരിവ് ആരംഭിച്ചു. കരംപിരിയുന്നത് ആങ്ങോട്ടു കൊണ്ടുപോകുന്നത് ആപൽക്കരമാണെന്നും, മഹാരാഷ്ട്രർ കൊള്ളചെയ്യാതെ വിട്ടയയ്ക്കുകയില്ലെന്നും സുബേദാരുടെ കീഴുദ്യോഗസ്ഥന്മാർ പറയാതിരുന്നില്ല. പക്ഷേ, "നിങ്ങൾ ആണുങ്ങളായിരുന്നിട്ട് ഈ പണം അറംഗബാദിലേക്കു കൊണ്ടുപോകാൻ അശക്തന്മാരാണെങ്കിൽ ഇതാ നോക്കുവിൻ, ഞാനിത് ഒരു സ്ത്രീയുടെ കയ്യിൽ അയയ്ക്കുന്നുണ്ട്" എന്നു പരിഹാസമായിപ്പറഞ്ഞ് ഷൈസ്റ്റിഖാൻ, ഉദരപുരി ദേശമുഖ്യന്റെ ഭാര്യയും ഒരു ശ്രുതിപ്പെട്ട യുദ്ധവിദഗ്ദ്ധയുമായ റായ് ഭഗിനി എന്ന സ്ത്രീയുടെ കൈവശമാണ് പണം അയച്ചത്. റായ്ഭഗിനി ശൌര്യവും ധൈര്യവും പരാക്രമവും തികഞ്ഞ ഒരു വീരാംഗനയായിരുന്നുവെങ്കിലും ശിവാജിയോട് എതിരിട്ടു ജയിക്കുവാനുള്ള സാമർത്ഥ്യം ആ സ്ത്രീയ്ക്കുണ്ടായിരുന്നില്ല. അതുകൊണ്ടു, കരം കൊണ്ടുപോകുന്ന വിവരമറിഞ്ഞു ശിവാജിയാൽ അയയ്ക്കപ്പെട്ട സൈന്യത്തിന്റെ ആക്രമണത്തിന്നു റായ് ഭഗിനി ലക്ഷ്യമാകയും, ആ ഭടന്മാരുടെ കൈയിൽ അവർ ഒരു തടവുകാരിയായി വരികയും ചെയ്തു. ശിവാജി ആ സ്ത്രീയുടെ "പൌരുഷത്തെ" പ്രശംസിക്കുകയും, അവരെ വളരെ ഗൌരവത്തോടുകൂടി കൊണ്ടുനടത്തുകയും ചെയ്തു. ശിവാജിയെ എതിർക്കുവാൻ അറംഗ്ബാദിൽനിന്നു വന്നിരുന്ന സൈന്യങ്ങളെ അഹമ്മദ് നഗരത്തിന്നടുത്തുവെച്ചു ശിവാജി സന്ധിക്കുകയും, അവരുടെ അണിമുറിച്ച് ശിവാജി അവരെ ബഹുദൂരം ഓടിക്കുകയും ചെയ്തു. മൊഗളന്മാരുടെ തെക്കൻതലസ്ഥാനം വരെയുള്ള ഭാഗങ്ങളെ ശിവാജിയുടെ സൈന്യങ്ങൾ കൊള്ളയിട്ടു "ധൂളിപാളിക്കുകയും" അവിടങ്ങളിൽനിന്നു സൈന്യച്ചിലവു വകയ്ക്കു ഒരു വലിയ തുക പിരിച്ച് വസൂലാക്കുകയും ചെയ്തു. ഈ വിവരം അറിഞ്ഞപ്പോൾ അറംഗസീബിന്നു ശിവാജിയുടെ നേരെ തോന്നിയ ക്ഷാത്രം ഇന്നപ്ര

കാരമാണെന്നു പറയേണ്ടതില്ലല്ലോ. അദ്ദേഹം ഉടൻതന്നെ ശിവാജിയോടെതിൎക്കുവാനായി ഷൈസ്തിഖാനു കല്പന കൊടുത്തു.

ഷൈസ്തിഖാൻ യുദ്ധവിദഗ്ദ്ധന്മാരായ കുറെയധികം ഭടന്മാരെച്ചേൎത്തുംകൊണ്ടു ശിവാജിയോടു യുദ്ധത്തിന്നു പുറപ്പെട്ടു. മഹാരാഷ്ട്ര സൈന്യവും ഷൈസ്തിഖാൻെറ സൈന്യവും തമ്മിൽ കൂട്ടിമുട്ടി ഭയങ്കരമായ ഒരു യുദ്ധം നടത്തിയതിൽ ഷൈസ്തിഖാൻെറ സൈന്യങ്ങൾ ജയം പ്രാപിക്കുകയും, ശിവാജി പിന്തിരിഞ്ഞ് സൈന്യങ്ങളോടുകൂടി രാജഘടയിലേക്കു മടങ്ങുകയും ചെയ്തു. ഷൈസ്തിഖാനാകട്ടേ ആ വഴിക്കു തന്നെ പോയി ശിവാജിയുടെ അധീനമായിരുന്ന പൂനാ, സുഭാ എന്നീ സ്ഥലങ്ങളെ ആക്രമിച്ചു പിടിക്കുകയാണുണ്ടായത്. ഈ സംഗതി ശിവാജിയെ വല്ലാതെ കോപിപ്പിച്ചു. ഷൈസ്തിഖാൻ പൂനാനഗരം പിടിച്ച വിവരം അറിഞ്ഞ ഉടൻതന്നെ ശിവാജി രാജഘടയിൽനിന്നു സിംഹഘടയിലേക്കു തിരിച്ചു. ഈ സിംഹഘടയേയും പിടിച്ചടക്കേണമെന്നുദ്ദേശിച്ച് ഷൈസ്തിഖാൻ വീരന്മാരായ അനവധി അശ്വഭടന്മാരോടുകൂടി പുറപ്പെടുകയും, ആദ്യമായി ചാക്കൻകോട്ടയെ വളയുകയും ചെയ്തു. ആ കോട്ടയുടെ രക്ഷകൻ ഭൂംഗോജിനരസലേയായിരുന്നു. മൊഗളസൈന്യങ്ങൾ കോട്ടയെ വളഞ്ഞിരിക്കുന്ന വിവരം അറിഞ്ഞപ്പോൾ സമൎത്ഥനായ ഭൂംഗോജി ആ നിറഞ്ഞ രാത്രിയിൽ കുറെ കുതിരപ്പടയാളികളോടുകൂടി കിഴ്പോട്ടിറങ്ങിച്ചെന്ന് മൊഗളസൈന്യങ്ങളുടെ അണിമുറിച്ച് അവരെ ഓടിച്ചുകളഞ്ഞു. രാത്രിയിൽ ഇങ്ങിനെ മൊഗളമാൎക്ക് അപജയം നേരിട്ടുവെങ്കിലും അതുകൊണ്ട് അവർ ഒഴിച്ചില്ല. പിറേറ ദിവസം കുറെക്കൂടി സൈന്യങ്ങളും വലിയ തോക്കുകളുമായി വന്ന് മൊഗളന്മാർ കോട്ടയെ ആക്രമിച്ചു. വലിയ തോക്കുകളുടെ മുമ്പിൽ നില്ക്കുവാൻ ശിവാജിയുടെ സൈന്യത്തിന്നു സാധിച്ചില്ല. അനേകം മഹാരാഷ്ട്രവീരന്മാർ വെടിയേററു മരിക്കുകയും, വീരനായ ഭൂംഗോജി മൊഗളന്മാരുടെ കൈയിൽ പെടുകയും

ചെയ്തു. ഷൈസ്റ്റിഖാൻ ഭൂംഗോജിയെ വളരെ ബഹുമാനിക്കുക യും, മൊഗളസൈന്യത്തിൽ ഒരുദ്യോഗം വഹിക്കുവാനാവശ്യ പ്പെടുകയും ചെയ്തുവെങ്കിലും ഉത്തമദേശാഭിമാനിയായിരുന്ന ഭൂംഗോജി അതിന്നു വഴിപ്പെട്ടില്ല. ഒടുവിൽ ഷൈസ്റ്റിഖാൻ ഭൂം ഗോജിയെ ശിവാജിയുടെ അടുക്കലേയ്ക്കുതന്നെ അയയ്ക്കുകയാ ണുണ്ടായത്. ശിവാജി അദ്ദേഹത്തെ ആദരപൂർവ്വം സ്വീകരി ച്ച് ഭൂപാലഘടയിലെ സുബേദാരായി നിയമിക്കുകയും ചെയ്തു.

**2. ഷൈസ്റ്റിഖാൻെറ പോരാട്ടം:—** ശിവാജി കു റച്ചു ദിവസം സിംഹഘടയിൽ താമസിച്ചതിന്നുശേഷം രാജഘ ടയിലേയ്ക്കുതന്നെ തിരിച്ചു. ആ അവസരത്തിൽ ഷൈസ്റ്റി ഖാൻ ചാക്കൻ കോട്ടയിൽനിന്നു പൂനയിലേയ്ക്കും തിരിച്ചു. പൂ നയിൽ, പണ്ടു ശിവാജിക്കു താമസിക്കുവാനായി താതോജി കോനദേവൻ പണിയിച്ചുകൊടുത്തിരുന്ന രാജമഹാൾ എന്ന അരമനയിലാണ ഷൈസ്റ്റിഖാൻ താമസിച്ചിരുന്നത്. പൂനാ നഗരത്തിലെ മൊഗളന്മാരുടെ ആധിപത്യം ഉറച്ചുവെന്നു വി ചാരിക്കുവാൻ ഷൈസ്റ്റിഖാനു കഴിവുണ്ടായിരുന്നില്ല. ശിവാ ജിക്ക് എത്രയും പ്രിയപ്പെട്ട പൂനയെ ഏതുവിധത്തിലെങ്കിലും അദ്ദേഹം ആക്രമിക്കാതിരിക്കയില്ലെന്നു വിചാരിക്കുവാൻ മാത്ര മുള്ള ബുദ്ധി ഖാന് ഉണ്ടായിരുന്നു. അതുകൊണ്ടു, പൂനാനഗര ത്തിൻെറ അതിർത്തികളുള്ളിൽ കടക്കേണമെങ്കിൽ ഒരു "പാസ്സ് പോർട്ട്" ഉണ്ടായിരിക്കേണമെന്നു ഷൈസ്റ്റിഖാൻ ഒരുത്തരവു പുറപ്പെടുവിച്ചു. തൻെറ വരുതിയിലുണ്ടായിരുന്ന മഹാരാഷ്ട്രജാ തിക്കാരായ അശ്വസൈന്യങ്ങളെപ്പോലും ഖാൻ പൂനാനഗര ത്തിലേയ്ക്കു കടത്തിയിരുന്നില്ല. കാലാൾസൈന്യത്തെ മാത്രം ഏ റെവും ജാഗ്രതയോടുകൂടി നഗരരക്ഷയിൽ ഏൎപ്പെടുത്തി. നഗര ത്തിൻെറ അതിർത്തിസ്ഥലങ്ങളെ കാക്കുന്നതിന്നു മൊഗളസൈ ന്യങ്ങളെത്തന്നെയാണ് നിയോഗിച്ചിരുന്നത്. ഷൈസ്റ്റിഖാൻ ഇത്രയും മുൻകരുതലോടുകൂടി പൂനാനഗരത്തെ രക്ഷിച്ചുംകൊ ണ്ടിരിക്കുമ്പോൾ ശിവാജി ഖാനേയും അയാളുടെ സൈന്യത്തേ യും നിരോധിക്കുവാനായി പൂനയിലേയ്ക്കു പോകുവാൻ ഉത്സാ

ഹിച്ചു. സൈന്യങ്ങളോടുകൂടി പോകുന്നത് അപായകരമാണെന്നുകണ്ട് അത്യാവശ്യം കുറെ വീരന്മാരെ മാത്രം കൂട്ടി ഉപായത്തിൽ കടന്നു ചെല്ലുവാനാണ് ശിവാജി തീരുമാനിച്ചത്. 1663 ഏപ്രിൽ മാസത്തിൽ ഒരുദിവസം രാത്രി ശിവാജി തന്റെ യുദ്ധവീരന്മാരിൽനിന്നു തിരഞ്ഞെടുത്ത യശാജിഗംഗ്, താനാജി മാലസൂരേ മുതലായ ഇരുനൂറുപേരെ കൂട്ടി, മൊഗള സൈന്യങ്ങളുടെ വേഷം ധരിച്ചു, പൂനയിൽ ഒരു വിവാഹത്തിന്നു പോവുകയാണെന്നു പറഞ്ഞു നഗരരക്ഷകനോടു പാസ്പോർട്ടു വാങ്ങി നഗരത്തിന്നുള്ളിൽ പ്രവേശിച്ചു. ഇവരുടെ യാത്ര ബഹുരസകരമായിരുന്നു. ഒരു പട്ടണപ്രദക്ഷിണത്തിന്റെ മാതിരിയിൽ ആളുകളെല്ലാം വരിവരിയായി നിരന്നുകൊണ്ടാണ് നടന്നിരുന്നത്. മുമ്പിൽ ഒരു ചെറിയ കുട്ടിയെ ഒരു കല്യാണപ്പെണ്ണിന്റെ വേഷം ധരിപ്പിച്ചു വാദ്യഘോഷത്തോടും കല്യാണപ്പാട്ടുകളോടും കൂടി നടത്തുകയും ചെയ്തിരുന്നു. ഈ കല്യാണസംഘക്കാരുടെ കുറെ പിന്നിൽ ശിവാജിയുടെ ചില ഭടന്മാർ മൊഗളഭടന്മാരുടേതുപോലെയുള്ള ഉടുപ്പുകൾ ധരിച്ചു, ചില മഹാരാഷ്ട്രന്മാരെ തടവുകാരായിപ്പിടിച്ചു കോട്ടയിലേക്കു കൊണ്ടുപോവുകയാണെന്ന നാട്യത്തിൽ വരുന്നുണ്ടായിരുന്നു. നഗരത്തിൽ കടന്നു കുറച്ചു ദൂരം ചെന്നപ്പോൾ ഇവരെല്ലാവരും ഒരു സംഘമായിച്ചേർന്നു. ഷൈസ്റ്റഖാൻ താമസിക്കുന്ന ഗൃഹത്തിന്റെ ഉമ്മറത്തു വിളക്കുകൾ ധാരാളം കത്തിയിരുന്നു. അതുകൊണ്ട് അവിടെ കാവൽക്കാർ ഉറക്കൊഴിച്ചു നില്ക്കുന്നുണ്ടായിരിക്കുമെന്നു ശിവാജിയും കൂട്ടരും ഊഹിച്ചു. ആകയാൽ അവർ അടുക്കളയുടെ അടുത്തുകൂടി ചുമരു കയറി മറിഞ്ഞിട്ടാണ് അകത്തു കടന്നത്. അടുക്കളയിൽ ചിലർ ഉറങ്ങുകയായിരുന്നു. ചിലർ ഉറക്കമൊഴിച്ചിരിക്കുന്നുമുണ്ടായിരുന്നു. ഉറങ്ങുന്നവരെ കത്തികൊണ്ടു വെട്ടി നുറുക്കുകയും ഉണർന്നിരിക്കുന്നവരെ കുന്തംകൊണ്ടു കുത്തിത്തുളയ്ക്കുകയും ചെയ്ത് ഇവർ ഷൈസ്റ്റഖാന്റെ ശയനമുറിയിലേയ്ക്കു കടപ്പാനുള്ള തരം നോക്കിത്തുടങ്ങി. മുറി അകത്തുനിന്നു ഭദ്രമായി അടച്ചുപൂട്ടിയിരുന്നതുകൊണ്ട് അവർക്ക് അകത്തു കടക്കു

വാൻ ഭിത്തി തുരക്കുകതന്നെ വേണ്ടിവന്നു. ചുമരു തുരക്കുന്ന ശബ്ദം കേട്ടു ഷൈസ്തിഖാൻെറ വെപ്പാട്ടികളിൽ ഒരുത്തി വിവരം ഖാനോടു ചെന്നു പറഞ്ഞുവെങ്കിലും മധുപാനംകൊണ്ടു മതിമറന്നു കിടന്നിരുന്ന ഖാൻ അതിനെ അത്ര ധരിച്ചില്ല. ചുമരു തുരന്നുതുരന്നു് ഏകദേശം ഒരാൾക്കു കടക്കാറായി എന്നു കണ്ടപ്പോൾ വേറെ ഒരു വെപ്പാട്ടി വളരെ പണിപ്പെട്ടു ഖാനെ ഒരുവിധം ഉണൎത്തി. അപ്പോഴാണു് ഖാനു താൻ വലിയൊരു കുടുക്കിലാണു പെട്ടിരിക്കുന്നതെന്നു മനസ്സിലായതു്. ഉടനെ ഖാൻ ആയുധം കൈയിലെടുക്കുകയും ചുമരിൻെറ ദ്വാരത്തിൽ കൂടെ വരുന്നവരെ പ്രഹരിച്ചുതുടങ്ങുകയും ചെയ്തു. പക്ഷേ എതിരാളികൾ അധികം പേരുണ്ടായിരുന്നതുകൊണ്ടു ഖാൻ വിജയിയായില്ല. എന്നല്ലാ, ശിവാജിയുടെ ആൾക്കാരിലൊരുവൻ ഖാൻെറ ഒരു വിരൽ വെട്ടിനുറുക്കുകയും ചെയ്തു. ഖാൻെറ കിടപ്പറയിൽനിന്നു് ആൎപ്പും വിളിയും കോലാഹലവും കേട്ടു് ആളുകൾ ഓടിയെത്തി ശത്രുക്കളെ എതിൎത്തുവെങ്കിലും പറയത്തക്ക ഫലമൊന്നുമുണ്ടായില്ല. അവിടെവെച്ചു ഖാൻെറ പുത്രനായ അബ്ദുൾ പടിഖാൻ ശത്രുക്കളുടെ വാളിന്നിരയായി. ഇങ്ങിനെയിരിക്കുന്നതിന്നിടയിൽ കൈമുറിഞ്ഞതുകൊണ്ടുള്ള ക്ഷീണതയാൽ ഷൈസ്തിഖാൻ ചേഷ്ടയില്ലാതെ നിലത്തുപതിക്കയും, ആയാൾ മരിച്ചുവെന്നു വിചാരിച്ചു മഹാരാഷ്ട്രഭടന്മാർ വാതിൽ തുറന്നു പുറത്തേയ്ക്കു കടക്കുകയും ചെയ്തു. അപ്പോഴയ്ക്കു വേറെ ഒരു കൂട്ടം മഹാരാഷ്ട്രഭടന്മാർ ആദ്യം വന്നവരുടെ സഹായത്തിന്നായി ഓടിയെത്തുകയും, എല്ലാവരും കൂടി സിംഹഘടയിലേക്കുതന്നെ തിരിക്കുകയും ചെയ്തു.

ഇതിന്നിടയിൽ പൂനാനഗരവും അരമനയും കൊള്ള ചെയ്യപ്പെട്ടതായ വിവരം അറിഞ്ഞു മൊഗളസൈന്യങ്ങൾ യുദ്ധത്തിന്നൊരുങ്ങി ശിവാജിയോടെതിരിട്ടു. ശിവാജി സിംഹഘടയിലേയ്ക്കുതന്നെ പോയ വിവരം അവർ അറിഞ്ഞിട്ടില്ലായിരുന്നതുകൊണ്ടു് അല്പം സൈന്യങ്ങൾ മാത്രമേ ഘടരാജമലയുടെ വഴിക്കു പോകുയുണ്ടായുള്ളു. ഷൈസ്തിഖാൻ കുറെ ഭടന്മാരോടുകൂ

ടി സിംഹഘടയെ വളയുവാൻ ഒരുങ്ങി പുറപ്പെട്ടു ചെന്നു. എന്നാൽ കോട്ടയെ എതിക്കുന്നതിന്നാവശ്യമായ വലിയ തോക്കുകഠം ഒന്നുംതന്നെ ഷൈസ്റ്റിഖാൻെറ കൈവശത്തിൽഅപ്പോഠം ഉണ്ടായിരുന്നില്ല. പോരെങ്കിൽ വഷാകാലമായതുകൊണ്ടു സിംഹഘടാമലയിൽനിന്നു കുത്തിയൊലിച്ചു മുകതാനദിയിലേക്ക് ഒലിച്ചുപോകുന്ന ജലപ്രവാഹവും ഇവക്കു വലിയ തടസ്ഥമായിത്തീൻ. ഇങ്ങിനെയുള്ള സമയത്തു കോട്ടയെ തട്ടുകുന്നതു കേവലം അസാദ്ധ്യമായ കായ്യമാണ്. ഈവക സംഗതികഠം നല്ലവണ്ണമറിയുന്ന ശിവാജി മൊഗളസൈന്യം കോട്ടയ്ക്കടുക്കുന്നതുവരെ കാത്തിരിക്കുകയും, അടുത്തെത്തി എന്നു കണ്ടപ്പോഠം തൻെറ വലിയ തോക്കുകഠം വെച്ചു "വിക്കു"കയും ചെയ്തു. അനവധി മൊഗളന്മാർ വെടിയേററു മരിച്ചു. ഷൈസ്റ്റിഖാൻ കയറിയിരുന്ന യുദ്ധഗജവും വെടികൊണ്ടു ചത്തു. ആകപ്പാടെ ഖാനു ദിഗ്ഭ്രമം പിടിച്ചതുപോലെ തോന്നി. ഒടുവിൽ ശേഷിച്ച സൈന്യങ്ങളോടുകൂടി "ചരക്കൊഴിഞ്ഞ ചങ്ങാടമെന്നവിധം" മടങ്ങിപ്പോകയും ചെയ്തു. വളരെ പ്രയാസപ്പെട്ടിട്ടാണ് ഖാൻ ഒരുവിധത്തിൽ പ്രാണനേയുംകൊണ്ടു പൂനയിൽ എത്തി വീണത്.

പൂനയിൽ വന്നുചേന്ന ഷൈസ്റ്റിഖാനെ വളരെ കുണ്ഠിതത്തോടുകൂടി കണ്ടിട്ട്, അദ്ദേഹത്തിൻെറ സേനാപതികളിൽ ഒരാളായ ജസ്വന്ത് സിങ്ങ് എന്ന ഹിന്ദുവീരൻ അടുത്തു ചെന്നു വിവരം ചോദിച്ചു. ഇതു തന്നെ പരിഹസിക്കുകയാണെന്നാണ് ഖാൻ കരുതിയത്. ഉടൻതന്നെ ഖാൻ ജസ്വന്തിനെപ്പററി അറംഗസിബിന്ന് എഴുതി അയച്ചു. ആ എഴുത്തിൽ തൻെറ കീഴിലുള്ള ഹിന്ദുഭടന്മാർ ഒക്കയും ശിവാജിയുടെ സഹായികളാണെന്നുംകൂടി എഴുതിയിരുന്നു. ഇങ്ങിനെ ഹിന്ദുക്കളായ തൻെറ സൈന്യങ്ങളെ ആക്ഷേപിച്ചതു മാത്രമല്ലാ, 'അതുകൊണ്ടരിശം തീരാഞ്ഞിട്ടവനപ്പുര ചുററം പാഞ്ഞു നടന്നു' എന്നു പറഞ്ഞതുപോലെ, ഖാൻ പൂനാനഗരം വിട്ട് അറംഗബാദിലേയ്ക്കു പോകയും ചെയ്തു. പോകുമ്പോഠം ജൂന്നാർകോ

ട്ടയും ചാകൻേകാട്ടയും രക്ഷിക്കുവാനായി ജസ്വന്ത് സിങ്ങിനു കല്പനയും കൊടുത്തു. അതുപ്രകാരം ജസ്വന്ത് ആ കോട്ടകളെ ഉറപ്പിച്ചു രക്ഷിച്ചുവരവേ, അതാ വരുന്നു പൂനയിൽ നിന്നു മടങ്ങിച്ചെല്ലുവാനായി അറംഗസീബ് ബഹദൂരിൻെറ കല്പന! അതനുസരിച്ചു ജസ്വന്ത് പാദ്ഷയുടെ അരികിലേക്കു പോകേണ്ടിവന്നു. അതിന്നുശേഷം അറംഗസീബ് ദക്ഷിണദേശത്തെ മൊഗളസേനാപതിയായിട്ടു തൻെറ മകനും യുവരാജാവുമായ മൂഹാസിമ്മിനെയാണ് നിയമിച്ചത്. സിംഹഘടദുർഗ്ഗത്തെ സ്വാധീനമാക്കുവാൻ ചെയ്ത പ്രയത്നം ഫലിക്കാതെ പോയതിലുള്ള കുണ്ഠിതംകൊണ്ടു ഷൈസ്തഖാനും, പുതിയ സേനാപതിയും, അറംഗസീബുതന്നെയും അല്പകാലത്തേക്ക് ആകപ്പാടെ ഉത്സാഹമില്ലാത്ത നിലയിലാണ് കഴിച്ചുകൂട്ടിയത്. എന്നാൽ, ശിവാജി വെറുതെയിരുന്നില്ല.

3. **സൂറത്തിലെ കൊള്ള:—** അറംഗസീബിൻെറ അധീനമുള്ള സൂറത്ത് വളരെ ധനസമൃദ്ധിയുള്ള ഒരു നഗരമായിരുന്നു. ഈ നഗരം തെക്കേ ഗുജറാത്തിൽ തപതീനദിയുടെ മുഖദ്വാരത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഈ നഗരം വിദേശീയരായ കച്ചവടക്കാരുടെ ഒരു പ്രധാനസങ്കേതമാണ്. പോത്തുഗീസുകാർ, ഡച്ചുകാർ, ഇംഗ്ലീഷുകാർ, ഫ്രഞ്ചുകാർ തുടങ്ങിയ വിദേശീയരായ വ്യാപാരികൾ തങ്ങളുടെ ചരക്കുകൾ കൊണ്ടുവന്ന് ഈ നഗരത്തിൽ വമ്പിച്ച കച്ചവടം നടത്തിക്കൊണ്ടിരുന്നു. ക്രി. പി. 1600_ാം വഷത്തിൽ ഇംഗ്ലണ്ടിൽ വാണിരുന്ന എലിസബത്ത് റാണിയുടെ അനുവാദപ്രകാരം 'ഈസ്റ്റിന്ത്യാകമ്പനി' എന്ന പേരിൽ ഒരു വലിയ കമ്പനി തുടങ്ങിയിരുന്നു. ഇന്ത്യയുമായിട്ടുള്ള വ്യാപാരത്തെ പുഷ്ടിപ്പെടുത്തുവാനായിട്ടാണ് ഈ കമ്പനി ആരംഭിച്ചത്. ഈ കമ്പനിയെസ്സംബന്ധിച്ച വ്യാപാരികളാണ് സൂറത്തിൽ അധികവും കച്ചവടം ചെയ്തിരുന്നത്. ഇവർ ദില്ലി പാദ്ഷയുടെ അനുവാദം വാങ്ങി ഉൾനാടുകളിലും പുറനാടുകളിലും കച്ചവടം ചെയ്തിരുന്നതു കൊണ്ടു വളരെ ധനം സമ്പാദിച്ചിരുന്നു. ആ ധനമെല്ലാം വാ

സൂറത്തിൽ സൂറത്ത് നഗരത്തിലായിരുന്നു സ്വരൂപിച്ചിരുന്നത്. അതുകൊണ്ടു ശിവാജി ഈ നഗരത്തിലേയ്ക്ക് അകലേനിന്നു ദൃഷ്ടി പതിപ്പിച്ചു തുടങ്ങീട്ടു കുറച്ചുകാലമായി. സിംഹഘടയിലെ പോരാട്ടത്തിനുശേഷം സൂറത്തിലേക്ക് ഉള്ള നോട്ടം ഒന്നധികമായിത്തീൎന്നു.

സൂറത്തുനഗരത്തിലേക്കു പ്രവേശിക്കുന്നതിന്നു മുമ്പായി ശിവാജി പോൎത്തുഗൽകാർ കൈവശം വെച്ചുവന്ന പേനിസ് എന്ന നഗരത്തിൽ പോയി അവിടേനിന്നു സൂറത്തിലെ സ്ഥിതികൾ മനസ്സിലാക്കി വരുവാനായി "ഫക്കീർജിനായ്ക്ക്" എന്നാളെ അയയ്ക്കുകയാണുണ്ടായത്. ശിവാജിയും ഒരു സന്യാസിയുടെ വേഷം ധരിച്ചു വടക്കൻ കൊങ്കണത്തിൽനിന്നു വരുന്ന പാതയിൽക്കൂടെ തരമ്പൂർ സംസ്ഥാനത്തിൽ കടന്നു തെക്കൻ ഗുജരാഷ്ട്രത്തിൽ ചെന്നു സൂറത്തിന്റേയും മററും ഭൂസ്ഥിതികളെ മനസ്സിലാക്കി പേനിസ്സിലേക്കു എത്തി. ഇതിന്നിടയിൽ ഫക്കീർജി നായക് തന്റെ ഭാരം നിൎവ്വഹിച്ചു പോയിക്കഴിഞ്ഞിരിക്കുന്നു. ഇങ്ങിനെ ഭൂസ്ഥിതികൾ മനസ്സിലാക്കിയതിനു ശേഷം ശിവാജി നാലായിരം അശ്വഭടന്മാരോടുകൂടി ഒരു രാത്രിയിൽ തരമ്പൂർ സംസ്ഥാനത്തിൽക്കൂടെ കടന്നു സൂറത്ത് നഗരത്തിന്റെ 12 നാഴിക അകലെ എത്തിച്ചേൎന്നു. സൂറത്തിലെ സുബേദാർ (ഗവൎണ്ണർ) ശിവാജിയുടെ ഉദ്ദേശം അറിഞ്ഞുവരുവാനായി ഒരു ദൂതനെ പറഞ്ഞയച്ചു. സൂറത്തിലുള്ള ഡച്ചുകാരോടും ഇംഗ്ലീഷ്കാരോടും സുബേദാർ തനിക്കു സഹായം ചെയ്യണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും അവരതു സമ്മതിച്ചില്ല. എന്നാൽ ഡച്ചുകാരായ വ്യാപാരികൾ ശിവാജിയുടെ സ്ഥിതിഗതികളെ അറിഞ്ഞു വരുവാനായി ഒന്നുരണ്ട് ഒററുകാരെ അയയ്ക്കുകയുണ്ടായി. അവർ ശിവാജിയുടെ ഭടന്മാരുടെ കയ്യിൽ അകപ്പെടുകയും ചെയ്തു. അനന്തരം ശിവാജിയും സൈന്യങ്ങളും അതിവേഗത്തിൽ സൂറത്ത് നഗരത്തെ ആക്രമിച്ചു. സുബേദാരും ആൾക്കാരും ശിവാജിയുടെ നേരേ നില്പാൻ ശക്തിയില്ലാതെ അരമനയുടെ ഉള്ളിൽ ഒളിക്കുകയാണു

ണ്ടായത്. നഗരരക്ഷകനായ സുബേദാർ ഒളിച്ചപ്പോൾ ജന ങ്ങൾ എന്തുവേണ്ടു എന്നറിയാതെ പരവശരായി. ജനങ്ങൾ ഒട്ടുമുക്കാലും തോണി കയറി പുഴകടന്ന് എങ്ങോട്ടോ പോയി.

ശിവാജി സൂറത്തിൽ ഒരിടത്തു പാളയമടിച്ചു, സുബേദാ രുടേയും സൂറത്തിലെ വീരാജി പോഹിരി, ഹാജി കാസിം എ ന്നിവരുടേയും അടുക്കലേക്ക ആളെ അയച്ച് അവരോടു ത ൻെറ പാളയത്തിൽ വന്നു കാണേണമെന്നാവശ്യപ്പെട്ടു. അ വരിൽ സുബേദാർ മാത്രം ഭയപ്പെട്ട പുറത്തിറങ്ങാതെ കൂടിയ തേയുള്ളു. മഹാരാഷ്ട്രഭടന്മാർ ഇംഗ്ലീഷു കച്ചവടക്കാരുടെ ചര ക്കു കലവറകളെ ആക്രമിച്ചു. അന്നു രാത്രിയിൽ സുവാലി യിൽനിന്ന് ആൻറണി സ്മിത്ത് എന്നാൾ സൂറത്തിൽ വന്നിരു ന്നു. അദ്ദേഹം ഈ വിവരമൊന്നും അറിഞ്ഞിരുന്നില്ല. ശി വാജിയുടെ ആൾക്കാർ അദ്ദേഹത്തെ തടവുകാരനായി പിടി ച്ചു. ശിവാജി ഈ സ്മിത്തിനെ ഇംഗ്ലീഷു കച്ചവടക്കാരുടേയും, അതുപോലെതന്നെ തടവുകാരനാക്കിയിരുന്ന ഒരു ഗ്രീക്കുകാര നെ ഡച്ചുവ്യാപാരികളുടേയും അടുക്കലേക്കയച്ച് സൈന്യച്ചി വു തരുവാനായി ആവശ്യപ്പെട്ടുവെങ്കിലും ഇംഗ്ലീഷുവ്യാപാരി കളും ഡച്ചു വ്യാപാരികളും പണം കൊടുപ്പാൻ വഴിപ്പെട്ടില്ല. നഗരത്തിൽ പാക്കുന്ന ജനങ്ങൾ മിക്കതും പടവെട്ട പേടിച്ച് ഓടിപ്പോയിരുന്നതുകൊണ്ടു മഹാരാഷ്ട്രഭടന്മാർ വീടുകൾതോ റും കടന്നു കൊള്ളയടിച്ച് അനവധി പണവും വിലയേറിയ പല സാധനങ്ങളും കൈവശപ്പെടുത്തുകയും, പിന്നെ വളരെ ത്താമസിക്കാതെ മടങ്ങിപ്പോകയും ചെയ്തു. അറംഗസിബ് സൂറത്തിലെ കൊള്ളയെപ്പററി കേട്ടു ശിവാജിയോടെതിപ്പാനാ യി ഒരു വലിയ സേനയെ സൂറത്തിലേക്കയച്ചു. പക്ഷേ ആ സേന സൂറത്തിലെത്തിയപ്പോഴേയ്ക്ക്, ശിവാജി കൊള്ളയടിച്ച ദ്രവ്യമെല്ലാം തൻെറ രാജഘടാ ഭണ്ഡാരത്തിൽ കൊണ്ടുപോ യി സൂക്ഷിച്ചുകഴിഞ്ഞിരുന്നു.

## ഷഹാജിയുടെ ചരമഗതി.

സൂറത്തിൽനിന്നു ശിവാജി മടങ്ങി രാജഘടയിൽ എത്തിയപ്പോൾ തൻെറ പിതാവു പരലോകപ്രാപ്തനായ വിവരം അറിവുകിട്ടി. ശേഷക്രിയകളെല്ലാം ഷഹാജിയുടെ ദ്വിതീയഭാൎയ്യയിലുണ്ടായ പുത്രൻ വെങ്കോജിയാണു ചെയ്തത്. ബിജപ്പൂർ സുൽത്താൻ ഷഹാജിയുടെ മരണത്തിൽ വ്യസനിച്ചുകൊണ്ട് ഒരു ലിഖിതം അയയ്ക്കുകയും, ബങ്കളൂരും തഞ്ചാവൂരും വെങ്കോജിക്കു കൊടുക്കുകയും ചെയ്തു. ഷഹാജിയുടെ മരണത്തിന്നു കാരണമായതു ചില ജമിന്ദാർമാരായിരുന്നുവെന്നറിഞ്ഞു ശിവാജി അവരെ എതിർത്തു തോല്പിക്കുകയുണ്ടായി. ഇതു കേട്ടു സുൽത്താൻ വളരെ സന്തോഷിക്കുകയും, ഷഹാജി ചരമഗതിയെ പ്രാപിച്ച യരഗഡനള്ളി എന്ന ഗ്രാമം ശിവാജിക്കു സമ്മാനിക്കുകയും ചെയ്തു. ശിവാജിയുടെ അമ്മ ജീജാഭായി അനുമരണം ചെയ്വാൻ പുറപ്പെട്ടുവെങ്കിലും ശിവാജി അതരുതെന്നു വളരെ താല്പൎയ്യത്തോടുകൂടി അപേക്ഷിക്കുകയാൽ അതിൽനിന്നു പിൻവലിച്ചു. മഹാരാഷ്ട്രസ്വരാജ്യസ്ഥാപനത്തിന്ന് അടിക്കല്ലിട്ടതു ഷഹാജിയാണ്. ഹിന്ദുനായകന്മാരുടെ ആധിപത്യംകൊണ്ടു ഭടന്മാർ അധികം ശൌൎയ്യം പ്രദൎശിപ്പിക്കുമെന്നും, തദ്വാരാജയം വരുമെന്നും കാണിച്ചതു ഷഹാജിയാണ്. ശിവാജിയുടെ സ്വരാജ്യനിൎമ്മാണത്തിന്നു മാൎഗ്ഗദൎശി ഷഹാജിയല്ലാതെ മററാരുമല്ല. ഷഹാജി മരിച്ചതു 1664-ൽ ആണ്.

# പത്താം അദ്ധ്യായം.

## മൊഗളന്മാരും ശിവാജിയും.

കഴിഞ്ഞ അദ്ധ്യായത്തിൽപ്പറഞ്ഞ സൂറത്തിലെ കൊള്ള കഴിഞ്ഞതിന്നുശേഷം അറംഗസീബിൻെറ ഭാവം ആകപ്പാടെ

ഒന്നുമാറി. ശിവാജിയെ മൊഗളസാമ്രാജ്യത്തിന്നു കീഴൊതുക്കണമെന്നാണ് അറംഗസീബിന്നുദ്ദേശമുണ്ടായിരുന്നത്. ആ ഉദ്ദേശം സാധിക്കേണമെങ്കിൽ നല്ലതായ ഒരു യുദ്ധംതന്നെ വേണ്ടിവരുമെന്ന് അദ്ദേഹത്തിന്നു തോന്നി. ആകയാൽ, ദില്ലിയിൽനിന്നു രജപുത്രയോദ്ധാവായ ജയസിംഹനേയും ആഫ്ഘൻ വീരനായ ഡിലിർഖാനേയും അവരുടെ സഹായസൈന്യാധിപന്മാരായി ഡാവുട്ഖാൻ, രാജാസൂജൻസിങ്ങ്, ജബർദസ്ഖാൻ, കീരത്ത്സിങ്ങ് മുതലായവരേയും അറംഗസീബ് പറഞ്ഞയച്ചു. അവരുടെ കീഴിൽ പതിനാലായിരം പടയാളികളേയും അയച്ചിരുന്നു. ഈവമ്പിച്ച സൈന്യസമൂഹത്തിന്റെ നേതാവായ ജയസിംഹൻ ക്രി. പി 1665_ാമതു ജനുവരി 9-ാംനു നർമ്മദാനദി കടന്ന് ദക്ഷിണാദേശത്തിലെ മൊഗളതലസ്ഥാനമായ അറംഗബാദിൽ എത്തിച്ചേൎന്നു. മാൎച്ച് മാസം 3_ാംനു ജയസിംഹൻ പൂനാനഗരത്തിൽ എത്തിച്ചേരുകയും, ദില്ലിയിലേയ്ക്കു പോകുവാനൊരുങ്ങിക്കൊണ്ടിരുന്ന ജസ്വന്ത്സിങ്ങിനെ അങ്ങോട്ടു പറഞ്ഞയയ്ക്കുകയും ചെയ്തു.

മൊഗൾ സൈന്യനേതായ ജയസിംഹൻ ഏററവും സാമൎത്ഥ്യമുള്ള ഒരു വീരയോദ്ധാവായിരുന്നു. ചെറുപ്പത്തിൽ അച്ഛനമ്മമാർ മരിച്ചുപോകയാൽ അനാഥനായിത്തീൎന്ന ഇദ്ദേഹം തന്റെ 12_ാമത്തെ വയസ്സിൽ മൊഗൾസൈന്യത്തിൽ ചേൎന്നു. അന്നു തുടങ്ങി പലപ്പോഴും മദ്ധ്യഏഷ്യയിലും അഫ്ഘാനിസ്ഥാനിലും ഇദ്ദേഹം യുദ്ധം ചെയ്തുയുണ്ടായിട്ടുണ്ട്. ഷാജിഹാൻപാദ്ഷ തന്റെ വാഴ്ചക്കാലത്തു യുദ്ധതന്ത്രങ്ങളിൽ സംശയമുണ്ടാകുമ്പോൾ ഇദ്ദേഹത്തോടാണ് ചോദിച്ചിരുന്നത്. ഇദ്ദേഹം തുൎക്കിഭാഷയിലും പാരസികഭാഷയിലും നല്ല വ്യുൽപന്നനും ഒരു സമൎത്ഥനായ വാഗ്മിയുമായിരുന്നു. ആഫ്ഘൻ സൈന്യങ്ങളുടേയും മൊഗൾസൈന്യങ്ങളുടേയും രജപുത്രസൈന്യങ്ങളുടേയും നായകൻ ഇദ്ദേഹം തന്നെയായിരുന്നു. യുദ്ധതന്ത്രത്തിൽ ജയസിംഹനോടു കിടനില്ക്കുന്നവർ ആരുംതന്നെ അക്കാലത്തു മൊഗൾസാമ്രാജ്യത്തിനുള്ളിൽ ഉണ്ടായിരുന്നില്ല. രാ

ജ്യതന്ത്രപരിജ്ഞാനത്തിലും ഇദ്ദേഹം ശിവാജിയേക്കാൾ താഴേ യായിരുന്നില്ല. ശിവാജിയുടെ നേരിട്ടു പുറപ്പെട്ട കാലത്ത് ഇ ദ്ദേഹത്തിന്നു പ്രായം അറുപതു വയസ്സായിരുന്നു.

അറംഗസിബ് ജയസിംഹന്നു കല്പനകൊടുത്തത് ആദ്യം കൊങ്കണത്തെ ആക്രമിപ്പാനാണ്. എന്നാൽ ആ കല്പനയെ ജയസിംഹൻ അനുസരിച്ചില്ല. ശിവാജിയെ ജയിക്കുന്നതിന്നു മഹാരാഷ്ട്രത്തിൻെറ മദ്ധ്യത്തിലുള്ള പുരന്ദരൻകോട്ട, രാജഘടാ, ലോഹഘടാ മുതലായ ദുൎഗ്ഗങ്ങളെ ആക്രമിക്കുകയാണ് വേണ്ട തെന്നും, എന്നാൽ മററുള്ള സ്ഥലങ്ങളെല്ലാം താനേ കീഴടങ്ങു മെന്നുമായിരുന്നു ജയസിംഹൻെറ അഭിപ്രായം. അതിനാൽ അദ്ദേഹം മഹാരാഷ്ട്രമദ്ധ്യത്തിലുള്ള സസ്വാടിഎന്ന ഗ്രാമത്തി ലാണ് ആദ്യം പാളയമടിച്ചത്. പുരന്ദരൻകോട്ടയുടെ സമീ പത്ത് ഡിലിർഖാൻെറ നേതൃത്വത്തിൽ ഒരു സംഘവും, ലോ ഹഘടയുടെ അടുത്ത് കീറത്ത്സിങ്ങിൻെറ കീഴിൽ ഒരു സം ഘവും സൈന്യങ്ങളെ വേറെ തിരിച്ചു നിത്തി ജയസിംഹൻ സിംഹഘടയിലേയ്ക്കു പുറപ്പെട്ടു. പോകുംവഴിക്കു രുദ്രമാൾ (വ ജ്രഘടാ) എന്ന കോട്ടയെ ആക്രമിച്ച് സ്വാധീനപ്പെടുത്തുക യും ചെയ്തു.

ഇതിന്നു പുറമേ കൊങ്കണരാജ്യത്തേയ്ക്കു ചേന്ന ചില ജ മിന്ദാർമാരും മൊഗളന്മാരുടെ പ്രേരണപ്രകാരം ജാവലീയ്ക്കു സ മീപമായി ശിവാജിയുടെ നാട്ടിൽ കടന്നു കലഹം തുടങ്ങി. സൂ റത്തിൽനിന്നു ആംഗ്ലേയരും ഡച്ചുകാരുമായ വ്യാപാരികൾ ത ങ്ങളുടെ തോണികളിൽ പടക്കോപ്പുകൾ കയററിക്കൊണ്ടുപോ യി ശിവാജിയുടെവക സമുദ്രതീരത്തിലുള്ള തുറമുഖങ്ങളേയും എ തിൎത്തു. ഇങ്ങിനെ നാലു ഭാഗത്തുനിന്നും ഒരേ സമയത്തുതന്നെ മഹാരാഷ്ട്രത്തെ ശത്രുക്കൾ എതിൎത്തു. രുദ്രമാൾ കോട്ട കൈ വശമായതിനുശേഷം, ഏപ്രിൽ മാസം 25-ാംനു ജയസിം ഹൻ സിംഹഘടാദുൎഗ്ഗത്തെ ആക്രമിച്ചു. അവിടെ വെച്ച് വ ളരെ ശക്തിയോടുകൂടിയ ഒരു യുദ്ധം നടക്കുകയും, അതിൽ രണ്ടുഭാഗത്തും അനവധി ഭടന്മാർ മരിക്കുകയും ചെയ്തു. ഇ

തുപോലെതന്നെ പുരന്ദരൻ കോട്ടയെ ഡിലിർഘാനും ആക്രമിക്കുകയും, അവിടേയും വലിയ യുദ്ധമുണ്ടായതിൽ ഇരുഭാഗത്തും വളരെപ്പേർ മരിക്കുകയും ചെയ്തു. മഹാരാഷ്ട്രസൈന്യനേതാവായ ബാജിപ്രഭു രാത്രി സമയത്ത് എഴുനൂറു ഭടന്മാരോടുകൂടി കോട്ടയുടെ കീഴ്പോട്ടിറങ്ങി മൊഗളസൈന്യങ്ങളേയും അവർ കോട്ട തകൎക്കുവാൻ തയ്യാറാക്കിയിരുന്ന വലിയ തോക്കുകളേയും ഛിന്നഭിന്നമാക്കി. അതിന്നിടയിൽ ഡിലിർഖാനും സൈന്യങ്ങളുംകൂടി ബാജിപ്രഭുവിനോടെതിൎത്തു. അവിടെ വെച്ചുണ്ടായ തുമുലസമരത്തിൽ ബാജിപ്രഭു അഞ്ഞൂറു മൊഗളന്മാരെ കൊല്ലുകയും, ഒടുവിൽ താനും കൊല്ലപ്പെടുകയും ചെയ്തു.

ബാജിപ്രഭു വീരസ്വൎഗ്ഗം പ്രാപിച്ചതും, മഹാരാഷ്ട്രഭടന്മാർ നായകനില്ലാതെ ഓടിപ്പോയതും കേട്ടപ്പോൾ ശിവാജി ജയസിംഹനുമായി സന്ധിചെയ്കയാണ നല്ലതെന്നു വിചാരിച്ചു. സംഗതികളെല്ലാം ശിവാജി, തനിക്കു വിചാരിക്കുമ്പോഴൊക്കെയും പ്രത്യക്ഷമായ ഭവാനിദേവിയെ ഉണൎത്തിക്കുകയും ദേവി സന്ധി ചെയ്കയാണ നല്ലതെന്നരുളിച്ചെയ്കയും ചെയ്തതിന്നുശേഷം ജയസിംഹനുമായി സന്ധിസംസാരിക്കുവാൻ ശിവാജി രഘുനാഥപണ്ഡിനെ ദൂതനായിപ്പറഞ്ഞയച്ചു. അഫ്സുൽഖാൻെറ യുദ്ധത്തിലും മററും ശിവാജി ചതി പ്രവൎത്തിച്ചതായി മൊഗളന്മാരിൽനിന്നു ജയസിംഹൻ കേട്ടിരുന്നതുകൊണ്ട് ആദ്യം അദ്ദേഹം രഘുനാഥപണ്ഡിൻെറ വാക്കു വിശ്വസിച്ചില്ലെങ്കിലും, നയവിദഗ്ദ്ധനായ രഘുനാഥപണ്ഡ് എല്ലാ സംഗതികളും വിശദമായിപ്പറഞ്ഞപ്പോൾ ജയസിംഹൻ സന്ധി ചെയ്വാൻ സമ്മതിച്ചു. പിറേറ ദിവസം രാവിലെ ശിവാജി രഘുനാഥപണ്ഡിനോടുകൂടി ജയസിംഹനെ കാണ്മാനായി ചെല്ലുകയും, ജയസിംഹൻ അദ്ദേഹത്തെ ബഹുമാനപൂൎവ്വം സ്വീകരിച്ച് ആലിംഗനം ചെയ്ത് തൻെറ അരികിൽ ഒരു ആസനത്തിൽ ഇരുത്തുകയും ചെയ്തു. കുശലപ്രശ്നം കഴിഞ്ഞതിന്നുശേഷം ശിവാജിയും ജയസിംഹനും തമ്മിൽ രാജ്യകാൎയ്യങ്ങളെപ്പററി സംസാരി

ക്കുകയും, ശിവാജി അപ്പോൾ തൻെറ ഉദ്ദേശങ്ങളെ പ്രസ്താവിക്കുകയും ഉണ്ടായി. ജയസിംഹൻ ശിവാജിയുടെ ഉദ്ദേശങ്ങളെ അഭിനന്ദിക്കുകയും, മൊഗളസാമ്രാജ്യത്തിൻ കീഴിൽ ഒരു സാമന്തനായിരിക്കുവാൻ അദ്ദേഹത്തോട് ഉപദേശിക്കുകയും ചെയ്തു. ശിവാജിയുമായുള്ള ഉടമ്പടിയുടെ വിവരങ്ങൾ ഉടൻതന്നെ ജയസിംഹൻ ഡിലിർഖാന് അറിവുകൊടുക്കുകയും, കോട്ടയെ ആക്രമിച്ചിരുന്ന സൈന്യങ്ങളെ പിൻവലിപ്പാൻ ഏർപ്പാടുചെയ്യുകയും ചെയ്തു. ഡിലിർഖാൻ അതുപ്രകാരം സൈന്യങ്ങളെ പിൻവലിച്ച് ശിവാജിക്ക് കത്തെഴുത്ത് എഴുതി അയച്ചു. ജയസിംഹൻ ശിവാജിയുടെ ഉടമ്പടിയെ അംഗീകരിക്കുകയും ചെയ്തു. ഈ ഉടമ്പടിയുണ്ടായത് 1665_ാം വർഷത്തിലാണ്: ഉടമ്പടിയിൽ നാലു നിശ്ചയങ്ങളാണുണ്ടായിരുന്നത്. അവയുടെ സാരം താഴെ ചേർക്കുന്നു.

## ഉടമ്പടി നിശ്ചയങ്ങൾ.

i. ദക്ഷിണദേശത്തിൽ ശിവാജി 12 കോട്ടകൾ മാത്രമേ കൈവശം വെയ്ക്കുവാൻ പാടുള്ളു. കൊല്ലംതോറും ഒരു ലക്ഷം ഹൻ (5 ലക്ഷം ഉറുപ്പിക) നാണ്യം വരവുള്ള ഭൂമികളും ശിവാജി കൈവശം വെക്കാം. മൊഗൾസാമ്രാജ്യത്തോടു ചേൎന്ന നാടുകളിലും നഗരങ്ങളിലും മേലിൽ കൊള്ളചെയ്യാൻ പാടില്ല.

ii. ദക്ഷിണദേശത്തിൽ എവിടെയെങ്കിലും മൊഗളന്മാർ യുദ്ധം ചെയ്യേണ്ടിവന്നാൽ ശിവാജി സൈന്യങ്ങളോടുകൂടി മൊഗളന്മാരുടെ ഭാഗത്തു ചേൎന്നു സഹായിക്കണം.

iii. ശിവാജിയുടെ പുത്രൻസാംബാജി മൊഗളന്മാരുടെ കീഴിൽ 5000 സൈന്യത്തിൻെറ നായകനായി ദക്ഷിണദേശത്തെ സുബേദാരുടെ വരുതിയിൽ ഇരിക്കണം.

iv. ബീജപ്പൂർസംസ്ഥാനത്തിലെ ചില പ്രദേശങ്ങളിലെ 'സൌത്ത് വാരി'നികുതി (വിളവിൽ നാലിലൊരു ഭാഗം) യും

സർദേശമുഖി നികുതി (വിളവിൽ 10 ൽഒരു ഭാഗം)യും ശിവാജി വസൂൽ ചെയ്യാം.

1-ാം വകുപ്പിൽ കാണിച്ച 12 കോട്ടകഠം 1. രാജഘടാ, 2. തോരണാ, 3. പരയ്ഘടാ, 4. ലിങ്കണാ, 5. മറാഘടാ, 6. പല്ലുഘടാ, 7. ഘോഷാലാ, 8. ഈശപരി, 9. ഭാനി, 10. പുരപ്പ്, 11. കുമാരി, 12. ഉദയപുരി എന്നിവയായിരിക്കണമെന്നും ഉടമ്പടിയിൽ നിശ്ചയം ചെയ്യു. ഉടമ്പടിയിലെ 4-ാം വകുപ്പ് നടപ്പിൽ വന്നില്ലെന്നു മഹമ്മദീയചരിത്രകാരന്മാരും, നടപ്പിൽ വന്നുവെന്നു ഹിന്ദുചരിത്രകാരന്മാരും പ്രസ്താവിക്കുന്നു. ഈ ഉടമ്പടിയിലെ നിബന്ധനകഠം ജയസിംഹൻ ഒരെഴുത്തോടുകൂടി അറംഗസീബിനെ അറിയിക്കയും, അറംഗസീബ് അതു സമ്മതിച്ച് ശിവാജിക്ക് ഒരെഴുത്തയയ്ക്കയും ചെയ്യു.

ഡിലിർഖാൻ ശിവാജിക്കയച്ച കത്തും, ജയസിംഹൻ അറിയിച്ച ഉടമ്പടിയുടെ വിവരമറിഞ്ഞ് അറംഗസീബ് ശിവാജിക്കെഴുതിയ എഴുത്തും, അതിന്നു ശിവാജി അയച്ച മറുവടിയും താഴെ എഴുതുംപ്രകാരമായിരുന്നു—

ഡിലിർഖാൻെറ കത്ത്.

---

നിങ്ങഠംക്കു ദൈവം തുണയായിരിക്കട്ടേ. നിങ്ങളെ കാണേണമെന്നുള്ള ആഗ്രഹം എനിക്കു ചില്ലറയൊന്നുമല്ല. നിങ്ങഠം മാഹറംതാർ (കാവൽക്കാർ) വശം അയച്ച എഴുത്തു കിട്ടി. അത് ഉടമ്പടിയെപ്പററിയാണല്ലോ. ഞാൻ അത് അംഗീകരിച്ചിരിക്കുന്നു. എന്നാൽ ഒരു സംഗതി ഈ സന്ദർഭത്തിൽ നിങ്ങളോടു പറയേണ്ടിയിരിക്കുന്നു. ഒന്നാമതു യുദ്ധം ചെയ്യുന്നതിന്നു മുമ്പ് നിങ്ങഠം സന്ധി ചെയ്യാൻ പുറപ്പെട്ടതിനെപ്പററിയാണ്. ഞങ്ങഠം നാടും നഗരവും വിട്ടു പല നദികളും കടന്നു ഇവിടെ വന്നതു നിങ്ങളുടെ നാട്ടിൽ വന്നാൽ നല്ലൊരു യുദ്ധംചെയ്യാൻ വകയുണ്ടാവും എന്നു കരുതീട്ടാണ്. ഈ സ്ഥിതിക്ക് നിങ്ങഠം ഈ അതിഥികളെ ഉപചരിക്കാതെ സന്ധിചെയ്യു ഞങ്ങഠംക്കു മനോവേദനയുണ്ടാക്കിയതു ധർമ്മമായോ? അസംഖ്യം മലകളും, അവയുടെ മുകളിൽ ഉറപ്പിൽ പണിചെയ്യു

കോട്ടകളും, നോക്കിയാൽ നോക്കെത്താത്തത്ര കാട്ടകളും, ചെങ്കുത്തായ പാറകളും, അചഞ്ചലഹൃദയന്മാരായ വീരന്മാരും നിങ്ങളുടെ കൈവശമുണ്ടായിരിക്കെ നിങ്ങൾ സന്ധി ചെയ്യുതെന്തുകൊണ്ടാണ്? ഇതിന്നു മുമ്പു തന്നെ സന്ധി ചെയ്യാൻ വളരെ അവസരമുണ്ടായിരുന്നില്ലേ? നിങ്ങൾ ഇപ്പോഴും യുദ്ധം തന്നെയാണ് ചെയ്യുന്നതെങ്കിൽ അതാണ് എനിക്കധികം ഇഷ്ടം.

---

## അറംഗസീബിൻെറ കത്ത്. (1665 ആഗസ്റ്റ് 26.)

ശിവാജിക്ക് —നിങ്ങളും ജയസിംഹനും തമ്മിൽ ഒന്നാമതായുണ്ടായ സംഭാഷണത്തിൽ ചെയ്യ ഉടമ്പടിയിലെ നിശ്ചയങ്ങളെ ജയസിംഹൻ ഇവിടേക്ക് എഴുതി അയച്ചതു സംബന്ധിച്ച് ഈ എഴുത്ത് എഴുതുന്നതാണ്. നിങ്ങൾ അദ്ദേഹത്തോട്ട പറഞ്ഞതുപോലെയുള്ള എല്ലാ നിബന്ധനകളുമനുസരിച്ച് മൊഗൾ ആധിപത്യത്തിന്നു കീഴടങ്ങി വിശ്വാസത്തോട്ടുകൂടിത്തന്നെ ഇരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇതേവരെ എൻെറ സാമ്രാജ്യത്തിന്നു നിങ്ങൾ ചെയ്യ ദോഷങ്ങളേയും മൊഗളന്മാക്കു ചെയ്യ അപരാധങ്ങളേയും ക്ഷമിച്ച് ജയസിംഹൻെറ ആവശ്യപ്രകാരം നിങ്ങൾക്ക് കരം പിരിക്കുവാനുള്ള അധികാരം തന്നിരിക്കുന്നു നിങ്ങളുടെ പുത്രന്നു ഒരുദ്യോഗവും തന്നിട്ടുണ്ട്. നിങ്ങൾക്കു എൻെറ പ്രീതിസൂചകമായി രാജകീയമായ ഒരുടുപ്പും ഇതിനോടുകൂടി അയച്ചിരിക്കുന്നു.

— —

## ശിവാജിയുടെ മറുവടി. *

ഡില്ലി നവാബ് ബഹദൂരിന്നു ഈ വിധേയൻ വിനയപൂർവ്വം എഴുതുന്നതെന്തെന്നാൽ—ഇപ്പോഴും ഈ അപരാധി ചെയ്യ കുററങ്ങൾക്കെല്ലാം മാപ്പുതന്നു് രാജമുദ്ര വെച്ചയച്ച പത്രം കിട്ടി. താണപദവിയിലുള്ള ഈ ചെറിയ ജമിന്ദാരെ വ

---

* ഈ എഴുത്തു ജയസിംഹൻ ഉപദേശിച്ചപ്രകാരം എഴുതിയതാണ്.

ലുതായിക്കരുതി രാജകീയമായ ഉടുപ്പും, സാംബാജിക്ക് ഉദ്യോഗവും തന്നതിൽ കാണിച്ച കരുണക്കു നന്ദിപറഞ്ഞു കൊള്ളുന്നു. ഈയുള്ളവൻ മിർജാരാജാ (ഇതാണ് ജയസിംഹനെ വിളിക്കാറു പതിവ്) ജയസിംഹൻെറ അനുവാദം വാങ്ങി സ്വദേശത്തു ചെന്ന ഉടനെ ബിജപ്പൂരിനെ ആക്രമിക്കുവാൻ സൈന്യസന്നാഹം ചെയ്യുകൊള്ളാം. നമ്മുടെ "ഐക്യസൈന്യങ്ങൾ" ബിജപ്പൂരിനെ തകൎക്കുമെന്നുള്ളതിൽ സംശയമില്ല. ഏററവും വണക്കത്തോടുകൂടി പാദ്ഷാക്കു് സമസ്കാരം.

മേല്പറഞ്ഞ ഉടമ്പടിക്കു ശേഷം മൊഗൾസാമ്രാജ്യവും ശിവാജിയും തമ്മിൽ മൈത്രിയിലായി എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇതിന്നു ശേഷം ശിവാജിയുടെ നോട്ടം ബിജപ്പൂരിലേക്കാണു പതിഞ്ഞത്. ബിജപ്പൂർ സുൽത്താനുമായി 1662-ാമതു വൎഷത്തിൽ ശിവാജി ചെയ്യതായ ഉടമ്പടിയുടെ വിവരം വായനക്കാർ ഓൎക്കുന്നുണ്ടായിരിക്കും. ആ ഉടമ്പടി വളരെക്കാലത്തേക്കു ബലത്തിൽ നിന്നില്ല. ശിവാജിയുടെ കയററം സുൽത്താനു സഹിപ്പാൻ നിവൃത്തിയില്ലാതേ കണ്ടായി. സുൽത്താനെ ഒരു പാഠം പഠിപ്പിക്കേണമെന്നു ശിവാജിക്കും വിചാരമുണ്ടായിരുന്നു. സുൽത്താൻ ഒരു സ്വതന്ത്രരാജാവായിരിക്കുന്നതിൽ അറംഗസീബിന്നും വലിയ അസൂയയുണ്ടായിരുന്നു. ബിജപ്പൂർ രാജ്യത്തെ മൊഗൾസാമ്രാജ്യത്തിൻ കീഴിലാക്കേണമെന്നായിരുന്ന അറംഗസീബിൻെറ ആഗ്രഹം. ഇതെല്ലാം കൂടി ചേൎന്നു പുറമേ പ്രകാശിക്കാനുള്ള അവസരം അധികം താമസിക്കാതെ തന്നെ വന്നു ചേൎന്നു. അറംഗസീബ് ജയസിംഹനും ഡിലിർഖാനും ബിജപ്പൂരിനെ ആക്രമിക്കുവാനായി കല്പന കൊടുക്കുകയും, അപ്പോൾ ശിവാജി പുതിയ ഉടമ്പടിയിലെ നിശ്ചയമനുസരിച്ച് ഒമ്പതിനായിരം ഭടന്മാരോടുകൂടി മൊഗളന്മാരുടെ ഭാഗത്തു ചേൎന്നു സഹായിക്കുകയും ചെയ്യു. ആ യുദ്ധത്തിൽ ശിവാജി അത്ഭുതമായ പരാക്രമം കാണിച്ച് ബൽഡൻ, തത്തുവാടി എന്ന രണ്ടു പ്രദേശങ്ങളെ സ്വാധീനമാക്കി. ശിവാജിയുടെ അപദാനങ്ങളെ ഗ്രഹി

ച്ച ഉടനെ അറംഗസീബ് അദ്ദേഹത്തിന്നു രത്നഖചിതമായ ഒരു കത്തി സമ്മാനമായി അയയ്ക്കുകയും, അല്പദിവസത്തിന്നു ശേഷം ശിവാജിയെ ഡില്ലിയിലേക്കു ചെല്ലുവാനായി ക്ഷണിക്കുകയും ചെയ്തു. ഈ ക്ഷണത്തോടുകൂടി അറംഗസീബ് ശിവാജിക്കു രാജാ എന്ന സ്ഥാനവും കല്പിച്ചു കൊടുത്തു.

അറംഗസീബിന്നു തന്റെ പേരിലുള്ള ദുരഭിപ്രായം പോകുന്നതിന്ന് ഈ ക്ഷണം സ്വീകരിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുകയാൽ, ശിവാജി ഭവാനിദേവിയുടേയും ഗുരുദേവനായ രാമദാസസ്വാമികളുടേയും അമ്മയുടേയും അനുവാദം വാങ്ങി, രാജ്യഭാരം അമ്മയുടേയും മോറോ പിംഗളയുടേയും കൈയിലും, ഭാര്യമാരേയും ദ്വിതീയപുത്രൻ രാജാരാമിനേയും അമ്മയുടെ കൈയിലും ഏല്പിച്ച്, മകൻ സാംബാജിയോടുകൂടി ഡില്ലിയിലേക്കു പുറപ്പെട്ടു. തന്റെ അംഗരക്ഷകന്മാരായി താനാജിമാലസുരെ, യശോജിഗംഗ്, ബാലാജി, അപ്പാജി, രഘുനാഥപണ്ട് മുതലായ വീരന്മാരേയും ശിവാജി കൂടെ കൊണ്ടുപോയി. യാത്ര പുറപ്പെട്ടതിന്നുശേഷം ബീജപ്പൂരിന്റെ സമീപത്തു പാളയമടിച്ചിരിക്കുന്ന ജയസിംഹനുമായി കണ്ടു സംസാരിച്ചതിൽ ജയസിംഹൻ വളരെ സന്തോഷിക്കുകയും ശിവാജിക്കു ഡില്ലിയിൽ സഹായത്തിന്നായി തന്റെ പുത്രൻ രാമസിംഹനെക്കൂടെ അയയ്ക്കുകയും ചെയ്തു. പോകുംവഴിക്കു ശിവാജിയും രാമസിംഹനും തമ്മിൽ വടക്കൻദിക്കുകളിലെ സമ്പ്രദായങ്ങളേയും മററും പററി വളരെ നേരം സംസാരിക്കുകയും അവക്ക് അന്യോന്യം വളരെ സ്നേഹബഹുമാനങ്ങൾ തോന്നുകയും ചെയ്തു. സമർത്ഥനും ബുദ്ധിമാനുമായ രാമസിംഹന്റെ സാഹചര്യത്താൽ വഴിപോയതറിയാതേകണ്ടു ശിവാജി ആഗ്രാപട്ടണത്തിൽ എത്തിച്ചേർന്നു.

ആഗ്രയിൽ എത്തിയ ഉടനെ ശിവാജി തന്റെ വരവിനെ അറിയിപ്പാനായി രാമസിംഹനെ പാദ്ഷായുടെ അരമനയിലേക്കയച്ചു. ശിവാജി ആഗ്രയിൽ എത്തിയാൽ അദ്ദേഹത്തെ സ്വീകരിപ്പാനായി ഡില്ലിയിൽനിന്ന് ഒരു പട്ടാളമേലു

ദ്ദ്യോഗസ്ഥൻ വരുമെന്നു ജയസിംഹൻ ശിവാജിയോടു പറഞ്ഞിരുന്നുവെങ്കിലും അതുപ്രകാരം ആരും വന്നുകണ്ടില്ല. ശിവാജിയെ അദ്ദേഹത്തിൻെറ പദവിക്കനുസരിച്ച് സ്വീകരിക്കാതെ സാധാരണ നിലയിൽ പെരുമാറിയതു കണ്ടപ്പോൾ രാമസിംഹന്നു വലിയ വ്യസനം തോന്നി. ശിവാജിയാകട്ടെ തൻെറ ഉള്ളിൽ തോന്നിയതു പുറത്തു കാണിക്കാതേ അറംഗസീബിനെ കാണ്മാനായി നേരെ അരമനയിലേക്കുചെല്ലുകയാണുണ്ടായത്. അന്ന് അറംഗസീബ് ആഗ്രയിൽതന്നെയാണ് ഇരുന്നിരുന്നത്. ശിവാജി പാദ്ഷയുടെ ആസ്ഥാനസഭയിലേക്കു ചെന്ന് അവിടുത്തെ പതിവുപ്രകാരമുള്ള ആചാരോപചാരങ്ങൾ ചെയ്കയും മുപ്പതിനായിരം ഉറുപ്പിക അടിയറ വെക്കുകയും ചെയ്തു. അറംഗസീബ് ശിവാജിയോടു തൻെറ സൈന്യത്തിൽ ഒരു സാമാന്യനായകനായിരിക്കുവാനാണ് കല്പിച്ചത്. സാമാന്യസേനാനായകൻ എന്നുവെച്ചാൽ 5000 പടയാളികളുടെ നായകൻ എന്നാണർത്ഥം. അതിനുമേലെ പതിനായിരത്തിൻെറ നാഥനായിട്ട് ഒരു മദ്ധ്യസേനാപതിയും, ഇരുപതിനായിരത്തിൻെറ നായകനായിട്ട പ്രധാനസേനാപതിയും ഉണ്ട്. ശിവാജിക്ക് ഉയന്ന പദവി കൊടുക്കാതെ എത്രയും താഴ്ന്ന,—അദ്ദേഹത്തിൻെറ പുത്രൻ സാംബാജിക്കുള്ളതുപോലെയുള്ള,— ഒരു സാധാരണ സേനാപതിയുടെ പദവി മാത്രം കൊടുത്തത് അറംഗസീബ് കല്പിച്ചുകൂട്ടി ശിവാജിയെ അപമാനിക്കുവാൻവേണ്ടി ചെയ്തതാണ്. ശിവാജിയുടെ പേരിൽ അറംഗസീബിന്നുള്ള സുഖക്കേടാണ് അദ്ദേഹത്തെ ഇങ്ങിനെ ചെയ്വാൻ പ്രേരിപ്പിച്ചത്.

അറംഗസീബ് പ്രത്യക്ഷത്തിൽ ചെയ്തതായ ഈ അപമാനം ശിവാജിക്കു സഹിപ്പാൻ കഴിഞ്ഞില്ല. പന്തിരായിരം സൈന്യങ്ങളുടെ നേതാവും, അനവധി യുദ്ധങ്ങളിൽ അത്ഭുതമായപരാക്രമം കാണിച്ചിട്ടുള്ള മഹാവീരനുമായ ശിവാജിക്ക് ഈ അപമാനത്തിൽ കുണ്ഠിതം തോന്നിയതിൽ ആശ്ചയ്യവുമില്ല. പാദ്ഷയുടെ കല്പന ക്രൂരനാരാചംപോലെയാണു ശിവാജിയുടെ

ചെവിയിൽ തറച്ചത്. രാമസിംഹനും ഇതിൽ വലിയ സുഖ ക്കേടുതോന്നി. ശിവാജി അറംഗസീബിനോട് ഇങ്ങിനെ പ റഞ്ഞു:—"പ്രഭോ! നിങ്ങൾ എന്നോടു വരുവാൻ കല്പിച്ചതു കൊണ്ടാണ ഞാനിവിടെ വന്നത്. ഇങ്ങിനെ പ്രവൎത്തിക്കുമെ ന്നറിഞ്ഞിരുന്നുവെങ്കിൽ ഞാനിവിടെ വരികയില്ലായിരുന്നു!" ഇതു കേട്ടപ്പോൾ പാദ്ഷാ കോപത്തോടുകൂടി "ശരി; ഇനി ഇങ്ങോട്ടു വരേണ്ട. എന്നോടു വല്ലതും സംസാരിക്കേണ്ടതായി വന്നാൽ ദൂതൻ മുഖേന അറിയിച്ചാൽ മതി" എന്നു ശിവാജി യോടും പറഞ്ഞു. ഉടൻതന്നെ അറംഗസീബ് ശിവാജിയെ ടാജ്മഹാളിന്നടുത്ത ഒരു മാളികയിൽ കൊണ്ടുപോയാക്കു വാൻ കല്പിക്കുകയും, പരിചാരകന്മാർ അദ്ദേഹത്തെ അവിടേ ക്കു കൊണ്ടുപോകയും ചെയ്തു.

ശിവാജിയെ താമസിപ്പിച്ച മാളികയുടെ ചുററും മഹമ്മ ദീയഭടന്മാരെ കാവലായി നിയമിച്ചിരുന്നു. അതു കണ്ടപ്പോ ളാണ ശിവാജിക്ക് അറംഗസീബ് ചെയ്ത ചതി മനസ്സിലായ ത്. താനിപ്പോൾ ദില്ലിപാദ്ഷയുടെ അരമനയിൽ ഒരു തട വുകാരൻെറ നിലയിലാണിരിക്കുന്നതെന്നു ശിവാജിക്കു മനസ്സി ലായി. മാളികയിൽനിന്നു പുറത്തു പോകാൻ കാവല്ക്കാർ അ നുവദിക്കുകയില്ല. വല്ല വിധത്തിലും പുറത്തു ചാടിയെങ്കി ലോ അറാംഗസീബ് ശിരശ്ഛേദം ചെയ്യാൻ തന്നെ കല്പിച്ചേ ക്കും. ഒന്നും ചെയ്യാതിരിക്കുന്നപക്ഷം ജീവപൎയ്യന്തം ഈ മാളി കയിൽത്തന്നെ തടവുകാരനായിരുന്നു കാലം കഴിക്കേണ്ടിവരി കയും ചെയ്യും. എന്തു ചെയ്തിട്ടെങ്കിലും ഈ നരകത്തിൽ പു റത്തു ചാടേണമെന്നുറച്ച ശിവാജി രഘുനാഥപണ്ഡിനെ ദൂതനാ യി അയച്ച്, തന്നെ വിട്ടയയ്ക്കുവാൻ അറംഗസീബിനോടപേ ക്ഷിച്ചു. പക്ഷേ ഫലമുണ്ടായില്ല. അതിന്നുശേഷം ശിവാജി രാമസിംഹനെ എഴുത്തയച്ചു വരുത്തി അദ്ദേഹത്തെക്കൊണ്ടു ദൂ ത് പറയിച്ചപ്പോൾ, പാദ്ഷാ "എനിക്കിനി ഒന്നും പറവാനി ല്ല. ശിവാജി ഇനി ദക്ഷിണദേശത്തേയ്ക്കു പോകാൻ പാടില്ല. പോയേ കഴിയൂ എന്നുണ്ടെങ്കിൽ സാംബാജിയെ ഇവിടെ പക

രം നിൎത്തി പോയ്ക്കൊള്ളട്ടേ” എന്നാണു പറഞ്ഞത്. അതു
ശിവാജിക്കും സമ്മതമായില്ല. സാംബാജിയെ ഇവിടെ തനി
ക്കു പകരം നിൎത്തി പോകുന്നതായാൽ സാംബാജിയെ എന്നെ
ന്നേക്കുമായി വിട്ടുപിരിയേണ്ടതായിവരും. ആയതു മഹാരാഷ്ട്ര
രാജ്യത്തോടു ചെയ്യുന്ന ഘോരമായ ഒരു ദ്രോഹമായിപ്പരിണമി
ക്കും. ആ പക്ഷം ഏതായാലും സ്വീകരിക്കുകവയ്യെന്നു ശിവാ
ജി തീൎച്ചപ്പെടുത്തി. അനന്തരം ശിവാജി, തന്നെ സ്വദേശ
ത്തേയ്ക്കു പോകാനനുവദിക്കയില്ലെങ്കിൽ തന്റെ സൈന്യങ്ങളെ
യെങ്കിലും അങ്ങോട്ടു പറഞ്ഞയയ്ക്കുവാൻ സമ്മതിക്കേണമെന്ന
പേക്ഷിക്കുകയും, അറംഗസീബ് അതു സമ്മതിക്കുകയും ചെയ്തു.
ശിവാജിയുടെ സൈന്യങ്ങൾ വളരെ കുണ്ഠിതത്തോടുകൂടി മഹാ
രാഷ്ട്രത്തിലേയ്ക്കു മടങ്ങിപ്പോയി. അല്പം ചില വിശ്വസ്തമിത്ര
ങ്ങളെ മാത്രം അയച്ചില്ല.

അനന്തരം ശിവാജി അറംഗസീബിന്റെ മാളികയിൽനി
ന്ന ചാടിപ്പോവാനുള്ള മാൎഗ്ഗം എന്താണെന്നാണ് ആലോചി
ച്ചത്. ഏററവും ബുദ്ധിപൂൎവ്വമായ ചില ഉപായങ്ങളാണു ശി
വാജി എടുത്തു പ്രയോഗിച്ചത്. ശിവാജി താമസിക്കുന്ന കാ
രാഗൃഹത്തിന്റെ കാവല്ക്കാരൻ പോളട്ഖാൻ എന്നൊരാളാ
യിരുന്നു. അദ്ദേഹത്തോടു തനിക്കിനി സ്വദേശത്തേയ്ക്കു പോകേ
ണമെന്നു മോഹമില്ലെന്നും, തന്റെ ഭാൎയ്യയേയും മക്കളേയും ഇ
ങ്ങോട്ടു വരുത്തുവാനാണ് ആലോചിക്കുന്നതെന്നും അദ്ദേഹം
പറഞ്ഞു. അറംഗസീബ് ശിവാജിക്കു നിത്യത ചിലവിന്നു
വേണ്ട സാധനങ്ങളെല്ലാം യാതൊരു ലോഭവും കൂടാതെ കൊടു
ത്തയച്ചിരുന്നു. അതുകൊണ്ട് അദ്ദേഹം ഫലവക തീൻപ
ണ്ടങ്ങൾ ഉണ്ടാക്കിച്ച് അവിടെയുള്ളവൎക്കെല്ലാം ധാരാളം കൊ
ടുക്കുക പതിവായിരുന്നു. ഇങ്ങിനെ കുറച്ചു ദിവസം കഴിഞ്ഞ
പ്പോൾ ശിവാജി തന്റെ കൂടെ വന്നവരും ആഗ്രയിൽ തന്നെ
താമസിക്കുന്നവരുമായ സ്നേഹിതന്മാൎക്കു, തന്റെ സ്വദേശത്തു
ണ്ടാക്കുന്ന തരത്തിലുള്ള പലഹാരങ്ങൾ ഉണ്ടാക്കി അയച്ചുകൊ
ടുക്കുവാൻ അനുവാദം വാങ്ങി അതുപ്രകാരം ചെയ്തു. അതുമൂ

തൽ ശിവാജി നിത്യവും ഒരു വലിയ കൊട്ട നിറച്ച് പലഹാരങ്ങളുണ്ടാക്കിച്ച് തന്റെ സ്നേഹിതന്മാൎക്കയച്ചുതുടങ്ങി. ഇങ്ങിനെ നടന്നുവരുന്നതിന്നിടയിൽ ഒരു ദിവസം ശിവാജി തനിക്കു ദേഹസൌഖ്യമില്ലെന്ന് അരമനയിൽ അറിയിക്കുകയുണ്ടായി. ഉടൻതന്നെ ദേഹപരിശോധനയ്ക്കായി വൈദ്യന്മാർ വന്നു. അവർ പരിശോധിച്ചതിൽ ക്രമേണ സുഖപ്പെട്ടു വരുന്നതായിപ്പറഞ്ഞു. രണ്ടു ദിവസത്തിന്നുള്ളിൽ നല്ലവണ്ണം സുഖമാകുമെന്നും പറഞ്ഞു. തനിക്കു ദേഹസൌഖ്യം കിട്ടുന്നതുവരെ തന്റെ സ്നേഹിതന്മാർ വ്യസനിക്കാതിരിക്കുവാനായി പതിവിലധികം പലഹാരങ്ങളുണ്ടാക്കി അവൎക്കയക്കേണ്ടമെന്നു വിചാരിക്കുന്നുവെന്നും ആയതിന്നു കുറെ അധികം കൊട്ടകൾ വേണമെന്നും ശിവാജി അറിയിച്ചപ്രകാരം കൊട്ടകൾ വന്നുചേൎന്നു. ഈ കൊട്ടകളിൽ ഒന്നിൽ ശിവാജിയും മറ്റൊന്നിൽ സാംബാജിയും കടന്നിരുന്നു. കൊട്ടകളിൽ പലവക പലഹാരങ്ങൾ നിറച്ചു വേലക്കാർ അവയെ എടുത്തുകൊണ്ടു പോകയായിരുന്നു പതിവ്. വേലക്കാർ ശിവാജിയുടെ സ്വന്തം ആളുകളുമായിരുന്നു. പ്രസ്തുതദിവസം പതിവുപോലെ വേലക്കാർ കൊട്ടകൾ എടുത്തുകൊണ്ടുപോയ കൂട്ടത്തിൽ ഒരു കൊട്ടയിൽ ശിവാജിയും മറ്റൊന്നിൽ സാംബാജിയുമാണ് പലഹാരത്തിന്നുപകരം ഉണ്ടായിരുന്നത്. അന്നു മാളികയിലെ എല്ലാ വേലക്കാരും കൊട്ടകൾ എടുത്തുംകൊണ്ടു പുറത്തേക്കു പോയി. ഈരാജി പാസന്ത് എന്നൊരാൾ മാത്രമേ പോകാതെ ഉണ്ടായിരുന്നുള്ളു. അയാളാകട്ടേ ശിവാജിയെപ്പോലെ വേഷം ധരിച്ച് ദീനക്കാരന്റെ മാതിരി ശിവാജിയുടെ ശയ്യയിൽ ശയിക്കുകയാണുണ്ടായത്. കൊട്ടകളിലിരുന്നു യാത്രചെയ്തു ശിവാജിയും സാംബാജിയും, മോറോപിംഗളയുടെ പുത്രന്മാരായ അണ്ണാജി, കേശോജി എന്നിവരുടെ വസതിയിൽ എത്തിച്ചേൎന്നു. അവിടെവെച്ച് ആലോചിച്ചതിൽ ശിവാജി ഇനി സ്വന്തവേഷത്തിൽ ഇരിക്കുന്നത് അപായകരമാണെന്നും, താടിയും തലമുടിയും കളഞ്ഞു കാവിവസ്ത്രം ധരിച്ച്

ദണ്ഡും കമണ്ഡലുവുംമേന്തി ഒരു സന്ന്യാസിയാവുകയാണ് നല്ല തെന്നും തിച്ചപ്പെട്ടത്തി അതുപ്രകാരം ചെയ്തു. സാംബാജി യോടുകൂടി പോകുന്നതായാൽ മൊഗളന്മാർ അറിഞ്ഞുവശാവു മെന്നു കരുതി സാംബാജിയെ കൃഷ്ണാജിയുടെ അമ്മയുടെ കൈ യിൽ ഏല്പിക്കുകയാണുണ്ടായത്. പോകാറായപ്പോഴക്ക് മാ ളികയിൽ ബാക്കിയുണ്ടായിരുന്ന ഈറാജിയും വന്നുചേൻ. അ യാഠം അങ്ങാടിയിലേക്കു പോകയാണെന്നു പറഞ്ഞ് കാവല്ക്കാ രോട് അനുവാദം വാങ്ങിട്ടാണ് വന്നത്. ഇങ്ങിനെ ആ ദി വസം രാത്രിതന്നെ എല്ലാവരുംകൂടി ആഗ്രാനഗരം വിട്ടുപോ യി. നേരം പുലന്നു നോക്കിയപ്പോഠം മാളികയുടെ ഉള്ളിൽ ആരുമില്ല! വേലക്കാരും ശിവാജിയും എല്ലാം എവിടെയാണെ ന്ന് ആക്കും വിവരവുമില്ല! ശിവാജിയുടെ കിടക്ക മാത്രം അവി ടെ കാണ്മാനുണ്ടായിരുന്നു. ഈ വിവരം ഉടൻതന്നെ കാവ ല്ക്കാരൻ പാദ്ഷയെ അറിയിച്ചു. പാദ്ഷ ആളുകളെ അയച്ച് മഥുരയിലെല്ലാം തിരയിച്ചുവെങ്കിലും ശിവാജിയെ കണ്ടുകി ട്ടിയില്ല.

സന്ന്യാസിവേഷധാരിയായ ശിവാജി, ശ്രീകാശിയിൽ പോയി ഗംഗാസ്നാനം കഴിച്ച്, ആ വഴിയെ പ്രയാഗയിൽ എ ത്തി ത്രിവേണിസ്നാനംചെയ്ത്, ഗയാക്ഷേത്രത്തിൽ ചെന്ന് ഗ യാശ്രാദ്ധവുമൂട്ടി, ബങ്കാളത്തിൽ എത്തുകയും അവിടെനിന്നു ഇണ്ടോർ സംസ്ഥാനം വഴിക്ക് ദക്ഷിണദേശത്തേക്കു പോരുക യും ചെയ്തു. ദക്ഷിണദേശത്തിൽ വന്നിട്ടും വളരെ ദൂരം കാൽ നടയായി യാത്രചെയ്യേണ്ടിവന്നു. കുറെ പോയപ്പോഠം മഹാ രാഷ്ട്രരായ അശ്വഭടന്മാർ താമസിക്കുന്ന ഒരു ഗ്രാമത്തിൽ എ ത്തി. പൂനാനഗരം സമീപിച്ചപ്പോഠം, ഇനി മൊഗളന്മാരെ ശങ്കിക്കാനില്ലെന്നുറച്ച് തൻെറ വരവിനെപ്പററി എല്ലാവരും അറിയത്തക്കവിധം ഒരു വിജ്ഞാപനം നാട്ടിലൊക്കയും പര ത്തി. പൂനയിൽനിന്നു ശിവാജി രായഘഡയിലേക്കു ചെന്ന് തൻെറ പ്രിയ മാതാവിനെ കണ്ട് അഭിവാദ്യം ചെയ്തു. അമ്മ ശിവാജിയെ ഇനി കാണ്മാൻ സാധിക്കുമോ എന്നു സംശയിച്ചി

രുന്നതുകൊണ്ട് അപ്രതീക്ഷിതമായ ഈ ആഗമനത്തിൽ അത്യധികം സന്തോഷിച്ച്, തൻെറ പ്രിയപുത്രനെ ഗാഢമായി ആലിംഗനം ചെയ്തു. ശിവാജിയുടെ ഭാര്യമാർ ആനന്ദസാഗരത്തിൽ മുഴുകി. എങ്കിലും സാംബാജി വരാത്തതിനെ വിചാരിച്ച് എല്ലാവരും ദുഃഖിച്ചുംകൊണ്ടാണിരുന്നത്. അങ്ങിനെ ഇരിക്കുമ്പോൾ ഒരു ദിവസം കേശോജിയും സാംബാജിയും കൂടി വന്നുചേൎന്നു. സാംബാജിയും കൂടി വന്നപ്പോൾ ശിവാജിയുടെ കുടുംബത്തിൽ ഉണ്ടായ ആനന്ദം അവാച്യമായിരുന്നു. അനന്തരം തങ്ങളുടെ ജീവനെ രക്ഷിച്ച മൂന്നുഭപക്ഷം (പലഹാരക്കൊട്ടകളെടുത്ത രണ്ടുപേൎക്കും ഈറാജിക്കും) അവരുടെ അമ്മയ്ക്കും ഇരുപത്തയ്യായിരം ഉറപ്പികവീതവും, സാംബാജിയെ കേടുകൂടാതെ കൊണ്ടുവന്ന കേശോജിക്ക് ഇരുപത്തയ്യായിരം ഉറപ്പികയും ശിവാജി സമ്മാനം കൊടുത്തു. സാംബാജിയുടെ വരവോടുകൂടി ശിവാജിക്കുണ്ടായിരുന്ന വലുതായ ഒരാപത്ത് ഒഴിഞ്ഞു.

മേൽപ്രകാരം അറംഗസീബിൻെറ വലയിൽനിന്നു വിട്ടുപോന്നതിനുശേഷം ശിവാജിക്കുണ്ടായ ആഗ്രഹം, തന്നെയും സാംബാജിയേയും ചതിച്ചു കൊല്ലാനൊരുങ്ങിയ അറംഗസീബിനെ ഒരു പാഠം പഠിപ്പിക്കേണമെന്നായിരുന്നു. അന്ന് അതിനുള്ള ചില വഴികളും കാണ്മാനുണ്ടായിരുന്നു. അറംഗസീബിൻെറ പ്രധാന സൈന്യാധിപതിയായ ജയസിംഹൻ ബിജപ്പൂരിനെ ആക്രമിക്കുന്നതിനെ എതിൎക്കുവാനായി സുൽത്താൻ ഗോല്ക്കോണ്ടാ രാജാവിനോടു സഹായം ആവശ്യപ്പെടുകയും അതുപ്രകാരം ഗോല്ക്കോണ്ടയിൽനിന്നു സൈന്യങ്ങളെ അയച്ചുകൊടുക്കുകയും ചെയ്തിരുന്നു. അപ്പോൾ ബിജപ്പൂരിൻെറ ഭാഗത്തു ശക്തി വളരെക്കൂടിയതുകൊണ്ടു തല്ക്കാലം ബിജപ്പൂരിനോടെതിരിടുന്നത് അസാദ്ധ്യമാണെന്നു ജയസിംഹൻ അറംഗസീബിനെഴുതുകയും, അതിന്നു മറുവടിവന്നാൽ ഡില്ലിയിലേക്കു മടങ്ങാനുള്ള ഒരുക്കത്തോടുകൂടി അദ്ദേഹം ബിജപ്പൂർ അതിൎത്തിയിൽനിന്ന് ഒഴിച്ചുപോകയും ചെയ്തു. ഈ വക വിവരങ്ങൾ ശി

ച ജിക്ക് അറിവു കിട്ടിയപ്പോൾ "ഇതുതന്നെ തരം" എന്നു കരുതി അദ്ദേഹം സൈന്യസന്നാഹംചെയ്തു പുറപ്പെട്ടു. ശിവാജിയും സൈന്യവും കടന്നുചെന്നു കൊങ്കണത്തിന്റെ നേരെ ഒരു വലിയ യുദ്ധം നടത്തുകയും അതിൽവെച്ചു കൊങ്കണം ശിവാജിക്കു സ്വാധീനമാകയും, അതോടുകൂടി താൻ കൈവിട്ടുപോയ കോട്ടകളെല്ലാം വീണ്ടും കൈവശമാകയും ചെയ്തു.

ഇത്രയുമായപ്പോൾ അറംഗസീബ് ജയസിംഹന്റെ പേരിൽ സംശയംതോന്നി അദ്ദേഹത്തിന്നു ഉടനെ ഡില്ലിയ്ക്കു മടങ്ങുവാൻ കല്പന കൊടുത്തു. ജയസിംഹന്നു ബീജപ്പൂർ ആക്രമിക്കുന്നതിലുള്ള മന്ദതയും, രാമസിംഹൻ ശിവാജിക്കുവേണ്ടി തന്നോടു ശിപാർശി പറഞ്ഞതും എല്ലാംകൂടി തട്ടിച്ചുനോക്കിയപ്പോൾ "ഇതിലെന്തോ ഉണ്ടെ"ന്നു അറംഗസീബ് ധരിച്ചുവശാവുകയാലാണ് ഇങ്ങിനെ ചെയ്തത്. ജയസിംഹൻ അറംഗസീബിന്റെ കല്പനപ്രകാരം ഡില്ലിയിലേക്കു മടങ്ങുകയും, പോകുംവഴിയിൽ ബർഹാമ്പൂരിൽവെച്ചു 1667-ൽ ചരമഗതിയെ പ്രാപിക്കുകയും ചെയ്തു. ജയസിംഹന്നു പകരം സേനാപതിയായി അറംഗസീബ് നിയമിച്ചയച്ചതു തന്റെ പുത്രനും യുവരാജാവുമായ മൂസിമ്മിനെയായിരുന്നു. ഈ മൂസ്സിം സ്വതേതന്നെ യുദ്ധത്തിൽ ഇഷ്ടമുള്ളവനല്ല. പോരെങ്കിൽ ശിവാജിയുടെ ഗുണങ്ങളെ അറിയുന്നവനും ശിവാജിയെപ്പററി ബഹുമാനമുള്ളാളും കൂടിയാണ്. ഇദ്ദേഹം ശിവാജിയുമായി യുദ്ധം ചെയ്യാനൊരുങ്ങാതെ ഒരു സന്ധിചെയ്കയാണുണ്ടായത്. ഈ സന്ധിയുണ്ടായത് 1668-ൽ ആണ്. ഈ സന്ധി ശിവാജിക്കു വളരെ ഗുണമായിട്ടായിരുന്നു. ഇതിന്നു പുറമേ ബീജപ്പൂർ സുൽത്താനും മൊഗള സാമ്രാജ്യവുമായി ഒരു പുതിയ സന്ധിപത്രവും എഴുതി കൈമാറുകയുണ്ടായി. ഇവയുടെയെല്ലാം ഫലമായി ശിവാജിയുടെ കൈയിൽനിന്നു പോയ്പോയ കോട്ടകളെല്ലാം വീണ്ടും അദ്ദേഹത്തിന്നു കിട്ടുകയും, അദ്ദേഹം പൂർവ്വാധികം പ്രബലനായിത്തീരുകയും ചെയ്തു.

മൂസ്സിം യുവരാജാവിന്റെ ഉത്സാഹത്തിൽ നടന്ന പുതിയ

ഉടമ്പടി അറംഗസീബിന്നു ലേശംപോലും ബോധിച്ചില്ല. മൂസ്സിമും ശിവാജിയും തമ്മിൽ വളരെ മൈത്രിയാണെന്നും, തൻെറ കിഴിലുള്ള ഹിന്ദുസൈന്യാധിപന്മാരെല്ലാം ശിവാജിയെ ഉള്ളു കൊണ്ടു സഹായിക്കുന്നവരാണെന്നും അറംഗസീബ് അറിഞ്ഞിരുന്നു. മൂസ്സിമ്മിന്നു ശിവാജിയേയും ശിവാജിക്കു മൂസ്സിമ്മിനേയും എതിക്കുവാനിഷ്ടമില്ലെന്നും ധരിക്കാഴ്കയില്ല. എങ്കിലും അറംഗസീബ് ശിവാജിയേയും പ്രതാപറാവുവിനേയും അടിയന്തരമായി പിടിച്ചു തടവിലാക്കുവാൻ മൂസ്സിമ്മിന്ന് ഒരു കല്പന കൊടുത്തു. ഈ കല്പന കൈയിൽ കിട്ടുന്നതിന്നുമുമ്പായിത്തന്നെ മൂസ്സിം അതിലെ സംഗതി ധരിച്ചിരുന്നതുകൊണ്ട് അദ്ദേഹം ശിവാജിയുടെ വിദേശമന്ത്രി മുഖേന പാദ്ഷയുടെ ഉദ്ദേശം ശിവാജിയേയും പ്രതാപറാവുവിനേയും അറിയിക്കുകയുണ്ടായി. പ്രതാപറാവു ഉടൻതന്നെ മഹാരാഷ്ട്ര സൈന്യങ്ങളെ ഒരു ക്കൂട്ടി ശിവാജിയുടെ അരികിൽ ചെന്നുചേന്നു. അപ്പോഠം അദ്ദേഹം മൊഗളന്മാരുടെ നേരെ വലിയ ക്ഷാത്രത്തോടുകൂടി ക്രോധനാഗ്രാക്ഷനായി ഇരിക്കുന്ന സമയമായിരുന്നു. ശിവാജി പറഞ്ഞു:—"രണ്ടുവഷമായി മൊഗളന്മാർ നമ്മുടെ അശ്വസൈന്യങ്ങഠംക്കു വിശ്രമസുഖം നൽകുകയായിരുന്നു. അവരുടെ രക്ഷകൊണ്ടു കുതിരകഠംക്ക് എത്രത്തോളം ശക്തിയുണ്ടായിട്ടുണ്ടെന്ന് ഇപ്പോഠം അവക്കു കാണിച്ചുകൊടുത്തേക്കാം." സിംഹഘടയിലും പുരന്ദരൻകോട്ടയിലും അപ്പോഴും മൊഗഠംസൈന്യങ്ങഠം ഉണ്ടായിരുന്നു. അവരെ ഉടൻതന്നെ അവിടെനിന്നു ബഹിഷ്കരിക്കേണമെന്നും, അടുത്തകാലത്ത് അറംഗസീബ് തന്നോടുചെയ്ത വിരോധം നിമിത്തം ഇനിമേലിൽ മൊഗളന്മാരുമായി മൈത്രിയിലിരിപ്പാൻ സാധിക്കുകയില്ലെന്നും ശിവാജി തീരുമാനിച്ചു. സിംഹഘടയിലും പുരന്ദരൻകോട്ടയിലുമുള്ള മൊഗളന്മാരെ അടിച്ചുപുറത്താക്കിയാൽ മഹാരാഷ്ട്രം മുഴുവൻ തൻെറ ഏകനായകത്വത്തിൽ വന്ന് അഭിവൃദ്ധിയെ പ്രാപിക്കുമെന്നു ശിവാജിക്കു നല്ല ഉറപ്പുണ്ടായിരുന്നു.

സിംഹഘടയെ മൊഗളന്മാരിൽനിന്നു വിണ്ടെടുത്തതിനെ

പ്പററി തുളസീദാസ്ഷാഫീർ എന്നാളുടെ പുസ്തകത്തിൽ രസകരമായ ഒരു കഥ പറഞ്ഞിട്ടുണ്ട്. ആ കോട്ടയിൽ മൊഗളന്മാർ താമസിക്കുന്നതുകണ്ടു ജീജാഭായിക്കു വലിയ സുഖഃക്കടുണ്ടായി. ജിജാഭായി രാവിലെ എഴുന്നേററു ദന്തച്ചീപ്പുകൊണ്ടു തലമുടി ചീകുകയായിരുന്നു. അതിന്നിടയിൽ അവരുടെ ദൃഷ്ടി കിഴക്കു സിംഹഘടയിന്മേൽ പതിപ്പിക്കുവാനിടയായി. ബാലാരുണന്റെ കിരണകന്ദളങ്ങൾ തട്ടി സിംഹഘടയുടെ ശിഖരം ഉജ്ജ്വലകാന്തിയോടുകൂടി മിന്നിത്തിളങ്ങുന്നു. അതുകണ്ടപ്പോൾ ജീജാഭായി, ആ മനോഹരപ്രദേശത്തു താമസിക്കുന്ന മൊഗളന്മാരുടെ നേരെ വലിയ കോപത്തോടുകൂടി, ഒരു ദൂതനെ വിളിച്ചു "ശിവാജിയോട് ഇപ്പോൾത്തന്നെ അടിയന്തരമായി ഇവിടെ വരുവാൻ ഞാൻ പറഞ്ഞതായി ചെന്നുപറയുക" എന്നു കല്പിച്ചയച്ചു. ശിവാജി അമ്മയുടെ കല്പനയെ ഒരിക്കലും തള്ളാത്തവനാണെന്നു പറയേണ്ടതില്ലല്ലോ. അദ്ദേഹം തൽക്ഷണംതന്നെ സർവ്വായുധങ്ങളും എടുത്തു തന്റെ എത്രയും പ്രിയപ്പെട്ട "കൃഷ്ണൻ" എന്ന കുതിരയുടെ പുറത്തുകയറി പ്രതാപഘടയിൽ എത്തി.

ശിവാജി അമ്മയെ നമസ്കരിച്ചതിന്നുശേഷം "ഇത്ര അടിയന്തരമായി എന്നെ ആളയച്ചുവരുത്തിയതെന്തിനാണ്" എന്നു ചോദിച്ചതിന്ന് ഉത്തരമൊന്നും പറയാതെ ജീജാഭായി ശിവാജിയോടു താനുമായി കുറച്ചുനേരം ചൂതു കളിക്കുവാൻ ആവശ്യപ്പെടുകയാണുണ്ടായത്. ശിവാജി അതിന്ന് ആദ്യം സമ്മതിച്ചില്ലെങ്കിലും അമ്മയുടെ നിർബ്ബന്ധം കലശലായപ്പോൾ മനമല്ലാമനസ്സോടെ ഒരു വിധം ചൂതു കളിപ്പാനൊരുങ്ങി. രണ്ടുപേരുംകൂടി കുറച്ചുനേരം കളിച്ചതിൽ അമ്മ മകനേ പരാജിതനാക്കി. കളിയിൽ ജയിച്ചതിന്ന് അമ്മയ്ക്കെന്താണു വേണ്ടതെന്നു ശിവാജി ചോദിച്ചതിന്നു തനിക്കു സിംഹഘടയാണ് തരേണ്ടതെന്നു ജിജാഭായി പറഞ്ഞു. "സിംഹഘട തല്ക്കാലം മൊഗളന്മാരുടെ കൈവശമാണല്ലോ" എന്നു ശിവാജി പറഞ്ഞപ്പോൾ "അതുകൊണ്ടുതന്നെയാണ് ഞാനതാവശ്യപ്പെടുന്നത്" എന്ന്

അമ്മ മറുവടി പറഞ്ഞു ഒടുവിൽ ശിവാജി സിംഹഘടയെ മൊഗളന്മാരിൽനിന്നു വേർപെടുത്തിക്കൊടുക്കാമെന്നു വാഗ്ദത്തം ചെയ്തു. പിന്നെ ഈ വാഗ്ദത്തം നിറവേററുന്നതിന്നുവേണ്ടി സിംഹഘടയിലുള്ള മൊഗളന്മാരോടെതിൎത്തു കോട്ട കരസ്ഥമാക്കുവാൻ ആരേയാണയയ്ക്കുക നല്ലതെന്നാലോചിച്ചതിൽ താനാജിമാലസുരയാണ് അതിന്നു ഷററിയ ആളെന്നു ശിവാജി തിച്ചപ്പെടുത്തി. ശിവാജിയുടെ ദൂതൻ താനാജിയെച്ചെന്നുകണ്ട സമയത്ത് അദ്ദേഹം തൻെറ മകൻെറ വിവാഹം നടത്തിക്കുന്ന കാൎയ്യത്തിൽ ഏൎപ്പെട്ടിരിക്കയായിരുന്നു. ശിവാജിയുടെ സന്ദേശം മനസ്സിലായപ്പോൾ വിവാഹം മററൊരവസരത്തിലേക്കു നീട്ടിവെയ്ക്കുകയും, ഉടൻതന്നെ പന്തിരായിരം സൈന്യങ്ങളോടുകൂടി രാജഘടയിലേക്കു പോകയുമാണ് താനാജി ചെയ്തത്. താനാജി വന്നുചേൎന്നപ്പോൾ ശിവാജിക്കു വലിയ സന്തോഷമുണ്ടായി. താനാജിക്കാകട്ടേ തന്നെ ഇത്ര ബദ്ധപ്പെടുവിച്ചതിൽ കുറെ ശുണ്ഠിയാണുണ്ടായത്. "എന്തിനാണ് എന്നെ ഇത്ര ധൃതിയായി വരുത്തിയത്" എന്നു താനാജി ചോദിച്ചതിന്നു "ഞാനല്ല, അമ്മയാണു താങ്കളെ വരുത്തിയിരിക്കുന്നത്" എന്നാണ് ശിവാജിയുടെ മറുവടിയുണ്ടായത്. താനാജി അപ്പോൾതന്നെ പോയി ജീജാഭായിയെ കണ്ടുസംസാരിച്ചതിൽ, ആ വീരമാതാവ് "എനിക്കു സിംഹഘടയെ തരുന്നതായാൽ ഞാൻ നിങ്ങളെ ശിവാജിയുടെ സഹോദരനായി വിചാരിക്കുന്നതാണ്" എന്നു പറഞ്ഞു. ഈ വാക്കു കേട്ട ഉടനെ താനാജി അവിടെനിന്നു പോരുകയും, സിംഹഘടയെ ആക്രമിക്കുവാനുള്ള ഒരുക്കങ്ങൾ ചെയ്വാൻ തുടങ്ങുകയും ചെയ്തു.

സിംഹഘട അന്നു മൊഗളന്മാരുടെ അധീനത്തിലാണല്ലോ ഇരുന്നിരുന്നത്. അവർ വളരെ ജാഗ്രതയായി ആ കോട്ടയിൽ കാവൽ ഏൎപ്പെടുത്തിയിരുന്നു. കോട്ടയ്ക്കകത്തു താമസിക്കുന്നവൎക്കു വളരെക്കാലത്തേക്കു വേണ്ട ഭക്ഷണസാധനങ്ങൾ ഒന്നിച്ചു ശേഖരിച്ചിരുന്നതുകൊണ്ടു കോട്ടയെ വളരെക്കാലം സൈന്യങ്ങൾ വളഞ്ഞുനില്ക്കുന്നതായാൽക്കൂടിയും മൊഗളന്മാ

ക്കു നില്ക്കക്കള്ളിയുണ്ടായിരുന്നു. കൂടാതെ കോട്ടയുടെ മതിലുകൾക്കു നല്ല ഉയരവും ഉറപ്പും ഉള്ളതുകൊണ്ട് എതിരാളികൾക്ക് ആക്രമിപ്പാൻ വളരെ പ്രയാസവുമായിരുന്നു. എങ്കിലും സമൎത്ഥനായ താനാജി ഇരുപതിനായിരം പടയാളികളോടുകൂടി അതിശക്തിയോടുകൂടിയ ഒരാക്രമണത്തിന്നുള്ള ഒരുക്കങ്ങളെല്ലാം ചെയ്തു. പ്രത്യക്ഷമായ ആക്രമണത്തിന്നു മുമ്പെ അദ്ദേഹം പടയാളികളെ ഒരു ഭാഗത്തു നിൎത്തി, താൻ വേഷപ്പച്ഛന്നനായി ശത്രുക്കൾ താമസിക്കുന്നതിന്നടുത്തുള്ള കാട്ടിലേക്കു പ്രവേശിച്ചു. ആ കാട്ടിൽ 'കോലി' ജാതിക്കാരായ ഒരു തരം കാടന്മാർ പാൎക്കുന്നുണ്ടായിരുന്നു. അവരുടെ സേവ പിടിച്ചു താനാജി അവരിൽനിന്നു കോട്ടയുടെ രഹസ്യങ്ങളെല്ലാം മനസ്സിലാക്കുകയും, കോട്ടയുടെ ഇടത്തു ഭാഗത്തു ഭേദ്യം ചെയ്താൽ അകത്തു കടപ്പാൻ സാധിക്കുമെന്നുള്ള മൎമ്മം ഗ്രഹിക്കുകയും ചെയ്തു. അനന്തരം താനാജി സമൎത്ഥന്മാരായ കുറെ ഭടന്മാരോടുകൂടി കോട്ടയുടെ ഇടത്തുഭാഗത്തുള്ള മതിലിന്റെ പിന്നിൽ ചെന്നു. പോകുമ്പോൾ ചില ദുൎന്നിമിത്തങ്ങൾ കണ്ടുവെങ്കിലും, കാൎയ്യസിദ്ധിയിലുള്ള സംരംഭംകൊണ്ട് അദ്ദേഹം അതൊന്നും അത്ര സാരമാക്കിയില്ല. താനാജി തന്റെ കൂടെ കോട്ടമതിൽ കയറുന്നതിൽ പ്രത്യേകം പഠിപ്പിച്ചിട്ടുള്ള ഒരു ഉടുമ്പിനെ കൊണ്ടുപോയിരുന്നു. അതിനെ അദ്ദേഹം മതിൽപ്പുറത്തേക്ക് എറിഞ്ഞു. ആ ഉടുമ്പ് ശരിയായിക്കയറി മതിലിന്റെ മുകളിൽ എത്തിച്ചേൎന്നപ്പോൾ ഭടന്മാർ ഓരോരുത്തരായി ഉടുമ്പിന്റെ വാലിന്മേൽ കെട്ടിയിരുന്ന കയറു പിടിച്ചുംകൊണ്ടും, യുദ്ധക്കത്തികൾ വായിൽ തിരുകിക്കൊണ്ടും മതിലിന്റെ മുകളിലേക്കു കയറിത്തുടങ്ങി. പ്രാചീനകാലത്തു മഹാരാഷ്ട്രത്തിൽ ശത്രുക്കളുടെ കോട്ടമതിൽ കയറിക്കടക്കുന്നതിന്ന് ഈ വിദ്യ സാധാരണമായി പ്രയോഗിച്ചിരുന്നു. പ്രകൃതത്തിൽ ഓരോരുത്തരായി കയറി ഉദ്ദേശം അമ്പതു പേർ മതിലിന്റെ മുകളിലെത്തിക്കൂടിയപ്പോൾ ഉടുമ്പിന്റെ വാലിന്മേൽ കെട്ടിയിരുന്ന നല്ലയറ് അററുപോയി. എങ്കിലും മുകളിൽക്കയറിയ വീരന്മാർ

അതിശക്തിയിൽ മൊഗളന്മാരോടെതിൎത്ത് അനവധി പേരെ കൊത്തിനുറുക്കി കാലപുരിക്കയച്ചു "വെട്ടെങ്കിൽ വെട്ടെന്തിനു മറെറാരാളെക്കൂട്ടാക്കുമോ ജീവനടങ്ങുവോളം" എന്നു മഹാരാഷ്ട്രക്കു സഹജമായിട്ടുള്ള സ്വഭാവത്തെ ആ വീരന്മാർ മൊഗളന്മാൎക്കു കാണിച്ചു കൊടുത്തു.

സിംഹഗഢയുടെ രക്ഷകനായി മൊഗളന്മാരാൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളതു ഉദിഫാൻ എന്നാളാണ്. അയാഠം ഏററവും ശ്രുതിപ്പെട്ട ഒരു യുദ്ധവീരനായിരുന്നു. അയാഠംക്കു പതിനൊന്നു ഭാൎയ്യമാരും പതിനൊന്നു പുത്രന്മാരും ഉണ്ടായിരുന്നു. ശത്രുക്കഠം കോട്ടയിൽ കടന്നു വളരെപ്പേരെ കൊന്നവിവരം ആളുകഠം ഓടിച്ചെന്ന് ഉദിഫാനെ അറിയിച്ചപ്പോഠം അയാഠം മധുപാനംകൊണ്ടു മത്തനായി തലക്കു വെളിവില്ലാതെ കിടക്കുകയായിരുന്നു. അയാഠം ഒരു പരിഭ്രമവും കൂടാതെ സിടിഹിലാൽ എന്നാളെ ശത്രുക്കളോടെതിൎക്കുവാനായി അയക്കുകയാണുണ്ടായത്. ഈ സിടിഹിലാൽ താനാജിയുടെ വാളിന്നിരയായിത്തീൎന്നു. സിടിഹിലാലിൻെറ മരണവൎത്തമാനം ചെന്നുപറഞ്ഞപ്പോഴും ഉദിഫാൻെറ തലക്കു നല്ല വെളിവു വന്നിരുന്നില്ല. അനന്തരം അയാളുടെ മക്കഠം മഹാരാഷ്ട്രരോടെതിരിട്ടുകയും, ഒരാളും ബാക്കിയില്ലാതെ എല്ലാവരും താനാജിയുടെ കൈകൊണ്ടു കൊല്ലപ്പെട്ടുകയും ചെയ്തു. ഇത്രയുമായപ്പോഴേ ഉദിഫാനു നല്ല ബോധം വീണുള്ളു. വിവരമെല്ലാം അറിഞ്ഞപ്പോഠം അയാഠം "ഇനി ഞാനിരുന്നിട്ടു ഫലമില്ല" എന്നുറച്ചു തൻെറ ഭാൎയ്യമാരെയെല്ലാം വെട്ടിക്കൊന്നു രക്തം പുരണ്ട ദേഹത്തോടുകൂടി താനാജിയോടെതിൎത്തു. അഫ്ഘൻ പടയാളികഠം സംശയസ്ഥാനമായ യുദ്ധത്തിന്നു പോകുമ്പോഠം ഭാൎയ്യമാരെ വെട്ടിക്കൊല്ലുന്നതു പതിവായിരുന്നു. യുദ്ധത്തിൽ തങ്ങഠം മരിച്ചുപോയാൽ പിന്നെ തങ്ങളുടെ ഭാൎയ്യമാർ ശത്രുക്കഠംക്കു വശപ്പെട്ടു ദുഷിച്ചുപോകരുത് എന്നുള്ള മുൻകരുതൽകൊണ്ടാണ് ഇങ്ങിനെ ചെയ്യുന്നത്. പ്രകൃതത്തിൽ ഇങ്ങിനെ "ചാവർവ്രതം" എടുത്തു വന്ന ഉദിഫാനും താനാജിയുമായുണ്ടാ

യ ഘോരസമരത്തിൽ ഉദിഫാൻെറ വെട്ടുകൊണ്ടു താനാജി മരിച്ചുപോയി. ഉദിഫാൻ താനാജിയെ വെട്ടിയതോടുകൂടി താനാജിയുടെ അമ്മാമനായ ഷിലോർ ഉദിഫാൻെറ തലയും വെട്ടി രണ്ടു തുണ്ടാക്കി. ഈ യുദ്ധം വളരെ നേരത്തേയ്ക്കു നീണ്ടുനിന്നു. അനേകം മൊഗളന്മാർ മരിക്കുകയും ചെയ്തു. ഒടുവിൽ മൊഗളന്മാർ തോല്ക്കുകയും സിംഹഘട മഹാരാഷ്ട്രരുടെ കൈവശമാകയും ചെയ്തു. താനാജിയുടെ മരണവത്തമാനം കേട്ടപ്പോൾ ശിവാജി വായുവേഗത്തിൽ അവിടെ എത്തി. ശിവാജി വരുന്നതു കണ്ടപ്പോൾ മഹാരാഷ്ട്രഭടന്മാർ അദ്ദേഹത്തിൻെറ ചുറവം ചെന്നുനിന്നു 'സിംഹഘട നമ്മുടെ കരസ്ഥമായി' എന്നറിയിച്ചു. അതിന്നു ശിവാജിയുടെ മറുവടി "സിംഹഘടാ കോട്ട നമുക്കു കിട്ടി. പക്ഷേ സിംഹം പൊയ്പ്പോയല്ലോ" എന്നായിരുന്നു. സിംഹഘട ശിവാജിയുടെ അധീനമായത് 1670 ഫിബ്രുവരി 17_ാംനു-യാണ്.

ഇപ്രകാരം സിംഹഘട പിടിച്ചടക്കിയതിന്നുശേഷം ശിവാജി പുരന്ദരൻകോട്ട കരസ്ഥമാക്കുവാനായി സൂൎയ്യാജി മാലസുരയെ അയയ്ക്കുകയും, അദ്ദേഹത്തിൻെറ സാമൎത്ഥ്യത്താൽ വലിയ പ്രയാസം കൂടാതെ തന്നെ പുരന്ദരൻ കോട്ട സ്വാധീനമാക്കുയും ചെയ്തു. അതോടുകൂടി ശിവാജിയുടെ നാട്ടിൽ മൊഗളന്മാൎക്ക് ഒരടി ഭൂമിപോലും ഇല്ലെന്നായി. ഇതിന്നുശേഷം ശിവാജി 1664_ാമതു വൎഷത്തിൽ മൊഗളസാമ്രാജ്യത്തിൻകീഴിലുള്ള സൂറത്ത് നഗരത്തിൽ ഒരു കൊള്ളക്കൂടി നടത്തി അനവധി ദ്രവ്യം കൈക്കലാക്കുകയുണ്ടായി. പിന്നെ ഒരഞ്ചുകൊല്ലംകൂടി കഴിഞ്ഞു 1670_ൽ വീണ്ടും ഒരിക്കൽകൂടി സൂറത്തിൽ ശിവാജി ഒരു കൊള്ള നടത്തി. ഇത്തവണ സൂറത്തിലെ യൂറോപ്യൻ കച്ചവടക്കാർ തങ്ങളുടെ ചരക്കുകളെ ശിവാജിയുടെ കൊള്ളയിൽനിന്നു രക്ഷിച്ചുവെങ്കിലും ശിവാജി അവരോടെതിൎത്തു വളരെ ദ്രവ്യം കരസ്ഥമാക്കി. ഇംഗ്ലീഷു കച്ചവടക്കാർ മാത്രം ശിവാജിയുമായി ഒരുടമ്പടി ചെയ്കയാണുണ്ടായത്. ശിവാജി ഈ കൊള്ളയിൽ കിട്ടിയ ദ്രവ്യങ്ങളോടുകൂടി രാജഘടയിലേയ്ക്കു

പോകുംവഴിക്കു താവുദ്ഖാൻെറ നേതൃത്വത്തിലും, മഹമ്മദ് ഖാൻ ഇഗ്നിസ്ഖാൻ മുതലായ വീരന്മാരുടെ ഉപനേതൃത്വത്തിലും ഒരു വമ്പിച്ച മൊഗൾസൈന്യം ശിവാജിയോടെതിരിട്ടുവെങ്കിലും, മോറോപണ്ഡ പിംഗളയുടെ നേതൃത്വത്തിൽ മഹാരാഷ്ട്രസൈന്യം അവരെ തുടത്തോടിച്ച് ഛിന്നഭിന്നമാക്കിക്കളഞ്ഞു. ശിവാജിയോട് ഇപ്പോൾ എതിരിട്ട മൊഗൾസൈന്യം ഏററവും ബലവും യുദ്ധകൌശലവും ഉള്ളതായിരുന്നു. അക്ബർ, ജിഹാംഗിർ, ഷാജിഹാൻ എന്നി ചക്രവത്തിമാരുടെ കാലം മുതല്ക്കേ പ്രത്യേകം പേരുനേടിട്ടുള്ള മൊഗൾസൈന്യത്തെയാണ് മഹാരാഷ്ട്രർ നേക്കുനേരെനിന്നു യുദ്ധംചെയ്തു ഇപ്പോൾ പഞ്ഞിപോലെ പറപ്പിച്ചുകളഞ്ഞത്. ശിവാജി ജയഭേരിയോടുകൂടി രാജഘഡയിൽ ചെന്നുചേൎന്നു. ഇതോടുകൂടി ശിവാജിയുടെ മനസ്സിൽ വളരെ നാളായി ഉദ്ദേശിച്ചിട്ടുള്ള മഹാരാഷ്ട്രസ്വരാജ്യത്തിൻെറ സ്ഥാപനത്തിന്നുള്ള എല്ലാ ഏൎപ്പാടുകളും ചെയ്തുകഴിഞ്ഞു. പിന്നേയും ശിവാജി കരസൈന്യങ്ങളേയും നാവികസൈന്യങ്ങളേയും വൎദ്ധിപ്പിക്കുന്നതിലും കോട്ടകൊത്തളങ്ങളെ ഉറപ്പിക്കുന്നതിലും ശ്രദ്ധ പതിപ്പിച്ചുംകൊണ്ടേയിരുന്നു.

---

## പതിനൊന്നാം അദ്ധ്യായം.

### ശിവാജിയുടെ പട്ടാഭിഷേകം.

ഈ അദ്ധ്യായത്തിൽ ശിവാജിയുടെ പട്ടാഭിഷേകത്തെയാണ് പറയുവാൻ പോകുന്നത്. എന്നാൽ, അതിന്നു മുമ്പായി ചില സംഗതികളെക്കൂടി വിവരിച്ചാലെ വിഷയം പൂൎണ്ണമാകയുള്ളൂ. കഴിഞ്ഞ അദ്ധ്യായത്തിൽ ശിവാജിയും മൊഗളന്മാരും തമ്മിലുണ്ടായ വേഴ്ചയും അകൽച്ചയുംപറഞ്ഞു കഴിഞ്ഞുവല്ലോ. അക്കാലത്തു ക്രമത്തിൽ ക്രമത്തിൽ പ്രാബല്യം പ്രാപിച്ചുകൊണ്ടിരുന്നവരും "ഈസ്റ്റിന്ത്യാകമ്പനി"യോടു സംബ

ന്ധിച്ചവരുമായ ആംഗ്ലേയ വ്യാപാരികളോടും ശിവാജിക്കു ചില ബന്ധങ്ങൾ ഉണ്ടായിട്ടുണ്ട്. അതിന്റെ സ്വഭാവവും വായനക്കാർ അറിഞ്ഞിരിക്കേണ്ടതാവശ്യമാണ്.

ക്രി. പി. 1661-ാം വഷത്തിൽ ഇംഗ്ലണ്ടിൽ രാജ്യം വാണിരുന്ന ചാർലസ്സ് രണ്ടാമൻ പോത്തുഗൾ രാജാവിന്റെ പുത്രിയായ 'കാതറൈൻ' എന്ന സ്ത്രീയെ വിവാഹം ചെയ്തു. ഈ വിവാഹത്തിൽ പോത്തുഗൾ രാജാവ് തന്റെ മകൾക്കു സ്ത്രീധനമായിട്ട് ആഫ്രിക്കയിലെ കാങ്കയർ എന്ന നഗരവും, ഇന്ത്യയിൽ അറബിക്കടൽക്കരയിലുള്ള ബോമ്പായി നഗരവും ദാനം ചെയ്കയുണ്ടായി. സ്ത്രീധനമായി കൊടുത്ത കാലത്തു ബോമ്പായിൽ അല്പം ചില പോത്തുഗൽക്കാർ മാത്രമേ പാത്തിരുന്നുള്ളു. 1668-ൽ കാതറൈൻ രാജ്ഞിയുടെ അനുവാദത്തോടുകൂടി ചാറൽസ് രണ്ടാമൻ ബോമ്പായി നഗരത്തെ ഈസ്റ്റിന്ത്യാകമ്പനിക്കാരുടെ കൈവശം ഏല്പിച്ചുകൊടുത്തു. കമ്പനി സംബന്ധിച്ച ആംഗ്ലേയവ്യാപാരികൾ ആ നഗരത്തെ പല വിധത്തിൽ പരിഷ്കരിക്കുകയും, ചരക്കുകൾ സൂക്ഷിക്കുവാനുള്ള പല സ്ഥലങ്ങൾ നിമ്മിക്കുകയും ചെയ്തുതുകൂടാതെ ക്രമേണ ബോമ്പയെ തങ്ങളുടെ കപ്പൽ പടയുടെ ഒരു സങ്കേതമാക്കുകയും ചെയ്തു. ബോമ്പെ തുറമുഖം കപ്പലുകൾക്കു നില്ക്കുവാൻ ഏററവും സൌകയ്യമുള്ളതാകകൊണ്ടും, കമ്പനിക്കാൎക്കു തങ്ങളുടെ ചരക്കുകൾ രക്ഷിക്കുവാൻ കുറെ നാവികസൈന്യങ്ങൾ അത്യാവശ്യമായതുകൊണ്ടുമാണ് അവർ ഇങ്ങിനെ ചെയ്തത്. ഇതിന്നുശേഷം ഇന്ത്യയിൽ ആംഗ്ലേയവ്യാപാരികളുടെ ശക്തി വദ്ധിക്കുവാൻ തുടങ്ങി.

1672-ൽ ശിവാജി, "കൊൾവാൻ" എന്ന സ്ഥലത്തെ ആക്രമിച്ച് അവിടുത്തെ പുരാതന നിവാസികളായ കോലികൾ എന്ന മലയവൎഗ്ഗക്കാരെ കീഴടക്കി അവരെക്കൊണ്ടു തനിക്കു കൊല്ലംതോറും കപ്പം തരുവാൻ സമ്മതിച്ച് കരാറു ചെയ്യിക്കയുണ്ടായി. ഇതിന്നുപുറമേ അദ്ദേഹം പോത്തുഗൾ ജാതിക്കാരോടും തനിക്കു കീഴടങ്ങി കപ്പം തരുവാൻ നിബ്ബന്ധിച്ചു.

അവരതിന്നു വഴിപ്പെട്ടില്ല. അപ്പോൾ ശിവാജി പോൎത്തുഗൽ ക്കാരുടെ നേരെ യുദ്ധത്തിന്നു തന്റെ സൈന്യങ്ങളെ അയച്ചു. ശിവാജിയുടെ ഈ യുദ്ധോദ്യമം കണ്ടപ്പോൾ, ആംഗ്ലേയ വ്യാപാരികൾ, ഇനി ഒരിക്കൽ തങ്ങളോടും ഇങ്ങിനെതന്നെ നിൎബ്ബന്ധിക്കുമെന്നു വിചാരിച്ച് പോൎത്തുഗൽക്കാരോടുള്ള യുദ്ധം നിൎത്തിവെക്കുവാൻ ആവശ്യപ്പെടുകയും ശിവാജി, അതുപ്രകാരം പ്രവൎത്തിക്കുകയും ചെയ്തു. ശിവാജി തങ്ങളുടെ വ്യാപാരസ്ഥലമായ സൂറത്തിൽ അനേകം പ്രാവശ്യം കൊള്ളയടിച്ചതുകൊണ്ടു മേലിൽ തങ്ങളുടെ കച്ചവടവും സൈന്യശക്തിയും വൎദ്ധിക്കുന്നതിന്നു അദ്ദേഹവുമായി ഒരു ഉടമ്പടി ചെയ്യുന്നത് അത്യാവശ്യമാണെന്നു ആംഗ്ലേയൎക്കു തോന്നി. അതുപ്രകാരം അവർ ശിവാജിയുമായി ഒരുടമ്പടി ചെയ്കയും, ശിവാജി ആംഗ്ലേയ വ്യാപാരികൾക്ക് രാജപൂർനഗരത്തിൽ വ്യാപാരം ചെയ്വാൻ അനുവാദം കൊടുക്കുകയും ചെയ്തു. എന്നാൽ, ശിവാജി നിമിത്തമായി ഇതേവരെ തങ്ങൾക്കുണ്ടായിട്ടുള്ള നഷ്ടംകൂടി ശിവാജി വെച്ചു കൊടുക്കേണമെന്നവർ ആവശ്യപ്പെട്ടുവെങ്കിലും അതിന്നദ്ദേഹം വഴിപ്പെടുകയുണ്ടായില്ല.

ഇതിന്നിടയിൽ ശിവാജി മൊഗളന്മാരുടെ അധീനമായിരുന്ന സൽഹേർ എന്ന നഗരം പിടിച്ചടക്കുകയും, ആ വിവരം അറിഞ്ഞപ്പോൾ അറംഗസീബ് ഖാൻജമാൻ ബഹദ്ദൂർ എന്ന നേതാവിന്റെ കീഴിൽ അനവധി സൈന്യങ്ങളെ ശിവാജിയോടു യുദ്ധം ചെയ്വാൻ അയക്കുകയുമുണ്ടായി. എന്നാൽ മഹാരാഷ്ട്രവീരന്മാരുടെ മുമ്പിൽ നില്ക്കുവാൻ കഴിയാതെ ഖാൻജമാൻ ബഹദ്ദൂരും സൈന്യവും ബഹുദൂരം ഓടുകയും അഹമ്മദ് നഗരത്തിന്റേയും അറംഗബാദിന്റേയും മദ്ധ്യത്തിലുള്ള പ്രദേശങ്ങൾ ശിവാജി കരസ്ഥമാക്കുകയുമാണ് ഉണ്ടായത്. പക്ഷേ, ഈ തഞ്ചത്തിൽ മൊഗളന്മാർ വേറെ ഒരു വഴിക്കു ശിവാജിക്കു സാരമായ ഒരപജയം വരുത്തുകയുണ്ടായി. സിട്ടിയാക്കൂട്ട് എന്ന മഹമ്മദീയൻ കുറെ സൈന്യങ്ങളോടുകൂടി ശിവാജിയുടെ വകയായ ദണ്ഡരാജപുരി എന്ന തുറമുഖത്തിൽ ചെന്ന്

മഹാരാഷ്ട്രരുടെ കപ്പലുകളെല്ലാം പിടിച്ചടക്കുകയും, കപ്പിത്താന്മാരെ കൊല്ലുകയും, കോട്ടയെ ആക്രമിച്ചു വലിയ തോക്കുകളെല്ലാം കൊളുത്തി അനവധി ജീവനാശം വരുത്തുകയും, ചെയ്തു. ഈ കോട്ടയുടെ രക്ഷകനായിരുന്ന അണ്ണാജിദത്തൻ രംഗപഞ്ചമി ഉത്സവത്തിൻെറ ഉത്സാഹത്തിൽ മുഴുകിയിരുന്നതുകൊണ്ടു അദ്ദേഹത്തിന്നു ശത്രുക്കളെ തടുക്കുവാൻ സാധിച്ചില്ല. സിദ്ദിയാക്കട്ടെ യാതൊരു പ്രയാസവും കൂടാതെ കോട്ട കരസ്ഥമാക്കി മഹാരാഷ്ട്രരെ പലരേയും അദ്ദേഹം കൊല്ലുകയും സ്ത്രീകളെ അപമാനിച്ച് മഹമ്മദ് മതത്തിൽ ചേൎക്കുകയും, മതം മാറുവാൻ ഇഷ്ടപ്പെടാത്തവരെ ദ്രോഹിക്കുകയും ചെയ്തു. ഇങ്ങിനെ വലുതായൊരു അപജയം ശിവാജിക്കു പററിയെങ്കിലും വേറെ ചില ജയങ്ങളും അദ്ദേഹത്തിന്നുണ്ടാകാതിരുന്നില്ല. ബിജപ്പൂർ സുൽത്താനായ ആലി അഡൽഷ 1672_ൽ അന്തരിച്ചുപോയി. അപ്പോൾ മൊഗളന്മാർ ആക്രമിച്ച് ബിജപ്പൂരിൻെറ ഏതാനും ഭാഗങ്ങൾ കയ്യിലാക്കി. അതുപോലെ മററു ചില ഭാഗങ്ങൾ ശിവാജിയും കരസ്ഥമാക്കി. അതേവരെയും ബിജപ്പൂർ സുൽത്താൻെറ കൈവശത്തിലായിരുന്ന വിഷൽഘടയിൽ ശിവാജി ആക്രമിച്ച് പഞ്ഞാലം കോട്ടയെ സ്വാധീനമാക്കി. അക്കാലത്ത് ധാർവ്വാർ, ഹുബ്ലി എന്നി നഗരങ്ങൾ വളരെ ഐശ്വൎയ്യത്തിലാണിരുന്നിരുന്നത്. ഇവയിൽ ഹുബ്ലിനഗരം വളരെ ശ്രുതിപ്പെട്ട ഒരു വ്യാപാരസങ്കേതമായിരുന്നു. ആ നഗരത്തിൽ നാനാദിക്കുകാരുടെ വകയായി നാനാസാധനങ്ങൾ ശേഖരിച്ച കച്ചവടം നടത്തിയിരുന്നു. ആംഗ്ലേയരായ ചില കച്ചവടക്കാരും പ്രസ്തുത നഗരത്തിൽ വ്യാപാരം ചെയ്തിരുന്നു. ശിവാജിയുടെ ആളായ അണ്ണാജിദത്തൻ ഈ നഗരത്തിൽ കടന്നു ചെന്ന് അവിടെ കച്ചവടം ചെയ്യുന്ന വ്യാപാരികളോടെതിൎത്തു കൊള്ളയടിച്ച് അനവധി പണവും ഒട്ടുവളരെ ചരക്കുകളും കൈക്കലാക്കി. ഈ കൂട്ടത്തിൽ നാല്പതിനായിരം ഉറുപ്പിക വിലപിടിച്ച തുണിച്ചരക്കുകൾ ആംഗ്ലേയവ്യാപാരികളുടെ കയ്യിൽനിന്നും അണ്ണാജി അ

പഹരിച്ചു. ശിവാജിയുടെ ആൾക്കാർ ആംഗ്ലേയവ്യാപാരികളോടു ചെയ്തു ഈ അക്രമം അവരെ വല്ലാതെ വ്യസനിപ്പിക്കുകയും, അവർ ഇതിൻെറ നഷ്ടംവെച്ചു തരുവാനായി ശിവാജിയോടാവശ്യപ്പെടുകയും ചെയ്തു. അതുപ്രകാരം ശിവാജി രാജപുരിയിലുണ്ടായ നഷ്ടം വകവെച്ചു കൊടുക്കാമെന്നു വാഗ്ദത്തം ചെയ്കയും, അതിനുശേഷം ആംഗ്ലേയർ രാജപുരിയിൽ തങ്ങളുടെ വ്യാപാരത്തെ അഭിവൃദ്ധിപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു. ആംഗ്ലേയവ്യാപാരികളും ശിവാജിയും തമ്മിലുള്ള മൈത്രി വർദ്ധിക്കുവാൻ തുടങ്ങി.

ഇതിനിടയിൽ ശിവാജി കർണ്ണാടകത്തിലേക്കു ചെന്നു കാർവാറിനേയും പൊന്നാർ എന്ന കോട്ടയേയും എതിക്കുവാൻ സൈന്യത്തെ അയക്കുകയും, ആ തക്കത്തിൽ പഞ്ഞാലം വഴിക്ക് അബ്ദുൾകരിം എന്നാളുടെ നേതൃത്വത്തിൽ ബിജപ്പൂരിലെ ഒരു വലിയ സൈന്യം ശിവാജിയോടെതിരിടുകയും ചെയ്തു. അവിടെ വെച്ച് ഒരു യുദ്ധമുണ്ടായതിൽ ശിവാജിയുടെ സേനാപതിയായിരുന്ന പ്രതാപറാവു ഏററവും സാമർത്ഥ്യം കാണിച്ച് അബ്ദുൾകരിമിനേയും സൈന്യത്തേയും അതികഠിനമായി മർദ്ദിച്ചതിൻെറ ഫലമായി അബ്ദുൾകരിം കീഴടങ്ങി. എങ്കിലും ആ രാത്രിയിൽ ആരോടും ഒന്നും പറയാതെ അബ്ദുൾകരിം ഓടിക്കളഞ്ഞു. ഈ വർത്തമാനം അറിഞ്ഞപ്പോൾ ശിവാജി പ്രതാപറാവുവിന്ന് അബ്ദുൾക്കരിമിനേയും സൈന്യത്തേയും പിന്തുടൎന്നു പിടിച്ച് ഉന്മൂലനാശം ചെയ്യാൻ അടിയന്തരമായി ഒരു കല്പന കൊടുത്തു. അതുപ്രകാരം പ്രതാപറാവു വീണ്ടും അബ്ദുൾക്കരിമിനെ ആക്രമിച്ചുവെങ്കിലും, പ്രതാപറാവുവിൻെറ കൂടെയുള്ള സൈന്യങ്ങൾ എണ്ണത്തിൽ കുറവായിരുന്നതുകൊണ്ട് അദ്ദേഹം യുദ്ധരംഗത്തിൽ മൃതിപ്പെടുകയാണുണ്ടായത്. നായകൻെറ മരണത്തോടുകൂടി മഹാരാഷ്ട്രസൈന്യങ്ങൾ പിന്തിരിഞ്ഞു. അപ്പോഴേയ്ക്കും ഹാസാജിമോഹരത്ത് എന്ന വീരൻ 5,000 അശ്വസൈന്യങ്ങളോടുകൂടി ചെന്നു വീണ്ടും അബ്ദുൾക്കരിമിനോടെതിൎത്ത് അയാളെ നിശ്ശേഷം തോല്പിച്ചു കള

ഞ്ഞു. യുദ്ധം ശിവാജിക്കു ഗുണമായി കലാശിക്കുകയും ചെയ്തു. പ്രതാപറാവുവിന്റെ മരണത്തിൽ ശിവാജി വളരെ വ്യസനിച്ച് അദ്ദേഹത്തിന്റെ കുടുംബങ്ങൾക്കു സുഖമായിക്കഴിവാനുള്ള സ്വത്തുക്കൾ കൊടുക്കുകയും, തന്റെ ദ്വിതീയപുത്രൻ രാജാരാമിനെക്കൊണ്ടു പ്രതാപറാവുവിന്റെ പുത്രിയെ വിവാഹം ചെയ്യിക്കയും ചെയ്തു.

അനന്തരം ശിവാജിക്കു ഹിന്ദുശാസ്ത്രപ്രകാരമുള്ള സകല വിധികളും അനുസരിച്ചു പട്ടാഭിഷേകം ചെയ്യേണമെന്നുള്ള ആഗ്രഹമുണ്ടായി. പണ്ട് അഹമ്മദ്നഗരത്തിലെ രാജാക്കന്മാർ ഭോൻസ്ലേവംശക്കാൎക്കു ശാശ്വതമായി കൊടുത്തിട്ടുള്ള 'രാജാ' എന്ന സ്ഥാനം ശിവാജിക്കു വംശപാരമ്പൎയ്യപ്രകാരം ലഭിച്ചിട്ടുണ്ട്. പോരാത്തത് അറംഗസീബ് പാദ്ഷാ അദ്ദേഹത്തിന്നു 'രാജാ' എന്ന സ്ഥാനം പ്രത്യേകമായും കൊടുത്തിട്ടുണ്ട്. എന്നാൽ ശിവാജി ആ സ്ഥാനങ്ങൾക്കൊന്നും വലിയ വില കല്പിച്ചിട്ടുണ്ടായിരുന്നില്ല. ശിവാജി തന്റെ ഉദ്ദേശം തന്റെ സ്വകാൎയ്യ കാൎയ്യദൎശിയായ ബാലാജി ചിത്നിസ്സിനോടു പറഞ്ഞതിൽ അദ്ദേഹം ശിവാജിയുടെ ഉദ്ദേശത്തെ അഭിനന്ദിക്കുകയും ചെയ്തു. ശ്രീ കാശിയിലുള്ള വൈദികന്മാരെക്കൊണ്ടു പട്ടാഭിഷേകത്തിന്റെ ക്രിയകൾ കഴിപ്പിക്കുന്നതായാലേ ശാസ്ത്രോക്തംപോലെ ആകയുള്ളു എന്നും ചിത്നിസ് അഭിപ്രായപ്പെട്ടു. അനന്തരം ശിവാജി തന്റെ അമ്മയോടും ഗുരുദേവനായ രാമദാസസ്വാമികളോടും ആലോചിച്ചതിൽ അവരും അദ്ദേഹത്തിന്റെ ആഗ്രഹത്തെ ശ്ലാഘിച്ചു പറഞ്ഞു. പിന്നെ അദ്ദേഹം പട്ടാഭിഷേകം കഴിപ്പാനുള്ള വൈദികന്മാരെ കൂട്ടിക്കൊണ്ടു വരുവാൻ ബാലാജിയെ ശ്രീകാശിയിലേക്കയയ്ക്കുവാൻ തീൎച്ചപ്പെടുത്തി. അങ്ങിനെ ഇരിക്കുന്ന കാലത്തു ശ്രീകാശിയിൽനിന്നു വിശിഷ്ടനായ ഒരു ബ്രാഹ്മണൻ പല പുണ്യസ്ഥലങ്ങളും സന്ദൎശിച്ചു നടക്കുന്ന കൂട്ടത്തിൽ ഗോദാവരീതീരത്തുള്ള ബൈഡൻ എന്ന നഗരത്തിൽ വന്നുചേൎന്നു. അദ്ദേഹം വലിയ വിദ്വാനും വൈദികശ്രേഷ്ഠനുമായിരുന്നതിന്നു പുറമെ ശ്രൌതസ്മാൎത്ത

കൎമ്മങ്ങളിൽ പ്രത്യേകം പരിചയമുള്ളാളുമായിരുന്നു. അദ്ദേഹത്തിന്നു പേർ ഗംഗാഭട്ടൻ എന്നായിരുന്നു. ഗംഗാഭട്ടന്റെ ആഗമനത്തെപ്പററി കേട്ടു വളരെ സന്തുഷ്ടനായ ബാലാജി ഏററവും വിനയത്തോടുകൂടി അദ്ദേഹത്തിന്റെ അടുത്തു ചെന്നു വന്ദിച്ച്, അദ്ദേഹത്തോടു വിവരമെല്ലാം പറകയും ശിവാജിയുടെ രാജധാനിയായ രാജഘഡയിൽ വന്നു പട്ടാഭിഷേകം വേണ്ടതുപോലെ കഴിപ്പിച്ചു തരുവാൻ അപേക്ഷിക്കുകയും ചെയ്തു. ഗംഗാഭട്ടനാകട്ടേ ക്ഷത്രിയൎക്കു മാത്രമേ ധൎമ്മശാസ്ത്രങ്ങളിൽ പട്ടാഭിഷേകം ചെയ്വാൻ വിധിച്ചിട്ടുള്ളുവെന്നും, ശിവാജി ക്ഷത്രിയനല്ലായ്കയാൽ അദ്ദേഹത്തിന്നു പട്ടാഭിഷേകം നടത്തിക്കുവാൻ തരമില്ലെന്നും പറഞ്ഞു. ബാലാജി അതിനെ ഖണ്ഡിച്ചു ശിവാജിയുടെ വംശാവലി * യെ എടുത്തു കാട്ടുകയും, ശിവാജി ഉദയപുരത്തെ മഹാറാണാ ഉദയസിംഹന്റെ വംശക്കാരനാകയാൽ ശ്രിയായ ക്ഷത്രിയനാണെന്നു ഗംഗാഭട്ടന്നു ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. ശിവാജി ക്ഷത്രിയവംശജനാണെന്നു ബോദ്ധ്യമായപ്പോൾ ഗംഗാഭട്ടൻ ബാലാജിയുടെ അപേക്ഷയെസ്സമ്മതിക്കയും, കാശിയിലെ വൈദികന്മാൎക്കെഴുതി അയച്ച് അവരുടെ സമ്മതം കിട്ടിയതിന്നുശേഷം പട്ടാഭിഷേകം നടത്തിത്തരാമെന്ന് ഏല്ക്കുകയും ചെയ്തു.

ഏതാനും മാസങ്ങൾക്കുള്ളിൽ കാശിയിൽനിന്നു മറുവടി കിട്ടി. ഗംഗാഭട്ടൻ രാജഘഡയിലേക്കു വരുവാൻ ഒരുക്കമാണെന്നു ബാലാജിയെ അറിയിക്കുകയും ചെയ്തു. ഉടനെ ശിവാജി ഗംഗാഭട്ടനെ രാജോചിതമായ പദവിയിൽ ക്ഷണിച്ചു കൂട്ടിക്കൊണ്ടുവരുവാനായി അനേകം മഹാബ്രാഹ്മണരേയും വിശേഷിച്ച് ഭോൻസ്ലേ വംശ പുരോഹിതനായ ബാലചന്ദ്രഭട്ടനേയും പറഞ്ഞയയ്ക്കുകയും ഗംഗാഭട്ടൻ യഥാസമയം രാജഘഡയിലേക്കു പുറപ്പെടുകയും ചെയ്തു. ശിവാജി പ്രഭാതത്തിൽ വേണ്ട കൃത്യങ്ങളെല്ലാം കഴിച്ചു മന്ത്രസ്നാനം ചെയ്തു സഭാമണ്ഡപത്തിൽ വന്നു ചേൎന്നു. അദ്ദേഹത്തെ കണ്ണിമയാ

* വംശാവലി മറെറാരേടത്തു ചേൎത്തിട്ടുണ്ട്.

ട്ടാതെ നോക്കിക്കണ്ടു് ജനങ്ങൾ ആനന്ദിച്ചു. ബ്രാഹ്മണർ വാഴ്ത്തി. സൂതമാഗധന്മാർ സ്തുതിച്ചു. എല്ലാവരും അത്യുത്സാഹത്തോടുകൂടി കാണപ്പെട്ടു. വിവിധ വൎണ്ണത്തിലുള്ള കല്ലുകളെക്കൊണ്ടു വിചിത്രരീതിയിൽ നിൎമ്മിതമായ സഭാമണ്ഡപം കാണികളുടെ ദൃഷ്ടിയെ അപഹരിച്ചു. അനേകായിരം ആളുകൾക്കിരിക്കാവുന്നതായ ആ സഭാമണ്ഡപം വൎണ്ണപ്പകിട്ടോടുകൂടിയ ചതുരക്കല്ലുകൾ പാവിയതും വിചിത്രശില്പവേലകളോടുകൂടിയതുമായിരുന്നു. മണ്ഡപത്തിൽ നിരക്കെ രത്നകംബളങ്ങൾ വിരിച്ചു വിചിത്രരീതിയിലുള്ള പട്ടുകളെക്കൊണ്ടു് അലങ്കരിച്ചിരുന്നു. സഭാമണ്ഡപത്തിന്റെ ഭിത്തികൾ ഏററവും മനോധൎമ്മമുള്ള ചിത്രകാരന്മാരാൽ എഴുതപ്പെട്ട ചിത്രങ്ങളെക്കൊണ്ടു് അലങ്കരിക്കപ്പെട്ടിരുന്നു. ശില്പികളുടെ കരകൌശലത്തെ പ്രകാശിപ്പിക്കുന്ന ശിലാപ്രതിമകളും, ചന്ദനമരത്തിൽ കൊത്തുപണി ചെയ്തുണ്ടാക്കിട്ടുള്ള മരപ്രതിമകളും സഭാമണ്ഡപത്തെ സവിശേഷം കൌതുകകരമാക്കിത്തീൎത്തു. ശില്പവേലകളിൽ കൈ തെളിഞ്ഞിട്ടുള്ള സമൎത്ഥന്മാരാൽ ബഹുഭംഗിയായി ചെയ്യപ്പെട്ടിട്ടുള്ള വിതാനങ്ങളിൽ വൎണ്ണക്കടലാസ്സുകൊണ്ടുണ്ടാക്കീട്ടുള്ള കൃത്രിമപുഷ്പങ്ങൾ തൂക്കപ്പെട്ടിരുന്നതു് ആടിയുലഞ്ഞു കാണികളുടെ കണ്ണിനെ ആകൎഷിച്ചു. അത്ഭുതസാമൎത്ഥ്യത്തോടുകൂടി പണി ചെയ്തിട്ടുള്ള പ്രതിമകളുടെ കൈകളിൽ കമനീയങ്ങളായ ദീപങ്ങൾ വെയ്ക്കപ്പെട്ടിരുന്നു. തൂക്കുവിളക്കുകൾ, തൂടരുവിളക്കുകൾ, ഭദ്രദീപങ്ങങ്ങൾ മുതലായവ മണ്ഡപത്തിൽ എരിഞ്ഞു കത്തിക്കൊണ്ടു് ഉജ്ജ്വലകാന്തിയെ ഉളവാക്കി." മണ്ഡപത്തിലെ സ്തംഭങ്ങൾ മരതകക്കല്ലുകൊണ്ടും പവിഴംകൊണ്ടും പണി ചെയ്തതോ എന്നു തോന്നുമാറു പ്രകാശിച്ചു. സഭാമണ്ഡപത്തിന്റെ മദ്ധ്യത്തിൽ ഇട്ടിരുന്നതും, പത്തരമാററുള്ള തങ്കംകൊണ്ടു പണി ചെയ്തതും, ഗോല്ക്കോണ്ടാ ഖനികളിൽ വിളയുന്ന വൈരക്കല്ലുകളും മററു പല ദിക്കുകളിലുമുണ്ടാകുന്ന വൈഡൂൎയ്യമാണിക്യമരതകങ്ങളും പതിച്ചതുമായ രാജസിംഹാസനം ഗജങ്ങളാലും സിംഹങ്ങളാ

ലും താങ്ങപ്പെട്ടുംകൊണ്ടുള്ള നിലയിൽ സ്ഥിതി ചെയ്തു കാണികളുടെ കണ്ണുകളെ അത്ഭുതസാഗരത്തിൽ മഗ്നമാക്കിച്ചെയ്തു. അംഗരക്ഷകന്മാർ, ന്യായാധിപതിമാർ, പട്ടാളമേലുദ്യോഗസ്ഥന്മാർ മുതലായവർ അണിയണിയായി നിന്നുകൊണ്ട് എന്തെന്നില്ലാത്ത ഒരുത്സാഹത്തെ പ്രദർശിപ്പിച്ചു.

ഇങ്ങിനെ സർവ്വവിധത്തിലുള്ള അലങ്കാരങ്ങളോടും ഉപചാരങ്ങളോടും കൂടിയ സഭാമദ്ധ്യത്തിൽ, ശാന്തഗംഭീരാകാരനായ ശിവാജി, മഹാ'ർഹ'മായ സിംഹാസനത്തിൽ, മന്ത്രിമാരാലും പ്രഭുക്കന്മാരാലും ചുററപ്പെട്ട് "താരാഗണത്തിൻ നടുക്കവിളങ്ങുന്ന കൈരവബാന്ധവനെന്നപോലെ" ഏററവും ശോഭിച്ചു. ജീജാഭായി ആനന്ദത്താൽ പുളകിതയായും, രാജഭാര്യമാരായ ശചീഭായി-സോയാറാഭായി എന്നിവർ സർവ്വാഭരണഭൂഷിതമാരായും ശോഭിച്ചു. ഇങ്ങിനെയിരിക്കുന്ന അവസരത്തിൽ വൈദികാഗ്രേസരനായ ഗംഗാഭട്ടൻ സഭയിൽ എഴുന്നള്ളി വൈദികവിധിപ്രകാരമുള്ള ഹോമങ്ങളും മററു ക്രിയകളും വഴിപോലെ ചെയ്ത്, വേദമന്ത്രത്തോടുകൂടി ശിവാജിയെ യജ്ഞോപവീതം ധരിപ്പിച്ച്, ശാസ്ത്രോക്തവിധിപ്രകാരം അദ്ദേഹത്തിനു പട്ടാഭിഷേകം ചെയ്തു. അപ്പോൾ ശിവാജി മഹാരാജാവായി 'വെൺകൊററക്കുടതഴവെഞ്ചമരികളോടു'കൂടി, മഹാരാജകിരീടം ധരിച്ചു പൂർവ്വാധികം ശോഭിച്ചു. സിംഹാസനത്തിൻെറ കിഴക്കുഭാഗത്തു താഴത്തെപ്പടിയിൽ മോറോപണ്ടു പിംഗളേ പൊൻകിണ്ണത്തിൽ നെയ് വഹിച്ചുകൊണ്ടും, അതിന്നെതിരായി സിംഹാസനത്തിൻെറ പടിഞ്ഞാറുഭാഗത്തു ഹംബിറാവു വെള്ളിക്കിണ്ണത്തിൽ പാൽ എടുത്തുകൊണ്ടും, അതിന്നടുത്തായി രാമചന്ദ്രനീലകണ്ഠൻ ഒരു പാത്രത്തിൽ തയിർ എടുത്തുകൊണ്ടും, സിംഹാസനത്തിൻെറ പിന്നിൽ രഘുനാഥപണ്ട് ഒരു കയ്യിൽ ഗംഗാതീർത്ഥവും മററെ കയ്യിൽ തേനും വഹിച്ചുകൊണ്ടും, ആസനത്തിൻെറ അഗ്നികോണിൽ അണ്ണാജിദത്തൻ വെൺകൊററക്കുട പിടിച്ചുകൊണ്ടും, നിരൃതികോണിൽ ജനാർദ്ദനപണ്ഡിതൻ ആലവട്ടം വീശികൊണ്ടും, വായുകോണ,

ലും ഈശാനകോണിലുമായി ദത്താജിയും ബാലാജിയും മ
യിൽപ്പീലി ധരിച്ചുകൊണ്ടും നിന്നു. ശിവാജി മഹാരാജാവി
ൻെറ മുമ്പിൽ അദ്ദേഹത്തിൻെറ മുഖത്തേയ്ക്കു നോക്കി ഉ
ത്തരവു കാത്തുകൊണ്ടു സ്വകായ്യകായ്യദശിയും, അയാ
ളുടെ എടത്തുഭാഗത്തു കണക്കു വിചാരിപ്പുകാരനും നില്ക്കുന്നു
ണ്ടായിരുന്നു. സിംഹാസനത്തിൻെറ ഇരുപുറങ്ങളിലായി മഹാ
രാജാവിൻെറ അമ്മയും ഭായ്യമാരും സ്ഥിതി ചെയ്യുന്നുമുണ്ടായി
രുന്നു. ഇങ്ങിനെ വേണ്ടപ്പെട്ടവരുടെയെല്ലാം സാന്നിദ്ധ്യത്തോ
ടുകൂടിയായിരുന്നു പട്ടാഭിഷേകം നിവ്വഹിക്കപ്പെട്ടത്. സ്ത്രീകൾ
"അരുണകരത്താരിൽ മിന്നുന്ന വെള്ളിത്താലത്തിൽ ദീപമേ
ന്തി" മഹാരാജാവിനെ നീരാജനം ചെയ്തു. വാദ്യഘോഷങ്ങൾ
മുഴങ്ങി. ബ്രാഹ്മണരുടെ ആശിവ്വാദവും പതിവ്രതമാരായ സ്ത്രീ
കളുടെ വിജയാശംസയും ഉച്ചത്തിൽ ഉച്ചലിച്ചു. സഭ്യന്മാരെ
ല്ലാവരുംകൂടി "ശിവാജി മഹാരാജാവു സവ്വോൽകഷേണ വത്തി
ക്കട്ടേ" എന്നു പറഞ്ഞ് ആപ്പുവിളിച്ചു. മഹാരാജാവിൻെറ വ
ക എല്ലാ കോട്ടകളിലും ഒരേ നിലയിൽ വലിയ തോക്കുവെടി
കൾ മുഴങ്ങി ആകാശദേശത്തെ വളരെ നേരം മുഖരമാക്കിത്തീ
ത്തു. ഇങ്ങിനെ അഭിഷേകകമ്മങ്ങളെല്ലാം നിവ്വിഘ്നമായി അ
വസാനിക്കുകയും ചെയ്തു. ഈ പട്ടാഭിഷേകമുണ്ടായതു ശകാ
ബ്ദം 1596_നു ശരിയായ ക്രി. പി. 1674_ാമതു ജൂലൈമാസം
6_ാംനു-യാണ്.

ഈ ശുഭദിവസത്തിൽ ബ്രാഹ്മണക്കും ദരിദ്രന്മാക്കും മൃഷ്ടാ
ന്നദാനവും മററനേകം ദാനങ്ങളും ഉണ്ടായി. അനേകംപേക്കു
ഭൂമികൾ സവ്വമാന്യമായി നൽകുകയും, ഉദ്യോഗസ്ഥന്മാക്കു
സ്ഥാനമാനങ്ങൾ കൊടുക്കുകയും ചെയ്തു. ശിവാജി മഹാരാജാ
വിൻെറ പട്ടാഭിഷേകം ദശിക്കുവാനും ആ ശുഭദിവസത്തിൽ
അദ്ദേഹത്തിൽനിന്നു തങ്ങൾക്കനുകൂലമായ ചില വരങ്ങൾ വാ
ങ്ങുവാനുമായി ആംഗ്ലേയവ്യാപാരികളുടെ പ്രതിനിധിയായി മി
സ്റ്റർ ആക്സണ്ടൻ എന്ന ദ്ധരയും മററു ചില വ്യാപാരിക
ളും വന്നിട്ടുണ്ടായിരുന്നു. അവക്കെല്ലാം വിശേഷമായ വിരുന്നു

സൽക്കാരം നൽകപ്പെട്ടു. മിസ്റ്റർ ആക്സണ്ടൻ ഈസ്റ്റിന്ത്യാ കമ്പനിക്കുവേണ്ടി ശിവാജി മഹാരാജാവിനോട് ഇരുപതു വരങ്ങൾ അപേക്ഷിക്കുകയുണ്ടായി. അവയിൽ പ്രധാനമായ ചിലതു താഴേ ചേക്കുന്നവയായിരുന്നു:—

1 ശിവാജി മഹാരാജാവിൻെറ ഭരണത്തിൻകിഴിലുള്ള രാജ്യങ്ങളിൽ ആംഗ്ലേയരെ വ്യാപാരം ചെയ്യാനനുവദിക്കണം. ഇവിടെ ഇറക്കുമതി ചെയ്യുന്ന ചരക്കുകൾക്ക് ഒരു കാലത്തും ചുങ്കം ചുമത്താതിരിക്കണം

2. രാജപ്പൂർ, കല്യാൺ മുതലായ നഗരങ്ങളിൽ കച്ചവടത്തിൻെറ ആവശ്യത്തിന്നുള്ള പാണ്ടികശാലകൾ കെട്ടി ശാശ്വതമായി കൈവശം വെക്കുവാൻ ആംഗ്ലേയവ്യാപാരികളെ അനുവദിക്കണം.

3. ആംഗ്ലേയവ്യാപാരികളുടെ നാണ്യങ്ങൾ ശിവാജി മഹാരാജാവിൻെറ രാജ്യത്ത് എങ്ങും എവരും ധാരാളം എടുക്കുവാൻ കല്പിക്കണം.

4. ശിവാജി മഹാരാജാവിൻെറ വക തുറമുഖങ്ങളിൽ പിടിച്ചു നിത്തിട്ടുള്ള ആംഗ്ലേയരുടെ കപ്പലുകൾ മടക്കിക്കൊടുക്കുവാൻ കല്പന കൊടുക്കണം.

5. ഹ്രബ്ളി, രാജപ്പൂർ എന്നീ നഗരങ്ങളിൽ മഹാരാജാവു നിമിത്തം ആംഗ്ലേയ വ്യാപാരികൾക്കുണ്ടായ നഷ്ടങ്ങൾ വകവെച്ചു കൊടുക്കണം.

മേല്പറഞ്ഞ വരങ്ങളെല്ലാം ഒരുവിധം ശിവാജി മഹാരാജാവ് അനുവദിച്ചു. എന്നാൽ ഹ്രബ്ളിയിലെ നഷ്ടം വക വെച്ചു കൊടുക്കുന്നതല്ലെന്നു ഖണ്ഡിതമായിപ്പറഞ്ഞു. രാജപ്പൂരിലെ നഷ്ടം വകക്കു പതിനായിരം വരാഹൻ കൊടുക്കുകയും ചെയ്തു. ഇങ്ങിനെ ശിവാജി മഹാരാജാവിൻെറ കൈയിൽനിന്നു പല വരങ്ങളും വാങ്ങിയതിന്നു ശേഷം ആംഗ്ലേയവ്യാപാരികൾ അദ്ദേഹവുമായി ഒരുടമ്പടിയും ചെയ്കയുണ്ടായി.

ഇനി, എൻെറ വായനക്കാരോട് എത്രയും വ്യസനകരമായ ഒരു സംഗതി പറയേണ്ടിവന്നിരിക്കുന്നു. അതു ശിവാ

ജിയുടെ സകല വിജയങ്ങൾക്കും കാരണമായിരുന്ന ജിജാഭായിയുടെ ചരമഗതിയെപ്പററിയാകുന്നു. പട്ടാഭിഷേകം കഴിഞ്ഞ് അധികം താമസിക്കാതെകണ്ട് ശിവാജിയുടെ പ്രിയമാതാവായ ജിജാഭായി പരമഗതിയെ പ്രാപിച്ചു. തന്റെ ജീവിതകാലം മുഴുവൻ തനിക്കുപദേശം തന്നും തന്റെ അഭിവൃദ്ധിക്കു വേണ്ടതായ മാർഗ്ഗങ്ങൾ ചൂണ്ടിക്കാണിച്ചും ഇരുന്നിരുന്ന പ്രിയമാതാവിന്റെ വിയോഗത്തിൽ ശിവാജിക്കുണ്ടായ വ്യസനം ഇന്നപ്രകാരമായിരുന്നുവെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമാണ്. അദ്ദേഹം അമ്മയുടെ ഔർദ്ധ്വദൈഹികക്രിയകളെല്ലാം രാജഘട്ടയിൽ വെച്ചുതന്നെ ശാസ്ത്രോക്തപ്രകാരം കഴിക്കുകയും കുറച്ചുകാലം ദുഃഖം ആചരിക്കുകയും ചെയ്തു. അക്കാലത്തു പ്രധാനമായിട്ടുള്ള പുതിയ കാര്യങ്ങളിലൊന്നും ഏർപ്പെട്ടിരുന്നില്ല; എങ്കിലും സൈന്യശക്തിയെ വർദ്ധിപ്പിക്കുന്നതിൽനിന്നു പിൻവലിക്കുകയുണ്ടായില്ല.

1674-ാം വർഷത്തിൽ ശിവാജി മഹാരാജാവിന്റെ കല്പനപ്രകാരം മോറോപണ്ഡപിംഗളെ പതിനായിരം പടയാളികളോടുകൂടിച്ചെന്നു പോർത്തുഗൾക്കാരെ ആക്രമിക്കുകയുണ്ടായി. പോർത്തുകൾക്കാർ ബലാല്ക്കാരേണ ഹിന്തുക്കളെ ക്രിസ്തുമതത്തിൽ ചേർത്ത കുററത്തിന്ന് അവരുടെ പേരിൽ പിംഗളേ "സൌത്ത് വാരി" നികുതി (ചതുർഭാഗം) ചുമത്തുകയും, അവർ ശിവാജിയുടെ കോപത്തിന്നു പാത്രമായതിൽ വ്യസനിച്ചു സൌത്ത് വാരിക്കുപകരമായി അനവധി ദ്രവ്യം യുദ്ധനഷ്ടം വകക്കു കൊടുക്കുകയും ചെയ്തു. ഇങ്ങിനെ പോർത്തുകൾക്കാരെ ഒന്നമർത്തിയതിന്നുശേഷം ശിവാജി തന്റെ ജന്മസ്ഥലവും, കുറേകാലമായി അബ്ദുൾ അജീസ് ഖാൻ എന്നാളുടെ കൈവശത്തിൽ ഇരിക്കുന്നതുമായ ശിവനേരിക്കോട്ടയിൽ ഒരാക്രമണം നടത്തി ആ കോട്ട കൈവശമാക്കി. ശിവനേരിക്കോട്ട വളരെ ഉറപ്പോടുകൂടി കാക്കപ്പെട്ടിരുന്നുവെങ്കിലും, യുദ്ധവിദഗ്ദ്ധന്മാരായ മഹാരാഷ്ട്രസൈന്യങ്ങളെ തടുത്തുനിർത്തുവാൻ ശത്രുക്കൾക്കു സാധിക്കാതെവന്നു. ഇതേസമയത്തുതന്നെ ഹംബിറാവു എന്ന മഹാരാഷ്ട്രവീരൻ

മൊഗൾസാമ്രാജ്യത്തിൽപ്പെട്ട ചില സംസ്ഥാനങ്ങളിൽ പ്രവേശിച്ചു ഗുജരാഷ്ട്രം മുതൽ ബ്രോച്ച് വരെയുള്ള പ്രദേശങ്ങളിൽ ഒരു വമ്പിച്ചകൊള്ള നടത്തുകയുമുണ്ടായി. വർഷകാലം കഴിഞ്ഞതിന്നുശേഷം ശിവാജി ശിവനേരിക്കു സമീപമുള്ള മച്ഛേന്ദ്രഘടാ, സദാശിവഘടാ മുതലായ നാലുകോട്ടകൾകൂടി പിടിച്ചടക്കുകയും ചെയ്തു. ഇങ്ങിനെ കുറേക്കാലം ഇടവിടാതെ യുദ്ധത്തിൽത്തന്നെ വ്യാപൃതനായിരുന്നതുകൊണ്ടു ശിവാജിക്കു ദേഹസൌഖ്യം തീരെ ഇല്ലാതാകയും കുറച്ചുദിവസം കിടപ്പിലാകയും ചെയ്തു. രോഗശയ്യയിൽ കിടക്കുമ്പോൾകൂടി അദ്ദേഹം സ്വസ്ഥനായിരിക്കുന്നതിന്നു പകരം ദക്ഷിണഖണ്ഡത്തിൽ ചില വലിയ യുദ്ധങ്ങൾ നടത്താനുള്ള വഴികൾ ആലോചിക്കുകയായിരുന്നു. രോഗം സുഖപ്പെട്ട ഉടനെ തൻെറ രാജ്യത്തേക്ക് ഇനിമേലിൽ മൊഗളന്മാരുടേയും മററും ആക്രമണങ്ങൾ ഉണ്ടാകാതെ കഴിപ്പാനുള്ള ഏർപ്പാടുകൾ ചെയ്യാൻ ആരംഭിച്ചു.

പണ്ട് ബീജപ്പൂർ സുൽത്താൻ ഷഹാജിക്കു കൊടുത്തിരുന്ന ജമീൻഭൂമികളിൽ പലതും ദക്ഷിണദിക്കുകളിലാണിരുന്നിരുന്നത്. അവയെല്ലാം ഇപ്പോൾ ശിവാജിയുടെ സഹോദരൻ വെങ്കോജിയുടെ കൈയിലാണിരിക്കുന്നത്. വെങ്കോജി ശിവാജിയുടെ സഹോദരനാണെങ്കിലും ലോകവ്യവഹാരങ്ങളിൽ തീരെ പരിചയമില്ലാത്താളാണ്. ആകയാൽ വെങ്കോജിയുടെ കൈയിൽനിന്ന് ആ ഭൂമികൾ തൻെറ സ്വാധീനമാക്കേണമെന്നുറച്ചു ശിവാജി സൈന്യസമേതനായി പുറപ്പെട്ടു. ഇക്കാലത്തുതന്നെ വേറെയും ഒരു സംഭവമുണ്ടായി. തഞ്ചാവൂരിൽ ഷഹാജിയുടെ കാലംമുതൽക്കുതന്നെ ഷഹാജിയുടെ ഭൂമികൾ നോക്കിവന്നിരുന്ന മന്ത്രിയായ രഘുനാഥപണ്ടും വെങ്കോജിയും തമ്മിൽ നല്ല സ്വരച്ചേർച്ചയില്ലാതാകയും, വെങ്കോജിയുടെ അഭിപ്രായങ്ങളനുസരിച്ച് ഉദ്യോഗത്തിലിരിപ്പാൻ പ്രയാസമാണെന്നുവെച്ച് അദ്ദേഹം ഉദ്യോഗം രാജിവെച്ചു ഹൈദരാബാദിലേക്കു പോകയും ചെയ്തു. സൈന്യസമേതനായി പുറപ്പെട്ട ശിവാജിയാകട്ടെ ഹൈദരബാദ് മുതലായ സംസ്ഥാനങ്ങൾ കട

ന്ന്, വഴിയിലുള്ള പല ക്ഷേത്രങ്ങളിൽ തൊഴുതു, പല പുണ്യതീർത്ഥങ്ങളിൽ സ്നാനംചെയ്തു, ബ്രാഹ്മണൎക്കു ദാനങ്ങൾചെയ്തു, പല ദിക്കുകളിലും സാധുക്കളായ യാത്രക്കാൎക്കു താമസിക്കാനുള്ള സത്രങ്ങൾ കെട്ടിച്ചു, വളരെ സാവധാനത്തിലാണ് യാത്ര ചെയ്തത്. കുറേക്കാലംകൊണ്ടു ശിവാജി തിരുവണ്ണാമലയിലെത്തിച്ചേൎന്നു. തിരുവണ്ണാമലയിലെ ചെഞ്ചികോട്ട പിടിച്ചടക്കണമെന്നു തീൎച്ചപ്പെടുത്തി ശിവാജി മഹാരാജാവ് ആക്രമണത്തിനൊരുങ്ങിയപ്പോൾ കോട്ടകാവല്ക്കാരൻ ഷീയർഖാർ അയ്യായിരം പടയാളികളോടുകൂടി എതിൎത്തുവെങ്കിലും ഫലമുണ്ടായില്ല. കോട്ട ശിവാജിക്കു കീഴടങ്ങി. ഷീയർഖാൻെറ എട്ടു പുത്രന്മാർ ശിവാജിയോടെതിൎത്ത് അവസാനം കീഴടങ്ങുകയും, ശിവാജി അവൎക്കെല്ലാം പ്രത്യേകം പ്രത്യേകം ചില ഭൂമികൾ സമ്മാനിക്കുകയും ചെയ്തു. ഇതിനിടയിൽ ശിവാജി വ്യിതാനും സൈന്യങ്ങളെ അയച്ചു വേലൂരും തൻെറ സ്വാധീനമാക്കി. വേലൂർ ശിവാജിക്കു കീഴടങ്ങിയത് 1676-ലാണ്. പിന്നെ ശിവാജി സൈന്യസമേതനായി തഞ്ചാവൂരിൻെറ 40 നാഴിക അകലെയുള്ള തിരുവാടിയിൽ ചെന്നുചേൎന്നു. അവിടെനിന്നു ശിവാജി തൻെറ അനുജൻ വെങ്കോജിക്ക് ഒരെഴുത്തെഴുതി അയച്ചു.

അച്ഛൻെറ വക ജമീൻഭൂമികളിൽ പകുതി ഭാഗവും, അതിൽനിന്ന് ഇതേവരെയുണ്ടായിട്ടുള്ള വരവും, അതുസംബന്ധിച്ച കണക്കുകളും അയക്കുവാനായിട്ടായിരുന്നു വെങ്കോജിക്കുള്ള കത്ത്. ജ്യേഷ്ഠൻെറ ആവശ്യപ്രകാരം നടക്കുവാൻ വെങ്കോജി സമ്മതിച്ചില്ല. ശിവാജിയും ഒഴിച്ചില്ല. ഇതു സംബന്ധിച്ച് എഴുത്തിന്മേൽ എഴുത്തായിത്തീൎന്നു. അപ്പോൾ, കളി പോയി കാൎയ്യമാവുമെന്നു ശങ്കിച്ചു വെങ്കോജിയുടെ ഉപദേഷ്ടാക്കൾ അദ്ദേഹത്തെ ജ്യേഷ്ഠനെച്ചെന്നു സമാധാനിപ്പിക്കാനായി പറഞ്ഞയച്ചു. ശിവാജി വെങ്കോജിയെ ആദരപൂൎവ്വം സ്വീകരിച്ച് ആസനംകൊടുത്ത് ഇരുത്തി. കാൎയ്യംകൊണ്ടു സംസാരിച്ചതിൽ സമാധാനത്തോടുകൂടിയ ഒരു തീരുമാനം ഉണ്ടാകാതെ

വെങ്കോജി തഞ്ചാവൂരിലേക്കുതന്നെ മടങ്ങുകയാണ് ഉണ്ടായത്. അപ്പോൾ ഷഹാജിയുടെ കാലത്തുതന്നെ അവിടെ അടുത്തുണ്ടായിരുന്ന ചില തുലുക്കന്മാർ വെങ്കോജിയുടെ അടുത്തു കടന്നുകൂടുകയും, വെങ്കോജി അവരുടെ ദുരുപദേശത്തിൽ കുടുങ്ങി ശിവാജിയോടെതിരിടുവാൻ പുറപ്പെടുകയും ചെയ്തു. ശിവാജിയുടെ സൈന്യങ്ങൾ എതിൎക്കുകയും വെങ്കോജിയുടെ ഭാഗത്തു വളരെപ്പേർ മരിക്കുകയും ചെയ്തു. ഷഹാജിയുടെ ഭൂമികളിൽ പലതും ശിവാജി കരസ്ഥമാക്കി. വെങ്കോജിയുടെ സൈന്യങ്ങൾ പിൻവാങ്ങി. ഇത്രത്തോളമായപ്പോൾ വെങ്കോജിയുടെ ഭാൎയ്യ ദീപാഭായി "ജ്യേഷ്ഠനെ ചെന്നുകണ്ടു സാമാധാനിപ്പിച്ച് അദ്ദേഹം പറയുന്നതുപോലെ നടക്കുകയാണ് നല്ലത്" എന്നു ഭൎത്താവിനോടുപദേശിക്കുകയും, വെങ്കോജി ഗത്യന്തരമില്ലായ്കയാൽ അങ്ങിനെ ചെയ്കയും ചെയ്തു. ശിവാജിമഹാരാജാവു തന്റെ അനുജനു മാപ്പു കൊടുക്കുകയും, വെങ്കോജിയുടെ കാലം കഴിയുന്നതുവരെ തഞ്ചാവൂര് കൈവശംവെച്ച് അനുഭവിച്ചുകൊൾവാൻ അനുവദിച്ചുകൊടുക്കുകയും, കൂടാതെ ചില ഭൂമികൾകൂടി കൊടുക്കുകയും ചെയ്തു. ഇതിന്ന് ഒരു നിശ്ചയപത്രവും തയാറാക്കി. ഇതിന്നുപുറമേ, വെങ്കോജിക്കു കൃത്യോപദേശംചെയ്ത് മഹാരാഷ്ട്ര വംശത്തിൽ ഉണ്ടാകുവാനിരുന്ന ഗൃഹച്ഛിദ്രത്തെ മുളയിൽത്തന്നെ നുള്ളിക്കളഞ്ഞ ബുദ്ധിശാലിനിയായ ദീപാഭായിക്കു ബെങ്കളൂരും അതിന്നു ചുററുമുള്ള ചില ഗ്രാമങ്ങളും ശിവാജി വേറേ സമ്മാനിക്കുകയും ചെയ്തു.

ഇങ്ങിനെ താനുദ്ദേശിച്ച കാൎയ്യങ്ങളെല്ലാം സാധിച്ചു ശിവാജി സ്വന്തം രാജധാനിയിലേക്കുതന്നെ തിരിച്ചു. ഈ യാത്ര പതിനെട്ടു മാസത്തോളം ഉണ്ടായി. ഈ പതിനെട്ടു മാസത്തിന്നുള്ളിൽ എഴുനൂറുനാഴിക വിസ്താരമുള്ള പ്രദേശങ്ങളെ ശിവാജി ജയിച്ചു കീഴടക്കി. ഇതോടുകൂടി ശിവാജി മഹാരാജാവിന്റെ രാജ്യം അന്യന്മാരുടെ ആക്രമണത്തിന്നു വഴിയില്ലാത്ത വിധം ഉറപ്പിൽ വന്നു.

## പന്ത്രണ്ടാം അദ്ധ്യായം.

### ശിവാജിയുടെ രാജ്യഭാരം.

ഇതിന്നു മുമ്പുള്ള അദ്ധ്യായങ്ങളിൽ വിവരിച്ചപ്രകാരം തന്റെ ഭുജപരാക്രമംകൊണ്ട് അനവധി രാജ്യങ്ങൾ പിടിച്ചടക്കി, മഹാരാഷ്ട്രക്കു സ്വാതന്ത്ര്യമായ സ്വരാജ്യം സ്ഥാപിച്ച്, വിധിപ്രകാരം രാജാഭിഷിക്തനായ ശിവാജി മഹാരാജാവ് തന്റെ രാജ്യത്തെ "ലബ്ധപ്രശമനസ്വാസ്ഥമായി" പരിപാലിക്കുവാൻ തുടങ്ങി. അദ്ദേഹത്തിന്റെ രാജ്യഭാരം എങ്ങിനെയായിരുന്നു എന്നറിയുവാൻ വായനക്കാൎക്ക് ആഗ്രഹമുണ്ടാകാവുന്നതുകൊണ്ട് അതിനെപ്പററി ഈ അദ്ധ്യായത്തിൽ എഴുതുവാൻ ഭാവിക്കുന്നു.

**1. ദേശവിഭാഗം:**—ശിവാജി മഹാരാജാവ് തന്റെ രാജ്യത്തെ പല സംസ്ഥാനങ്ങളായി ഭാഗിക്കുകയും, ഓരോ സംസ്ഥാനത്തിന്നും 'പ്രാന്തം' എന്നു പേരു കല്പിക്കയും ചെയ്തു. പ്രാന്തം എന്നത് ഇക്കാലത്തെ 'ജില്ല'യോട് തുല്യമാകുന്നു. ആകെ പതിന്നാലു പ്രാന്തങ്ങളായിട്ടാണ് അദ്ദേഹം തന്റെ രാജ്യത്തെ ഭാഗിച്ചത്. 1. മാവൽ പ്രാന്തം—ഇതു പതിനെട്ടു കോട്ടകളാൽ പരിപാലിക്കപ്പെട്ടു വന്നു. 2. വൈയപ്രാന്തം—ഇതിന്റെ രക്ഷയ്ക്കു പതിനഞ്ചു കോട്ടകളുണ്ടായിരുന്നു. 3. പഞ്ഞാലം പ്രാന്തം—ഇതിൽ പതിമൂന്നു കോട്ടകളുണ്ടായിരുന്നു. 4. ദക്ഷിണ കൊങ്കണ പ്രാന്തം – ഇതിൽ അയ്മ്പത്തെട്ടു ഗിരിദുൎഗ്ഗങ്ങളും, പുറമേ സമുദ്രതീരത്തുള്ള അനേകം കോട്ടകളുമുണ്ടായിരുന്നു. 5. താനാപ്രാന്തം—ഇതിൽ പന്ത്രണ്ടു കോട്ടകൾ ഉണ്ടായിരുന്നു. (6_7) ത്രിയംബകം, പാകലൻ എന്ന പ്രാന്തങ്ങൾ—ഇവയിലുണ്ടായിരുന്ന കോട്ടകളുടെ എണ്ണം അറുപത്തിരണ്ടാകുന്നു. 8. വനഘടാപ്രാന്തം—ഇതിൽ ഇരുപത്തിരണ്ടു കോട്ടകൾ ഉണ്ടായിരുന്നു. (9_10_11) പെട്നോർ, കോലാർ, ശ്രീരംഗപട്ടണം പ്രാന്തങ്ങൾ—ഇവയിൽ പതിനെട്ടു കോട്ടകളു

ണ്ടായിരുന്നു. 12. കർണ്ണാടകപ്രാന്തം—ഇതിൽ പതിനെട്ടു കോട്ടകളാണുണ്ടായിരുന്നത്. 13. വേലൂർ പ്രാന്തം—ഇതിൽ ഇരുപത്തഞ്ചു കോട്ടകളുണ്ടായിരുന്നു. 14. തഞ്ചാവൂർ പ്രാന്തം—ഇതിൽ ഉണ്ടായിരുന്നത് ആറു കോട്ടകളാകുന്നു.

മേല്പറഞ്ഞ പ്രാന്തങ്ങളെ മണ്ഡലങ്ങളായി പിന്നേയും ഭാഗിച്ചിരുന്നു. മണ്ഡലം എന്നതിന്നു താലൂക്കെന്നും പേർ പറയാം. ഓരോ മണ്ഡലവും ഒരു ലക്ഷം ഉറുപ്പിക വിതം മുതലെടുപ്പുള്ളതായിരുന്നു. ഇതിന്നു പുറമേ സൂഭാ എന്നൊരു വിഭാഗം കൂടിയുണ്ടായിരുന്നു. ഓരോ സൂഭയിലും അനേകം മണ്ഡലങ്ങൾ അടങ്ങിയിരിക്കും. സൂഭകളിലെ മുതലെടുപ്പ് കുറഞ്ഞത് ആറു ലക്ഷം ഉറുപ്പികയാകുന്നു. ഓരോ സൂഭയുടേയും തലവനായി സുബേദാർ എന്നൊരു ഉദ്യോഗസ്ഥൻ ഉണ്ടായിരുന്നു. സുബേദാരുടെ മാസശമ്പളം ഒരുന്നൂറുറുപ്പികയായിരുന്നു. സുബേദാർമാരുടെകിഴിൽ പട്ടേൽ, കുൾക്കർണി, ദേശമുഖ്യൻ, ദേശപാണ്ഡേ എന്നെല്ലാം പേർ പറയുന്ന അനേകം ഗ്രാമമുഖ്യന്മാർ ഉണ്ടായിരിക്കും. ഈ ഗ്രാമമുഖ്യന്മാരാണ് അതാതു ഗ്രാമങ്ങളിലെ ജനങ്ങളുടെ കൈയിൽനിന്നു നികുതി സംഖ്യകൾ പിരിക്കുവാൻ ചുമതലപ്പെട്ടവർ. മൂന്ന്, അല്ലെങ്കിൽ നാലു ഗ്രാമങ്ങൾ കൂടിയതിന്നു ഗ്രാമവസൂർ എന്നൊരു തലവൻ ഉണ്ടായിരിക്കും. ഗ്രാമവസൂരുടെ ജോലി അതാതു ഗ്രാമങ്ങളിലുള്ള നിലങ്ങൾ സർവ്വേ ചെയ്യുകയും പരിശോധിക്കുകയുമാണ്. ഓരോ മണ്ഡലത്തിന്നും ഓരോ സൂഭക്കും പ്രത്യേകം പ്രത്യേകം അതിർത്തികൾ ഉണ്ടായിരുന്നു. ഈ അതിർത്തികളുടെ നിർമ്മാണത്തിന്നും, കൂടാതെ നഗരനിർമ്മാണം മുതലായവക്കും പ്രത്യേകം പ്രത്യേകം ഉദ്യോഗസ്ഥന്മാരും ഉണ്ടായിരുന്നു.

2. **പാതകൾ:—** ഗതാഗതസൌകര്യത്തിന്നായി നിലത്തും വെള്ളത്തിലും അനേകം മാർഗ്ഗങ്ങൾ ഉണ്ടാക്കിയിരുന്നു. അവയിൽ നിലത്തുള്ള പാതകൾ പല പ്രകാരത്തിൽ ഉണ്ടായിരുന്നു. 1. രാജപാത—ഇതിന്നു മുപ്പതടി വിസ്താരമുണ്ടായിരിക്കും. ഇത് പ്രായേണ രാജാക്കന്മാരും മന്ത്രിമാരും മററുദ്യോ

ഗസ്ഥന്മാരുമാണ് ഉപയോഗപ്പെടുത്തുക. 2. പക്ഷപാത—ഇതിന്നു എട്ടടി വിസ്താരമുണ്ടായിരിക്കും ഇതു കന്നുകാലികളെ കൊണ്ടുപോവാനുപയോഗിക്കുന്നതാണ്. 3. ചക്രപാത—ഇത് പത്തടി അകലമുള്ളതും വണ്ടികൾ കൊണ്ടുപോവാൻ ഉപയോഗിക്കുന്നതുമാണ്. 4. പാദപ്പാത—ഇതിൻെറ വിസ്താരം നാലടിയാകുന്നു. ഇതാണ് ആളുകൾക്കു നടപ്പാനുള്ള വഴി. 5. വ്യൂഹപാത—ഇതിന്നു അറുപതടി വീതിയുണ്ടായിരിക്കും. പട്ടാളക്കാർ അണിയണിയായി പോകുന്നതിന്നാണ് ഇതു ഉപയോഗിക്കുക. 6. ശ്മശാനപാത—ഇതു മുപ്പതടി വീതിയുള്ളതും, ശ്മശാനസ്ഥലങ്ങളിലേക്കു ശവങ്ങൾ കൊണ്ടുപോകാനുപയോഗപ്പെടുത്തുന്നതുമായ വഴിയാണ്. 7. ഗ്രാമപാത—ഇതിൻെറ വീതി പതിനഞ്ചടിയും, ഇതിനെ ഉപയോഗിക്കുന്നത് ഒരു ഗ്രാമത്തിൽനിന്നു മററൊരു ഗ്രാമത്തിലേക്കു പോകേണ്ട ആവശ്യത്തിന്നുമാണ്. ഇപ്പറഞ്ഞ പാതകളെല്ലാം വളരെ വൃത്തിയിലും ഉറപ്പിലും പണി ചെയ്തിരുന്നു. ജലമാർഗ്ഗങ്ങളിൽ ചെറിയ തോടുകൾ, വലിയ തോടുകൾ, പുഴകൾ, അഴിമുഖങ്ങൾ മുതലായവ ഉൾപ്പെടുന്നു. പൊതുജനങ്ങളുടെ ഉപയോഗത്തിന്നുള്ള പാതകൾ കല്പിച്ചുകൂട്ടി നാശപ്പെടുത്തുന്നവരെ യഥോചിതം ശിക്ഷിക്കയും ചെയ്തിരുന്നു.

3. കാടുകൾ:— കാടുകളിൽനിന്നു നാട്ടുപുറങ്ങളിലെ ആവശ്യത്തിലേക്കു വേണ്ടതായ വിറകും, കൃഷിക്കാവശ്യമുള്ള തോലും വെട്ടിക്കൊണ്ടു പോവാൻ വിരോധമുണ്ടായിരുന്നില്ല. കാടുകൾ വെട്ടി നാശപ്പെടുത്താതെ വളരെ നിഷ്കൎഷയിൽ കാക്കപ്പെട്ടിരുന്നു. കാട്ടിലെ ചില ഭാഗങ്ങൾ വേട്ടയാടുന്നതിന്നായി പ്രത്യേകം തിരിക്കപ്പെട്ടിരുന്നു. കാടുകളുടെ രക്ഷക്കും മേൽനോട്ടത്തിന്നുമായി പ്രത്യേകം ഒരുദ്യോഗസ്ഥൻ ഉണ്ടായിരുന്നു.

4. കോട്ടകൾ:—കോട്ടകൾ കെട്ടുന്നതിലാണ് ശിവാജി തൻെറ ജീവിതകാലമത്രയും ചിലവാക്കിയിരുന്നത്. അനവധി ദ്രവ്യം ചിലവു ചെയ്ത് അനവധി കോട്ടകൾ അദ്ദേഹം

ഉണ്ടാക്കിച്ചിട്ടുണ്ടായിരുന്നു. ഒരു രാജ്യത്തിനുള്ള പ്രധാന രക്ഷ കോട്ടയാണെന്നുള്ള സംഗതി ശിവാജിയെപ്പോലെ അധികം പേർ ധരിച്ചിരിക്കയില്ല. സൈന്യങ്ങളെ രക്ഷിക്കുവാൻ കോട്ടകൾ അത്യാവശ്യമാണ്; കോട്ടകളെ രക്ഷിപ്പാൻ സൈന്യങ്ങളും അത്യാവശ്യമാണ്. കോട്ടകൾക്കു ശരിയായ ബലമുണ്ടെങ്കിൽ ശത്രുക്കളുടെ ആക്രമങ്ങളെ ഭയപ്പെടേണ്ടതില്ല. ശിവാജിയുടെ കൈവശത്തിൽ ആകെ ഇരുനൂറെറണ്പതു കോട്ടകൾ ഉണ്ടായിരുന്നു. ഓരോ കോട്ടയും മഹാരാഷ്ട്രനായ ഒരു ഹവൽദാരുടെ കയ്യിലായിരിക്കും. ഈ ഹവൽദാരെ ആ കോട്ടയുടെ രക്ഷകൻ അഥവാ കാവൽക്കാരൻ എന്നു പറയുന്നു. ഈ ഹവൽദാരുടെ കീഴിൽ മൂന്നുദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നു. ഒരാൾ പട്ടാളത്തിന്റെ മേൽനോട്ടക്കാരനും, മറെറാരാൾ നിലനികുതി മുതലായിട്ടുള്ള വരവുകളുടെ ചുമതലക്കാരനും, പിന്നെ ഒരാൾ ധാന്യങ്ങളുടെ മേൽനോട്ടക്കാരനുമാണ്. ഈ മൂന്നു പേരും ഹവൽദാക്കു സഹായമായി ജോലി ചെയ്യേണ്ടവരായിരുന്നു.

5. പൊതുജനാരോഗ്യം:—ശിവാജി മഹാരാജാവ് പൊതുജനങ്ങളുടെ ആരോഗ്യരക്ഷയ്ക്കായി പല ഏർപ്പാടുകളും ചെയ്തിരുന്നു. എല്ലാ ദിക്കിലും കുടിപ്പാനും കുളിപ്പാനും വേറെ വേറെ ജലസൌകയ്യമുണ്ടാകത്തക്കവിധം നല്ല കിണറുകളും കുളങ്ങളും സുലഭമായി കുഴിപ്പിച്ചിരുന്നതിന്നു പുറമേ തോട്ടുകൾ, ഏരികൾ മുതലായ ജലാശയങ്ങളും ധാരാളമായി ഉണ്ടാക്കിയിരുന്നു. രോഗികളെ ചികിത്സിക്കുവാൻ പ്രത്യേകമായി വൈദ്യശാലകളും ഏർപ്പെടുത്തിയിരുന്നു. മനുഷ്യരെ ചികിത്സിപ്പാനുള്ള വൈദ്യശാലകൾക്കു പുറമേ മൃഗങ്ങളെ ചികിത്സിപ്പാനുള്ള ശാലകളും ഏർപ്പെടുത്തിയിരുന്നു. വൈദ്യന്മാരുടെ ഇടയിൽ സാധാരണ വൈദ്യൻ, രണവൈദ്യൻ, വിഷവൈദ്യൻ, മൃഗവൈദ്യൻ എന്നിങ്ങിനെ പല തരക്കാരും ഉണ്ടായിരുന്നു. ദരിദ്രന്മാക്കും അഗതികൾക്കും ധമ്മമായി ചികിത്സകൾ ചെയ്തിരുന്നു.

6. **സത്രങ്ങൾ—മഠങ്ങൾ:—** ദരിദ്രന്മാരും അഗതികളുമായവരുടെ ആവശ്യത്തിന്ന് അനേകം സത്രങ്ങളും, സന്ന്യാസിമാരുടെ ആവശ്യത്തിനു പല മഠങ്ങളും ശിവാജി ഏൎപ്പെടുത്തിയിരുന്നു. അവയിൽ താമസിക്കുന്നവൎക്കു പതിവായി ഭക്ഷണവും നല്കിയിരുന്നു. ചില വിശേഷദിവസങ്ങളിലും പുണ്യകാലങ്ങളിലും അഗതികൾക്കു ദ്രവ്യവും വസ്ത്രങ്ങളും നല്കിയിരുന്നു. ബ്രാഹ്മണരായവൎക്കു ഭക്ഷണവും ദക്ഷിണയും കൊടുക്കുക പതിവായിരുന്നു. സത്രങ്ങളുടേയും മഠങ്ങളുടേയും മേൽനോട്ടത്തിന്നു പ്രത്യേകം ഒരദ്ധ്യക്ഷനെ നിയമിച്ചിട്ടുണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ പ്രവൃത്തിയിൽ സത്രങ്ങളുടേയും മഠങ്ങളുടേയും ചിലവിന്നായി പ്രത്യേകം വക നീക്കീട്ടുള്ള നിലങ്ങളിലെ പിരിവും കണക്കും മാസന്തോറും രാജധാനിയിലേയ്ക്കയക്കേണ്ട ചുമതല കൂടി ഉൾപ്പെട്ടിരുന്നു.

8. **അനാഥശാല:—** യുദ്ധത്തിൽ മൃതിപ്പെട്ടുപോയ വീരന്മാരുടെ ഭാൎയ്യമാൎക്കും മക്കൾക്കും കഴിഞ്ഞുകൂടുവാൻ പ്രത്യേകമായി ഭൂമികൾ നീക്കികൊടുത്തിരുന്നു. അങ്ങിനെയുള്ള ഭടന്മാരുടെ ചെറുകുട്ടികളേയും വയസ്സായ കാരണവന്മാരേയും പരിപാലിക്കുകാൻ ശിവാജി പല ഏൎപ്പാടുകളും ചെയ്തിരുന്നു. ബാല്യത്തിൽ വൈധവ്യം വന്ന സ്ത്രീകൾ, നാഥനില്ലാത്ത അമ്മമാർ മുതലായവൎക്കും പ്രത്യേകം ഏൎപ്പാടുകളുണ്ടായിരുന്നു. നിത്യവൃത്തിക്കു നിവൃത്തിയില്ലാത്ത സ്ത്രീകൾക്കു സൎക്കാരിൽനിന്നു ധനസഹായം ചെയ്തിരുന്നു. ഓരോ ഗ്രാമങ്ങളിലുമുള്ള അനാഥന്മാർ, അംഗഹീനന്മാർ, അഗതികൾ മുതലായവരുടെ കണക്കുണ്ടാക്കി സൎക്കാരിലേക്കയക്കുവാൻ ഗ്രാമഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിയിരുന്നു. അനാഥന്മാരെ രക്ഷിക്കാനുള്ള ശാലകൾ രാജ്യത്തിന്റെ പല ഭാഗങ്ങളിലുമുണ്ടായിരുന്നു. അവയുടെ മേൽനോട്ടത്തിന്നു പ്രത്യേകമായി ഒരുദ്യോഗസ്ഥനും ഉണ്ടായിരുന്നു. ഇയ്യാൾ മാസംതോറും അനാഥന്മാരുടെ പ്രവേശം മരണം മുതലായവയുടെ ഒരു കണക്കുണ്ടാക്കി അയക്കേണമെന്നു നിശ്ചയമുണ്ടായിരുന്നു. കൊല്ലംതോറും സൎക്കാരിലേക്കു

ള്ള വരവിൽ ഒരു ഭാഗം അനാഥശാലകളുടെ നടപ്പിന്നായി കൊടുത്തിരുന്നു.

9. **വിദ്യാലയങ്ങൾ:**—ശിവാജി മഹാരാജാവിന്റെ ഭരണത്തിൽ വിദ്യാലയങ്ങൾ വളരെ പ്രാബല്യത്തിലിരുന്നതായി അറിയുന്നില്ല. ഗ്രാമങ്ങളിൽ അവിടവിടെയായി ചില ബ്രാഹ്മണപണ്ഡിതന്മാർ പുരാണ പാഠങ്ങളും മതഗ്രന്ഥപാഠങ്ങളും നടത്തിയിരുന്നതല്ലാതെ ശാസ്ത്രങ്ങളെസ്സംബന്ധിച്ച പാഠങ്ങൾ നടത്തിവന്നിരുന്നതായി കാണുന്നില്ല. എന്നാൽ അന്നത്തെ രീതിയിലുള്ള വിദ്യകൾ അഭ്യസിച്ച് അറിവു സമ്പാദിച്ചവരേയും ആ അറിവിനെ പ്രചരിപ്പിച്ചിരുന്നവരേയും പററി വളരെ ബഹുമാനമുണ്ടായിരുന്നു. തുക്കാറാമിന്റെ ജ്ഞാനോപദേശങ്ങളെ പ്രചരിപ്പിക്കുകയും ഭജനയും പുണ്യകഥാപ്രസംഗവും നടത്തുകയും ചെയ്യുന്നവക്കു ശിവാജി ധാരാളം ദ്രവ്യം സമ്മാനിച്ചിരുന്നു. പട്ടാഭിഷേകദിവസം ശിവാജി വിദ്യാവിഷയമായും വളരെ പണം കൊടുത്തതായി കാണുന്നുണ്ട്. ശിവാജിയുടെ കാലത്തു വിദ്യക്കു വളരെ ശക്തിയും പ്രചാരവും ഉണ്ടായിരുന്നില്ല. ഇതിന്നു കാരണം ശിവാജിക്കു വിദ്യാഭ്യാസം സിദ്ധിച്ചിട്ടില്ലാതിരുന്നതാണെന്നു ചിലർ പറയുന്നുണ്ട്. ശിവാജിക്കു എഴുതുവാനും വായിപ്പാനും വശമില്ലായിരുന്നു എന്നു കൂടി ചില ചരിത്രകാരന്മാർ പറഞ്ഞിരിക്കുന്നു. ശിവാജി അറംഗസിബിന്നയച്ച എഴുത്തുകൾ ശിവാജിയുടെ സ്വകാൎയ്യകാൎയ്യദശി എഴുതിയവയാണെന്നാണു പറയുന്നത്. എന്നാൽ വേറെ ചില ചരിത്രകാരന്മാർ ശിവാജിക്ക് എഴുതുവാനും വായിപ്പാനും അറിവുണ്ടായിരുന്നുവെന്നു ഉദാഹരണപൂൎവ്വം ഉപപാദിച്ചിട്ടുണ്ട്. അതിന്റെ പരമാൎത്ഥം എങ്ങിനെയെങ്കിലുമാകട്ടെ. ശിവാജി ദിനന്തോറം ഗ്രന്ഥങ്ങൾ വായിച്ചുകേട്ടിരുന്നു എന്നുള്ളത് എവരും സമ്മതിക്കുന്നുണ്ട്. ഏതു ഗ്രന്ഥമായിരുന്നാലും അതിന്റെ ആദിമുതൽ അവസാനംവരെ കേൾക്കുന്നതു ശിവാജിയുടെ സ്വഭാവമായിരുന്നു. തത്വശാസ്ത്രവിഷയങ്ങളെല്ലാം അദ്ദേഹത്തിന്നറിവുണ്ടായിരുന്നു. ജ്ഞാനസംബന്ധമായ

ശാസ്ത്രങ്ങളിലും ആദ്ദേഹത്തിന്നു നല്ല അറിവുണ്ടായിരുന്നു. സംഗീതത്തിലും അദ്ദേഹത്തിന്നു വളരെ താല്പൎയ്യമുണ്ടായിരുന്നു. അക്കാലത്തു സംഗീതം മററു കലാവിദ്യകളേക്കാളധികം പ്രചാരത്തിലിരുന്നിരുന്നു. കീൎത്തനങ്ങളും ഭജനഗീതങ്ങളുമാണ് അദ്ദേഹത്തിന്നധികം ഇഷ്ടമായിരുന്നത്. അവക്കു സംസ്ഥാനമൊട്ടുക്കു പ്രചാരമുണ്ടായിരുന്നു.

10 **മതവിചാരം:**—ശിവാജിയുടെ കാലത്തു മഹമ്മദിയരുടെ ആക്രമണങ്ങൾ തുടരെത്തുടരെ ഉണ്ടായിരുന്നതുകൊണ്ടു മഹമ്മദ്മതം മഹാരാഷ്ട്രത്തിൽ പരന്നേക്കുമോ എന്നു ഭയമുണ്ടായിരുന്നു. അതുകൊണ്ടാണ് മഹാരാഷ്ട്രത്തിലെ ജ്ഞാനികളും സന്ന്യാസിമാരും ഭജനകളും കഥാപ്രസംഗങ്ങളും നടത്തി ഹിന്ദുമതത്തിൽ പൊതുജനങ്ങൾക്കു ശ്രദ്ധയുണ്ടാക്കുവാൻ ശ്രമിച്ചിരുന്നത്. ശിവാജി മഹാരാഷ്ട്രത്തിൽ മഹമ്മദ് മതത്തെ തലകാട്ടുവാൻ സമ്മതിച്ചില്ല. കുട്ടിക്കാലം മുതല്ക്കുതന്നെ ശിവാജിക്ക് അന്യമതങ്ങളിൽ വെറുപ്പുണ്ടായിരുന്നു. അതുപോലെതന്നെ സ്വമതത്തിൽ താല്പൎയ്യവുമുണ്ടായിരുന്നു. ഭക്തി, മനശ്ശുദ്ധി, യോഗം, ധ്യാനം മുതലായവയിൽ ശിവാജിക്കുണ്ടായിരുന്ന താല്പൎയ്യം ചില്ലറയൊന്നുമല്ല. അദ്ദേഹം അന്യമതങ്ങളെ വെറുത്തിരുന്നുവെങ്കിലും മുഹമ്മദിയരുടെ വേദമായ കുറാനെ വെറുത്തിരുന്നില്ല. അതിൻെറ കാൎയ്യത്തിൽ അദ്ദേഹം വളരെ ബഹുമാനം കാണിച്ചിരുന്നു. അതുപോലെ മഹമ്മദിയസന്ന്യാസിമാരിലും ശിവാജിക്ക് അനുകമ്പയുണ്ടായിരുന്നു. ആകപ്പാടെ ശിവാജിയുടെ ഭരണത്തിൽ മതവിചാരത്തിന്നു തക്കതായ സ്ഥാനമുണ്ടായിരുന്നു.

11. **നിലനികുതി:**—നിലനികുതി സംബന്ധിച്ച കാൎയ്യങ്ങളിൽ ശിവാജി ചെറുപ്പത്തിൽ ദാദോജി കോണ്ടദേവൻെറ അടുക്കൽനിന്നു പല അറിവുകളും സമ്പാദിച്ചിരുന്നു. അദ്ദേഹം തൻെറ രാജ്യഭരണത്തിൽ പ്രസ്തുതവിഷയത്തെപ്പററി വളരെ വ്യവസ്ഥകൾ ചെയ്തിരുന്നു. ഭൂമിയുടെ അളവ്, വിളവി

ന്റെ തിട്ടം, നികുതിത്തോത്, കിസ്ത് മുതലായവയിലെല്ലാം തക്കതായ വ്യവസ്ഥകൾ ഉണ്ടാക്കിയിരുന്നു. നിലം അളക്കു വാനുള്ള യന്ത്രങ്ങൾ ഏൎപ്പെടുത്തി. നിലങ്ങളെ തരവയുടെ വിള വനുസരിച്ച തിരിച്ചിരുന്നില്ല. നഞ്ചനിലങ്ങൾക്കു വിളയുടെ അളവിൽ അഞ്ചിൽ രണ്ടു ഭാഗം ആദ്യം നികുതി കെട്ടിയിരു ന്നതു പിന്നെ കുടികളുടെ ആക്ഷേപം നിമിത്തം മൂന്നിലൊരു ഭാഗമായി കുറച്ചു. എന്നാൽ ചില ഉയൎന്നതരം നിലങ്ങൾക്ക് അഞ്ചിൽ രണ്ടുഭാഗംതന്നെ നികുതി കെട്ടിയിരുന്നു. വെള്ള ക്കേടും വെയിൽക്കേടുമുള്ള നിലങ്ങൾക്കു നികുതിയുണ്ടായിരുന്നി ല്ല. തരിശുനിലങ്ങളിൽ കൃഷിചെയ്യുതുടങ്ങുവാനുള്ള ഏൎപ്പാടു കൾ സൎക്കാരിൽനിന്നുതന്നെ ചെയ്യുകൊടുത്തു. കൃഷിചെ യ്യാൻ വകയില്ലാത്ത സാധുക്കളായ കുടിയാന്മാൎക്ക് ആദ്യത്തെ മൂന്നുകൊല്ലകാലം നികുതി ഒഴിവാക്കിക്കൊടുത്തിരുന്നു. ഈ ഏൎപ്പാടു തുടങ്ങിയതിന്നുശേഷം തരിശുനിലങ്ങൾ നല്ല കൃഷി സ്ഥലങ്ങളായിത്തീൎന്നുതുടങ്ങി. നിലനികുതികാൎയ്യത്തിൽ ശി വാജിയുടെ വ്യവസ്ഥ ഇന്നും അനുസരിച്ചുവരുന്നുണ്ട്. കിസ്ത് വസൂൽചെയ്യുന്നതു ഗ്രാമാധികാരികൾ മുഖേനയാണെന്ന് ഇ ന്നു നടക്കുന്ന സമ്പ്രദായം ശിവാജി തുടങ്ങിവെച്ചതാണ്. നി ലങ്ങളുടെ വിളവു വൎദ്ധിപ്പിക്കേണ്ട ആവശ്യത്തിലേക്കു ശിവാ ജിയുടെ ഗവൎമ്മേണ്ട് ധനസഹായം ചെയ്തിരുന്നു. ക്ഷേത്രങ്ങൾ, ബ്രാഹ്മണഗൃഹങ്ങൾ, സന്ന്യാസിമഠങ്ങൾ എന്നിവയിലേക്കാ യി കൊടുത്തിരുന്ന ഭൂമികൾക്കു നികുതി അടയ്ക്കേണ്ടതില്ലായിരു ന്നു. ഒരു കൊല്ലത്തെ നികുതി ബാക്കിയായിപ്പോയാൽ പിന്ന ത്തെ കൊല്ലത്തിൽ ബാക്കിയും തന്നാണ്ടും കൂടി അടച്ചാൽ മ തിയായിരുന്നു.

ഭൂമികളിൽ കൃഷി ചെയ്യുന്ന കുടിയാനവന്മാരോ ട് ജമിന്ദാർമാർ അധികസംഖ്യ വസൂൽ ചെയ്യു സൎക്കാരിലേ ക്ക് അതിൽ കുറഞ്ഞ ഒരു സംഖ്യമാത്രം കൊടുക്കുന്ന സമ്പ്ര ദായം ശിവാജിക്കിഷ്ടമായിരുന്നില്ല. അതിനാൽ അദ്ദേഹം എല്ലാ കുടിയാന്മാരും സൎക്കാരിൽ അടയ്ക്കേണ്ടതായ രാജഭോഗ

ത്തെ അവരോടു വസൂൽചെയ്യാനായി സ്വന്തം ഉദ്യോഗസ്ഥ ന്മാരെത്തന്നെ ഏൎപ്പെടുത്തി. ഇതു നിമിത്തം ജമിന്ദാർമാൎക്കു ണ്ടായിരുന്ന നികുതി പിരിവധികാരം നഷ്ടമായിപ്പോകയും, കു ടിയാനവന്മാരുടെ സങ്കടങ്ങൾക്കു നിവൃത്തി കിട്ടുകയും ചെയ്തു. ജമിന്ദാർമാൎക്കുള്ള ജന്മഭോഗം സൎക്കാരിൽ നിന്നു നേരിട്ടു കൊടു ത്തുവന്നതല്ലാതെ ഭൂമികൾ അവരുടെ കയ്യിൽ ഏല്പിച്ചിരുന്നി ല്ല. ഗ്രാമങ്ങളിലുണ്ടാകുന്ന വ്യവഹാരങ്ങൾ തീൎക്കുവാൻ പ ഞ്ചായത്തു സഭകൾ ഏൎപ്പെടുത്തുകയും ആ സഭകളുടെ അദ്ധ്യ ക്ഷനായി സുബേദാർ ഇരിക്കേണമെന്നു വ്യവസ്ഥപ്പെടുത്തുക യും ചെയ്തു. മാന്യഭൂമികളെ സംബന്ധിച്ച കേസ്സുകൾ വിചാ രണചെയ്തു തീൎപ്പുകല്പിപ്പാൻ പണ്ഡിത അമാത്യൻ, പണ്ഡിത ചീഫ് എന്നിങ്ങിനെ രണ്ടുദ്യോഗസ്ഥന്മാരുണ്ടായിരുന്നു. ഇവരിൽ അമാത്യൻ വരവിനെ പരിശോധിക്കുകയും, ചീഫ് വരവുള്ള സംഖ്യയെ എണ്ണി സൂക്ഷിക്കുകയും ചെയ്യുന്നതിന്നുകൂടി അധി കാരികളായിരുന്നു. ജമിന്ദാർമാർ നികുതി വസൂൽചെയ്തു വന്ന കാലത്തു നിലങ്ങൾ ചിത്തയാകയും കാൎയ്യങ്ങൾ വലിയ കുഴ പ്പത്തിലാകയും ചെയ്തിരുന്നു. അതെല്ലാം ശരിപ്പെടുത്തുവാനാ യി ശിവാജി വളരെ മനസ്സിരുത്തുകയും എല്ലാററിന്നും പ്രാപ്തി യുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കയും ചെയ്തു. തന്നിമിത്തം കുടിയാനവന്മാൎക്കു സന്തോഷവും സുഖവും വൎദ്ധിക്കുകയും, കാ ൎയ്യങ്ങൾ യാതൊരു വഴക്കുംകൂടാതെ ശരിക്കു നടക്കുകയും ചെയ്തു തുടങ്ങി. തോട്ടങ്ങളിൽ ഉണ്ടാകുന്ന തെങ്ങ്, പന, മാവ്, പ്ലാ വ് മുതലായ വൃക്ഷങ്ങൾക്ക് അര ഉറുപ്പിക മുതൽ രണ്ടുറുപ്പിക വരെ അവസ്ഥപോലെ ഒരു വൃക്ഷനികുതി ഏൎപ്പെടുത്തിയിരു ന്നു. യുദ്ധകാലങ്ങളിൽ സൈന്യങ്ങളുടെ പരാക്രമംകൊണ്ടു ഭൂ മികൾക്കു കേടുവരാതിരിപ്പാൻ പ്രത്യേകവ്യവസ്ഥകൾ ഉണ്ടാ യിരുന്നതിന്നു പുറമേ അങ്ങിനെ കേടു സംഭവിച്ച ഭൂമികളുടെ പട്ടിക തയ്യാറാക്കി അവയുടെ നഷ്ടം വകവെച്ചു കൊടുപ്പാനു ള്ള ഏൎപ്പാടും ഉണ്ടായിരുന്നു. യുദ്ധത്തിൽ പിടിച്ചടക്കിയ ഗ്രാ മങ്ങളിലെ ഭൂമികൾക്കു "സൌത്ത്‌വാരി" നികുതി വസൂൽ ചെ

യ്തിരുന്നു. 'സൌത്ത് വാരി' എന്നതു വിളവിൽ നാലിൽ ഒരു ഭാഗമാണ്; ഇതടയ്ക്കാത്തവരുടെ ഭൂമികൾ സൎക്കാരിലേയ്ക്കു കണ്ടുകെട്ടിയെടുക്കുകയും ചെയ്തിരുന്നു.

12. **ജലസേചനം:—** നിലങ്ങളിലേക്കുള്ള ജലസേചനം ശിവാജിയുടെ ഭരണകാലത്തു നാലുപ്രകാരത്തിലുണ്ടായിരുന്നു. കൈത്തേക്ക്, കുടത്തേക്ക്, യന്ത്ര(=തുലാം,ഏത്തം)ത്തേക്ക് എന്നിങ്ങിനെ മൂന്നുവിധത്തിലും, ഏരികളിൽനിന്നും കുളങ്ങളിൽനിന്നും വെള്ളം തുറന്നുവിടുന്ന സമ്പ്രദായം ഒന്നുംകൂടി നാലുപ്രകാരത്തിലായിരുന്നു ജലസേചനം. ഏരികൾ, കുളങ്ങൾ, കിണറുകൾ, തോടുകൾ മുതലായവ വെട്ടിക്കുന്നതിന്നു കൊല്ലംതോറുമുള്ള മുതലെടുപ്പിൽ ഒരു ഭാഗം നീക്കി വെയ്ക്കുക പതിവായിരുന്നു. ജലസേചനത്തിന്ന് ഒരു മേലധികാരിയും, അദ്ദേഹത്തിൻെറ കീഴിൽ അനേകം സിൽബന്തികളും ഉണ്ടായിരുന്നു. പുഴകളിൽനിന്നു ഏരികളിലേക്കു വെള്ളം കയററി കെട്ടിനിറുത്തി ആവശ്യംപോലെ കൃഷിക്കാൎക്കു വിട്ടുകൊടുക്കുവാൻ പ്രത്യേകമായ ആളുകളും ഉണ്ടായിരുന്നു. ഇതുകൂടാതെ മലംപ്രദേശങ്ങളിൽ മലവെള്ളം കെട്ടിനിറുത്തുവാനുള്ള ഏൎപ്പാടുകളും ഉണ്ടായിരുന്നു.

13. **മഹാരാജാവിൻെറ ദിനചൎയ്യ:—** ശിവാജിമഹാരാജാവിൻെറ ദിനചൎയ്യ വളരെ കൃത്യമായും യാതൊരു നീക്കുപോക്കും കൂടാതേയും നടന്നിരുന്നു. കണക്കുപരിശോധന, നീതിന്ന്യായപരിപാലനം, വിദേശവിഷയപരിശോധന, സൈന്യപരിശോധന, ദുൎഗ്ഗപരിശോധന, കോട്ടവിചാരിപ്പ് തുടങ്ങിയ വിഷയങ്ങൾ അദ്ദേഹത്തിൻെറ ശ്രദ്ധയ്ക്കു വിഷയമായിരുന്നു. ഇതുകൂടാതെ, ഉദ്യോഗസ്ഥന്മാൎക്കു കണ്ടു സംസാരിക്കുവാനും, അഗതികൾക്കു സഹായം ചെയ്യാനും പ്രത്യേക സമയങ്ങൾ വിഭാഗിച്ചിരുന്നു. അദ്ദേഹത്തിൻെറ സമയവിഭാഗത്തിൻെറ ഒരു പട്ടിക താഴെ ചേൎക്കുന്നു:—

പകൽ:—6—7.30. രാജ്യരക്ഷയുടെ ആലോചനയും, സൎക്കാർ കണക്കു പരിശോധനയും.

പകൽ 7·30—9. കുടിയാനവന്മാരുടെ കാൎയ്യങ്ങളും പ്രാന്തകാൎയ്യങ്ങളും അന്വേഷിക്കുക.

„ 9—10·30. നിത്യകൎമ്മം, അമൃതേത്ത്, കഥാശ്രവണം.

„ 10·30—12. ചുങ്കം, ഉദ്യോഗസ്ഥന്മാരുടെ കണക്കു കേൾക്കൽ.

„ 12—1·30. അഷ്ടപ്രധാൻ പററിയ മന്ത്രിമാരും മററ് ഉദ്യോഗസ്ഥന്മാരുമായിട്ടുള്ള എഴുത്തുകുത്ത്.

„ 1·30—3. നേരമ്പോക്കും വിനോദവും.

„ 3—4·30. ആന, കുതിര, കാലാൾ മുതലായ സേനകളുടെ സന്ദൎശനം.

„ 4·30—6. സേനാപതിയുമായി യുദ്ധസംബന്ധമായിട്ടുള്ള ആലോചനയും സന്ധ്യാജപവും.

രാത്രി:— 6—7·30. ഒററുകാരുമായിട്ടുള്ള കൂടിക്കാഴ്ചയും ആലോചനയും.

„ 7·30—9. പ്രാൎത്ഥന, ഭോജനം, കഥാശ്രവണം.

„ 9—10. സ്ത്രീകളുമായിട്ടുള്ള സംഭാഷണവും അരമനവിചാരണയും.

„ 10—3. ഉറക്കം.

„ 3—4·30. മന്ത്രസഭയും, ഒററുകാരെ അയയ്ക്കലും.

„ 4·30—6. പുരോഹിതന്മാർ, വൈദ്യന്മാർ, ജ്യോത്സ്യന്മാർ മുതലായവരെ ഉപചരിക്കുക, സ്നാനം, ദാനധൎമ്മങ്ങൾ.

13. ന്യായസ്ഥലങ്ങൾ:—ധൎമ്മസ്ഥീയം, കണ്ടകശോധനം എന്നിങ്ങിനെ രണ്ടു ന്യായസ്ഥലങ്ങളായിരുന്നു മുഖ്യമായിട്ടുണ്ടായിരുന്നത്. ഇവയിൽ ധൎമ്മസ്ഥീയം സിവിൽ വ്യവഹാരങ്ങളും, കണ്ടകശോധനം ക്രിമിനൽ കേസ്സുകളും വിചാരണ

ചെയ്യുന്ന സ്ഥലങ്ങളായിരുന്നു. ഇവയിൽ ന്യായാധിപതികളായിരുന്നത് അതാതു ഗ്രാമങ്ങളിലെ ഗ്രാമവൃദ്ധന്മാരും ദേശപ്രമാണികളുമായിരുന്നു. പത്തു ഗ്രാമങ്ങൾക്കു ഒരു ന്യായസ്ഥലം വീതം ഉണ്ടായിരുന്നതിന്നു പുറമേ, 400 ഗ്രാമങ്ങളടങ്ങിയനഗരങ്ങളിൽ ദ്രോണമുഖം എന്നു പേരായ ഒരു ന്യായസ്ഥലവും ഉണ്ടായിരുന്നു. 800 ഗ്രാമങ്ങൾ അടങ്ങിയാൽ ഒരു സ്ഥാനിയമായി. സ്ഥാനിയത്തിൽ ഒരു വലിയ ന്യായസ്ഥലമുണ്ടായിരുന്നു. ഇതിന്നു പുറമെ രണ്ടു സൂഭകളുടെ മദ്ധ്യത്തിൽ മഹാസ്ഥലം എന്നു പേരായ ഒരു ന്യായസ്ഥലവും ഉണ്ടായിരുന്നു. ഇവയുടെ എല്ലാം മേലെയായി "തിരുമുമ്പാകെ അപ്പീ"ലിന്നുള്ള ഒരു വലിയ ന്യായസ്ഥലം ശിവാജി മഹാരാജാവിൻെറ അദ്ധ്യക്ഷതയിലും ഉണ്ടായിരുന്നു. എല്ലാ ന്യായസ്ഥലങ്ങളുടേയും അദ്ധ്യക്ഷനായി ഒരുദ്ദ്യോഗസ്ഥൻ ഉണ്ടായിരുന്നു. ആയാളുടെ ഉദ്ദ്യോഗപ്പേർ ന്യായാധീശൻ എന്നായിരുന്നു.

14. മന്ത്രസഭ:—രാജ്യത്തിൻെറ രക്ഷയ്ക്കും അഭിവൃദ്ധിക്കുമുള്ള വഴികൾ തേടുവാനും ഉപായങ്ങൾ ഉപദേശിപ്പാനുമായി ഒരു മന്ത്രസഭ ഉണ്ടായിരുന്നു. ഇതിലെ അംഗങ്ങൾ അമാത്യന്മാർ, പുരോഹിതന്മാർ, സേനാപതിമാർ, ദൂതന്മാർ, ചാരന്മാർ മുതലായവരായിരുന്നു. ഇതിന്നു പുറമേ 'അഷ്ടപ്രധാനികൾ' എന്നു പേർ പറയുന്ന എട്ടുപേരുൾപ്പെട്ട ഒരു മന്ത്രസഭ വേറേയും ഉണ്ടായിരുന്നു. മന്ത്രസഭകൾ എപ്പോഴും സ്വകാര്യമായിരിക്കും. രാത്രിസമയങ്ങളിൽ മാത്രമേ സാധാരണയായി മന്ത്രസഭ കൂടുക പതിവുള്ളു. സഭയിൽ ആലോചിക്കുന്ന വിഷയങ്ങൾ ആരും പരസ്യമാക്കരുതെന്നു പ്രത്യേകം നിയമമുണ്ടായിരുന്നു.

അഷ്ടപ്രധാനികളുടെ മന്ത്രസഭയ്ക്കു 'അഷ്ടപ്രധാനം' എന്നായിരുന്നു പേർ. അഷ്ടപ്രധാനത്തിൻെറ അദ്ധ്യക്ഷൻ പേഷ്വാ എന്നു പറയപ്പെടുന്ന പ്രധാനമന്ത്രിയായിരുന്നു. ഇദ്ദേഹം ശിവാജി മഹാരാജാവിൻെറ നേരെ താഴെയുള്ള അധികാ

രിയാണ്. മഹാരാജാവ് സിംഹാസനത്തിലിരുന്നാൽ അദ്ദേഹത്തിൻെറ വലത്തുഭാഗത്തു പേഷ്വയും ഇരിക്കും. രാജ്യത്തെ എല്ലാ നീതിന്യായങ്ങളുടേയും പട്ടാളങ്ങളുടേയും മേലധികാരം വഹിക്കുന്ന സൎവ്വാദ്ധ്യക്ഷൻ ഇദ്ദേഹമായിരുന്നു. രാജ്യഭരണത്തിൻെറ എല്ലാ അംഗങ്ങൾക്കും ഉത്തരവാദി ഇദ്ദേഹമായിരുന്നു. രണ്ടാമത്തെ ആൾ സേനാപതിയാകുന്നു. ഇദ്ദേഹം സൈന്യങ്ങളുടെ മേലധികാരിയാണെന്നു പറയേണ്ടതില്ലല്ലോ. പിന്നെയുള്ള ആൾ വിദേശമന്ത്രിയാണ്. ഇദ്ദേഹമാണ് അന്യരാജ്യങ്ങളുമായുള്ള ഉടമ്പടികൾ, കത്തെടവാടുകൾ മുതലായവയുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ. പിന്നത്തെ ആൾക്കു പണ്ടിററ് റാവു എന്നു പേരാണ്. ഈ ഉദ്യോഗസ്ഥനാണ് ക്ഷേത്രങ്ങൾ, ഭജനമഠങ്ങൾ മുതലായവയുടെ അധികാരി. മതസംബന്ധമായ എല്ലാ കാൎയ്യങ്ങളുടേയും ചുമതല പണ്ടിററ് റാവു എന്ന ഉദ്യോഗസ്ഥന്നാണ്. അടുത്തുപറയാനുള്ളതു ന്യായാധീശനാണ്. ഇദ്ദേഹമാണ് നീതിന്യായപരിപാലനത്തിൻെറ അദ്ധ്യക്ഷൻ. ഇങ്ങിനെ മഹാരാജാവിനോട് അടുത്തു സംബന്ധിക്കുന്നവരായി അഞ്ചു മന്ത്രിമാരാണുണ്ടായിരുന്നത്. ഇവൎക്കെല്ലാം മാസന്തോറം ശമ്പളം കൊടുക്കുന്നതല്ലാതെ വസ്തുക്കൾ മാന്യമായി കൊടുത്തിരുന്നില്ല. ഉദ്യോഗസ്ഥന്മാൎക്കു വസ്തുക്കൾ മാന്യമായിക്കൊടുക്കുന്നതായാൽ അവരുടെ നടവടികൾ ശരിയായിരിക്കയില്ലെന്നാണ് ശിവാജിയുടെ പക്ഷം. കൂടാതെ മന്ത്രിസ്ഥാനം ഒരു വംശക്കാർതന്നെ പരമ്പരയായി വഹിക്കുന്ന സമ്പ്രദായവും ശിവാജി നിൎത്തൽ ചെയ്തു. അങ്ങിനെ ചെയ്തതു മന്ത്രിമാരുടെ സദാചാരത്തെ നിലനിൎത്തുവാനായിട്ടാണ്. മന്ത്രിയായിരിപ്പാൻ ആൎക്കു യോഗ്യതയുണ്ടോ ആ ആളെ ആ സ്ഥാനത്തു നിയമിക്കുകയായിരുന്നു ശിവാജിയുടെ പതിവ്.

15. പട്ടാളം:— പട്ടാളത്തിൻെറ പരിഷ്ക്കരണത്തിന്നു വളരെക്കാലം വേണ്ടിവന്നു. ശിവാജിയുടെ ബുദ്ധിശക്തിയും, നയവും, സാമൎത്ഥ്യവും നിമിത്തം അനാവശ്യച്ചിലവുകൂടാതെ ത

ന്റെ വമ്പിച്ച പട്ടാളത്തെ ഭരിച്ചുകൊണ്ടുപോകുവാൻ അദ്ദേഹത്തിന്നു സാധിച്ചു. പട്ടാള ഉദ്ദ്യോഗസ്ഥക്കു ചിലവിന്നു ഭൂമികൾ തിരിച്ചു കൊടുക്കുകയും, അവരുടെ ഭൂമികൾക്കു നികുതിയിൽ ഏററവും കുറഞ്ഞ ഒരു തോതു വയ്ക്കയും മററുമായിരുന്നു ശിവാജിയുടെ കാലത്തു ബീജപ്പൂരിലും മററും സമ്പ്രദായം. ഈ സമ്പ്രദായം കൊണ്ടു പല ദോഷങ്ങളും വരുന്നത് അനുഭവസിദ്ധമായിക്കണ്ടിരുന്നതുകൊണ്ടു ശിവാജി അതു ഭേദപ്പെടുത്തി പട്ടാളക്കാക്കു ശമ്പളം കൊടുക്കുക എന്ന പുതിയ സമ്പ്രദായം നടപ്പിൽ വരുത്തി. അതോടുകൂടി പടയാളികൾക്കു അനുഭവമായും മാന്യമായും മററും ഭൂസ്വത്തുക്കൾ തിരിച്ചുകൊടുക്കാതെ കഴിഞ്ഞു. മാസംതോറും ഓരോ പടനായകന്മാരും അവരവരുടെ കീഴിലുള്ളവക്കു പതിവുള്ള ശമ്പളംവാങ്ങി എല്ലാവക്കും കൊടുക്കണമെന്നു വ്യവസ്ഥ ചെയ്തു. പുതുതായി പട്ടാളത്തിൽ ചേരുന്നവരുടെ പ്രവേശന രജിസ്റ്റ് വെക്കുവാനും, അവരുടെ നല്ലനടപ്പിന്നു ജാമ്യം വാങ്ങുവാനും ഏപ്പാടുചെയ്തു. കാലാൾപട്ടാളത്തിൽ പതിപ്പത്തുപേക്ക് ഓരോ നായകനും, അയ്മ്പതുപേക്ക് ഒരു ഹവൽദാരും, രണ്ടു ഹവൽദാരന്മാക്ക് ഒരു ജമേദാരും, പത്തു ജമേദാരന്മാക്ക് ഒരു ഹജാരിയും ഉണ്ടായിരുന്നു. ഹജാരിയുടെ മേലെ സർനോബട്ട് എന്നൊരുദ്ദ്യോഗസ്ഥൻ ഉണ്ടായിരുന്നു. ഇദ്ദേഹമാണ് ഒരു മാവലിസൈന്യവിഭാഗത്തിന്റെ അദ്ധ്യക്ഷൻ. അശ്വസൈന്യത്തിൽ പാർകിർസ്, സിലേകർസ് എന്നിങ്ങിനെ രണ്ടു വിഭാഗമുണ്ടായിരുന്നു. ഇരുപത്തഞ്ചു പാർകീർസിന്റെ മേലാവായിട്ട് ഒരു ഹവൽദാരും, അതിന്നുമേലെ ജമേദാരും, അതിന്നുമേലെ ജഹാരിയും, ജഹാരിയുടെ മേലെ പഞ്ചജഹാരിയും, അതിന്നും മേലെ സർനോബട്ടും ഉണ്ടായിരുന്നു. ഇരുപത്തഞ്ചു് അശ്വസാദികൾക്ക് ഒരു ജലവാഹകനും ഭക്ഷണപ്പെട്ടിക്കാരനും ഉണ്ടായിരിക്കും. വഷകാലങ്ങളിൽ അശ്വസാദികൾ സാധാരണയായി ശിബിരങ്ങളിലാണ് താമസിക്കുക. അവിടെ അവക്കുവേണ്ടു പാപ്പിടങ്ങളും ഭക്ഷണസ്ഥലങ്ങളും ഉണ്ടായിരിക്കും. യുദ്ധകാലങ്ങളിൽ

കുതിരപ്പടകൾ ശത്രുക്കളുടെ ഏർപ്പാടിലോ വഴിക്കു കിട്ടുന്ന സാധനങ്ങളെക്കൊണ്ടോ ഉപജീവനം കഴിക്കും. കുതിരപ്പടയിലെ ജഹാരിക്കു 200-ം പഞ്ചജഹാരിക്കു 400-ം ഉറുപ്പികയായിരുന്നു ശമ്പളം. കാലാൾപ്പടയിലെ ജഹാരിക്കു 100 ക.യേ ശമ്പളമുണ്ടായിരുന്നുള്ളൂ. ഒരു കുതിരപ്പടയാളിക്കു 20 മുതൽ 6 ക. വരെയും, കാലാൾപ്പടയാളിക്കു 9 മുതൽ 3 ക. വരെയും ആയിരുന്നു ശമ്പളം. തോക്കുകൊണ്ടും വില്ലുകൊണ്ടും മാറും യുദ്ധം ചെയ്യുന്ന പടയാളികളുടെ ശമ്പളം അവസ്ഥപോലെ എന്നായിരുന്നു നിയമം. ശിവാജിയുടെ ഭരണത്തിൽ പട്ടാളവകുപ്പിലുള്ളവർക്കുള്ള ശമ്പളം ഒട്ടും താണ തോതിലായിരുന്നില്ല. യുദ്ധത്തിൽ പ്രത്യേകപരാക്രമം കാണിച്ചവർക്കു സമ്മാനങ്ങളും സ്ഥാനമാനങ്ങളും വേറെയും കൊടുത്തിരുന്നു.

16. **നാവികസൈന്യങ്ങൾ:**— സ്വദേശവ്യാപാരത്തിന്റെ പുഷ്ടിയെ ഉദ്ദേശിച്ചിട്ടാണു ശിവാജി നാവികസൈന്യത്തെ ഏർപ്പെടുത്തിയത്. അദ്ദേഹത്തിന്റെ പ്രധാനമായ നാവികസൈന്യസങ്കേതം ദണ്ഡാരാജപുരിയായിരുന്നു ശിവാജിയുടെ കൈവശത്തിൽ ഉദ്ദേശം നാനൂറു കപ്പലുകൾ ഉണ്ടായിരുന്നുവെന്നു ചരിത്രകാരന്മാർ പറയുന്നുണ്ട്. കപ്പലുകളിൽ പല വകഭേദങ്ങൾ ഉണ്ടായിരുന്നു—(1) ഗ്രാപ്പ് — ഇതു യുദ്ധതോക്കുകളോടുകൂടിയ കപ്പലാണ്. ഇതിനു രണ്ടു പാമരങ്ങൾ ഉണ്ടായിരിക്കും. ഇതു സാവധാനമായിട്ടേ പോകയുള്ളൂ. (2) ഗലിവട്ട് — ഇതു വേഗത്തിൽ പോകുന്ന ഒരുതരം കപ്പലാകുന്നു. (3) ഷിബാർ ഇതു ഒരുജാതി വ്യാപാരക്കപ്പലാകുന്നു. ഇതിൽ 15 ടൺ ചരക്കുകൾ കയറ്റാം. ഇവയ്ക്കു പുറമേ തുക്കാതി, മൽസ്വാ എന്നെല്ലാം പേർ പറയുന്ന ചെറുതരം കപ്പലുകളും ശിവാജിയുടെ നാവികസൈന്യത്തിൽ ഉണ്ടായിരുന്നു. ഈ കപ്പൽപ്പടയെ രണ്ടു ഭാഗമായി തിരിച്ച് ഓരോ ഭാഗത്തിലും ഇരുനൂറു കപ്പൽ വീതം നിറുത്തിയിരുന്നു. ഓരോ ഭാഗത്തിനും വേറെ വേറെ നായകന്മാരുമുണ്ടായിരുന്നു. ഒരു നായകനു ദരിയാസാരംഗ് (കടൽത്തലവൻ) എന്നും, മറേറ ആൾക്കു മൈനായ

ക് (നാവാദ്ധ്യക്ഷൻ) എന്നും പേരായിരുന്നു. ഇവയിൽ കടൽത്തലവൻെറ ജോലി നോക്കിയിരുന്നതു ശിവാജിയുടെ വിശ്വസ്തമിത്രമായ ഒരു പട്ടാണിയായിരുന്നു. മൈനായക്കിൻെറ സ്ഥാനം ഒരു മഹാരാഷ്ട്രൻ തന്നെയാണു വഹിച്ചിരുന്നത്. ശിവാജി നാവികസൈന്യത്തിൻെറ ആവശ്യത്തിന്നു വളരെ ദ്രവ്യം വ്യയം ചെയ്തിരുന്നു. സൂറത്തു മുതൽക്കു ഗോകർണ്ണം വരെയുള്ള പല സ്ഥലങ്ങളും ശിവാജിയുടെ നാവികസൈന്യസ്ഥലങ്ങളായിരുന്നു. ആംഗ്ലേയവ്യാപാരികൾ ശിവാജിയുടെ സൈന്യങ്ങൾക്കു വെടിമരുന്നുകൾ വിലയ്ക്കു കൊടുത്തിരുന്നു. ശിവാജിയുടെ കപ്പലുകളുടെ സുമാർ വില 15 ലക്ഷം ഉറുപ്പികയായിരുന്നുവെന്നു ചിലർ പറയുന്നുണ്ട്.

17. വ്യാപാരം:—ശിവാജിയുടെ കാലത്തു വ്യാപാരം വളരെ വമ്പിച്ച നിലയിൽ നടന്നുവന്നതായിക്കാണുന്നില്ല. വ്യാപാരത്തിന്നു പററിയ സ്ഥലങ്ങൾ ധാരാളമുണ്ടായിരുന്നു; പക്ഷേ വ്യാപാരം വളരെ പുഷ്ടിയിൽ നടന്നിരുന്നില്ല. ഇറക്കുമതിച്ചരക്കുകൾക്കു നൂററിന്നു രണ്ടരവീതം ചുങ്കം ചുമത്തിയിരുന്നു. ഇതുകൊണ്ടു സ്വദേശവ്യാപാരത്തിന്നു കുറച്ചൊരഭിവൃദ്ധി ഉണ്ടായില്ലെന്നില്ല. സ്വദേശവ്യാപാരവും കടൽവ്യാപാരവും നടന്നുവന്നിരുന്നു; പക്ഷേ തുറമുഖങ്ങളിൽനിന്നു വിദേശവ്യാപാരികളുടെ ചരക്കുകളാണ് അധികവും നാട്ടുപുറങ്ങളിലേയ്ക്കു വന്നിരുന്നത്.

## ഉപസംഹാരം.

ശിവാജി, തൻെറ ബാല്യം മുതല്ക്കു തുടങ്ങി അസാധാരണമായ ബുദ്ധിസാമർത്ഥ്യം പ്രദർശിപ്പിച്ചു, മഹാരാഷ്ട്രക്കു സ്വന്തമായൊരു സ്വരാജ്യം സ്ഥാപിച്ചു, പ്രജകളുടെ ഹിതപ്രകാരം രാജ്യഭാരം ചെയ്തു ഒരൊന്നാന്തരം രാജ്യതന്ത്രധുരന്ധരൻ എന്നു പ്രസിദ്ധനായിത്തീർന്നു. അദ്ദേഹത്തിൻെറ രാജ്യതന്ത്രപാടവത്തെ അദ്ദേഹത്തിൻെറ ശത്രുക്കൾപോലും ബഹുമാനിക്കുകയും അദ്ദേഹത്തിൻെറ അനന്തരഗാമികൾ പ്രശംസിക്കുകയും ചെ

യ്യുപോന്നു. അദ്ദേഹത്തിൻെറ രാജ്യതന്ത്രപാടവം എട്ടെട്ടു സംഗതികളിൽനിന്നു വ്യക്തമാകുന്നുണ്ട്. ഒന്നാമതു കോട്ടകളുടെ രക്ഷ. ശിവാജി പൂനയിൽ എത്തിയ ഉടൻതന്നെ ശ്രമിച്ചതു കോട്ടകൾ കൈവശമാക്കാനും കൈവശമായവയെ രക്ഷിക്കാനുമാണ്. രണ്ടാമതു പാരമ്പര്യമായ ഉദ്യോഗങ്ങളുടെ നിരോധനം. ഇതു മഹാരാഷ്ട്രസാമ്രാജ്യത്തിൻെറ മഹിമയ്ക്കു പ്രധാനമായ ഒരു കാരണമായിരുന്നു. മൂന്നാമത് ഉദ്യോഗസ്ഥന്മാക്കു ഭൂമി പതിച്ചുകൊടുത്തിരുന്നതു മാററി ശമ്പളം കൊടുപ്പാൻ ഏപ്പാടു ചെയ്തത്. ഇതുകൊണ്ടു രാജ്യത്തെ മുതലെടുപ്പു വദ്ധിക്കുകയും, ഉദ്യോഗസ്ഥലോകത്തിൽ വിനയം നിലനില്ക്കുകയും ചെയ്തു. നാലാമതു നിലനികുതിയെ പരിഷ്കരിക്കൽ. ഈ ഏപ്പാടുകൊണ്ടാണു ഭൂമികളുടെ വിളവിന്നു ഒരു കണക്കുണ്ടായത്. അഞ്ചാമതു ജമിന്ദാർമാർ നികുതി പിരിക്കുന്നതു നിത്തിയത്. ഈ ഏപ്പാടുകൊണ്ടു കുടിയാനവന്മാക്കു രക്ഷയുണ്ടാകയും, ഭൂമികൾ നന്നായിത്തീരുകയും ചെയ്തു. ആറാമത് അഷ്ടപ്രധാനമെന്ന മന്ത്രസഭയുടെ ഏപ്പാട്. ഇതുകൊണ്ടു പല കാൎയ്യങ്ങളും നോക്കുന്ന വലിയ ഉദ്യോഗസ്ഥന്മാർ ഒന്നിച്ചു ചേരുവാനും എല്ലാവരുടേയും അഭിപ്രായമറിഞ്ഞു കാൎയ്യങ്ങൾ തീച്ചപ്പെടുത്തുവാനും വഴിയായി. ഏഴാമതു സൈന്യവകുപ്പു നീതിന്യായവകുപ്പിന്നു കീഴടങ്ങിയിരിക്കണമെന്നു വ്യവസ്ഥ ചെയ്തത്. ഇതുകൊണ്ടു പട്ടാളക്കാരുടെ നടവടികളിൽ വിനയവും നീതിന്യായനടത്തിപ്പിൽ ശുദ്ധിയും ഉണ്ടായി. എട്ടാമതു ജാതിഭേദം കൂടാതെ എല്ലാവരേയും സൈന്യത്തിൽ ചേത്തത്. ഇതുകൊണ്ടു പട്ടാളത്തിലെന്നല്ലാ രാജ്യത്തൊട്ടാകെ ഐകമത്യമുണ്ടായിത്തീരുകയും, താൻ ഒന്നാമത് ഒരു മഹാരാഷ്ട്രനും പിന്നിട് ഇന്ന ജാതിക്കാരനുമാണെന്ന ബോധം എല്ലാവക്കും ഉണ്ടാകയും ചെയ്തു. രാജ്യതന്ത്രവിദഗ്ദ്ധതകൊണ്ടു സാക്ഷാൽ കൌടില്യനോടുതന്നെ ശിവാജിയെ ഉപമിക്കാവുന്നതാണ്. അദ്ദേഹത്തിന്നു തുല്യനായി മറെറാരു യുദ്ധവീരനെ പറയേണമെങ്കിൽ സുപ്രസിദ്ധനായ നെപ്പോളിയൻെറ പേർതന്നെ പറയണം. മഹാരാഷ്ട്രന

ഭൌമമണ്ഡലത്തിലെ ഈ ജാജ്വല്യമാനമായ നക്ഷത്രം,— സ്വമതാഭിമാനത്തിന്റെ ഈ മൂൎത്തിമത്തായ ചൈതന്യം,— സ്വദേശസ്നേഹത്തിന്റെ ഈ മഹനീയനായ ആചാൎയ്യൻ,- ക്രി. വി. 1680-ാമത് ഏപ്രിൽ 5-ാംനു- ഇഹലോകവാസത്തെ ഉപേക്ഷിച്ചു. മുഴങ്കാലിൽ ഒരു വ്രണമുണ്ടാകയും അതു ക്രമത്തിൽ കുത്തിവീങ്ങി വലുതാകയും ചെയ്തതുകൊണ്ടാണ് മരണത്തിനു കാരണമായത്. ശിവാജി തന്റെ ഔരസപുത്രനായ സാംബാജിക്കു രാജ്യാഭിഷേകം ചെയ്വാനുള്ള ഒരുക്കം ചെയ്യുന്നതായറിഞ്ഞ് അദ്ദേഹത്തിന്റെ ദ്വിതീയപത്നിയായ സോയാറാഭായി, തന്റെ മകനായ രാജാരാമിനെ രാജാവാക്കണമെന്ന ഉദ്ദേശത്തോടുകൂടി മരുന്നുകൊടുത്തതുകൊണ്ടാണ് ഇത്ര വേഗത്തിൽ മരണം സംഭവിച്ചതെന്നു ചില ചരിത്രകാരന്മാർ പറയുന്നുണ്ട്. ഈ 'കൈകേയി'യുടെ കഥ വാസ്തവമായാലും അല്ലെങ്കിലും ശിവാജി അകാലമരണത്തെ പ്രാപിക്കുകയാണ് ചെയ്തതെന്നു തിച്ചയാണ്. ശിവാജിമഹാരാജാവിന്റെ കീൎത്തി എന്നെന്നും നിലനില്ക്കുകയും, അദ്ദേഹത്തിന്റെ ചരിത്രം ലോകത്തിൽ ഉത്തിഷ്ഠമാനന്മാരായ വീരന്മാൎക്ക് ഒരു മാതൃകാപാഠമായിരിക്കുകയും ചെയ്യും.

MUL
037829

ശുഭം.

B109

R

RECON

23 FEB 1943